# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി



ആനാട് ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്
1996......



"തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രഗത്ഭന്മാർ
കേന്ദ്രത്തിൽ ഇരുന്ന് ഭരിച്ചതുകൊണ്ട്
ജനാധിപത്യ ഭരണ ക്രമം യഥാർത്ഥത്തിൽ
ഉണ്ടാവുകയില്ല, ജനാധിപത്യം ഏറ്റവും
താഴ്ന്ന തലത്തിൽ നിന്നും, ഏറ്റവും
ചെറിയ കീഴ്ഘടകത്തിൽ നിന്നും
സമാരംഭിക്കണം. എല്ലാ ഗ്രാമങ്ങളിലേയും,
എല്ലാ ജനങ്ങളിലും, ഭരണകാര്യങ്ങളെകുറിച്ച്
ബോധമുണ്ടാവണം. അവരും ഭരണ
കാര്യങ്ങളിൽ പങ്കാളികളാണെന്നും
വിശ്വാസമുണ്ടാവണം."

മഹാത്മാ ഗാന്ധിജി-

## എഡിറ്റോറിയൽ ബോർഡ്


1. എൻ. നളിനമ്മ (ഗ്രാമ പഞ്ചാ: പ്രസിഡണ്ട്)
2. പി. മണി (വൈ: പ്രസിഡണ്ട്)
3. കെ. ശശിധരൻ (സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
4. കെ. കൃഷ്ണൻ നായർ (മെമ്പർ, D R P. കൺവീനർ)
5. ആനാട് ജയൻ (മെമ്പർ)
6. എൽ. വിജയനാഥ് (മുൻ. പഞ്ചാ: പ്രസിഡണ്ട്)
7. കെ.ജി. മധുപാൽ K R P
8. വി. രാജേന്ദ്രൻ D R P
9. സി. സെൻ ജോർജ്
10. ജി. ജനാർദ്ദനൻ പിള്ള
11. ബി. ബാബു. ഇരിഞ്ചയം


*റിസോഴ്സ്പേഴ്സൺമാരുടെ പേരുവിവരം*

1. കെ.ജി. മധുപാൽ - K R P
2. കെ. കൃഷ്ണൻ നായർ - D R P കൺവീനർ
3. വി. രാജേന്ദ്രൻ - D R P
4. വി. ഷിനിലാൽ - D R P
5. എസ്സ്. ലതാകുമാരി -D R P
6. എസ്സ്. ഗീതാകുമാരി D R P
7. ആർ. സീനത്ത് -D R P
8. പി. ബിനു -D R P

# അനുബന്ധം

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെ കൂടാതെ പങ്കെടുത്ത കോർ ഗ്രൂപ്പ് അംഗങ്ങൾ:-

1. സർവ്വശ്രീ. എൽ. വിജയനാഥ്
2. കെ.ജി. മധുപാൽ - K R P
3. സി. സെൻജോർജ്ജ്
4. ബി. ബാബു
5. വി. രാജേന്ദ്രൻ -D R P
6. പി. ബിനു -D R P
7. ഷിനിലാൽ -D R P
8. സി. ശശിധരൻ
9. ബി.ജി.കെ തമ്പി
10. ജനാർദ്ദനൻ പിള്ള
11. പി. സുരേഷ്
12. സി. രവീന്ദ്രൻ നായർ
13. ജി. കൃഷ്ണൻപോറ്റി
14. കെ മണിയൻ
15. ശ്രീമതി. കെ.ബി. ശ്രീലാഭായി
16. എൻ. സുരേഷ് ബാബു
17. എസ്. പ്രമീള
18. ജി. കേശവൻ
19. എസ്. ശശിധരൻ
20. കെ. ഭാസ്ക്കരൻ
21. പ്രേംരാജ്
22. കുമാരി ഷീല
23. എൻ. ജി. ദാസ്
24. എസ്. ശശിധരൻ നായർ
25. സി. കൃഷ്ണൻകുട്ടി
26. ജെ. രവീന്ദ്രൻ
27. കെ. സുകുമാരനാശാരി
28. വത്സലകുമാരി
29. എം. പ്രമീള
30. എസ്. വനജ
31. ജലജ
32. സുനിൽ
33. ആർ. ബി. രാജീവ്
34. ആർ. ബാബു
35. ജസ്റ്റസ്
36. വിൻസന്റ്

# സമർപ്പണം

ജനകീയ ചർച്ചകളിൽ നിന്നുയർന്നു വന്ന ഗ്രാമത്തിന്റെ വികസന പ്രശ്നങ്ങൾ, ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെ സഹായത്തോടെ പരിശോധിച്ച് ഒമ്പതാം പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ട വികസന പരിപാടികളുടെ ഒരു മാർഗ്ഗരേഖയാണ് ഈ വികസന റിപ്പോർട്ട്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പങ്കാളികളായ ജനകീയാസൂത്രണ സമിതി പ്രവർത്തകർക്ക് നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഈ വികസന റിപ്പോർട്ട് സജീവമായ ചർച്ചയ്ക്കും, അംഗീകാരത്തിനുമായി ബഹു ജനസമക്ഷം സവിനയം

സമർപ്പിയ്ക്കട്ടെ.

സ്നേഹാദരങ്ങളോടെ

എൻ.നളിനമ്മ

പ്രസിഡന്റ്

ആനാട്

15-12-1996

# താളുകൾ മറിയ്ക്കുമ്പോൾ

ഭരണസാരഥികൾ

ആമുഖം

ഭരണ ചരിത്രം

മുൻകാല ഭരണകർത്താക്കൾ

ചരിത്ര പശ്ചാത്തലം

ഭൂപ്രകൃതി

ഭൂപടം

വികസന മേഖലകൾ

ഉപസംഹാരം

അനുബന്ധം

# ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ
# 1995 ഒക്ടോബർ 2 മുതൽ.......

| നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും | പേര് |
|---|---|
| 1. പച്ചക്കാട് | എൻ.നളിനമ്മ |
| 2. തിരിച്ചിറ്റൂർ | കെ. രഘുനാഥൻ നായർ |
| 3. വേങ്കവിള | കെ. കൃഷ്ണൻ നായർ |
| 4. വെള്ളരിക്കോണം | ജി. ഗോവിന്ദൻ |
| 5. ചേല | കെ.ശശിധരൻ |
| 6. കുളപ്പള്ളി | എസ്. ലതാകുമാരി |
| 7. ചന്ദ്രമംഗലം | കെ.ശ്രീനിവാസൻ |
| 8. മണ്ഡപം | എസ്. ഗീതാകുമാരി |
| 9. ചെറുവേലി | ബി. ജയകുമാർ |
| 10. ചുള്ളിമാനൂർ | പി.മണി |
| 11. ശാസ്താംപാറ | ആർ. സീനത്ത് |

# ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ അര നൂറ്റാണ്ടുകാലത്തെ ജനാധിപത്യ പ്രക്രിയയുടെ ഏടുകളിൽ കനകലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒന്നാണ് "ജനകീയ ആസൂത്രണ പരിപാടി." ഇക്കാലമത്രയും പദ്ധതി നടത്തിപ്പിന്റെ മേഖലയിൽ വികസനത്തിന് വിലങ്ങു തടിയായി ഒളിഞ്ഞും തെളിഞ്ഞും കടന്നു കൂടിയ ന്യൂനതകൾ. ആസൂത്രണപ്രക്രിയയിലെ അമിത കേന്ദ്രീകരണം ജനപങ്കാളിത്തമില്ലായ്മ, പരസ്പര ബന്ധമില്ലായ്മ, സുതാര്യതയില്ലായ്മ, പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം, പാഴ്ചിലവ്, ഭരണകർത്താക്കളിലും ഉദ്യോഗസ്ഥ മേധാവികളിലും കടന്നു കൂടിയ അഴിമതി പ്രവണത, പദ്ധതി ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിന് വിഘാതമായി നിന്നിരുന്ന ഘടകങ്ങളാണ്. ഇതുവരെ നാം സഞ്ചരിച്ചുകൊണ്ടിരുന്ന മാർഗ്ഗം നമ്മെ എവിടെയാണോ കൊണ്ടെത്തിച്ചത് അവിടെയല്ല നാം എത്തേണ്ടിയിരുന്നത്.

യ:ശരീരനായ ശ്രീ രാജീവ് ഗാന്ധി 1989- ൽ"പഞ്ചായത്തിരാജ് നഗരപാലികാ"പാർലമെന്റിൽ അവതരിപ്പിച്ചു. തുടർന്ന് 1993-ൽ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ "പഞ്ചായത്ത്‌രാജ്" - നഗരപാലിക നിയമം നടപ്പിലാക്കുക വഴി അധികാര വികേന്ദ്രീകരണത്തിന് കളമൊരുങ്ങുകയും, ആസൂത്രണപ്രക്രിയയിൽ അഭിപ്രായ നിർദ്ദേശങ്ങൾ ഉന്നയിക്കാനും പങ്കാളികളാകാനും മേൽനോട്ടം വഹിക്കാനുമുള്ള അവസരം ഗ്രാമീണജനതക്ക് കൈവരികയും ചെയ്തു. അങ്ങനെ ഒരു പ്രദേശത്തിന്റെ വികസന മേഖലകളിലെ പ്രധാന വെല്ലുവിളികളെ പ്രാദേശിക തലത്തിൽ അപഗ്രഥിക്കുവാനും വിഭവ പരിധികൾക്കുള്ളിൽ നിന്നു കൊണ്ട് പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും സാധാരണ ജനതക്ക് കഴിയും. സംസ്ഥാനത്ത് ഒമ്പതാം പഞ്ചവത്സര പദ്ധതി അടങ്കൽതുകയുടെ നാല്പത് ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുവാനും ഈ തുക എങ്ങനെ വിനിയോഗിക്കണമെന്ന് നിശ്ചയിക്കാനുമുള്ള പൂർണ്ണസ്വാതന്ത്ര്യം നല്കുവാനും, ഇടതുമുന്നണി സർക്കാർ തീരുമാനമെടുത്തുകഴിഞ്ഞു.

ഈ പശ്ചാത്തലത്തിൽ വിവിധ മേഖലകളിലെ വിദഗ്ദ്ധൻമാരുടെ അറിവിനേയും, ഗ്രാമീണജനതയുടെ അനുഭവജ്ഞാനത്തേയും, സന്നദ്ധസംഘടനകളുടെ സേവനങ്ങളേയും വിവിധ ഘട്ടങ്ങളിലായി പരിശീലനം ലഭിച്ച റിസോഴ്സ് ഗ്രൂപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് പുതിയൊരു വികസന സംസ്കാരത്തിന് രൂപം നൽകിയിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ ജനതയും പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഈ 'ചരിത്രദൗത്യ'ത്തിൽ "ജനകീയ ആസൂത്രണ പ്രസ്ഥാന" പ്രവർത്തകരോടൊപ്പം നമുക്കും പങ്കാളികളാകാം.

1996 സെപ്റ്റംബർ 11, 12, 13 തീയതികളിൽ നെടുമങ്ങാട് സമ്മർഷെയ്ഡ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന ഡി. ആർ. പി പരിശീലനത്തിന് വേണ്ടിയുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തുകൊണ്ട് ആനാട് പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് പഞ്ചായത്ത് തല ലോക്കൽ റിസോഴ്സ് പേഴ്സൺമാർക്കുള്ള ഏക ദിന പരിശീലക്യാമ്പിനും വേണ്ടിയുള്ള സ്വാഗതസംഘം രൂപീകരണയോഗം പതിനേഴാം തീയതി നടന്നു. പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ നിന്നായി എഴുപത്തേഴ് LRP മാരെ തെരഞ്ഞെടുക്കുകയും സെപ്റ്റംബർ 21-ാം തീയതി രാവിലെ ഒൻപത് മണി മുതൽ ആനാട് LPS ൽ പരിശീലനക്യാമ്പ് നടക്കുകയും ചെയ്തു.

ഒന്നാംഘട്ട ഏകദിന LRP പരിശീലന ക്യാമ്പ് ഒരവലോകനം

| | |
|---|---|
| ആകെ പ്രതിനിധികൾ | 123 |
| സ്ത്രീകൾ | 21 |
| പുരുഷന്മാർ | 102 |
| L R P മാർ | 69 |
| ഉദ്യോഗസ്ഥർ | 5 |
| ജനപ്രതിനിധികൾ | 11 |
| സ്വാഗതസംഘം | 38 |

ആസൂത്രണ സമിതി നിഷ്കർഷിച്ചിരുന്ന നിശ്ചിത ടൈംടേബിൾ പ്രകാരം ക്യാമ്പ് നടത്തുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. അന്നത്തെക്യാമ്പിൽ വച്ച് വാർഡുതലത്തിൽ L R P മാരുടെ കൺവീനർമാരെ തെരഞ്ഞെടുക്കുകയും ഗ്രാമസഭാ യോഗങ്ങൾ വിളിച്ചുചേർക്കേണ്ട തീയതിയും അതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുവാനുള്ള തീരുമാനങ്ങളും കൈകൊണ്ടു. DRP മാരായ കെ. കൃഷ്ണൻനായർ, കെ. ജി. മധുപാൽ, വി. രാജേന്ദ്രൻ, എസ്സ്. ഗീതാകുമാരി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം V.K. മധു ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് V.B. ജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ R സുന്ദരം, ഉമാകുമാരി, L. വിജയനാഥ് (മുൻ. പഞ്ചായത്ത് പ്രസിഡന്റ്) തുടങ്ങിയവർ പങ്കെടുത്തു. ഗ്രാമസഭകൾക്കുള്ള മുന്നൊരുക്കങ്ങളായി പല വാർഡുകളിലും വിളംബരജാഥകൾ, വികസന ജ്യോതി എന്നിവ സംഘടിപ്പിക്കുകയുണ്ടായി. അക്കൂട്ടത്തിൽ ഒന്നാം വാർഡിൽ സംഘടിപ്പിച്ച മനുഷ്യ ചങ്ങല പ്രത്യേക ശ്രദ്ധ പിടിച്ചു പറ്റുകയുണ്ടായി.

ഗ്രാമസഭകളുടെ നടത്തിപ്പ് ആസൂത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള ടൈംടേബിൾ അനുസരിച്ച് അടുക്കും ചിട്ടയോടും കൂടി നടത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. വിവിധ വിഷയ ഗ്രൂപ്പുകളായി പങ്കെടുത്ത ഗ്രാമസഭാംഗങ്ങൾ ഓരോ മേഖലകളും നേരിട്ടുകൊണ്ടിരിക്കുന്ന സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ചചെയ്യുകയും അവയ്ക്കു പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഗ്രാമസഭകളുടെ സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തുടങ്ങിയവർ സന്നിഹിതരായിട്ടുണ്ട്.

നവംബർ പത്താം തീയതി ആനാട് എൽ.പി.എസ് ൽ വച്ച് നടന്ന എൽ.ആർ.പി മാരുടേയും ഗ്രൂപ്പ് കൺവീനർമാരുടെയും ഏക ദിന പരിശീലനക്യാമ്പോടുകൂടി രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

രണ്ടാംഘട്ട പരിശീലന ക്യാമ്പിലും ആസൂത്രണ ബോർഡ് നിഷ്കർഷിച്ചിരുന്ന നിശ്ചിത ടൈംടേബിൾ അനുസരിച്ച് ക്ലാസുകൾ നടത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കെ.ആർ.പി. മാരായ കെ.ജി. മധുപാൽ,രാജാമണി, മോഹനചന്ദ്രൻനായർ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. അന്നത്തെ ക്യാമ്പിൽവച്ച് വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ മുന്നൊരുക്കങ്ങൾക്ക് രൂപം നൽകി. നവംബർ 15 ന് 6 സംഘങ്ങളായി പഞ്ചായത്തിൽ പഠനപര്യടന യാത്ര നടത്തുകയുണ്ടായി. സംഘങ്ങൾക്ക് ശ്രീ ബാബു, ഐശയ്യാദാസ്,സുകുമാരനാശാരി, ബി.ജി.കെ. തമ്പി, സി. രവീന്ദ്രൻനായർ, കെ. ഭാസ്ക്കരപിള്ള എന്നിവർ നേതൃത്വം നൽകി. മൊത്തം 72 പേർപങ്കെടുത്തു. 13-11-96 ൽ വകുപ്പ് അവലോകനത്തിനായി പഞ്ചായത്ത് അതിർത്തിയിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തു. ദ്വിതീയ സ്ഥിതി വിവരശേഖരണത്തിനുള്ള ചുമതലക്കാരെ തിരഞ്ഞെടുക്കുകയും ചെയ്തു. 18,19,20 തീയതികളിലെ കുടുംബസർവേക്കുള്ള ഗ്രൂപ്പുകളെ തെരഞ്ഞെടുക്കുകയും ചെയ്തു. നവംബർ ഇരുപത് മുതൽ ഇരുപത്തെട്ട് വരെ ദ്വിതീയ സ്ഥിതിവിവര ശേഖരണം നടന്നു. 22-ാം തീയതി കൂടിയ വികസന സമിതിയോഗത്തിൽ വച്ച് വികസന റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിനായി പതിനാല് കോർഗ്രൂപ്പുകളെ തിരഞ്ഞെടുക്കുകയും 29-ാം തീയതി മുതൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണവും റിപ്പോർട്ട് എഴുത്ത് ആരംഭിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട പതിനാല് കോർ ഗ്രൂപ്പുകളും അശ്രാന്ത പരിശ്രമം ചെയ്തതിന്റെ ഫലമായി ഡിസംബർ മൂന്നാം തീയതി രാത്രിയോടെ റിപ്പോർട്ട് എഴുതി പൂർത്തിയാക്കാൻ കഴിഞ്ഞു. അനന്തരം നാലാം തീയതി കൂടിയ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ വച്ച് വരുന്ന അഞ്ചുവർഷത്തേക്കുള്ള പഞ്ചായത്ത് വികസന റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ടിന്റെ സൂക്ഷ്മ പരിശോധനക്കായി പതിനൊന്ന് പേരുള്ള എഡിറ്റോറിയൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

| വാർഡ്. നമ്പർ | തീയതി | ചേർന്നസ്ഥലം | സ്ത്രീ | പു | ആകെ |
|---|---|---|---|---|---|
| 1 | 02.10.96 | കുഴിവിള L.P.S കുഴിവിള | 230 | 232 | 462 |
| 2 | 06.10.96 | K.K.V. U.P.S വേട്ടപള്ളി | 90 | 70 | 160 |
| 3 | 02.10.96 | രാമപുരം U.P.S | 42 | 87 | 129 |
| 4 | 02.10.96 | ബാലവാടി, വെള്ളരിക്കോണം | 135 | 90 | 225 |
| 5 | 02.10.96 | K.K.V U.P.S | 269 | 194 | 463 |
| 6 | 12.10.96 | ബാലവാടി വടക്കേകോണം | 77 | 130 | 207 |
| 7 | 06.10.96 | B.T. കോളെജ് ആനാട് | 103 | 116 | 219 |
| 8 | 06.10.96 | പാറയ്ക്കൽ മണ്ഡപം ആനാട് | 30 | 143 | 173 |
| 9 | 12.10.96 | Govt. LPS ചുള്ളിമാനൂർ | 65 | 155 | 220 |
| 10 | 12.10.96 | S.H.U.P.S ചുള്ളിമാനൂർ | 54 | 102 | 156 |
| 11 | 06.10.96 | Govt. U.P.S ഇടനില മന്നൂർക്കോണം | 39 | 109 | 148 |
| | | ആകെ | 1134 | 1428 | 2562 |

**രണ്ടാംഘട്ട പരിശീലനക്യാമ്പ് ഒരു അവലോകനം**

| | |
|---|---|
| ആകെ പരിശീലകർ | 198 |
| സ്ത്രീകൾ | 67 |
| പുരുഷന്മാർ | 131 |
| എൽ.ആർ.പി.മാർ | 50 |
| ഗ്രൂപ്പ്പ്രതിനിധികൾ | 96 |
| ജനപ്രതിനിധികൾ | 11 |
| ഉദ്യോഗസ്ഥർ | 13 |
| സ്വാഗതസംഘം | 28 |

# പൊതു വിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | ആനാട് ഗ്രാമപഞ്ചായത്ത് ( ഫസ്റ്റ് ഗ്രേഡ്) |
| 2. | ഉൾപ്പെടുന്ന വില്ലേജ് | : | ആനാട് വില്ലേജ് |
| 3. | വിസ്തീർണ്ണം | : | **24.15 Sq.km** |
| 4. | അതിരുകൾ | : | വടക്ക് - നന്ദിയോട്, പനവൂർ പഞ്ചായത്തുകൾ |
| | | | കിഴക്ക്- തൊളിക്കോട് പഞ്ചായത്ത് |
| | | | പടിഞ്ഞാറ്- വെമ്പായം പഞ്ചായത്ത് |
| | | | തെക്ക്- നെടുമങ്ങാട് മുനിസിപ്പാലിറ്റി |
| 5. | ജനസംഖ്യ | : | **27367 (1991-** സെൻസസ്) |
| 6. | ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട്. |
| | a)ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | ആനാട്, ചുള്ളിമാനൂർ |
| | b)ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | തൊളിക്കോട് |
| 7. | താലൂക്ക് | : | നെടുമങ്ങാട് |
| 8. | ജില്ല | : | തിരുവനന്തപുരം |
| 9. | അസംബ്ലി മണ്ഡലം | : | നെടുമങ്ങാട് |
| 10. | പാർലമെന്റ് മണ്ഡലം | : | ചിറയിൻകീഴ് |
| 11. | ഗ്രാമപഞ്ചായത്തിലെ നിയോജകമണ്ഡലങ്ങൾ | : | **11** |
| 12. | പ്രസിഡന്റ്. | : | എൻ. നളിനമ്മ |
| 13. | വൈസ് പ്രസിഡന്റ് | : | പി. മണി. |
| 14. | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | കെ ശശിധരൻ. |
| 15. | സെക്രട്ടറി | : | ഐസ്സാൻ ജോസ് |

# ഭരണപരമായ ചരിത്രം

ആനാട് വില്ലേജ് ഒട്ടാകെ ഉൾപ്പെടുത്തി 1952- ൽ ആനാട് പഞ്ചായത്ത് രൂപീകൃതമായി. 1953- ൽ അധികാരത്തിൽവന്ന പഞ്ചായത്ത് ഭരണസമിതി പ്രസിഡണ്ടായി ശ്രീ. എൻ.കുഞ്ഞു കൃഷ്ണൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. ആനാട് അമ്പലത്തിനടുത്തുള്ള ശ്രീ സൈനുദ്ദീൻ സാറിന്റെ കുടുംബവക ഇരുനില മന്ദിരത്തിലായിരുന്നു. പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചത്. ജീവനക്കാരായി ശ്രീ കെ. ഭാസ്ക്കരപിള്ള (ക്ലാർക്ക്) ചെല്ലപ്പൻ (പ്യൂൺ) എന്നിവരാണുണ്ടായിരുന്നത്. ജീവനക്കാരെ നിയമിക്കാനുള്ളഅധികാരം അന്നു പഞ്ചായത്തിനായിരുന്നു.പ്യൂണായിരുന്ന ചെല്ലപ്പൻ പഞ്ചായത്ത് ചെല്ലപ്പനെന്ന പേരിനർഹമാക്കുന്ന വിധം പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നവെന്നത് സ്മരണീയമാണ്. പഞ്ചായത്ത് കോമൺ സർവീസോ സേവന വേതന വ്യവസ്ഥകളോ അന്നുണ്ടായിരുന്നില്ല.

പച്ചവീട്ടിൽ ശ്രീ എം. കുമാരപിള്ള വിലയ്ക്കുവാങ്ങി സംഭാവന ചെയ്ത സ്ഥലത്ത് 1956 പ്രത്യേക മാതൃകയിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പഞ്ചായത്ത് ആഫീസ് പ്രവർത്തിച്ചു തുടങ്ങി.

സാമൂഹ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകികൊണ്ടുള്ള പ്രവർത്തന ശൈലിയാണ് അന്നത്തേത്. വികസനപ്രവർത്തനങ്ങൾ കൂടുതലും N E S ബ്ലോക്കുകൾ മുൻകൈയെടുത്ത് നടത്തിവരുന്നു. കുടുംബ തർക്കങ്ങൾ, വസ്തു തർക്കങ്ങൾ, ക്രിമിനൽ സ്വഭാവമുള്ള ചെറു കേസുകൾ മുതലായവയ കൈകാര്യം ചെയ്ത് സമൂഹത്തിൽ മാന്യതയും അംഗീകാരമുള്ള വ്യക്തികളായി മാറാൻ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്ക് കഴിഞ്ഞിരുന്നു. ജനങ്ങളുടെ അത്താണിയായി പ്രവർത്തിച്ചിരുന്ന പഞ്ചായത്ത് അംഗങ്ങൾക്ക്, പരാതിയുള്ള കക്ഷികളെ പഞ്ചായത്താഫീസിൽ വിളിച്ചുവരുത്തിയും നേരിൽ കണ്ട് സംസാരിക്കുകയും പരസ്യാന്വേഷണങ്ങൾ നടത്തുകയും പരാചിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയിുന്നു.

താലൂക്കിൽ ഹെഡ്ക്വാർട്ടേഴ്സ് ആയുർവേദാശുപത്രി അനുവദിക്കപ്പെട്ടപ്പോൾ അന്നത്തെ M L A ആയിരുന്ന ശ്രീ.എൻ.എൻ. പണ്ടാരത്തിൽ, ആശുപത്രി കെട്ടിടം ആനാട് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. പഞ്ചായത്തു വക കെട്ടിടം ആശുപത്രി തുടങ്ങുന്നതിനുവേണ്ടി വിട്ടുകൊടുത്തു. ആയുർവേദ ആശുപത്രിക്കുവേണ്ടി പഞ്ചായത്ത് പൊന്നും വിലയ്ക്കു സ്ഥലമെടുത്തു ആരോഗ്യവകുപ്പിന് നൽകി. ആദ്യ പഞ്ചായത്ത് കമ്മിറ്റിയുടെ കാലത്ത് തന്നെ ആറ്റൻപുറത്തെ ഒരു യു.പി. സ്ക്കൂൾ അനുവദിച്ചുകിട്ടി. സ്ഥലവാസികൾ സ്ഥലം സംഭാവനയായി നൽകിയിരുന്നു. അക്കാലത്ത് നിയമനാധികാരം പഞ്ചായത്ത് മാനേജ് മെന്റിനായിരുന്നു. തനതു പ്രവർത്തനമെന്ന നിലയിൽ നടപ്പാലങ്ങൾ, കുളങ്ങൾ, മണ്ണു റോഡുകൾ, ചെറുകലുങ്കുകൾ എന്നിവ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ചെയ്തിരുന്നു. ചുള്ളിമാനൂർ അന്തിച്ചന്ത S H U PS നു സമീപം ശ്രീ. എം. ചെല്ലപ്പൻനാടാരുടെ പുരയിടത്തിൽ ആരംഭിച്ചു. ശ്രീ. നാണൻ മുതലാളി സംഭാവന ചെയ്ത സ്ഥലത്ത് ഇര്യനാട്ടും ഒരു ചന്ത നടത്തിയിരുന്നു.

പഞ്ചായത്ത് ഭരണസമിതി കാലാവധി മൂന്നു വർഷമായിരുന്നു. എങ്കിലും തെരഞ്ഞെടുപ്പ് നടക്കാത്തതിനാൽ 9 വർഷംവരെ ദീർഘിപ്പിച്ചിരുന്നു.

1964- ൽ ശ്രീ. കെ. പരമേശ്വരൻനായർ പ്രസിഡന്റും ശ്രീ. ജി. മനോഹരൻ വൈസ് പ്രസിഡന്റുമായിരുന്ന കാലത്ത് സംസ്ഥാന വ്യാപകമായുയർന്നുവന്ന ലക്ഷം വീട് പദ്ധതി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കി. മണിയംകോട്ടു, ചന്ദ്രമംഗലം, വേട്ടമ്പള്ളി, കരിക്കുഴി എന്നീ സ്ഥലങ്ങളിൽ ലക്ഷം വീടുകൾ നിർമ്മിച്ചു കുടുംബങ്ങളെ പുനരധിവാസിപ്പിച്ചു. ഓരോ കോളനികളിലും നീക്കി വച്ചിരുന്ന പത്ത് സെന്റ് പൊതുസ്ഥലം ഉപയോഗപ്രദമായ ഏത് സ്കീമിനും ഉപയോഗിക്കാമായിരുന്നു. ഇപ്പോൾ പലവീടുകളും വളരേ ശോച്യാവസ്ഥയിലാണ്. കൂടാതെ തവലോട്ട്കോണം, വെമ്പിൽകൂപ്പ് നാല് സെന്റ് കോളനികൾ സ്ഥാപിച്ച് 40- ൽപരം കുടുംബങ്ങളെ താമസിപ്പിച്ചു. ചുള്ളിമാനൂർ മിനി ഇന്റസ്ട്രീയൽ എസ്റ്റേറ്റിന് പഞ്ചായത്ത് സ്ഥലം വാങ്ങികൊടുത്തു. അന്നാരംഭിച്ച വ്യവസായങ്ങളിൽ ചിലതുമാത്രമേ ഇന്നു നിലവിലുള്ളൂ.

R .D.B വായ്പകൊണ്ട് ചുള്ളമാനൂർ മാർക്കറ്റും ഷോപ്പിംഗ് സെന്ററും പനവൂർ പബ്ലിക്ക് മാർക്കറ്റും സ്ഥാപിക്കാൻ കഴിഞ്ഞത് വികസന നേട്ടമായി എടുത്തുപറയേണ്ടതാണ്. R.D.B വായ്പ പഞ്ചായത്ത് തിരിച്ചടച്ചു. ചുള്ളിമാനൂർ അന്തിച്ചന്ത ചുള്ളിമാനൂർ പബ്ലിക്ക് മാർക്കറ്റായി ഉയർത്തി.

N E S ബ്ലോക്ക് മുഖേന നടത്തിയ വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യക്ഷമയായി നടത്തിയതിനാൽ 'ജയന്തി പഞ്ചായ

ത്തായി' നമ്മുടെ പഞ്ചായത്തിനെ ഉയർത്തി. ഗ്രാമ സേവകനായിരുന്ന ശ്രീ കരുണാകരൻനായർക്കും, ഗ്രാമസേവികയായിരുന്ന ശ്രീമതി. കൃഷ്ണമ്മയ്ക്കും അവാർഡ് ലഭിക്കുകയും ചെയ്തു. മഹിളരംഗത്തെ സാമൂഹിക പ്രവർത്തകരാഇരുന്നു കുമാരി വിജ യമ്മയെ ഗ്രാമ ലക്ഷ്മിയായി അംഗീകരിക്കുകയുമു ണ്ടായി.

പഞ്ചായത്തിലെ വിവിധദ്ദേശീയരുടെ സഹായസഹകരണത്തോടെ പുതിയ റോഡുകൾ വെട്ടി, ഗതാഗത സൗകര്യം വർദ്ധിച്ചു. തൻനി മിത്തം സന്നദ്ധപ്രവർത്തകരിൽ പലരുടെ പേരി ലും ക്രിമിനൽകേസ് വരെയുണ്ടായി. ആയുർവേ ദാശുപത്രിക്കുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിട ത്തിന്റെ ഉദ്ഘാടനം ശ്രീ. സി. അച്ചുതമേനോൻ നിർവഹിച്ചു. ആശുപത്രി പുതിയ കെട്ടിടത്തിലേക്ക് മാറ്റി.

1976-ൽ ആനാട് പഞ്ചായത്തിനെ ആനാ ട്- പനാവൂർ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. ശ്രീ. കെ പരമേശ്വരൻനായർ പ്രസിഡണ്ടായി ആനാട് പഞ്ചായത്തും ശ്രീഹനീഫ പ്രസിഡണ്ടായി പനവൂർ പഞ്ചായത്തും നോമിനേറ്റുചെയ്തു. നില വിലുണ്ടായിരുന്ന പഞ്ചായത്ത് അംഗങ്ങൾക്കുപു റമേ ചിലരെ കൂടി കൂട്ടിച്ചേർത്താണ് നോമിനേറ്റഡ് കമ്മറ്റി നിലവിൽ വന്നത്.ഭരണസമിതി 15 വർഷകാലം തുടർന്നുവന്നു.

80-ൽ ശ്രീ.എൽ. വിജയനാഥ് പ്രസിഡണ്ടും ശ്രീ.കെ. ശശിധരൻനായർ വൈസ്പ്രസിഡണ്ടു മായിഉ
ള്ള ഭരണസമിതി നിലവിൽ വന്നു. എപ്പോഴും മൈനസ് ഫണ്ടിൽ ഉൾപ്പെടുത്തിയിരുന്ന പഞ്ചാ യത്താണ് നമ്മുടേത്. ജീവനക്കാരുടെ എണ്ണം വർദ്ധിച്ചു. മുൻകാലത്തേക്കാൾ ചുമതലകൾ വർദ്ധിച്ചുവന്നു.

NES ബ്ലോക്കുമുഖേന കൂടുതൽ വികസന പ്രവർത്തനങ്ങൾക്കു സാധ്യത വർദ്ധിച്ചു. പഞ്ചാ യത്ത് ഭൂവിഭാഗങ്ങൾ ചിലതു വേർപ്പെട്ടു നിന്ന വയെ യോജിപ്പിക്കുന്ന റോഡുകൾ, പാലങ്ങൾ, കലുങ്ങുകൾ എന്നിവ നിർമ്മിക്കപ്പെട്ടു.

ഹോമിയോ ആശുപത്രി അനുവദിച്ചപ്പോൾ പഞ്ചായത്തുവക കെട്ടിടത്തിലാണ് തുടങ്ങിയത്. ശ്രീ. ജി. കൃഷ്ണൻ പോറ്റി സാർ നൽകിയ സ്ഥലത്ത് N C C സഹായത്തോടെ പണിത കെട്ടി ടത്തിലേയ്ക്ക് മാറ്റൻ കഴിഞ്ഞു.

ഒറ്റപ്പെട്ടുകിടന്നിരുന്ന ഭൂപ്രദേശങ്ങളെ കൂട്ടി യിണകോ പോതുപാറ മുതൽ തേവമ്പാറ- തേക്കുംമൂട്
വരെ പഞ്ചായത്തിനകത്തുകൂടി കടന്നുപോകാ നുള്ള സൗകര്യം ഉണ്ടായങ്കിലും, ടാറില്ലാത്തതും മെറ്റലില്ലാത്തതുമായ റോഡുകളാണ് ഇന്നു പഞ്ചാ യത്തിൽ കാണുന്നത്.

88- ലെ തിരഞ്ഞെടുപ്പിൽ ശ്രീ. എൽ. വിജ യനാഥും, ശ്രീമതി കെ. സരസമ്മ വൈസ് പ്രസി ഡണ്ടുമായി ഉള്ള ഭരണസമിതി നിലവിൽ വന്നു.സർക്കാറിന്റെ 11 ഇനപരിപാടിയിൽ ഉൾപ്പെ ടുത്തി പഞ്ചായത്ത് സാംസ്ക്കാരിക നിലയവും പഞ്ചായത്താഫീസിന് പുതിയ ഇരു നില കെട്ടിട വും ഓപൺഎയർ ആഡിറ്റോറിയവും നിർമ്മിച്ചി ട്ടുണ്ട്.

മൃഗാശുപത്രി സ്ഥിതിചെയ്യുന്ന വാടക കെട്ടി ടത്തിലാണ്. സ്വന്തമായ ഒരു കെട്ടിടത്തിലേക്ക് സ്ഥാപിക്കാൻ കഴിയണം. ആനാട് ഗവ: ആശുപത്രി, ഹോമിയോ ആശുപത്രി ഇവ രോഗി കളെ കിടത്തി ചികിത്സിക്കാനുള്ള ആശുപത്രിക ളായി ഉയർത്തുകയും വേണം.

സർക്കാർ സഹായങ്ങളെ മാത്രം ആശ്രയി ച്ച് പ്രവർത്തനം ആരംഭിച്ച പഞ്ചായത്തിന് പിൽ ക്കാലത്ത് കെട്ടിട നികുതി, തൊഴിൽ നികുതി,ഭൂപ തി, ലൈസൻസ് ഫീസ്, ചന്തകൾ, ചന്തസ്റ്റാളു കൾ, പുറമ്പോക്കു വൃക്ഷങ്ങൾ ലേലം ചെയ്തുള്ള ആദായം, വസ്തുകൈമാറ്റ നികുതി, വിനോദ നികു തികൾ, മുതലായവയിൽകൂടിയും ഏറ്റവും ഒടുവിൽ പരസ്യനികുതിയും ഉൾപ്പെടുന്ന വരുമാന മാർഗ്ഗ ങ്ങൾ ലഭ്യമായി.

നികുതി മുഖേനയുള്ള വരുമാനം നർദ്ധി പ്പിക്കുന്നതിനുപാതികമായി സർക്കാർ സഹായങ്ങ ൾ കുറഞ്ഞുവന്നുയെങ്കിലും. ഇപ്പോൾ VRM , VTC, MI ഭരണനിർവ്വഹണ പെൻഷൻ വിതരണ ങ്ങൾക്കും ഉള്ള സഹായങ്ങൾ എന്നിവ സർക്കാർ തലത്തിൽ ലഭിച്ചുവരുന്നു.

9-ാം പദ്ധതി ജനകീയ പദ്ധതിപ്രകാരം സംസ്ഥാനത്തിൽ ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിക ത്തിന്റെ 35മുതൽ 40 വരെ ശതമാനം പഞ്ചായ ത്തുകൾ വഴി ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു.ഇ ത് പഞ്ചായത്തുകളെ കൂടുതൽ ബലപ്പെടുത്തുമെ ന്നു പ്രത്യാശിക്കാം.

# മുൻകാല ഭരണസാരഥികൾ

I 1953-62

1. N. കുഞ്ഞുകൃഷ്ണൻനായർ (പ്രസിഡന്റ്)
2. N. കേശവപ്പണിക്കർ വൈ. (പ്ര.)
3. P. രാഘവൻപിള്ള
4. N. മൈതീൻകണ്ണ്
5. M. ബാലൻ കോൺട്രാക്ടർ
6. K. പരമേശ്വരൻ നായർ
7. K. കേശവപിള്ള
8. ചെല്ലപ്പൻ
9. P. രാജപ്പൻ നാടാർ

(ഇതിൽ 1-ാം വാർഡ് നമ്പർ ശ്രീ. പി. രാഘവൻപിള്ള രാജി വയ്ക്കുകയും പകരം ശ്രീ. ആർ. കുട്ടൻപിള്ള മെമ്പറാകുകയും ചെയ്തു.)

II 1964-76

1. ഗോപിനാഥൻ നായർ
2. S. ലക്ഷ്മണൻ പിള്ള
3. ജേസൺ ജോൺ
4. കുഞ്ഞൻ
5. P.M. കാസിം
6. K. പരമേശ്വരൻ നായർ (പ്രസി:)
7. സദാശിവൻ നായർ
8. G. മനോഹരൻ (വൈ. പ്രസി:)
9. M. അലിയാരുകുഞ്ഞ്
10. G. കൃഷ്ണൻപോറ്റി
11. L. വിജയനാഥ്
12. ഭാർഗവി (നോമിനേറ്റഡ്)

(ഇതിൽ കൃഷ്ണൻപോറ്റി രാജിവയ്ക്കുകയും പിന്നീട് രാമൻപിള്ള മെമ്പറാകുകയും ചെയ്തു.)

1976 - ൽ നോമിനേറ്റഡ് പഞ്ചായത്ത് അംഗങ്ങൾ

1976 - 79

1. K. പരമേശ്വരൻ നായർ (പ്രസി:)
2. K. ശശിധരൻ
3. P. M. കാസിം
4. സദാശിവൻ നായർ
5. G. മനോഹരൻ (വൈ. പ്രസി:)
6. M. അലിയാരുകുഞ്ഞ്
7. V.P. രാമൻപിള്ള
8. K. ശശിധരൻ നായർ
9. താജുദ്ദീൻ
10. L. വിജയനാഥ്
11. ഭാർഗ്ഗവി

# മുൻകാല ഭരണസാരഥികൾ

**1953-62**

1. N. കുഞ്ഞുകൃഷ്ണൻനായർ (പ്രസിഡന്റ്)
2. N. കേശവപ്പണിക്കർ വൈ. (പ്ര.)
3. P. രാഘവൻപിള്ള
4. N. മൈതീൻകണ്ണ്
5. M. ബാലൻ കോൺട്രാക്ടർ
6. K. പരമേശ്വരൻ നായർ
7. K. കേശവപിള്ള
8. ചെല്ലപ്പൻ
9. P. രാജപ്പൻ നാടാർ

(ഇതിൽ 1-ാം വാർഡ് നമ്പർ ശ്രീ. പി. രാഘവൻപിള്ള രാജി വയ്ക്കുകയും പകരം ശ്രീ. ആർ. കുട്ടൻപിള്ള മെമ്പറാകുകയും ചെയ്തു.)

**1964-76**

1. ഗോപിനാഥൻ നായർ
2. K. ശശിധരൻ
3. S. ലക്ഷ്മണൻ പിള്ള
4. ജേസൺ ജോൺ
5. കുഞ്ഞൻ
6. P.M. കാസിം
7. K. പരമേശ്വരൻ നായർ (പ്രസി:)
8. സദാശിവൻ നായർ
9. G. മനോഹരൻ (വൈ. പ്രസി:)
10. M. അലിയാരുകുഞ്ഞ്
11. G. കൃഷ്ണൻപോറ്റി
12. L. വിജയനാഥ്
13. ഭാർഗവി (നോമിനേറ്റഡ്)

(ഇതിൽ കൃഷ്ണൻപോറ്റി രാജിവയ്ക്കുകയും പിന്നീട് രാമൻപിള്ള മെമ്പറാകുകയും ചെയ്തു.)

1976 - ൽ നോമിനേറ്റഡ് പഞ്ചായത്ത് അംഗങ്ങൾ

**1976 - 79**

1. K. പരമേശ്വരൻ നായർ (പ്രസി:)
2. K. ശശിധരൻ
3. P. M. കാസിം
4. സദാശിവൻ നായർ
5. G. മനോഹരൻ (വൈ. പ്രസി:)
6. M. അലിയാരുകുഞ്ഞ്
7. V.P. രാമൻപിള്ള
8. K. ശശിധരൻ നായർ
9. താജുദ്ദീൻ
10. L. വിജയനാഥ്
11. ഭാർഗ്ഗവി

**1979- 88**

L.. വിജയനാഥ് (പ്രസി. )
K. സുകുമാരൻ
S. പ്രേമരാജൻ
P. Kബാലകൃഷ്ണൻ നായർ
K. സരസ്സമ്മ
K. ശശിധരൻ നായർ (വൈപ്രസി)
K. ഭാസ്ക്കരൻ നായർ
G. മോഹനൻ നായർ
P. പ്രഭാകരൻ
M.ചെല്ലപ്പൻ നാടാർ

**1988-1995**

L. വിജയനാഥ് (പ്രസി)
S. സരസ്സമ്മ (വൈപ്രസി)
K. രഘുനാഥൻ നായർ
A. അബദുൾ റസാക്ക്
P. മണി
T. കരുണാകരൻ നായർ
G. മോഹനൻ നായർ
G. ചന്ദ്രബാബു
T .പത്മകുമാർ
S. ഇന്ദിരമ്മ
J .മണിയൻ

# ചരിത്ര പശ്ചാത്തലം

ഒരു ജനതയുടെ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക ജീവിതത്തിന്റെ പരിണത ഫലമായി കൈ വരുന്ന സാംസ്കാരിക ചരിത്രമാണ് ആ ജനതയുടെ ചരിത്രം. ഏതൊരു പ്രദേശത്തിനും അതിന്റെ ഇന്നത്തെ രൂപഭാവ സൃഷ്ടിക്ക് നിദാനമായി ഭവിച്ച സാംസ്കാരിക പൈതൃകവും, ചരിത്ര പശ്ചാത്തലവും ഉണ്ടാവും.

അടിച്ചമർത്തപ്പെട്ടവന്റെ മോചന സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ച നവോത്ഥാന പ്രസ്ഥാനങ്ങൾ, വിദേശാധിപത്യത്തിനും, രാജവാഴ്ചയ്ക്കുമെതിരെ ശക്തി പ്രാപിച്ചു വന്ന ദേശീയ പ്രസ്ഥാനം, ഇവ ഉഴുതു മറിച്ച പുതുമണ്ണിൽ വർഗ്ഗബോധത്തിന്റെ വിത്തുകൾ പാകി, വർണ്ണാശ്രമ ധർമ്മങ്ങളുടെ വേലിക്കെട്ടുകൾ പൊളിച്ചെറിഞ്ഞ്, മർദ്ദിത ജനതയെ വിശ്വമാനവികതയിലേക്കു കൈപിടിച്ചുയർത്തിയ പുരോഗമന പ്രസ്ഥാനം, ഇവയുയർത്തിവിട്ട രാഷ്ട്രീയ കൊടുങ്കാറ്റിൽ ത്രസിച്ചു നിന്ന ജനകീയ കേരളത്തിന്റെ ഒരു പരിച്ഛേദം തന്നെയായിരുന്നു നമ്മുടെ കൊച്ചുഗ്രാമവും.

ഇന്നലകളിൽ ഇവിടെ ജീവിച്ചു മരിച്ച തലമുറകളുടെ, കണ്ണീരും പുഞ്ചിരിയും ഇടകലർന്ന ജീവിതാനുഭവങ്ങളുടേയും, ത്യാഗനിർഭരമായ സാമൂഹിക ബോധത്തിന്റെയും, ഉച്ച നീചത്വങ്ങൾക്കെതിരേയുള്ള പോരാട്ടങ്ങളുടെയും ചെറുതെങ്കിലും ഉജ്ജ്വലമായൊരു ചരിത്രം ഈ മണ്ണിനുമുണ്ട്. അതിലേക്ക് കടക്കു മുമ്പ് ഈ പഞ്ചായത്തിന്റെ ഭൂവിജ്ഞാനീയ പ്രശ്നങ്ങൾ നമുക്കൊന്നു പരിശോധിക്കാം.

പശ്ചിമഘട്ടത്തിലെ മലനിരകളിൽ നിന്നും തെന്നിമാറി കേരളത്തിലങ്ങോളമിങ്ങോളം നീണ്ടു പരന്നു കിടക്കുന്ന ഇടനാടിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഈ ഭൂഭാഗത്തിലങ്ങോളമിങ്ങോളം മണ്ണിൽ തലയുയർത്തിയും തല പൂഴ്ത്തിയും ശൃംഖലിതമായി കാണപ്പെടുന്ന പാറക്കെട്ടുകൾ നമുടെ ഗ്രാമത്തിനൊരു സവിശേഷ മാനം കൈവരുത്തുന്നു. പഞ്ചായത്തിലെ ഒന്ന്, രണ്ട്, പത്ത്, പതിനൊന്ന് വാർഡുകളിൽ ഉയർന്നു നിൽക്കുന്ന കുന്നുകളും അവയ്ക്കിടയിൽ വിസ്തൃത സമതലങ്ങളിലായി പരന്നു കിടന്നിരുന്ന വയലേലകളും പഞ്ചായത്തു ഭൂപ്രകൃതിയുടെ മറ്റൊരു സവിശേഷതയായിരുന്നു. ഇവയ്ക്കിടയിൽ കാണപ്പെടുന്ന പൊക്കം കുറഞ്ഞ കുന്നുകൾ കാർഷിക മേഖലയ്ക്കിന്നും ഒരു മുതൽക്കൂട്ടാണ്.

കിള്ളിയാറിന്റെ ഉത്ഭവ സ്ഥാനമായി പരിഗണിക്കുന്ന തീർത്ഥകര ആനാട് വില്ലേജിലാണ്. വാമനപുരം നദിയെ പോഷിപ്പിക്കുന്ന ഒരു ചെറുതോട് ആരംഭിക്കുന്നത് ഈ വില്ലേജിലെ കിഴക്കതിർത്തിയിൽ നിന്നാണ്. ഈ നീർമറി പ്രദേശത്തെ കുളങ്ങളും, ചിറകളും തലക്കുളങ്ങളും, അവയോടനുബന്ധിച്ചുള്ള കൈത്തോടുകളും ജലസേചനാസൂത്രണത്തെ സംബന്ധിച്ച്, നമ്മുടെ മുൻതലമുറയ്ക്കുണ്ടായിരുന്ന വൈഭവത്തിന്റെ പ്രതീകങ്ങളായി ഇന്നും നിലകൊള്ളുന്നു.

തെക്കു- പടിഞ്ഞാറൻ മൺസൂൺ (കാലവർഷം) വടക്കു കിഴക്കൻ മൺസൂൺ (തുലാവർഷം) എന്നീ വർഷപാതങ്ങളിലൂടെ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശമാണ് നമ്മുടേതെങ്കിലും, നീർമറി പ്രദേശമാകയാലും, വനനശീകരണത്താലും വർഷപാതത്തിലൂടെ ലഭിക്കുന്ന ജലം മുഴുവൻ നഷ്ടപ്പെടുന്നതോടൊപ്പം, ഫലഭൂയിഷ്ഠമായ മേൽമണ്ണു കൂടി ഒഴുക്കിമാറ്റപ്പെടുന്നു.

പ്രാചീനകാലത്ത് വൻമരങ്ങളും, ഇടതൂർന്ന കുറ്റിക്കാടുകളും തിങ്ങിനിറഞ്ഞ് വൻകാടിന്റെ പ്രതീതി സൃഷ്ടിച്ചിരുന്ന ഈ പ്രദേശത്ത്, ജനസാന്ദ്രതാ വർദ്ധനവിനെ

തുടർന്ന് അവയെല്ലാം തുടച്ചുമാറ്റപ്പെട്ടു. (നൂറു വർഷത്തിനുമേൽ പ്രായം കണക്കാക്കാവുന്ന ചില വൃക്ഷങ്ങൾ പുറമ്പോക്കു ഭൂമിയിൽ അവശേഷിക്കുന്നുവെന്നത് വിസ്മരിക്കുന്നില്ല.) തജ്ജന്യമായ പരിസ്ഥിതി പ്രശ്നങ്ങൾ നാം ഗൗരവ ബുദ്ധ്യാ കാണേണ്ടതുണ്ട്.

ആനക്കൂട്ടങ്ങളുടെ കേന്ദ്രീകരണത്താൽ ആനാട് (ആനകളുടെ നാട്) എന്ന് പേർ ലഭിച്ച ഈ വില്ലേജിൽ കടുവ, പുലി തുടങ്ങിയ ഹിംസ്രജന്തുക്കളും, പുള്ളിമാൻക്കൂട്ടങ്ങളും സൈ്വര വിഹാരം നടത്തിയിരുന്നതിനു തെളിവേകുന്ന സ്ഥലനാമങ്ങളും വ്യക്തിനാമങ്ങളും വേണ്ടുവോള മുണ്ട്. അംഗീകൃത വേട്ടക്കാരനും, നൂറ്റിയൊന്ന് പുലികളെ കെണിയിൽപ്പെടുത്തി രാജാവിന്റെ പട്ടും, വളയും, സ്ഥാനപ്പേരും കാസ്ഥമാക്കിയ കടുവാക്കുറുപ്പ്, പുലി ആക്രമിച്ചു കൊന്ന വേടർ സ്ത്രീയെ കണ്ടെത്തിയ വേടത്തിപ്പാറ, ചുള്ളിമാനൂർ എന്ന് പരിവർത്തന വിധേയമായ ചുള്ളിമാനൂർ, പുലിക്കോട്ടുകോണം, പുലിപ്പാറ, കടുവാച്ചിറ ,ആനെയ്ക്കോണം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്

കേരളത്തിലെ വനപ്രദേശങ്ങളിൽ സർവ്വ സാധാരണയായി കണ്ടുവരാറുള്ള എല്ലാത്തരം പക്ഷികളും ഈ പ്രദേശത്തുണ്ടായിരുന്നതായി കാരണവൻമാർ സാക്ഷ്യപ്പെടുത്തുന്നു. വിവിധയിനം കാട്ടുതത്തകളും, കുയിൽ, പുള്ളിക്കുയിൽ, കാക്കത്തമ്പുരാട്ടി, കുരുവികൾ, കരിയിലക്കിളി, മഞ്ഞക്കിളി, മരംകൊത്തി, മൂങ്ങ, നരിച്ചീർ,ചെമ്പോത്ത്, നീലപൊൻമാൻ, കൊക്ക് തുടങ്ങി നിരവധി പക്ഷി വിഭാഗങ്ങൾ ഇപ്പോഴും ഈ പ്രദേശത്ത് കാണാം. ഈ പഞ്ചായത്തിലും പരിസരപ്രദേശങ്ങളിലുമുള്ള കാക്കകളുടെ സങ്കേതമായ ചന്ദ്രമംഗലം പ്രത്യേകം ശ്രദ്ധയാകർഷിക്കുന്നു. മൂർഖൻ, അണലി, എട്ടടി വീരൻ, ചേര തുടങ്ങി നീർക്കോലി വരെയുള്ള ഇഴജന്തുക്കൾ കുറഞ്ഞ തോതിലാണെങ്കിലും ഈ പ്രദേശത്തു കാണപ്പെടുന്നു.

വിവിധയിനം തവളകൾ വംശനാശം നേരിട്ടുകൊണ്ട് ഗണ്യമായി കുറഞ്ഞതിനാൽ കൊതുകുകളുടേയും കാർഷിക മേഖലയിലെ കീടങ്ങളുടെയും വർദ്ധന പഞ്ചായത്തിനു ഭീഷണിയുയർത്തുന്നു. പഞ്ചായത്തിലെ തിരിച്ചിറ്റൂർ പ്രദേശത്തെ കുരങ്ങന്മാരുടെ സങ്കേതം തദ്ദേശ വാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഞ്ചായത്ത് ഭരണാധികാരികളെ തന്നെ വിഷമിപ്പിക്കുന്നു.

ആനാട് ഗ്രാമപഞ്ചായത്തിലെ ചുള്ളിമാനൂർ മുതൽ പണ്ടാരക്കോണം ഒറ്റിപ്പുരയിടം എന്നറിയപ്പെടുന്ന പ്രദേശം വരെ ഖനന സാധ്യതയുള്ളതായി പരിഗണിക്കപ്പെടുന്നു. തിരിച്ചിട്ടൂർ മുതൽ വടക്കോട്ടു നീളുന്ന പാറയുടെ ഒരു ശൃംഖലയിൽ കാണുന്ന അഭ്രപാളികളുടെ സാന്നിദ്ധ്യം ഈ മേഖലയിലും രത്നഖനന സാധ്യതയുളവാക്കുന്നതായി തദ്ദേശവാസികൾ കരുതുന്നു.

ഈ ഭൂവിഭാഗത്തിലെ മണ്ണിനെ സംബന്ധിച്ച പഠനം പൂർത്തിയായിട്ടില്ലെങ്കിലും ലാറ്ററൈറ്റ് മണ്ണുകളുടെ രൂപീകരണം അതിവേഗത്തിൽ നടക്കുന്ന പ്രദേശമാണിതെന്നു പരിഗണിക്കപ്പെടുന്നു. ഒരു കാലഘട്ടത്തിൽ വന ഭൂമിയായിരുന്ന ഈ പ്രദേശം വനനശീകരണത്തെ തുടർന്ന് സസ്യാവരണം നഷ്ടപ്പെട്ട സാഹചര്യത്തിൽ ഫല ഭൂയിഷ്ഠമായിരുന്ന കാട്ട് മണ്ണ് അപ്രത്യക്ഷമായാണ് ലാറ്ററൈറ്റ് മണ്ണുകളുടെ രൂപവൽക്കരണം നടക്കുന്നത്. ഇവയിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് തുടങ്ങിയ ഊർവരാംശങ്ങൾ കുറവാകാനാണ് സാധ്യത. അമ്ള സ്വഭാവമുള്ള ലറ്ററൈറ്റ് മണ്ണുകളെ ശാസ്ത്രീയ വള പ്രയോഗത്തിലൂടെയും പ്രത്യേക സംരക്ഷണത്തിലൂടേയും കൃഷി യോഗ്യമാക്കി തീർക്കാൻ കഴിയും.

നായർ, വെള്ളാളർ, ഈഴവർ, വെളുത്തേടർ, വണ്ണാർ, ആശാരി, കൊല്ലൻ, ചെട്ടി, കമ്മാളർ, പുലയർ, പറയർ, കുറവർ, വേടർ, പാണർ, തട്ടാർ തുടങ്ങിയ ഹൈന്ദവ വിഭാഗങ്ങളും, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളും ഇടകലർന്ന് അധിവസിക്കുന്ന ഈ പഞ്ചായത്തിൽ ഏതാനും ബ്രാഹ്മണ കുടുംബങ്ങളും, ഇടക്കാലത്ത് താമസമാക്കിയ ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബവും, വിരലിലെണ്ണാവുന്ന കാണിക്കാരും താമസിക്കുന്നു.

എല്ലാ ജാതി മതസ്ഥരുടെയും ആരാധനാലയങ്ങളും, അവയുമായി ബന്ധപ്പെട്ട ഉത്സവാദി ആഘോഷങ്ങളും ഈ പഞ്ചായത്തിലെ ജനജീവിതവുമായി ഇഴുകിച്ചേർന്നിരിക്കുന്നു. പ്രാചീനാചാരങ്ങളുമായി ബന്ധപ്പെട്ട് ഈ പ്രദേശത്തുണ്ടായിരുന്ന കാവുകൾ, അവയിലെ ജൈവ വൈവിധ്യം എന്നിവ നമ്മുടെ പ്രദേശത്തിന്റെ പരിസ്ഥിതി സന്തുലനത്തിൽ വഹിച്ചിരുന്ന പങ്ക് എത്രമാത്രം വലുതായിരുന്നുവെന്ന് ഇവ പൂർണ്ണമായും നശിച്ചു കഴിഞ്ഞ ഇന്നത്തെ സാഹചര്യത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു. ആരാധനാലയങ്ങളുടെ പുനരുദ്ധാരണത്തിലും, അവയുമായി ബന്ധപ്പെട്ട ആഘോഷാദികളും നാം അനുവർത്തിച്ചു വരുന്ന ആരോഗ്യകരമല്ലാത്ത മത്സര രീതികളെ കുറിച്ചു കൂടി ഈ അവസരത്തിൽ നമുക്കു ചിന്തിക്കേണ്ടതുണ്ട്.

ഈ ഭൗതിക പശ്ചാതലത്തിൽ നിന്നുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം മുതൽക്കുള്ള ഈ ഗ്രാമത്തിലെ ജനജീവിതത്തിന്റെ ഗതിവിഗതികൾ നോക്കി കാണുന്ന

ഏതൊരാൾക്കും ചെന്നെത്താവുന്ന പൊതു നിഗമനങ്ങളിൽ എത്തിച്ചേരുക മാത്രമേ ഇത്തരുണത്തിൽ കരണീയമായിട്ടുള്ളു. സമയ വിഭവ പരിമിതികൾ ഈ ശ്രമത്തെ ക്ലേശപൂർണ്ണമാക്കുകയും ചെയ്യുന്നു. വാമൊഴിക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ഒരു ചരിത്ര പരിശോധനാ ശ്രമത്തിൽ കടന്നു കൂടാവുന്ന പിഴവുകളും പരിഗണിക്കേണ്ടതുണ്ട്.

ഇപ്പോഴത്തെ പനവൂർ പഞ്ചായത്തു പ്രദേശം കൂടി ഉൾപ്പെട്ടിരുന്ന ആനാട് പഞ്ചായത്ത് 1976 ൽ വിഭജന വിധേയമാകുകയും പനവൂർ പഞ്ചായത്ത് നിലവിൽ വരികയും ചെയ്തു. പനവൂർ പഞ്ചായത്ത് വികസന റിപ്പോർട്ടിൽ തദ്ദേശീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമെങ്കിലും ഈ റിപ്പോർട്ടിലും സാന്ദർഭികമായ ചില പരാമർശങ്ങൾ ഉണ്ടാകും.

സർവ്വ നന്മകളുടേയും വിള ഭൂമിയെന്ന് കവികളാൽ പാടി പുകഴ്ത്തപ്പെട്ട സാമാന്യവത്കൃത കേരളീയ ഗ്രാമത്തിന്റെ പ്രതീകം തന്നെയായിരുന്നു നമ്മുടെ ഗ്രാമവും, വിശാലമായ നെൽപ്പാടങ്ങൾ, തെങ്ങ്, വാഴ, മരച്ചീനി,കമുക്, കുരുമുളക്, പച്ചക്കറി, പ്ലാവ്, മാവ്, കശുമാവ്, ചേമ്പ്, ചേന, കാച്ചിൽ,നനകിഴങ്ങ്, വെറ്റില, ഔഷധസസ്യങ്ങൾ തുടങ്ങി സാമാന്യ ജീവിതത്തിന് അത്യാവശ്യം വേണ്ട എല്ലാ ഉല്പന്നങ്ങളും സൃഷ്ടിക്കുന്നതിനാവശ്യമായ കാർഷിക അടിത്തറയോടുകൂടിയതും ലളിതമെങ്കിലും സമ്പൽ സമൃദ്ധിയുടേയും, സാംസ്കാരികോൽക്കർഷത്തിൻെറയും പ്രതീതി ജനിപ്പിക്കുന്ന ജീവിത ശൈലിയുമാണ് സമൂഹത്തിലാകെ അലയടിച്ചു നിന്നതെന്ന് പ്രഥമ ദൃഷ്ടിയിൽ തോന്നാമെങ്കിലും, ഫ്യൂഡൽ ഭൂഉടമ ബന്ധങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യാവസ്ഥയിലുണ്ടായിരുന്ന ജാതി സമ്പ്രദായങ്ങളും, അതിന്റെ അടിസ്ഥാന ത്തിലുള്ള തൊഴിൽ വിഭജനങ്ങളും, സ്വാതന്ത്ര്യ നിഷേധങ്ങളും, അടിച്ചമർത്തലുകളും പൂർണ്ണമായ അളവിൽതന്നെ ഇവിടെ നിലനിന്നിരുന്നത് നമുക്ക് കണ്ടെത്താൻ കഴിയും. അതുകൊണ്ടാണ് അന്വേഷണത്തിലൊരിടത്തും ബഹുഭൂരിപക്ഷം വരുന്ന കീഴാളരുടെ ചവിട്ടിമെതിക്കപ്പെട്ട ജീവിത യാഥാർത്ഥ്യങ്ങൾ കണ്ടെത്താനാവാതെ ചരിത്രം നാൽക്കവലയിൽ ഒരു ചോദ്യചിഹ്നം പോലെ പകച്ചു നിൽക്കുന്നത്.

ബഹുഭൂരിപക്ഷം ഭൂമിയുടെ ഉടമസ്ഥത കൽപ്പിച്ചു കിട്ടിയിരുന്നത് ബ്രഹ്മണ ജന്മിമാർക്കും, ദേവസ്വങ്ങൾക്കുമായിരുന്നു. അവരുടെ ആജ്ഞാനുവർത്തികളായ കാണക്കുടിയാൻമാർ (നായർ, വെള്ളാളർ) ആ ഭൂമിയിൽ പണിയെടുക്കുന്ന ഈഴവ, നാടാർ, മുസ്ലീം തുടങ്ങിയ പിന്നോക്ക ജാതിക്കാരും, അവർണ്ണരും എന്നിങ്ങനെയുള്ള വിഭജനത്തിൽ ശ്രീ നാരായണ ഗുരുവിന്റെ രംഗപ്രവേശത്തോടെ സംഘടിതരായ ഈഴവ വിഭാഗങ്ങൾ (ഇവരായിരുന്നു സമൂഹത്തിന്റെ അംഗബലത്തിൽ മുമ്പിൽ) മറ്റു അവർണ്ണ വിഭാഗങ്ങളിൽ നിന്നും അല്പം മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക നില കൈവരിച്ചതൊഴിച്ചാൽ വേടർ, പറയർ, പുലയർ, കുറവർ തുടങ്ങി കായിക അധ്വാനത്തിൽ ഏർപ്പെടേണ്ടി വന്ന പണിയാളരുടെ വില, ഉല്പാദനോപകരണങ്ങളായ ഭൂമി, ഉഴവുപകരണങ്ങൾ, ഉഴവുമാടുകൾ എന്നിവയിലും താഴെയായിരുന്നു എന്നു കാണാം.വിവാഹാദി ചടങ്ങുകളിൽ ഒരുക്കപ്പെടുന്ന സദ്യവട്ടങ്ങളിൽ നിന്നും വലിച്ചെറിയപ്പെടുന്ന എച്ചിലുകൾക്കായി കൊതിയൂറി നിൽക്കുന്ന ചെറുമക്കിടാങ്ങളുടെ ദയനീയ ചിത്രം ('പുറത്തിരി' എന്ന പ്രയോഗം തന്നെയുണ്ട്.) ഇന്നും ജീവിച്ചിരിക്കുന്നവരിൽ നിന്നും നമുക്ക് കേൾക്കേണ്ടി വരുമ്പോൾ (ആഹാരത്തിന്റെ സ്ഥിതിയിതാണെങ്കിൽ മറ്റു ജീവിത സൗകര്യങ്ങളുടെ കാര്യം പ്രത്യേകം കണ്ടെത്തേണ്ടല്ലോ?) ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പോലും നമ്മുടെ ഗ്രാമത്തിൽ നിലനിന്നിരുന്ന ഫ്യൂഡൽ മനോഭാവങ്ങളുടെ തീക്ഷണത നമുക്ക് ബോധ്യപ്പെടും. പക്ഷെ ഇവയൊക്കെ സാമൂഹ്യാചാരങ്ങളുടെ ഭാഗമെന്ന നിലയിൽ പരിഭവങ്ങളോ, പരാതികളോ, ചോദ്യം ചെയ്യലുകളോ ഇല്ലാതെ, ദൈവീക സങ്കല്പങ്ങളുമായി ബന്ധപ്പെട്ട് മനുഷ്യർ പുലർത്തിവരുന്ന ആചാരാനുഷ്ഠാനങ്ങൾ പോലെ, സന്തോഷപൂർവ്വം (അതോ നിസ്സഹായതയോടെയോ) ഏറ്റുവാങ്ങേണ്ടിയിരുന്നതിനാലാണ് പ്രത്യക്ഷത്തിൽ സമാധാന പൂർണ്ണമായ ഗ്രാമ ജീവിതത്തിന്റെ പ്രതീതി നില നിന്നിരുന്നത്. ഈ സാമൂഹിക അവസ്ഥയിൽ നിന്നും ഇന്നു കാണുന്ന അവസ്ഥയിലേക്ക് സമൂഹത്തെ നയിച്ച സംഭവങ്ങളിലേയ്ക്കും സംഘടിത പ്രവർത്തനങ്ങളിലേയ്ക്കും ഒന്നെത്തി നോക്കാം.

പ്രബലരായ ഏതാനും നായർ വെള്ളാള കുടുംബങ്ങൾ, നാമമാത്രമെങ്കിലും ഭൂമിയിൽ ഉടമസ്ഥത ഉണ്ടായിരുന്ന കുറെ ഈഴവ മുസ്ലീം, ക്രിസ്ത്യൻ,നാടാർ കുടുംബങ്ങൾ എന്നിവയാണ് അക്കാലത്ത് ഗണനീയമായുണ്ടായിരുന്നത്. കിഴാളർ, കാണിക്കാർ ഇവർക്കൊക്കെ സ്വന്തമായി ഭൂമിയുണ്ടായിരുന്നെങ്കിലും എല്ലാവരാലും അവഗണിക്കപ്പെട്ടു ഗ്രാമത്തിലെ ചില പ്രത്യേക കേന്ദ്രങ്ങളിൽ ചേരികളായി കഴിഞ്ഞു കൂടുകയായിരുന്നു. ജന്മിക്കരം, പാതിവാരം, തിരിപ്പുവാരം, രാജഭോഗം തുടങ്ങിയ നികുതി സമ്പ്രദായങ്ങളാണ് അന്ന് ഭൂമിയുമായി ബന്ധപ്പെട്ട് ഉണ്ടായിരുന്നത്. മണ്ഡപപിള്ള അധികാരി തുടങ്ങിയവരാണ് രാജാവിനുവേണ്ടി പ്രാദേശിക ഭരണം നിർവഹിച്ചിരുന്ന

ഉദ്യോഗസ്ഥർ .ഈ കാലയളവിൽ പട്ടത്തു നിന്നും ഒരു പുലയനെ വിലയ്ക്കു വാങ്ങി (ചാത്തൻ പുലയൻ) ഇവിടെ കൊണ്ടുവന്നതായി ചിലർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

1888-ൽ തിരുവിതാംകൂറിൽ രൂപീകൃതമായ ലെജിസ്ലേറ്റീവ് കൗൺസിൽ കലാനുസൃതമായ പരിവർത്തനങ്ങൾക്കു വിധേയമായി അംഗസംഖ്യ 50 ആക്കി ഉയർത്തി ഭൂനികുതിയായോ തൊഴിൽ കരമായോ 5 രൂപ കരം അടയ്ക്കുന്നവർക്കും, ബിരുദധാരികൾക്കും വോട്ടവകാശം നൽകികൊണ്ട് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ഈ അവസരത്തിൽ ആനാട് വില്ലേജിൽ പച്ചവീട്ടിൽ സുബ്രഹ്മണ്യ പിള്ള (മണ്ഡപപിള്ള) എം.എൽ.സി. ആയി തെരഞ്ഞെടുക്കപ്പെട്ടു.

ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ ലോകത്താകെ പരിവർത്തനത്തിന്റെ കാഹളമുയർത്തികൊണ്ട് കടന്നു വന്ന ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം. ജനങ്ങളെയാകെ ദേശീയ ധാരയിലേക്കാകർഷിച്ചു കൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചു വന്ന ദേശീയ പ്രസ്ഥാനം, ശ്രീ നാരായണ ഗുരു, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി തുടങ്ങിയ നവോത്ഥാന നായകരും, മന്നത്തു പത്മനാഭനെപ്പോലെയുള്ള സാമുദായിക പരിഷ്കർത്താക്കളും നേതൃത്വം നൽകിയ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ ഇവയുടെയെല്ലാം ഫലമായി സമൂഹത്തിൽ ഉയർന്നു വന്ന സ്വാതന്ത്ര്യാഭിഞ്ജയുടെ വാഞ്ജയുടെ അനുരണനങ്ങൾ നമ്മുടെ ഗ്രാമത്തിന്റെ അന്തരംഗങ്ങളിലും അലയടിക്കുന്നുണ്ടായിരുന്നു. പ്രബോനി, മലയാളി തുടങ്ങിയ പത്രമാസികകൾ ഇവയുടെ സന്ദേശങ്ങൾ ഈ പ്രദേശത്തെ അഭ്യസ്ത വിദ്യരിലും എത്തിച്ചിരുന്നു. എന്നാൽ ഇതിനൊരു സംഘടനാ രൂപം ഈ പ്രദേശത്ത് കൈ വന്നിരുന്നില്ല. 1936 ലെ ക്ഷേത്ര പ്രവേശന വിളംബരം നമ്മുടെ ഗ്രാമത്തിന്റെ അടിത്തട്ടിലുള്ളവരിൽ ആവേശമുണർത്തി. പക്ഷേ അതിന്റെ ഗുണഫലങ്ങൾ കീഴാളർക്കനുഭവവേദ്യമാകാൻ വീണ്ടും പതിറ്റാണ്ടുകൾ വേണ്ടി വന്നു. എൻ.എസ്സ്.എസ്സ്, എസ്.എൻ.ഡി.പി,തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം മാത്രമാണ് സംഘടനാ പ്രവർത്തനങ്ങളുടെ പട്ടികയിൽപ്പെടുത്താവുന്നതായി അന്നുണ്ടായിരുന്നത്. അക്കൂട്ടത്തിൽ എൻ.എസ്സ്.എസ്സിന്റേയും, കോൺഗ്രസ്സിന്റേയും സജീവ പ്രവർത്തകനായിരുന്ന ശ്രീ. ഷൊർണ്ണോട് നാരായണപിള്ളയുടേയും എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറിയും കോൺഗ്രസ് അനുഭാവിയുമായിരുന്ന ശ്രീ.ഗോപാലൻ സാറിന്റെയും പേരുകൾ എടുത്തു പറയത്തക്കതാണ്. ശ്രീ. ഷൊർണോട് നാരായണപിള്ള ((ഗാന്ധി എന്ന പേരിലാണ് ഇദ്ദേഹം അറയപ്പെട്ടിരുന്നത്).യാണ്.72 വർഷം മുമ്പ് സ്ഥാപിതമായ ആനാട് ഫാർമ്മേഴ്സ് ബാങ്കിന്റെ സ്ഥാപക പ്രസിഡന്റ്.

ആയിരത്തി തൊള്ളായിരത്തി നാൽപതുകളുടെ തുടക്കത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള പ്രക്ഷോഭ സമരങ്ങൾ രൂക്ഷമായതോടെ നമ്മുടെ ഗ്രാമത്തിലും അതിന്റെ അലയടിച്ചുയർന്നു, പുരോഗമനേച്ഛുക്കളായ കുറേ യുവാക്കൾ ഈ പ്രക്ഷോഭ സമരങ്ങളുമായി ബന്ധപ്പെടുന്നു ണ്ടായിരുന്നു അക്കൂട്ടത്തിൽ ഏറ്റവും ശ്രദ്ധേയമായവരാണ് പി.കെ. പ്രസാദ്, ശ്രീധരൻ‌ചന്ദ്രമംഗലം എന്നിവർ. സന്നദ്ധ പ്രവർത്തനത്തിന്റെ രൂപത്തിലാണ് അന്ന് നമ്മുടെ ഗ്രാമത്തിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ ആഹ്വാനപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിരുന്നത്. നെടുമങ്ങാട് കേന്ദ്രമാക്കി ഒരു ഘടകം പ്രവർത്തിച്ചിരുന്നുവെങ്കിലും നമ്മുടെ പ്രദേശത്ത് സംഘടനാരൂപമില്ലായിരുന്നു. ആട്ടുകാലാണ് ഏറ്റവും ശക്തമായ പ്രവർത്തന കേന്ദ്രമുണ്ടായിരുന്നത്. പട്ടം താണുപിള്ള, പൊന്നറ ശ്രീധർ തുടങ്ങിയ തലയെടുപ്പുള്ള നേതാക്കൾ പങ്കെടുത്ത പൊതു യോഗങ്ങൾ ഈ അവസരത്തിൽ നടന്നിട്ടുണ്ട്. മൊട്ടക്കാവ് കേശവപിള്ളയുടെ പേര് ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്.

രണ്ടാം ലോകമഹായുദ്ധത്തിന്റെ ദുരന്തങ്ങൾക്കെതിരേ, ബഹുജന മനസാക്ഷിയുണർത്തുന്നതിനു വേണ്ടി ആരംഭിച്ച സമാധാന പ്രസ്ഥാനവും അതിന്റെ ഭാഗമായ ഒപ്പ് ശേഖരണവുമായി ബന്ധപ്പെട്ട് ഒരു പുതുനിര രംഗത്തു വരുന്നതോടുകൂടിയാണ് നമ്മുടെ ഗ്രാമത്തിന്റെ സമസ്ത മേഖലകളേയും ഇളക്കി പ്രതിഷ്ഠിക്കാൻ പര്യാപ്തമായ ഒരു സംഘടിത പ്രസ്ഥാനത്തിന്റെ ബീജാവാപം നടക്കുന്നത്.

1940- കളുടെ ഒടുവിൽ, അന്നിവിടെ ഒളിവിൽ കഴിഞ്ഞിരുന്ന പി. കേശവൻനായരുടെ മേൽനോട്ടത്തിൽ രൂപം കൊണ്ട കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ആദ്യകാല ഗ്രൂപ്പുകളാണ് നമ്മുടെ ഗ്രാമത്തെ ഇടതുപക്ഷ ശക്തി കേന്ദ്രമാക്കാൻ ആവശ്യമായ അടിത്തറ പാകിയത്. കെ.പി.കുഞ്ഞുകൃഷ്ണൻ നായർ, ജെ.ദാമോദരൻ നായർ, കെ. ശ്രീധരൻ, സ്റ്റീഫൻ,എം.എ.ഹമ്മീദ്, എ.കെ.തങ്കപ്പൻ, എം.കെ.കൃഷ്ണൻ(മലങ്കോവ്), പി.ജി.വേലായുധൻ തുടങ്ങിയ പേരുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. ഈ വേളയിലാണ് നാവിക കലാപത്തിൽ പങ്കെടുത്ത പി.എം. സുൽത്താൻ കമ്മ്യൂണിസ്റ്റു

പാർട്ടിയുമായി ബന്ധപ്പെടുന്നത്.

1950 കളോടു കൂടി പട്ടം താണുപിള്ള കോൺഗ്രസ്സുമായി തെറ്റിപ്പിരിഞ്ഞ് പി.എസ്.പി രൂപീകരിച്ചപ്പോൾ, ഈ പ്രദേശത്തെ കോൺഗ്രസുകാരിൽ ചിലർ (മൊട്ടക്കാവിൽ കേശവപിള്ള, ഉത്തമൻപിള്ള, കുളപ്പള്ളി കുഞ്ഞുകൃഷ്ണപിള്ള തുടങ്ങിയവർ പി.എസ്.പിയിലേക്ക് പോയി. ചുള്ളിമാനൂർ ആട്ടുകാൽ മേഖലകളിൽ അപ്പോഴും കോൺഗ്രസ്സിന് ശക്തമായ അടിത്തറ ഉണ്ടായിരുന്നു. രാജപ്പൻ നാടാർ, കരിങ്കട മാധവൻ നായർ, ചെല്ലപ്പൻ നാടാർ, പി. പ്രഭാകരൻ, കേശവൻ മേസ്ത്രീ, ചുള്ളിമാനൂർ ലാസർ നാടാർ തുടങ്ങിയവർ അന്ന് മുമ്പിട്ട് നിന്നു. ഒറ്റയ്ക്ക് ആനാട് ജംഗ്ഷനിൽ കോൺഗ്രസ്സ് പതാകയുർത്തിയ കട്ടയ്ക്കാലിൽ ചന്ദ്രനെ ഇത്തരുണത്തിൽ പ്രത്യേകം സ്മരിയ്ക്കേണ്ടതാണ്.

ഈ കാലയളവിൽ കർഷക സംഘവുമായി ബന്ധപ്പെട്ട് വണ്ടാണത്ത് ഡോ. വേലുപ്പിള്ള ആനാടിന്റെ സിരാകേന്ദ്രത്തിൽ നിറഞ്ഞു നിൽക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി കനകവിലാസം കുമാരപിള്ള, പുത്തൻപാലം കുഞ്ഞുകൃഷ്ണൻ വൈദ്യൻ, ആര്യമ്പറമ്പിൽ രാമൻപിള്ള തുടങ്ങിയവരേ ഇടതുപക്ഷ ചേരിയിലേക്ക് കൊണ്ടുവന്നു. ആനാടിന്റെ വികസനാടിത്തറ പാകുന്നതിലും, ഇന്നു കാണുന്ന പൊതുസ്ഥാപനങ്ങളിൽ പലതിന്റേയും ഭൗതിക സാഹചര്യമൊരുക്കുന്നതിലും കനകവിലാസം എം. കുമാരപിള്ളയുടെ സംഭാവന ഒരിക്കലും വിസ്മരിക്കാവതല്ല. ഈ അവസരത്തിൽ നടന്ന ഏറ്റവും ശ്രദ്ധേയമായ ബഹുജനപ്രക്ഷോഭമായിരുന്നു ചന്തസമരം ചന്തപിരിവിന്റെ പേരിൽ അവിടെ നടന്ന അതിക്രമങ്ങളും ആഭാസത്തരങ്ങളും സഹിക്കവയ്യാതെ ജനങ്ങളാകെ പൊറുതിമുട്ടി നിൽക്കുന്ന അവസരത്തിൽ ആനാട്ട് നിന്നാണ് ഇതിനെതിരേയുള്ള ആദ്യപ്രതികരണമുയർന്നു. കെ. ശ്രീധരന്റെയു് പച്ചവീട് കുമാരപിള്ളയുടേയും നേതൃത്വത്തിൽ ആനാട് നിന്നാരംഭിച്ച പ്രകടനം നെടുമങ്ങാടെത്തുന്നതോടുകൂടിയാണ് നെടുമങ്ങാടിനെയാകെ പിടിച്ചു കുലുക്കിയ ചന്തസമരം ആരംഭിക്കുന്നത്. അന്ന് എം.എൽ.എ. ആയിരുന്ന എൻ.എൻ.പണ്ടാരത്തിൽ നിരാഹാരമാരംഭിച്ചതോടുകൂടി സമരം അതിന്റെ മൂർദ്ധന്യത്തിൽ എത്തി. ഒടുവിൽ സർക്കാർ ചർച്ചയക്ക് നിർബന്ധിതരാകുകയും ചന്ത പിരിവ് സർക്കാർ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടത്താമെന്നു സമ്മതിക്കുകയും ചെയ്യുന്നതോടു കൂടിയാണ് ഈ സമരം അവസാനിക്കുന്നത്. ഈ സമരം സംഘടിത ശക്തിയുടെ കരുത്ത് എന്താണെന്നു ജനങ്ങളേ ബോദ്ധ്യപ്പെടുത്തുകയും, കോൺഗ്രസ് പ്രവർത്തകരടക്കമുള്ള ഒരു വലിയ ജനവിഭാഗത്തെ പുരോഗമന പ്രസ്ഥാനങ്ങളുടെ ഭാഗത്തേക്കാനയിക്കുകയും ചെയ്തു. ഈ സമരത്തിന്റെ ഭാഗമായി പുതിയൊരു നേതൃത്വ നിര പഞ്ചായത്തിൽ ഉയർന്നു വന്നു. അതിൽ കെ. പരമേശ്വരൻ നായർ, കാടൻ പാച്ചൻ, കെ.കെ. ശ്രീധരൻ, ബാലകൃഷ്ണ വത്തിക്കർ(ആനാട്) എന്നിവരുടെ പേരുകൾ എടുത്തു പറയത്തക്കതാണ്.

പുതുപള്ളി തോട്ടം സമരം, ട്രാൻസ്പോർട്ട് സമരം അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലേക്കുള്ള ഉല്പന്ന പിരിവ്, കൊല്ലങ്കാവ് അണ്ടിയാഫീസ് സമരം എന്നിവയിലും, ആനാട് പഞ്ചായത്ത് പ്രദേശത്തെ അയിത്തത്തിനെതിരായുള്ള പ്രവർത്തനങ്ങളിലും ഒട്ടനവധി പുതിയ പ്രവർത്തകർ മുന്നോട്ട് വന്നു. കൊടിവിളാകത്തു രാഘവൻ നായരെപോലുള്ളവർ ഉച്ചനീചത്വങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നടത്തിയ പ്രവർത്തന ങ്ങളും ഈ നാടിന് അഭിമാനിക്കാനുന്നതാണ്.

1952 ൽ പഞ്ചായത്ത് രൂപീകൃതമായതിനെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ സ്വതന്ത്രരായി മത്സരിച്ച് കോൺഗ്രസ്, ആർ.എസ്. പി. പിന്തുണയോടെ ശ്രീ. എൻ. കുഞ്ഞുകൃഷ്ണൻ നായർ 1953 ജനുവരിയിൽ ആദ്യപഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. (അന്നു മുതൽ ഇന്നുവരെയുള്ള പഞ്ചായത്ത് ഭരണസമിതിയുടെ പട്ടികയും, ഭരണചരിത്രവും അനുബന്ധമായി ചേർത്തിട്ടുള്ളതി നാൽ ഇവിടെ വിശദീകരിക്കുന്നില്ല.

1956- നവംബർ 1ന് കേരള സംസ്ഥാനം രൂപീകൃതമായി 1957- ലെ പൊതു തിരഞ്ഞെടുപ്പിൽ സഖാവ് ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പാസാക്കിയ ഭൂ പരിഷ്കരണ വിദ്യാഭ്യാസ ബില്ലുകൾ നിലവിലിരുന്ന ഭൂ ഉടമ ബന്ധങ്ങളിലും സാമൂഹിക മേഖലയിലും പരിവർത്തനത്തിനും നാന്ദി കുറിച്ചു.ഇതിനെ തുടർന്ന് 1959 നടന്ന വിമോചന സമരം കേരളത്തിലെ രാഷ്ട്രീയ കക്ഷി ബന്ധങ്ങളിൽ വരുത്തിയ മാറ്റങ്ങളും, പിന്നീടുള്ള രാഷ്ട്രീയ സംഭവവികാസങ്ങളും സുതാര്യതയോടെ നമ്മുടെ മുമ്പിലുള്ളതിനാൽ ഇവിടെ പരാമർശ വിധേയമാകുന്നില്ല.

വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും, സാംസ്കാരിക രംഗത്തും നടന്ന ചലനങ്ങൾ കൂടി ഇത്തരുണത്തിൽ ഒരവലോകന വിധേയമാക്കി കൊള്ളട്ടെ.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ നമ്മുടെ ഗ്രാമത്തിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ നിലവിൽ

വന്നു തുടങ്ങി. ആനാട് എൽ.പി.എസ്സിന്റെ സ്ഥാപനമാണ് ഇതിൽ ആദ്യത്തേത്. തുടർന്ന് ലൂഥർ മിഷൻ എൽ.പി.എസ്, വേങ്കവിള രാമപുരം യു.പി.സ്കൂൾ, ചുള്ളിമാനൂർ എൽ.പി.എസ്സ്, ആട്ടുകാൽ ഗ്രാന്റ് സ്കൂൾ തുടങ്ങിയവയും സ്ഥാപിതമായി. പുത്തൻപാലം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച ആനാട് 688-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖ വക എസ്.എൻ.വി. യു.പി.എസ്സ് പിൽക്കാലത്ത് ആനാട് കേന്ദ്രത്തിലേക്ക് മാറ്റുകയും ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്തു. ഹൈസ്കൂളിന്റെ സ്ഥാപനത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ ശ്രീ. വി.എൻ. ഗംഗാധര പണിക്കർ നടത്തിയ സേവനം വിസ്മരിക്കാവതല്ല.

അക്കാലത്ത് നാട്ടു വൈദ്യൻമാരാണ് ആരോഗ്യരംഗം കൈകാര്യം ചെയ്തിരുന്നത്. അക്കൂട്ടത്തിൽ കിഴക്കേല കുന്നുംപുറത്തു വീട്ടിൽ ശങ്കരൻ വൈദ്യർ, പാലോട്ടുകോണം രാമൻപിള്ള വൈദ്യർ, പുലിക്കുഴി മനുവേൽ വൈദ്യർ എന്നിവർ ഏറെ വൈദഗ്ദ്ധ്യമുള്ളവരായിരുന്നു. നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ അലോപ്പതി ഡിസ്പെൻസെറി ചുള്ളിമാനൂർ കേന്ദ്രമാക്കി ശ്രീ. ദേവദാസ് ആരംഭിച്ചതാണ്.

സാംസ്കാരിക മേഖലയിൽ ശ്രദ്ധേയമായ ചലനങ്ങൾ പ്രത്യക്ഷപ്പെടുന്നത് 1950 കളോടടുപ്പിച്ചാണ്. ഡോ. വേലുപ്പിള്ളയുടെ നേതൃത്വത്തിൽ അക്കാലത്ത് വിജ്ഞാനപ്രദായനി എന്ന പേരിൽ ഒരു വായന ശാല ആനാട്ട് പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ രംഗത്ത് ഒരു സംഘടിത പ്രവർത്തനം സാദ്ധ്യമായതോടു കൂടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകളുടെ ഒരു നിരതന്നെ സൃഷ്ടിക്കപ്പെട്ടു. മന്നൂർക്കോണം പീപ്പിൾസ് ലൈബ്രറി, ആനാട് യുവജന സമാജം വായനശാല, ഇരിഞ്ചയം യുണൈറ്റഡ് ലൈബ്രറി, ആട്ടുകാൽ കർഷകമിത്രം വായനശാല, പനയമുട്ടം കെ.എസ്സ്.എം മെമ്മോറിയൽ ഗ്രന്ഥശാല തുടങ്ങിയവ ഇക്കൂട്ടത്തിൽ എടുത്തുപറയത്തക്കതാണ്. ഇവയുടെ പ്രവർത്തനം ഈ പ്രദേശത്തിന്റെ സാംസ്കാരികോൽകർഷത്തിന് വഹിച്ച പങ്ക് നിസ്തുലമാണ്. ഇവയുമായി ബന്ധപ്പെട്ട ഒട്ടനവധി വ്യക്തികളുടെ പേര് എടുത്തുപറയാനുണ്ട്. സ്ഥലപരിമിതിയാൽ തൽക്കാലം ഒഴിവാക്കുന്നു.

ഈ സാംസ്കാരിക വളർച്ച ഒട്ടനവധി അമച്വർ നാടക സംരംഭങ്ങൾക്കും സ്പോർട്സ് ആന്റ് ആർട്സ് ക്ലബുകളുടെ വളർച്ചയ്ക്കും കളമൊരുക്കി. ഇവയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നമ്മുടെ ഗ്രാമത്തിലെ ബഹുഭൂരിപക്ഷം യുവാക്കളും സാമൂഹ്യപ്രതിബദ്ധതയോടെ കർമ്മരംഗത്തണിനിരന്നു. ഇന്ന് നമ്മുടെ ഗ്രാമത്തിൽ കാണുന്ന പ്രധാനപ്പെട്ട റോഡുകളുടെയും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളുടേയും ശക്തി സ്രോതസ്സായി നിലനിന്നത് ഈ ഗ്രാമീണ യൗവ്വനത്തിന്റെ ഒത്തൊരുമയും ലക്ഷ്യബോധമുള്ള നേതൃത്വത്തിന്റെയും ശ്രമഫലമായിരുന്നു.

ആനാട് പനവൂർ ഗ്രാമപഞ്ചായത്തുകളിലെ ജനജീവിതത്തിന്റെ ആണിക്കല്ലായി പ്രവർത്തിക്കുന്ന ആനാട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിന്റെ ഉത്ഭവവും വളർച്ചയും മുകളിൽ വിവരിച്ച രാഷ്ട്രീയ സാമൂഹിക സംഭവ വികാസങ്ങൾ കരോധമായിരുന്നുവെന്നു കാണാൻ കഴിയും. കരിക്കുഴിയിൽ നിന്നും ആനാട്ടേക്ക് മാറ്റി സ്ഥാപിക്കപ്പെടുന്നതിലൂടെയാണ് ഈ സ്ഥാപനം വളർച്ചയുടെ ചവിട്ടടികൾ താണ്ടിക്കയറിയത്. അതിന്റെ പിന്നിൽ അർപ്പണ ബോധത്തോടെ പ്രവർത്തിച്ച ഇന്നും പ്രവർത്തിക്കുന്ന എല്ലാവരേയും സുദീർഘമായ സേവനത്തിലൂടെ ഈ സ്ഥാപനത്തെ ഇത്തരത്തിൽ ഉയർത്താൻ സഹായിച്ച ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർ ശ്രീ. ജി.തങ്കപ്പൻ നായരെ പ്രത്യേകിച്ച് കൃതജ്ഞതയോടുമാത്രമേ ഇവിടെ സ്മരിക്കാനാവൂ.

ആനാട് പഞ്ചായത്തിൽ ആദ്യത്തെ പോസ്റ്റാഫീസ് ചുള്ളിമാനൂരിൽ ശ്രീ. ഡി.ചെല്ലരാജാണ് ആരംഭിച്ചത്. 1940-കളോടെ പ്രൈവറ്റ് ബസ് സർവീസ് ആരംഭിച്ചു. 1953 ഓടുകൂടി പഞ്ചായത്തിലേക്ക് വൈദ്യുതി കടന്നു വന്നു.

മൊത്തത്തിൽ, 1950 കളുടെ തൊട്ടുമുൻപും പിൻപും, സാമൂഹികാവ ബോധമുണ്ടായിരുന്ന ഒരു തലമുറ ലക്ഷ്യബോധത്തോടെ നടത്തിയ പ്രവർത്തനം നമുക്കിന്നും മാർഗ്ഗദീപമാവുന്നു. അവരുടെ ആത്മാർത്ഥതയ്ക്കു നേരേ കണ്ണടച്ചും മുഖം തിരിച്ചുമുള്ള പോക്ക് വരും തലമുറയെ നാശഗർത്തത്തിലാഴ്ത്തുക തന്നെ ചെയ്യും. ആ ഗൗരവം ഉൾക്കൊണ്ട്, ഒരു കാലഘട്ടം നമ്മിലർപ്പിച്ചിട്ടുള്ള ചരിത്രപരമായ ദൗത്യം ഏറ്റെടുത്ത് മാനവികതയുടെ പുതിയ തലങ്ങളിലേക്ക് നമുക്ക് കൈകോർത്ത് നീങ്ങാം. ജനകീയാസൂത്രണ പ്രസ്ഥാനം ഇതിനുള്ള ഏറ്റവും നല്ല വേദിയാകുമെന്ന് പ്രത്യാശിക്കാം.

ഭൂപ്രകൃതി

വടക്ക് പനവൂർ നന്ദിയോട് പഞ്ചായത്തുകളും തെക്ക് നെടുമങ്ങാട് മുനിസിപ്പാലിറ്റിയും പടിഞ്ഞാറ് വെമ്പായം പഞ്ചായത്തും കിഴക്ക് തൊളിക്കോട് പഞ്ചായത്തും അതിരുകളായ ഭൂഭാഗമാണ് ആനാട് ഗ്രാമപഞ്ചായത്ത്. ഭൂപ്രകൃതിയനുസരിച്ച് നാല് ആയി തിരിക്കാവുന്ന ഗ്രാമപഞ്ചായത്തിന്റെ പൊതുവായ കിടപ്പ്, വടക്ക് നിന്ന് തെക്കോട്ട് ആണ്.

1. ഉയർന്ന കുന്നിൻപ്രദേശം

പഞ്ചായത്തിൽ ഉയർന്ന കുന്നുകൾ ധാരാളമുള്ളത് ഒന്ന്, രണ്ട്, പതിനൊന്ന് വാർഡുകളിലാണ്. പോതുപാറ, പാട്ടുവിളക്കുന്ന്, പച്ചക്കാട്, ഒറ്റക്കൊമ്പ്, ആനപ്പാറ, തിരുച്ചിറ്റൂർ, ശ്രീമാൻകുന്ന്, വേക്കോണം, കുളപ്പള്ളി, കല്ലടക്കുന്ന്, മണിയംകോട്, പുനവക്കുന്ന്, താഴന്നമല, കരിങ്കടക്കുന്ന്, കൊടിപ്പാറ, കുന്നത്തുമല, നെടുംപാറ, ശാസ്താംപാറ, തേവൻപാറ തുടങ്ങി നിരവധി ചെറുതും വലുതുമായ കുന്നുകളുടെ നാടാണ് ആനാട് ഗ്രാമപഞ്ചായത്ത്. ചരൽ നിറഞ്ഞ കറുത്തമണ്ണും ചെമ്മണ്ണും ഇവടങ്ങളിൽ കാണുന്നു. മിക്ക കുന്നുകളിലും മണ്ണൊലിപ്പ് കൂടുതൽ ആയിരുന്നു. റബ്ബർ വ്യാപകമായതോടെ തട്ടുകൾ പിടിച്ചപ്പോൾ മണ്ണൊലിപ്പ് കുറെ കുറഞ്ഞു. എന്നാൽ ഈ കുന്നുകളിൽ നിന്നുള്ള നീരുറവകൾ മിക്കതും വറ്റി. ജല ഈൗർപ്പം കുറഞ്ഞു. എന്നാൽ പാട്ടുവിളകുന്നിൽ ഒരു നീർച്ചാലുണ്ട്. അതിന്റെ ഉത്ഭവസ്ഥാനം മുതൽ താഴോട്ട് ഇടക്കിടെ നിരവധി കുളമുണ്ട്. റബ്ബർ ആണ് പ്രധാനകൃഷി. ചില ഭാഗങ്ങളിൽ മരിച്ചീനി, തെങ്ങ് കൃഷിയുമുണ്ട്.

2. താഴ്വരകൾ

ആനാട് ഗ്രാമപഞ്ചായത്തിൽ താഴ്വരകളും നിരവധിയുണ്ട്. പോതുപാറ-വേങ്കോട്, പച്ചക്കാടിന്റെ തെക്കുള്ള നീരാഴിക്കോണം, പാട്ടുവിളകുന്നിന്റെ പടിഞ്ഞാറേ താഴ്വര, മേക്കോണം, കുളപ്പള്ളി, വാഴവിള, കദളികോണം, പനയൻചേരി, തത്തൻകോട്, കുളക്കി, പൊൻകുഴി, ചെറുവേലി, നീറ്റാണി, ആറാംപള്ളി, ഈഴക്കോട്ടുകോണം, പാറാംകുഴി, നെടുംപാറകുഴി, പാണയം തുടങ്ങിയുള്ള താഴ്വരകൾ, വിവിധകുന്നുകളുടെ താഴ്വാരങ്ങളും ഉണ്ട്. ഇരിഞ്ചയം, ആനാട് വാട്ടർഷെഡ് പദ്ധതിപ്രദേശം ഇതിലുൾപ്പെടുന്നു. നീർവാഴ്ച പ്രദേശമാണിത്. ഈ പ്രദേശങ്ങളിൽ ജലം തങ്ങിനില്ക്കുന്നതിനുള്ള മാർഗമില്ല. സമീപത്തുള്ള കുളം, കിണർ ഇവയിൽ ജലദൗർലഭ്യമുണ്ടാക്കുന്നു. ചില ഭാഗങ്ങളിൽ നല്ല ഫലപുഷ്ടിയുള്ള കറുത്ത മണ്ണും, കരിമണ്ണും, ചെമ്മണ്ണും കലർന്ന മണ്ണും കാണപ്പെടുന്നു. ചിലയിടത്ത് മീതെ നല്ല മണ്ണ് കാണപ്പെടുന്നുവെങ്കിലും അടിയിൽ വെള്ളച്ചേടി. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. റബ്ബർ, തെങ്ങ്, വാഴ പ്രധാനകൃഷികളാണ്. ആസൂത്രിതമായി കൃഷി ഒരിടത്തുമില്ല.

3. സമതലങ്ങൾ.

കുന്നുകൾ ധാരാളമുള്ളതിനാൽ ഉയർന്ന സമതലങ്ങളും, കുന്നുകൾക്കിടയിലുള്ള സമതലങ്ങളും ഉണ്ട്. പഞ്ചായത്തിൽ അതിവിസ്തൃതങ്ങളായ സമതലങ്ങൾ വിരളമാണ്. പാട്ടുവിളകുന്നിന്റെ താഴ്വരപ്രദേശങ്ങളിൽ സമതലമുണ്ട്. വെമ്പ്, കിഴുക്കോട്ട് മൂഴി, നൂറാംപള്ളി, മുണ്ടൂർക്കോണം, ചെറുവേലി, താന്നിവേലി കോണം, പുല്ലേകോണം, കിഴക്കേല ചന്ദ്രമംഗലം, പണ്ടാരകോണം, വട്ടറത്തല, കൊല്ല, വേങ്കവിള, ചേല, കുണ്ടറക്കുഴി, കൊല്ലങ്കാവ്, വെള്ളരിക്കോണം, വേട്ടമ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലായി സമതലങ്ങൾ വ്യാപിച്ചു കിടക്കുന്നു. ഈ സമതലങ്ങളിലെ നെല്പാടങ്ങൾ നികത്തി റബ്ബർ, തെങ്ങ്, വാഴ, മരിച്ചീനി കൃഷികൾ ചെയ്യുവരുന്നു. നെല്ല് പ്രധാന കൃഷിയായിരുന്നെങ്കിലും ഇന്ന് വളരെ കുറഞ്ഞു. പച്ചക്കറി നാമമാത്രമായുണ്ട്. കുന്നുകളുടെ താഴ്വാരങ്ങളോട് ചേർന്നു കിടക്കുന്ന ഈ പ്രദേശങ്ങളിൽ എക്കൽമണ്ണും ഉണ്ട്. മണൽ കലർന്ന മണൽ മണ്ണും കറുത്ത മണ്ണും ഉണ്ട്. അടിത്തട്ടിവുള്ള കളിമണ്ണ് ജലം താഴുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. നെൽപ്പാടം നികത്തുകമാത്രമല്ല വശങ്ങളിലുള്ളചെറുതും വലുതുമായ തോടുകൾ നികത്തി റോഡും തടവും നിർമ്മിച്ചിരിക്കുന്നു. പരിസ്ഥിതി പ്രശ്നം ഗുരുതരമാക്കാൻ ഇത് സഹായിച്ചു. പഞ്ചായത്തിലെ തോടുകൾ കൂടുതലും സമതലങ്ങളിലൂടെ തെക്കോട്ട് ഒഴുകുന്നു. എങ്കിലും വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. ജലം തങ്ങാൻ സാദ്ധ്യത ഇല്ലാത്തതാണ് കാരണം.

4. ചതുപ്പുകൾ

നീറ്റാണി, ആറാംപള്ളി, കുന്നത്തുമല ഏല, പാണയം കിഴക്കോട്ട്മൂഴിമെത്തോട്, മുണ്ടൂർക്കോണം മേക്കേപാട്ടം, വാളൻകുഴി, അയിരമുണ്ടുകോണം, നരിക്കല്ല്, കുളവിയോട് ഇര്യനാട് തുടങ്ങി പ്രദേശങ്ങളിൽ ചതുപ്പ് ഉണ്ടായിരുന്നു. ഇര്യനാട് ചതുപ്പ് പ്രദേശം വളരെ ആഴമുള്ളതായിരുന്നു. കൃഷി ചെയ്യാൻ കഴി

ഞ്ഞിരുന്നില്ല. മറ്റുള്ള ചതുപ്പുകളുടെ അവസ്ഥ യും ഇതായിരുന്നു. എന്നാൽ നീർവാഴ്ചയുടെ ഫലമായി ഈ പ്രദേശമെല്ലാം പണകളാക്കി തീർത്തു. നല്ല ഫലപുഷ്ടി ഉള്ള മണ്ണാണ് ആദ്യകാലത്തുണ്ടായിരുന്നത്. ആവർത്തനകൃഷിയുടെ ഫലമായി മണ്ണിന്റെ ജൈവാംശം നഷ്ടമായി. എങ്കിലും തെങ്ങ്, റബ്ബർ, വാഴ, മരിച്ചീനി എന്നിവ കൃഷി ചെയ്യുന്നു. സുലഭമായി ജലം കിട്ടിയിരുന്ന ഈ പ്രദേശങ്ങൾ വരൾച്ചകാലത്ത് കുടിവെള്ളക്ഷാമം അനുഭവിക്കുന്നു. ചതുപ്പുകൾ കൃഷിയോഗ്യഭൂമിയായിഎന്നത് മേന്മയാണെങ്കിലും ജലക്ഷാമത്തിനിടയാക്കിയ പരിസ്ഥിതിപ്രശ്നം ഉണ്ട്. കിഴക്കോട്ട്കോണത്ത് ഏക്കറോളം നെൽപ്പാടമുണ്ട്. കിഴക്കോട്ട്കോണത്ത് മൂന്ന് ഏക്കറോളം നെൽപ്പാടമുണ്ട്.

സസ്യാവരണം

ഭക്ഷ്യവിളകൾ റബ്ബർ, പ്ലാവ്, മാവ്, ആഞ്ഞിൽ, കശുമാവ്, വാക, പുളി മരുത്, പേഴ്, ഉതി ഇവ ഏറെക്കുറെ കാണുന്നു. എന്നാൽ പുന്ന മുള്ളുവേങ്ങ, മുക്കംപാല, ഇലഞ്ഞി, രക്തചന്ദനം ഇവ അപൂർവ്വമായി ഉണ്ട്. കമുക് കൃഷിചെയ്യുന്നതായി കാണുന്നില്ല. മുള, ഈറ എന്നീ വർഗ്ഗങ്ങൾ ചില ഭാഗത്തുണ്ട്. വളരെ പഴക്കമുള്ള വൃക്ഷങ്ങൾ റോഡരികിൽ മാത്രമായി ചുരുങ്ങി.

ജലലഭ്യത

ചെറുതും വലുതുമായി നിരവധി തോടുകൾ, ചിറകൾ, പൊതുകിണറുകൾ, സ്വകാര്യ കിണറുകൾ തുടങ്ങിയവയെ ആശ്രയിച്ച് കുടിവെള്ള ജലസേചനം നടത്തപ്പെടുന്നു. (ജലലഭ്യത, ഭൂവിനിയോഗം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കൃഷി ജലസേചന വിഭാഗം കാണുക.)

കാലാവസ്ഥ

പടിഞ്ഞാറുനിന്നും കിഴക്കോട്ടുള്ള കാലവർഷക്കാറ്റും മഴക്ക് ശേഷം കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് വീശുന്ന പാണ്ടിതുള്ളി കാറ്റും പഞ്ചായത്തിൽ ലഭിക്കുന്ന വലിയ കാറ്റാണ്. പ്രധാന കാലവർഷങ്ങൾ ക്രമം തെറ്റി ലഭിക്കുന്നു. ഇടവപ്പാതി, തുലാവർഷം ഇവക്ക് പുറമെ ഇടമഴകൾ (വേനൽ മഴ) ചിലപ്പോൾ ലഭിക്കും. ചില സന്ദർഭത്തിൽ ഇടമഴ കൂടുതൽ ലഭിക്കും. മഴയെ ആശ്രയിച്ചുള്ള കൃഷിരീതികൾക്കും തൻമൂലം മാറ്റം വന്നു. ഗ്രാമപഞ്ചായത്തിലെ താപനില 21 നും 33നും ഇടക്കുള്ള ഡിഗ്രി സെൽഷ്യസ് ആണ്. മഴയുടെ ലഭ്യത പട്ടിക 2, 3 നോക്കുക.

മനുഷ്യസമ്പത്ത്

ആനാട് ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യ സമ്പത്താണ്. മനുഷ്യന്റെ ആദ്ധ്വാനം മറ്റൊരു സമ്പത്താണ്. ഈ സമ്പത്ത്

| മണ്ണിനം | പ്രത്യേകത |
|---|---|
| 1. പാറമണ്ണ് | ധാതുലവണമുണ്ട്, കൃഷിക്കനുയോജ്യം, വളരെകുറച്ച് ചേർത്താൽ മതി |
| 2. ചെമ്മണ്ണ് | നീർവാഴ്ച, മഴക്കാലത്ത് ചെളിക്കെട്ട്. കൃഷിക്ക് അത്ര പറ്റിയതല്ല. |
| 3. ചരൽമണ്ണ് | മണ്ണിളക്കമുണ്ട്. ജൈവാംശക്കുറവ്, വളപ്രയോഗത്തിലൂടെ കൃഷിക്ക് യോഗ്യം. ഉപ്പും ചാരവും ചേർത്ത് കൃഷിചെയ്യുന്നത് നല്ലത് |
| 4. മണൽമണ്ണ് | ഫലപുഷ്ടി ഇല്ല. കമ്പോസ്റ്റ് ചേർത്താൽ കൃഷി ചെയ്യാം. കിഴങ്ങ് വർഗ്ഗം, തെങ്ങ്, മരിച്ചീനി എന്നിവക്ക് അനുയോജ്യം. |
| 5. കളിമണ്ണ് | സമതലപ്രദേശത്ത് മണൽമണ്ണിന് താഴെ കാണുന്നു. ജലം താഴ്ന്ന് ഇറങ്ങാൻ തടസ്സം. |
| 6. എക്കൽമണ്ണ് | കൃഷിക്ക് ഏറ്റവും യോഗ്യം |
| 7. കറുത്തമണ്ണ് | വളക്കൂറുള്ള മണ്ണായിരുന്നു. ഫലഭൂഷ്ടിത കുറഞ്ഞിട്ടുണ്ട്. കുറച്ചുമാത്രം കാണുന്നു. |
| 8. ചെങ്കൽമണ്ണ് വെള്ളച്ചേടി | ഇവ അപൂർവ്വം ചില ഭാഗത്ത് കാണുന്നു. കൃഷി അനുയോജ്യമല്ലാത്തവയാണ്. |

(അവലംബം: പഠന പര്യടനം.)

ജന നന്മക്കായി വേണ്ട രീതിയിൽ പ്രയോജന പ്പെടുത്തിയാൽ സാമ്പത്തിക സാമൂഹിക സാംസ്കാരിക നിലകളിൽ വമ്പിച്ച നേട്ടമുണ്ടാക്കാൻ കഴിയും.

## പട്ടിക-2/ജലലഭ്യത

മഴ

| ശരാശരി | മി.മി.മാസങ്ങൾ | കുറവുള്ള മാസങ്ങൾ |
|---|---|---|
| 22 | Jan | Jan |
| 19 | Feb | Feb |
| 45 | Mar | Mar |
| 120 | Apr | Mar |
| 225 | June | Mar |
| 377 | July | Mar |
| 157 | Aug | Mar |
| 170 | Sep | Mar |
| 280 | Oct | Mar |
| 182 | Nov | Mar |
| 67 | Dec | Dec |

# പട്ടിക - 3
# കാലാവസ്ഥ (ഋതുഭേദങ്ങൾ)

| | ജ | ഫെ | മാ | ഏ | മേ | ജൂ | ജൂ | ആ | സെ | ഒക് | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| വേനൽ | | | | | | | | | | | | |
| കാറ്റ് | | | | | | | | | | | | |
| കാലവർഷം | ശക്തി കുറഞ്ഞു ദൈർഘ്യം | | | | | | | | | | | |
| തുലാവർഷം | ശക്തി കുറഞ്ഞു | | | | | | | | | | | |
| ഇടമഴകൾ | കൃത്യമല്ല | | | | | | | | | | | |

# പട്ടിക - 4
## മനുഷ്യ വിഭവം ജനപ്രകൃതി
## 91 - സെൻസസ്

സാക്ഷരതരുടെ എണ്ണം

| വാർഡ് | സ്ത്രീ | പുരു | കുട്ടികൾ | SC | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|
| 1 | 1340 | 1282 | 307 | 190 | 1040 | 1082 | 2622 |
| 2 | 1022 | 918 | 262 | 171 | 774 | 835 | 1940 |
| 3 | 1125 | 1093 | 271 | 69 | 927 | 893 | 2218 |
| 4 | 968 | 883 | 213 | 336 | 733 | 753 | 1851 |
| 5 | 899 | 868 | 238 | 167 | 669 | 617 | 1766 |
| 6 | 1355 | 1247 | 333 | 263 | 1038 | 1099 | 2602 |
| 7 | 1089 | 1005 | 290 | 105 | 829 | 817 | 2094 |
| 8 | 1709 | 1668 | 444 | 374 | 1329 | 1231 | 3377 |
| 9 | 1219 | 1173 | 297 | 138 | 998 | 932 | 2392 |
| 10 | 1517 | 1528 | 401 | 321 | 1208 | 1121 | 3045 |
| 11 | 1760 | 1699 | 483 | 170 | 1346 | 1260 | 3459 |
| ആകെ | 14003 | 13364 | 3539 | 2304 | 10891 | 10622 | 27367 |

# പട്ടിക - 5
## വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം

| തൊഴിൽ മേഖല | സ്ത്രീ | പുരു | ആകെ | ശതമാനം |
|---|---|---|---|---|
| കർഷകതൊഴിലാളികൾ | 702 | 2939 | 3641 | 40.43 |
| കർഷകർ | 217 | 946 | 1163 | 12.80 |
| മൃഗപരിപാലനം | 18 | 379 | 397 | 4.3 |
| പാറതൊഴിലാളികൾ | 17 | 42 | 59 | 0.6 |
| വ്യവസായം, സേവനമേഖല | 44 | 72 | 116 | 1.2 |
| കുടിൽ വ്യവസായം | 174 | 450 | 624 | 6.9 |
| നിർമ്മാണ മേഖല | 11 | 265 | 276 | 3.0 |
| വ്യാപാരം | 79 | 676 | 755 | 8.2 |
| ഗതാഗതമേഖല, സംഭരണ മേഖല, വാർത്ത വിനിമയം | 11 | 328 | 339 | 3.7 |
| മറ്റ് സേവന തുറകൾ | 326 | 750 | 1076 | 11.90 |
| ഭാഗിക തൊഴിൽ മേഖല | 498 | 82 | 580 | 6.4 |
| ആകെ | 2097 | 6929 | 9026 | |

(അവലംബം : 91 സെൻസസ്)


N
S
വെമ്പായം പഞ്ചായത്ത്
നന്ദിയോട് പഞ്ചായത്ത്
നെടുമങ്ങാട് മുൻസിപ്പാലിറ്റി
മുൻസിപ്പാലിറ്റി
അതിർത്തി
റോഡുകൾ
1
2
3
4
5
6
7
8
9
10
11
വാർഡുകളുടെ പേരുവിവരം
1. പച്ചക്കാട്.
2. തിരിച്ചിട്ടൂർ.
3. വേങ്കവിള.
4. വെള്ളരിക്കോണം.
5. കുണ്ടറക്കുഴി.
6. കുളപ്പാറ.
7. ചന്ദ്രമംഗലം.
8. മണ്ഡപം.
9. ചെറുവേലി.
10. ചുള്ളിമാനൂർ
11. ശാസ്താംന

# കൃഷിയും ജലസേചനവും

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടു താലൂക്കിൽ പ്രധാനപ്പെട്ട ഒരു പഞ്ചായത്താണ് ആനാട് ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിലെ 80 ശതമാനം ജനങ്ങളും കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്.

കുന്നും, ചരിവും, താഴ്വരകളും, പാറക്കൂട്ടങ്ങളും വയലേലകളും അടങ്ങിയതാണീ ഗ്രാമം. റബ്ബർ, തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, കുരുമുളക് എന്നിവ പ്രധാനമായും കൃഷി ചെയ്യുന്നു. ഇടവിളകളായി ചേന, ചേമ്പ്, കാച്ചിൽ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവയും ഇഞ്ചി, മഞ്ഞ, കൂവ, ജാതി, ഗ്രാമ്പു, കൊക്കോ തുടങ്ങിയവയും കൃഷി ചെയ്യുന്നു. ഇടയ്ക്കിടെ കമുക് കൃഷിയും ഉണ്ട്. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ നെൽകൃഷി മുഖ്യമായിരുന്നെങ്കിലും ഇന്ന് നാമമാത്രമായി മാറി. പുരയിടങ്ങളിൽ തെങ്ങു കൃഷി കുറയുകയും റബ്ബർ കൃഷി കൂടുകയും ചെയ്തു. നെൽപാടങ്ങൾ നികത്തി കൂടുതലായി തെങ്ങും മറ്റു കൃഷികളും ചെയ്യുന്നു.

ഭൂപ്രദേശത്തിന്റെ കിടപ്പ് അനുസരിച്ച് കുന്നിൻ പ്രദേശങ്ങളും, താഴ്വരകളും, സമതലങ്ങളും, വയലേലകളുമായി തരംതിരിക്കാം. ഈ ഗ്രാമപഞ്ചായത്തിലൂടെ പ്രധാനമായി തീർത്ഥംകരയിൽ നിന്നും തുടങ്ങി ഒഴുകി വരുന്ന കിള്ളിയാർ അതിന്റെ ശാഖകളും ഉപശാഖകളുമായ ചെറുതും വലുതുമായ ഇരുപത്തെട്ടോളം തോടുകളും ചേർന്ന് തെക്കോട്ട് ഒഴുകി കരമനയാറിൽ ചേരുന്നു. പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തുള്ള തോടുകൾ വടക്കോട്ട് ഒഴുകി വാമനപുരം ആറ്റിൽ ചേരുന്നു. കൂടാതെ ഈ പഞ്ചായത്തിൽ ജലസേചന സൗകര്യമുള്ള പന്ത്രണ്ടു ചിറകളും ഉണ്ട്.

വില്ലേജ് ഓഫീസ് രേഖകളനുസരിച്ച് ഈ പഞ്ചായത്തിൽ 2414 ഹെക്ടർ95 ആർ സ്ഥലമാണുള്ളത്. ഇതിൽ 110 ഹെക്ടർ പുറമ്പോക്കു ഭൂമിയും 18 ഹെക്ടർ തരിശു ഭൂമിയും ഉണ്ട്. പുറമ്പോക്കു ഭൂമിയിൽ കുറെ ഭാഗവും അതാതു സ്ഥലത്തെ കർഷകർ കൈവശമാക്കി വിവിധ തരം കൃഷികൾ ചെയ്തുവരുന്നു.

ഈ ഗ്രാമ പഞ്ചായത്തിലെ ഭൂമിയെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

പട്ടിക -1

| ഇനം | വിസ്തീർണ്ണം | | |
|---|---|---|---|
| | ഹെക്ടർ | ആർ | മീറ്റർ |
| നിലം | 272 | 22 | 82 |
| പുരയിടം | 2014 | 41 | 04 |
| പുറമ്പോക്ക് | 110 | 02 | 33 |
| തരിശ് | 18 | 23 | 35 |
| ആകെ | 2414 | 97 | 54 |

*അവലംബം: വില്ലേജ് ആഫീസ് രേഖ*

| Sl No | 1 ഹെക്ടറിനു താഴെകൈവശ ഭൂമിയുള്ളവർ | 1 ഹെക്ടറിനും 2 ഹെക്ടറിനും ഇടക്ക് ഭൂമിയുള്ളവർ | 2 ഹെക്ടറിനുമേൽ ഭൂമിയുള്ളവർ | ആകെ |
|---|---|---|---|---|
| 1 | 7980 | 73 | 41 | 8094 |
| . | 7980 | 73 | 41 | 8094 |

ഈ പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ ഭാഗികമായി വെസ്റ്റേൺ ഗാട്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7,8,9,10 വാർഡുകൾ നാഷണൽ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. ഈ പഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങൾക്കു വേണ്ടി ആനാട് കേന്ദ്രമാക്കി ആനാട് കൃഷി ഭവൻ പ്രവർത്തിക്കുന്നു.

ഭൂരിഭാഗം കർഷകരും ഒരു ഏക്കറിനു താഴെ കൃഷി ഭൂമിയുള്ളവരാണ്. ആദ്യകാലങ്ങളിൽ ഭൂമികൾ മിക്കതും തറവാട്ടു വകകളും ദേവസ്വം വക വസ്തുക്കളുമായിരുന്നു. കൂട്ടുകുടുംബ സംവിധാനമുണ്ടായിരുന്ന പഴയ കാലത്ത് കൃഷി ഭൂമികളും കൃഷികളും ഒരു ഏകീകൃത സ്വഭാവത്തിലായിരുന്നു. കാലങ്ങൾ മാറി ഏകകുടുംബ സംവിധാനം വന്നപ്പോൾ ഭൂമികൾ തുണ്ടു തുണ്ടായി വിഭജിക്കപ്പെട്ടു. അതുപോലെ തന്നെ ഭൂനിയമം നടപ്പിലായതോടുകൂടി കൈവശ ഭൂമി കൈവശ കർഷകനു ലഭിക്കുകയും. വിസ്തൃതമായ ഭൂ പ്രദേശങ്ങൾ കാലാകാലങ്ങളിൽ തുണ്ടു തുണ്ടായി വിഭജിക്കപ്പെടുകയും ചെയ്തു. കൃഷികളും കാർഷിക വിഭവങ്ങളും വ്യത്യസ്തമായ സ്വഭാവത്തിലായി. ഇതിന്റെ ഫലമായി കീടരോഗങ്ങളുടെ അമിതമായ ആക്രമണവും, ശരിയായ ജലപരിപാലനത്തിനുള്ള തടസവും, ശാസ്ത്രീയ സംരക്ഷണത്തിന്റെ അപര്യാപ്തതയും ഉൽപ്പാദനത്തിൽ കുറവു വരുത്തി. കൂടാതെ കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ തുടർച്ചയായി കിട്ടാതെയും വന്നു.

ഇവിടത്തെ നെൽകൃഷി പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ്. പാടങ്ങളിൽ ആണ്ടിൽ രണ്ടു തവണ കൃഷിയിറക്കുമായിരുന്നു. ജല ലഭ്യതയനുസരിച്ച് മൂന്നാം വിളയും (പുഞ്ചക്കൃഷി) ചില ഏലാകളിൽ നടത്തിയിരുന്നു. ഈ പഞ്ചായത്തിലെ തോടുകളും കുളങ്ങളും കൃഷിക്ക് സാർവത്രികമായി ഉപയോഗിച്ചിരുന്നു. വൈവിധ്യമാർന്ന നാടൻ വിത്തിനങ്ങളാണ് മുൻപ് ഉപയോഗിച്ചിരുന്നത്. കുറ്റിച്ചേറാടി, ഓരുവെള്ള ജീരകചമ്പാവ്, പനംകുറുവ, മുത്തുച്ചേരി, പവിഴചമ്പാവ്, അറുപതാംവെള്ള തുടങ്ങിയ പഴയ വിത്തുകൾ ഇന്ന് ഓർമ്മയിൽ മാത്രം കാണാം. ഇപ്പോൾ അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ കൂടുതലും കൃഷിയിറക്കുന്നു. മുൻകാലങ്ങളിൽ ചാണകം, തോൽ തുടങ്ങിയ ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചിരുന്നു. കര പ്രദേശത്തു പോലും നെല്ല് കൃഷി ചെയ്തിരുന്നു. രണ്ടാം വിള കൊയ്ത്തു കഴിഞ്ഞാൽ പയറു വർഗ്ഗങ്ങളും, മധുരക്കിഴങ്ങും, മൂപ്പുകുറഞ്ഞ മരച്ചീനിയും പച്ചക്കറികളും കൃഷി ചെയ്തിരുന്നു.ഇന്ന് അതെല്ലാം പേരിനു മാത്രമായി കാണുന്നു. വയലേലകളിൽ കീട നിയന്ത്രണത്തിനായി മടലുകൾ കുത്തി നിറുത്തുകയും, ചാരം വിതറുകയും ചെയ്തിരുന്നു. നെൽകൃഷിയുമായി ബന്ധപ്പെട്ട് ധാരാളം സ്ത്രീകൾക്കും പുരുഷൻമാർക്കും തൊഴിലുകൾ ലഭിക്കുമായിരുന്നു. നെല്ലു പുഴുങ്ങി ഉണക്കി അരിയാക്കുന്നതിനു വരെ പണ്ട് തൊഴിലാളികളുണ്ടായിരുന്നു. തൊഴിൽ ലഭിച്ചിരുന്നു. ഇന്നിങ്ങനെയൊരു തൊഴിലവസരമില്ല.

പാരമ്പര്യ കർഷക തൊഴിലാളികളെ വേണ്ടത്ര ലഭിക്കാനുള്ള ഇന്നത്തെ പ്രയാസവും കൃഷികളെ പ്രതികൂലമായി ബാധിച്ചു കാണുന്നു.

പട്ടിക -2

## രാസവളങ്ങൾ

| Sl.No. | സ്ഥാപനം | 1993-94 M.T | 1994-95 M.T | 1995-96 M.T |
|---|---|---|---|---|
| 1. | സഹകരണ സ്ഥാപനം | 245.918 | 253.900 | 225.000 |
| 2. | സ്വകാര്യം | 235.00 | 251.000 | 249.00 |
| ആകെ | M.T | 480.918 | 504.900 | 474.00 |

പട്ടിക-3

## കീടനാശിനികൾ

| Sl. No. | സ്ഥാപനം | | 1993-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. | സഹകരണ സ്ഥാപനം | ലിറ്റർ | 52.100 | 17.500 | 6.500 |
| | | കിലോ | 128 | 875Kg | 85Kg |
| | സ്വകാര്യ സ്ഥാപനം | ലിറ്റർ | 48 | 70 | 118 |
| | | കിലോ | 180Kg | 136 Kg | 102 |
| | ആകെ | ദ്രവം Litter | 100.100 | 87.500 | 124.500 |
| | | ഘരം Kg | 308 | 1011 | 187 |

ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ, കീട രോഗങ്ങളുടെ കടന്നാക്രമണം ഇവ കൃഷികളെ ബാധിക്കുന്നു. കൂടാതെ രാസവള കീട നാശിനികളുടെ അമിതമായ വില വർദ്ധനവും ഉൽപ്പന്നത്തിനുള്ള വില കുറവും എല്ലാം തന്നെ മിക്ക കർഷകരും കൂടുതൽ ലാഭകരമായ നാണ്യ വിളകളിലേക്ക് മാറി കഴിഞ്ഞു. അതു പോലെ തന്നെ ജനസംഖ്യാ വർദ്ധനവും ഏകകുടുംബ സംമ്പ്രദായവും കർഷിക മേഖലയിലെ തകർച്ചയ്ക്കു കാരണമായി.

മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടക്കുന്നില്ല. മണ്ണു പരിശോധന കൃത്യമായും നടത്തി അതനുസരിച്ചുള്ള രാസവള ങ്ങളേ ഉപയോഗിക്കാവൂ. അശാസ്ത്രീയമായ വള പ്രയോഗം മണ്ണിന്റെ ഫലപുഷ്ഠി നശിപ്പിക്കുന്നു. അമിത രാസവള പ്രയോഗം മണ്ണിലെ അമ്ലത്വം വർദ്ധി പ്പിക്കുന്നു. ജൈവവള പ്രയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് തുലോം കുറവാണ്.

1993- നു ശേഷമുള്ള രാസവള കീടനാശിനിക ളുടെ വില്പനയുടെ കണക്കുകൾ ചുവടെ കൊടു ത്തിട്ടുണ്ട്. (കൃഷി ഭവനിൽ മിന്നും ലഭിച്ച വിവര ങ്ങൾ അനുസരിച്ച്)

(കൃഷി ഭവനിൽ നിന്നുള്ള വിവരമനുസരിച്ച്)

കൈവശ കൃഷി ഭൂമി അനുസരിച്ചുള്ള കർഷകരുടെ എണ്ണവും മറ്റു വിവരങ്ങളും.

പട്ടിക-4

### *കൃഷി ഭവനിൽ നിന്നുള്ള ശേഖരണം*

ഈ പഞ്ചായത്തിലെ പ്രധാന പാട ശേഖരങ്ങളെ യോജിപ്പിച്ചു കൊണ്ട് 9 ഗ്രൂപ്പ് ഫാമിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 107 HF നെൽപ്പാടങ്ങൾ ഈ സമിതികളുടെ പ്രവർത്തന പരിതിയിൽ ഉണ്ടായിരുന്നു. ഗ്രൂപ്പ് ഫാമിംഗിൽ ഉൾപ്പെടാത്ത 22 ഹെക്ടർ നെൽപ്പാടങ്ങളും ഉണ്ട്. എന്നാൽ ഇപ്പോൾ 50 ഹെക്ടറോളം മാത്രമേ നെൽകൃഷിയുള്ളു. ഇപ്പോൾ ഉള്ള നെൽകൃഷിയെ സ്ഥിരമായി നിലനിർത്തുന്നതിനും ചെറു കൃഷികൾക്കായി മാറ്റപ്പെട്ട വയലുകളെ തിരിച്ച് നെൽകൃഷിയിലേക്ക് കൊണ്ടു വരുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുകയും ആകർഷകമായ സഹായങ്ങൾ നൽകാനുള്ള നടപടികളും ഉണ്ടാകണം.

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരുന്നു. സാർവ്വത്രിക വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, എന്നിവയുടെ പുരോഗതി യുവാക്കളെ മറ്റു മേഖലകളിലേക്ക് ആകർഷിക്കുന്നു. കർഷക തൊഴിലാളി പുരുഷന് 90 -100 രൂപയും സ്ത്രീ തൊഴിലാളിയക്ക് 80-90 രൂപയും ഇന്ന് കൂലിയുണ്ട്.

### *ഗ്രാമപഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ.*

**(a)** **തെങ്ങ്**

മുൻകാലങ്ങളിൽ തെങ്ങ് കൃഷിക്ക് മുഖ്യ

താൽപര്യം കൊടുത്തിരുന്നു. തേങ്ങക്കും വിറകിനും തടിക്കും ഓലക്കും വേണ്ടിയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. തൊണ്ട് ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. കയർ മേഖലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ ഉണ്ടായിരുന്നു. എന്നാൽ തെങ്ങു കൃഷിക്കാർ പലവിധ പ്രധിസന്ധികളേയും നേരിടുന്നു. പഞ്ചായത്തിൽ 2,30756 തെങ്ങുകളുണ്ട്. 1,27700 തെങ്ങുകളും കായ്ക്കാത്തവ എന്നാണ് കൃഷിഭവൻ രേഖകളിൽ കാണുന്നത്. കായ്ഫലമുള്ള 1,03056 തെങ്ങുകളിൽ തന്നെ രോഗബാധ യുള്ളവ നിരവധിയാണ്. കൃഷിഭവൻ രേഖയനുസരിച്ച് 935 ഏക്കർ പ്രദേശത്ത് തെങ്ങു കൃഷി ചെയ്യുന്ന 6-ാം വാർഡാണ് മുന്നിൽ. എന്നാൽ കായ്ഫലമില്ലാത്ത തെങ്ങുകൾ കൂടുതലുള്ള വാർഡും 6-ാം വാർഡാണ്. തെങ്ങു കൃഷി രംഗത്തെ ഈ ഗുരുതരാവസ്ഥ പഞ്ചായത്ത് കാര്യമായി കാണേണ്ടതാണ്.

## b) മരച്ചീനികൃഷി

ഈ പഞ്ചായത്തിലെ മണ്ണും കാലാനസ്ഥയും മരച്ചീനികൃഷിക്ക് വളരെ അനുയോജ്യമാണ്. ഇവിടത്തെ കർഷകരുടേയും മറ്റു ജനതയുടേയും മുഖ്യ ആഹാരം മരച്ചീനി തന്നെയായിരുന്നു.മരച്ചീനി മാവെടുക്കുന്ന കുടിൽ വ്യവസായങ്ങളും മുമ്പുണ്ടായിരുന്നു. കാലിതീറ്റയായും മരച്ചീനി ഉപയോഗിച്ചിരുന്നു. ആനക്കൊമ്പൻ, കയ്യാലയാടി, കലികാലൻ, മഞ്ഞപ്പറ്റുവെള്ള, മാങ്കൊഴുന്തൻ, കരിയിലപ്പൊതിയൻ തുടങ്ങിയ പഴയനാടൻ ഇനങ്ങൾ ഇവിടത്തെ മണ്ണിൽ നല്ല വിളവു നൽകിയിരുന്നു. വർഷങ്ങൾക്കുമുമ്പ് മരച്ചീനിക്കുണ്ടായ വിലയിടിവും, റബ്ബർ കൃഷിയുടെ മുന്നേറ്റവും തെങ്ങുകൃഷിയുമെല്ലാം മരച്ചീനികൃഷിയെ നിലപ്പിച്ചു. കൂടാതെ എലിശല്യവും മറ്റ് കീടശല്യങ്ങളും രോഗങ്ങളും മരച്ചീനികൃഷിയെ സാരമായി ബാധിച്ചു. ശാസ്ത്രീയ കൃഷിരീതികൾ ഏർപ്പെടുത്തുന്നതിൽ മേൽത്തരം ഇനം വിത്തുകൾ വിതരണം ചെയ്തും മരച്ചീനികൃഷിമെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. മരച്ചീനിയുമായി ബെന്ധപ്പെട്ട ചെറിയ വ്യവസായ യൂണിറ്റുകളുണ്ടാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

## C) റബ്ബർ

ആനാടു ഗ്രാമപഞ്ചായത്തിൽ ഇന്ന് റബ്ബർ കൃഷി നെല്ലിനേയും, തെങ്ങിനേയും പിന്നിലാക്കി കൊണ്ട് മുൻപന്തിയിലായി. റബ്ബർ ബോർഡു വഴി നൽകുന്ന പ്രോത്സാഹനങ്ങളും പ്രചരണങ്ങളും ഒരുപരിധിവരെ റബ്ബർ കൃഷിയെ മെച്ചമാക്കുന്നു. എന്നാൽ റബ്ബർ കൃഷിക്ക് നേരിടുന്ന രോഗങ്ങളും അവയെ ശരിക്കും നിയന്ത്രിക്കാൻ കഴിയാത്തതും റബ്ബർ കർഷകരെ വിഷമിപ്പിക്കുന്നു.

ഒരു യൂണിറ്റ് ഏറിയിലെ റബ്ബർ കൃഷിയും മറ്റു കൃഷികളും തമ്മിൽ താരതമ്യം ചെയ്താൽ റബ്ബർകൃഷി കർഷക തൊഴിലാളികളുടെ തൊഴിലവസരങ്ങൾ കുറയ്ക്കുകയാണ് ചെയ്യുന്നത്. എന്നാലും കർഷകരുടെ ഒരു കൃത്യവരുമാന മാർഗ്ഗമായി റബ്ബർ കൃഷി മാറിക്കഴിഞ്ഞു. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ചെറുകിട റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പഞ്ചായത്തു തലത്തിൽ തുടങ്ങിയാൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴി
യും.

## d) വാഴകൃഷി

ആനാടു ഗ്രാമപഞ്ചായത്തിൽ വാഴയില്ലാത്ത പറമ്പില്ലായിരുന്നു ഒരു കാലത്ത്. മുൻപ് വളരെ പ്രചാരത്തിലുണ്ടായിരുന്ന ചുവന്ന കപ്പ, രസകദളി( ഞാലിപ്പൂവൻ), പൂങ്കൊള്ളി, പാളയംതോടൻ, അണ്ണാൻ, മൊന്തൻ, കദളി, കരുംകദളി, ചിങ്ങൻ, പടറ്റി തുടങ്ങിയ ഇനങ്ങൾ ഈ പ്രദേശത്തിൽ ഇന്ന് യാദൃശ്ചികമായി കാണാമെന്നേയുള്ളു. ഇപ്പോൾ പാളയൽതോടനും, ഏത്തനും മൈസൂർപൂവനും കൂടുതലായി കണ്ടുവരുന്നു. വാഴയെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളും, അവയെ നിയന്ത്രിയിച്ചു മാറ്റാൻ കഴിയാതെ വരുന്നതും,റബ്ബർകൃഷിയുമെല്ലാം വാഴകൃഷിയെ ഉന്മൂലനം ചെയ്തു വരുന്നു.

ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെ വർഗ്ഗവർദ്ധന നടത്തി പഴയ നാടൻ ഇനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നടത്തണം. നൂതന കൃഷി മുറകളും വള പ്രയോഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കണം. നല്ല വാഴകൃഷിക്കാരന് അനുമോദനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും വേണം. അത്യുൽപ്പാദന ശേഷിയുള്ള പുതിയ നല്ലയിനങ്ങൾ പ്രചരിപ്പിക്കണം. പഴവർഗ്ഗ സംഭരണ സംസ്കരണ വിപണന കേന്ദ്രം തുടങ്ങണം.

## c) കുരുമുളക്

തിരുവനന്തപുരം ജില്ലയിൽ തന്നെ കുരുമുളക് പണ്ടുമുതൽക്കേ കൂടുതൽ ഉല്പാദിപ്പിച്ചിരുന്ന ഒരു വില്ലേജാണ് ആനാട്. ഈ പഞ്ചായത്തിലെ പ്രധാനവരുമാനമാർഗ്ഗം ഒരു കാലത്ത് കുരുമുളകുതന്നെയായിരുന്നു. മുൻകാലങ്ങളിൽ പടപ്പൻ, കുതിരവാലി, കൊറ്റനാടൻ, കല്ലുവള്ളി തുടങ്ങിയ നാടൻ ഇനങ്ങൾ നല്ല വിളവു നൽകിയിരുന്നു.പ

ലയത്തിൽ കുരുമുളകു കൊടിയില്ലാത്ത പറമ്പില്ലായിരിന്നു. എന്നാൽ റബ്ബർ കൃഷിയുടെ ആഗമനവും സംരക്ഷണകുറവും, രോഗബാധിതയും കീടബാധയും കാരണം കുരുമുളകു കൃഷി നശിച്ചുതുടങ്ങി. അടുത്ത കുറെ വർഷങ്ങൾ കൊണ്ട് കൃഷി വകുപ്പിന്റെ പ്രോത്സാഹനവും സഹായവും പ്രേരണയും കൊണ്ട് പന്നിയൂർ I, കരിമുണ്ട, പാലാ, കൊറ്റനാടൻ തുടങ്ങിയ മേൽത്തരം വിളവു തരുന്ന കുരുമുളകുനങ്ങൾ കർഷകർ വച്ചു പിടിപ്പിച്ചു വരുന്നു. ശരിയായ സംരക്ഷണവും കീട നിയന്ത്രണവും ശ്രദ്ധയും ഉണ്ടായിരുന്നാൽ വളരെ നല്ല ആദായം ഉണ്ടാക്കാം. ശാസ്ത്രീയ വിജ്ഞാനം കർഷകരിൽ എത്തിക്കണം. റബ്ബർ കർഷകർക്കു നൽകുന്ന സാമ്പത്തിക സഹായങ്ങൾ പോലെ കുരുമുളകു കർഷകർക്കും വേണ്ട പ്രോത്സാഹനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു..

## f) കമുക്

നെടുമങ്ങാടു താലൂക്കിലെ ഇതര പഞ്ചായത്തുകളെ അതിശയിപ്പിച്ചുകൊണ്ട് ആനാടു പഞ്ചായത്തിൽ കമുകു കൃഷി മുൻപന്തിയിലായിരുന്നു. കുന്നിൻ പ്രദേശമൊഴിച്ചുള്ള മിക്കവാറും പ്രദേശങ്ങളിൽ കമുകു നട്ടു വളർത്തിയിരുന്നു. കമുക് തോട്ടമായും, ഇടകൃഷിയായും സമൃദ്ധമായി കൃഷിചെയ്തിരുന്നു. കമുകിൽ തന്നെ കുരുമുളകും കൃഷി ചെയ്തു വന്നു. ഒരു കാലത്ത് ഇവിടുത്തെ കർഷകരുടെ ഒരു വരുമാനം കമുകു തന്നെയായിരുന്നു.

" കമുകു പാട്ടമെടുത്തുകൊണ്ടുള്ള കച്ചവടം" ഒരു വിഭാഗം ആൾക്കാരുടെ തൊഴിൽ തന്നെയായിരുന്നു. അടക്ക ശേഖരണം, തുടർന്ന് പല വിധത്തിൽ സംസ്ക്കരണം, വിപണനം എന്നീ പ്രക്രിയകളിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമായിരുന്നു. ഇതിന്റേയും കൂടി പശ്ചാതലത്തിൽ നെടുമങ്ങാട് കേന്ദ്രമായി ഒരു അടയ്ക്കാ മാർക്കറ്റിംഗ് സഹകരണ സംഘവും ഉണ്ടായിരുന്നു. എന്നാൽ ഉദ്ദേശം 30 വർഷങ്ങൾക്കു മുമ്പ് കണ്ടു തുടങ്ങിയ "മഹാളി" രോഗവും മറ്റു കീട ശല്യങ്ങളും, അടയ്ക്കാക്കുണ്ടായ വിലയിടിവും കമുകുകൃഷി പാടെ നശിപ്പിച്ചു. കമുകു കൃഷിസ്ഥലങ്ങൾ മറ്റു കൃഷികളിലേയ്ക്കു മാറ്റപ്പെട്ടു. ഈ സാഹചര്യത്തിൽ കമുകു കൃഷിയ്ക്ക് കൂടുതൽ പ്രേരണചെലുത്തേണ്ടതാണ്.

ശാസ്ത്രീയ രീതിയിൽ അത്യുൽപ്പാദനശേഷിയുള്ളതും രോഗ പ്രതിരോധ ശക്തിയുള്ളതുമായ കമുകിനങ്ങൾ വച്ചു പിടിപ്പിക്കാനും സംഭരണം സംസ്ക്കരണം വിപണനം എന്നിവയ്ക്കുമുള്ള മെച്ചപ്പെട്ട സാഹചര്യം ഉണ്ടാകേണ്ടതാണ്.

## g) പച്ചക്കറികൃഷി

പച്ചക്കറികൃഷിക്ക് പ്രാമുഖ്യമുള്ള പ്രദേശമാണ് ആനാട് ഗ്രാമ പഞ്ചായത്ത്. പച്ചക്കറി കൃഷി മുൻകാലങ്ങളിൽ ഇവിടുത്തെ കർഷകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗമായിരുന്നു. മണ്ണും കാലാവസ്ഥയും വെള്ളവുമെല്ലാം പച്ചക്കറികൃഷിക്ക് അനുയോജ്യമാണ്. വിദ്യാർത്ഥികളിലൂടെയും യുവാക്കളിലൂടെയും പച്ചക്കറിക്കു പ്രോത്സാഹനം കൃഷി വകുപ്പിൽ നിന്നും ചെയ്യുന്നുണ്ടെങ്കിലും തൃപ്തികരമായ പിൻതുടർച്ച ഇവിടെ കാണുന്നില്ല. അടുത്ത തലമുറയെ പച്ചക്കറി കൃഷിക്ക് ആകൃഷ്ടരാക്കി ഉല്പാദനം വർദ്ധിപ്പിക്കണം. പച്ചക്കറി സംഭരണവിപണനകേന്ദ്രങ്ങൾ തുടങ്ങിയാൽ യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയും.

## h. സുഗന്ധ വ്യഞ്ജനദ്രവ്യങ്ങൾ

ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ തിടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളും പഞ്ചായത്തിൽ അങ്ങിങ്ങായി കൃഷിചെയ്തു വരുന്നു. എന്നാൽ ആദായകരമായ ഈ കൃഷിയിലൂടെ വരുമാനം കണ്ടെത്താൻ ആരും മുന്നോട്ടു വരുന്നില്ല. ഇഞ്ചി, മഞ്ഞൾ ഇവ ഇടവിളയായി കൃഷി ചെയ്യാം. ജാതിയും ഗ്രാമ്പുവും തെങ്ങിൻ പറമ്പിലും നല്ല വണ്ണം കൃഷി ചെയ്യാൻ കഴിയും. നല്ലയിനം വിത്തുകൾ സംഘടിപ്പിച്ച് കൃഷിഭവൻ വഴി വിതരണം ചെയ്യേണ്ടതുണ്ട്. ഉല്പന്നങ്ങൾക്ക് വിപണിയിൽ വില കിട്ടാനുള്ള മാർഗ്ഗമില്ല. രോഗങ്ങൾ, കീട ശല്യങ്ങൾ ഇവ ഇത്തരം കൃഷിയെ ബാധിക്കുന്നു. ഇഞ്ചി, മഞ്ഞൾ കൃഷിക്ക് പ്രാധാന്യം കൊടുക്കണം.

ആസൂത്രിതമായി സുഗന്ധവ്യഞ്ജനകൃഷി പോഷിപ്പിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകിയാൽ ചെറുകിട കർഷകർക്ക് ·നല്ലൊരു വരുമാന മാർഗ്ഗമായി ഉയർത്താൻ കഴിയും

## i കിഴങ്ങു പയർവർഗ്ഗങ്ങൾ

ഒരു കാലത്ത് കേരളീയ ജനതയുടെ ആഹാരത്തിൽ മുഖ്യ പങ്ക് വഹിച്ചിരുന്ന ചേന, ചേമ്പ്, കാച്ചിൽ, ചെറു കിഴങ്ങ്, കൂവക്കിഴങ്ങ്, നനകിഴങ്ങ് ഇവയെല്ലാം ഇന്ന് നാമമാത്ര കൃഷിയായി തീർന്നിരിക്കുന്നു. പയർ വർഗ്ഗങ്ങളും കരയിലും വയലിലും കൃഷിചെയ്തിരുന്നു. കൂവകൃഷി ചെറുകിട വ്യവസായത്തിന് വരെ ഈ കൃഷി പ്രയോജനപ്പെടും. ത്രിതല കൃഷി സമ്പ്രദായം

## j വെറ്റിലകൃഷി

വളരെ സാധ്യതയുള്ള ഒരു കൃഷിയാണ് വെറ്റിലകൃഷി. വെറ്റിലകൃഷി സാധ്യമായ സ്ഥല

ങ്ങളിൽ കൃഷിചെയ്യാനുള്ള സൗകര്യങ്ങൾ കൃഷിക്കാർക്ക് ചെയ്തുകൊടുക്കണം. ഇന്ന് രോഗം ബാധിച്ച് വെറ്റിലകൃഷി പ്രതിസന്ധി നേരിടുന്നു. കൃഷിഭവൻ വഴിയുള്ള സഹായങ്ങൾ പ്രയോജനപ്പെടുത്തി വെറ്റില കൃഷി പോഷിപ്പിച്ചെടുത്താൽ ഇതും സാധാരണക്കാരുടെ വരുമാന മാർഗ്ഗങ്ങൾ ഉയർത്താൻ കഴിയും.

## k പുഷ്പകൃഷി

വനിതകൾക്ക് സ്വീകരിക്കാവുന്ന ഒരു കൃഷിയാണ് പുഷ്പകൃഷി. വിൽപ്പന സാധ്യത വളരെയുള്ള ഈ കൃഷി വീട്ടുവളപ്പിലും ടെറസ്സിൻ മുകളിലും ചെറിയ തോതിലും പ്രത്യേക സ്ഥലങ്ങൾ കേന്ദ്രീകരിച്ചും നടത്താൻ കഴിയും. കുറ്റിമുല്ല, തെറ്റി, ജമന്തി, തുളസി,റോസ് എന്നീ ചെടികൾക്കു പുറമേ ഓർക്കിടുകളും ചെയ്യാൻ കഴിയുന്ന പദ്ധതി തയ്യാറാക്കണം. കൃഷിഭവന്റെ സഹായം തേടണം.

## l കൂൺകൃഷി

വളരെ പോഷകമൂല്യമുള്ള ഒരു വസ്തുവാണ് കൂൺ. ഇത് ഒരു പുതിയ കൃഷിയാണ്. വ്യാപകമായിട്ടില്ല. എന്നാൽ വിൽപ്പന സാധ്യതയും ഉൽപ്പാദന സാധ്യതയുമുള്ള ഈ കൃഷിക്കുള്ള നടപ്പു പദ്ധതികൾ പഞ്ചായത്തിൽ പ്രയോജനപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കണം.
അതിന് പ്രായോഗിക പരിജ്ഞാനവും സഹായവും നൽകണം.

## m ഔഷധചെടികൾ

വളരെ മുമ്പ് മുതൽക്കേതന്നെ ഈ പഞ്ചായത്തിലെ ഓരോവീട്ടുമുറ്റങ്ങളിലും പറമ്പുകളിലും മുരിങ്ങ, നെല്ലി, കറിവേപ്പില, പപ്പായ, കുരുമുളക്, ആടലോടം, തെറ്റി, പിച്ചി, മുല്ല, തുളസി,കറ്റവാഴ,കീഴാനെല്ലി, കൈതോന്നി എന്നീ ഔഷധചെടികൾ നട്ടുവളർത്തിവന്നിരുന്നു. വളരെ ശ്രദ്ധയോ, ആയാസമോ അധികം സംരക്ഷണമോ അല്ലാതെതന്നെ ഈ ഔഷധചെടികൾ നല്ല ആദായം നൽകുമായിരുന്നു. ഔഷധമായും ആഹാരമായും അലങ്കാരമായും ഔഷധചെടികളെ നമുക്കുപയോഗിക്കാം.

ശതാവരി, കറ്റവാഴ, നീലക്കൊടുവേലി, വെള്ളക്കൊടുവേലി, തൃപ്പിലി, കൃഷ്ണതുളസി, ശംഖുപുഷ്പം, രാമച്ചം, ഇഞ്ചി, മഞ്ഞൾ, കറിവേപ്പില തുടങ്ങിയ ഔഷധചെടികൾ നട്ടുവളർത്തുന്നത് ആദായത്തിനും ഉന്മേഷത്തിനും ആരോഗ്യത്തിനും നല്ലതാണ്. അധികം ചെലവുകൂടാതെ കൂടുതൽ ആദായം ഉണ്ടാക്കാവുന്ന ഒന്നാണ്. കൂടാതെ തൊഴിലവസരങ്ങളും ആദായവും വർദ്ധിപ്പിക്കാൻ കഴിയും.

## N മൽബറികൃഷി പട്ടുനൂൽവ്യവസായം

വ്യാവസായികാടിസ്ഥാനത്തിൽ സാമ്പത്തികനേട്ടവും തൊഴിലവസരങ്ങളും ഉണ്ടാക്കാൻ സഹായിക്കുന്ന ഒന്നാണിത്. മൽബറികൃഷി ചെയ്തു പട്ടുനൂൽ ഉല്പാദിപ്പിക്കുന്ന പദ്ധതികൊണ്ട് സമ്പത്ത്വ്യവസ്ഥയിൽ മാറ്റം വരുകയും തൊഴിലവസരങ്ങൾ ഉണ്ടാക്കാനുംകഴിയും. താല്പര്യമുള്ള യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകി ഈ രംഗത്തെ പ്രശനങ്ങളും പ്രതിസന്ധികളും യഥാസ്ഥിതി പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ഈകൃഷി അഭിവൃദ്ധിപ്പെടുത്തുകയും വേണം.

## *കർഷകർക്കുള്ള ധനസഹായസ്ഥാപനങ്ങൾ*

വിവിധതരം വിളകൾ കൃഷിയിറക്കുന്നതിന് ഈ പഞ്ചായത്തിലേയും സമീപത്തുള്ളതുമായ സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പകൾ ലഭ്യമാക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ ആനാട് ഫാർമേഴ്സ് ബാങ്ക് സഹകാരികൾക്ക് ആവശ്യാനുസരണം വിവിധ പദ്ധതികൾക്കായി ലോൺ നൽകുന്നു. സ്ക്കീം ലോണുകൾ പഞ്ചായത്തിലെ ഒന്ന് രണ്ട് എട്ട് വാർഡുകളുടെ പ്രവർത്തന പരിധി എസ്സ്.ബി.റ്റി നെടുമങ്ങാടിനും, 3-4-5-6-7 വാർഡുകളുടെ പ്രവർത്തനപരിധി ധനലക്ഷിബാങ്കിനും 9-10-11വാർഡുകളുടെ പ്രവർത്തനപരിധി ചുള്ളിമാന്നൂർ ബാങ്ക് ഓഫ് ഇൻഡ്യക്കുമാണ്. ധനലക്ഷിബാങ്ക് ഒഴികെ മറ്റെല്ലാ ബാങ്കുകളും ലോണും മറ്റു സഹായങ്ങളും പ്രയാസം കൂടാതെ കർഷകർക്കു വിതരണം ചെയ്യുമ്പോൾ ധനലക്ഷ്മി ബാങ്കിൽ നിന്നും കൃത്യമായി പദ്ധതികൾക്ക് ലോൺ ലഭിക്കുന്നില്ലന്ന പരാതിയെ കേൾക്കാനുള്ളൂ. അതിനാൽ 3-4-5-6-7 വാർഡുകളുടെ ചുമതല ധനലക്ഷ്മി ബാങ്കിൽ നിന്നും മാറ്റി മറ്റേതെങ്കിലും ബാങ്കിനു ചുമതലപ്പെടുത്തി ലോൺ വിതരണം ചെയ്തു സഹായിക്കണം.

കർഷകർക്കു ദീർഘ കാലാടിസ്ഥാനത്തിൽ ഭൂ വികസന പദ്ധതികൾക്ക് ലോൺ ലഭ്യമാക്കേണ്ടത് പാലോട് കാർഷിക വികസന ബാങ്കാണ്. പാലോടു മായി സാധാരണ കർഷകന് പോയി അന്വേഷിക്കാനുള്ള വൈഷമ്യം കൂടി കണക്കിലെടുത്ത് ആനാട് കേന്ദ്രമാക്കി പാലോട് എ.ഡി.ബിയുടെ ഒരു ശാഖ സ്ഥാപിച്ചു കിട്ടിയാൽ വളരെ പ്രയോജന പ്രദമായിരിക്കും.

തിരുവനന്തപുരം ജില്ലാ ബാങ്കിന്റെ നെടുമങ്ങാടു ശാഖയിൽ നിന്നു ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധയിനം

വായ്പകളും ലഭിക്കുന്നുണ്ട്. കാർഷിക വായ്പകൾ ലഭിക്കുന്നതിനു നിലവിലുള്ള വ്യവസ്ഥകളുടെ നടപടിക്രമങ്ങളും ലഘൂകരിക്കണം.

### ജലസേചന പരിപാടികൾ

മഴയെ മാത്രം ആശ്രയിച്ചാണ് പ്രധാനമായും ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്നത്. ഇടവപ്പാതിയും തുലാവർഷവുമാണ് പ്രധാനമായി നമുക്ക് മഴ ലഭിക്കുന്നത്. ചിലപ്പോൾ ഇടക്കിടെ കിട്ടുന്ന ചെറു മഴകളും വർഷകാലത്തെ വെള്ളം സംഭരിച്ച് കൃഷിക്ക് ഉപയോഗിക്കണം. തോടുകളും കൈതോടുകളും കിള്ളിയാറിൽ ഒഴുകി ചേർന്ന് വെള്ളം നഷ്ടം വരുത്തുന്നു. ഈ വെള്ളത്തെ തക്ക സമയത്തു നിയന്ത്രിച്ചു നിർത്തി കൃഷി ഭൂമിയിലേയക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

പഞ്ചായത്തു പ്രദേശത്തുള്ള 32 ഓളം തോടുകളും കൈതോടുകളും താഴ്ത്തി വീതി കൂട്ടി ബലപ്പിക്കണം. ആവശ്യാനുസരണം സൈഡ് വാളുകളും ക്രോസ് ബാറുകളും കെട്ടി ജലസേചനത്തിനു സൗകര്യം ഉണ്ടാക്കണം. ഏലാ തോടുകൾ കെട്ടി ബലപ്പിക്കുമ്പോൾ ടില്ലറുകൾ ഇറക്കത്തക്കവിധം വീതി കൂട്ടി"റാമ്പറുകൾ" കൂടി നിർമ്മിക്കുകയും വേണം. ചെക്കു ഡാമുകൾ കെട്ടി ഒഴുകി നഷ്ടപ്പെടുന്ന ജലം സംഭരിച്ചു നിറുത്തി കൃഷിക്ക് ഉപയോഗിക്കാൻ കഴിയണം. എല്ലാ ഏലാകളിലും തലക്കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. ഈ പഞ്ചായത്തിൽ 12 ചിറകളും 8 കുളങ്ങളും കാണുന്നു. ഇവയെ അറ്റകുറ്റ പണികൾ നടത്തി ജലസംഭരണികളാക്കി മാറ്റുകയും ചിറകളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ചും ജലസേചന സൗകര്യം മെച്ചപ്പെടുത്തണം. അതുപോലെ തന്നെ കരഭൂമികളിൽ Drip irrigation പദ്ധതിക്ക് പ്രോത്സാഹനം നൽകണം. തെങ്ങിൻ തോട്ടങ്ങളിൽ കൂട്ടായ ജനസേചന പദ്ധതികൾ നടപ്പിലാക്കിയാൽ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു കഴിയും.

### *പട്ടിക -5*

ഈ പഞ്ചായത്തിലെ പ്രധാന തോടുകളുടെയും കൈത്തോടുകളുടേയും വിവരങ്ങൾ.

1. ഇരിഞ്ചയം പൊതുപാറ തോട്
2. വേങ്കവിള ഏലാ തോട്
3. വേട്ടമ്പള്ളി ഏലാ തോട്
4. കിള്ളിയാർ
5. തീർത്ഥംകര തോട്
6. വട്ടറത്തല തോട്
7. ചേലയിൽ ഏലാ തോട്
8. കീഴ്ക്കുന്നം ഏലാ തോട്
9. കുണ്ടറക്കുഴി ഏലാ തോട്
10. കുളപ്പള്ളി ഏലാ തോട്
11. പണ്ടാരക്കോണം ഏലാ തോട്
12. ആനാട് ഏലാ തോട്
13. പുല്ലേക്കോണം തോട്
14. ചരുമംഗലം കിഴക്കേ തോട്
15. ചരുമംഗലം പടിഞ്ഞാറേ തോട്
16. കിഴക്കേ ഏലാ തോട്
17. വടക്കേലാ തോട്
18. താണവേലിക്കോണം തോട്
19. മുണ്ടൂർക്കോണം തോട്
20. ചെറുവേലി തോട്
21. ചുള്ളിമാനൂർ ടോൾ നട തോട്
22. വഞ്ചുവം കുന്നത്തു മലതോട്
23. വെമ്പിൽ ഏലാതോട്
24. പാണയം തോട്
25. കീഴ്കോട്ടു മുഴിതോട്
26. കടുവാച്ചിറ തോട്
27. നീറ്റാണി മുക്കാംതോട്
28. വെള്ളൂർക്കോണം തോട്
29. മെഞ്ഞോട് തോട്
30. വടക്കേക്കോണം ഊന്നപാലം തോട്
31. ഐര ഏലാതോട്
32. കൊല്ലാ ഏലാതോട്
33. ഇരിഞ്ചയം മീൻമുട്
34. കുന്നത്ത് മലതോട്
35. കണ്ണംകോട് തോട്
36. ഇടയേക്കല തോട്
37. പെരിങ്ങാവൂർ തോട്

### *പട്ടിക -6*

പ്രധാന ചിറകൾ

1. കൊടുപാറ ചിറ
2. കോളക്കോട്ടു ചിറ
3. കുരുവിക്കോണം ചിറ
4. കീഴ്ക്കുന്നം ചിറ
5. പണ്ടാരക്കോണം ചിറ
6. കുളക്കി ചിറ
7. പച്ച വീട്ടു ചിറ
8. താണവേലി ചിറ
9. മഠത്തിൽ ചിറ
10. കുളവിയോട് ചിറ
11. ചിറയിൻകോണം ചിറ
12. എള്ളുവിള ചിറ

### പട്ടിക -5

### *പ്രധാന കുളങ്ങൾ*

1. മൂഴി കുളം
2. ചിറയിൻ നടകുളം
3. ബാങ്ക് നട കുളം

4. ടോൻ നടകുളം
5. വെള്ളരിക്കോണം കുളം
6. കുളപ്പത്തിക്കുളം
7. വടക്കേക്കോണം കുളം
8. ചെറുവേലി കുളം
9. തത്തൻകോട് കുളം
10. തിരുച്ചിറ്റൂർ ക്ഷേത്രകുളം

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

1. മണ്ണു പരിശോധന വ്യാപകമായി നടത്തുന്നില്ല.
2. നെൽപാടങ്ങൾ വ്യാപകമായി മറ്റു കൃഷികളിലേയക്കു മാറ്റുന്നു.
3. അമിതവും അശാസ്ത്രീയവുമായ രാസവള പ്രയോഗം.
4. ജൈവവള ലഭ്യത കുറവ്.
5. ജലസേചനകുറവ്
6. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യതകുറവ്.
7. കൃഷിക്ക് ആധുനിക യന്ത്രോപകരണങ്ങളുടെ കുറവ്
8. ജലസമ്പത്ത് ശേഖരണവും വിനിയോഗവും ഇല്ലായ്മ
9. ശാസ്ത്രീയ ബോധവൽക്കരണത്തിന്റെ കുറവ്.
10. എല്ലാവിളകൾക്കും വിള ഇൻഷ്വറൻസ് ഇല്ലായ്മ
11. കാർഷികോല്പന്നങ്ങളുടെ അനിയന്ത്രിതമായ വില ഇടിവ്.
12. സുഗന്ധദ്രവ്യങ്ങളായ ജാതി,ഗ്രാമ്പൂ, കുരുമുളക് തുടങ്ങിയവയ്ക്കുള്ള വിലയിടിവ്.
13. രാസവള കീടനാശിനികളുടെ അമിതമായ വിലവർദ്ധന
14. കൃഷിച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനവ്.
15. ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കാനുള്ള പ്രായോഗിക പ്രയാസം.
16. കൃത്യസമയത്ത് അത്യുല്പാദന ശേഷിയുള്ള വിത്തും, നടീൽ വസ്തുക്കളുടേയും ലഭ്യത ക്കുറവ്.
17. പച്ചക്കറി, പഴവർഗ്ഗങ്ങളുടെ ഉല്പാദനക്കുറവ്.
18. നിലം നികത്തുന്നത് സർക്കാർ തലത്തിൽ തടയാത്ത്.
19. കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട ചെറുകിട വൻകിട വ്യവസായ യൂണിറ്റുകൾ ഇല്ലാത്തത്.
20. വാഴ, തെങ്ങ്, കമുക് എന്നിവകളുടെ രോഗങ്ങളെ നിയന്ത്രിച്ചു മാറ്റാൻ കഴിയാതെ വരുന്നത്.
21. കുരുമുളകിന്റെ കീടരോഗ നിയന്ത്രണം.
22. പച്ചക്കറി പഴവർഗ്ഗ സംസ്കരണ വിപണന കേന്ദ്രത്തിന്റെ കുറവ്.
23. ശക്തമായ മണ്ണൊലിപ്പ് നിവാരണ പദ്ധതികളുടെ കുറവ്.
24. കർഷകർക്ക് സമൂഹത്തിൽ മാന്യത ലഭിക്കാത്തത്.
25. യുവതലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ കഴിയാതെ വരുന്നത്.
26. കാർഷിക മേഖലയിൽ കൂട്ടായ്മയുടെ കുറവ്.
27. പ്രകൃതിക്ഷോഭങ്ങളും, കാലാവസ്ഥയിലെ മാറ്റങ്ങളും, കീടരോഗങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവും മറ്റും.
28. ഭൂമികൾ തുണ്ടുതുണ്ടായി മാറ്റപ്പെടുന്നതും അശാസ്ത്രീയമായ കൃഷി രീതികളും.
29. കാർഷികാഭിവൃദ്ധിക്ക് സമായാസമയങ്ങളിൽ സാമ്പത്തിക സഹായങ്ങൾ ലഭിക്കാനുള്ള വൈഷമ്യങ്ങൾ.
30. കർഷകരിലും കർഷകതൊഴിലാളികളിലും കാണുന്ന അർപ്പണ ബോധമില്ലായ്മ.
32. കാർഷിക വികസന സമിതിയുടെപ്രവർത്തനങ്ങളുടെ അപാകത.
31. നൂതന ശാസ്ത്ര സാങ്കേതിക പരിജ്ഞാനം കർഷകരെ ധരിപ്പിക്കാൻ കൃഷി വിദഗ്ദ്ധരായ ഉദ്യോഗസ്ഥർക്ക് കഴിയാതെ പോകുന്നത്.

## നിർദ്ദേശങ്ങൾ

1. കൃഷി ഭവന്റെ സഹകരണത്തോടെ മണ്ണ് പരിശോധന ശക്തമാക്കണം. രാസവള പ്രയോഗം യോജിച്ച കൃഷി ചെയ്യൽ ഇവയ്ക്കു ഇത് പ്രയോജനപ്പെടുത്തണം.
2. ഹ്രസ്വമായ കാലവിളക്കായി മാറ്റപ്പെട്ട നെല്പാടങ്ങൾ തിരികെ നെൽപ്പാടങ്ങളായും മാറ്റപ്പെടണം. നിലവിലുള്ള നെൽപ്പാടങ്ങൾ നിലനിറുത്താനും കഴിയണം.
3. ട്രില്ലർ, കൊയ്ത്തു യന്ത്രം, മെതിയന്ത്രം, തെങ്ങ് കയറ്റ് യന്ത്രം തുടങ്ങിയ യന്ത്രങ്ങളുടെ ഉപയോഗം കൂടുതൽ പ്രയോജനപ്പെടുത്താനുള്ള പദ്ധതി ഉണ്ടാക്കണം.
4. ഗുണനിലവാരമുള്ള രാസവളങ്ങളും കീടകുമിൾ നാശിനികളും ആവശ്യാനുസരണം ലഭ്യമാക്കാൻ സഹകരണ ബാങ്കുകൾക്കും കൃഷി ഭവനും കഴിയണം.
5. ഗുണനിലവാരം ഉറപ്പു വരുത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.
6. എല്ലാ വിളകൾക്കും വിള ഇൻഷ്വറൻസ്

ഏർപ്പെടുത്തണം.

7. കാർഷിക ഉല്പന്നങ്ങൾക്ക് ഉല്പാദന ചെലവിന് അനുസൃതമായി താങ്ങുവില നിശ്ചയിച്ച് കമ്പോളത്തിലെ വില അസ്ഥിരത പരിഹരിക്കണം.

8. പച്ചക്കറി, പഴവർഗ്ഗം, സുഗന്ധദ്രവ്യങ്ങൾ, റബ്ബർ, കൊപ്ര തുടങ്ങിയവയുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തു തലത്തിൽ തുടങ്ങണം.

9. കാർഷികോല്പന്നങ്ങളുടെ ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകൾ വാർഡ് തലത്തിൽ സ്ഥാപിക്കുകയും പഞ്ചായത്ത് തലത്തിൽ വിപണി കണ്ടെത്തുകയും വേണം.

10. പച്ചിലവള ചെടികൾ കൃഷി ചെയ്യണം, ശീമക്കൊന്ന തുടങ്ങിയവ നട്ടു വളർത്തിയും കമ്പോസ്റ്റുവളം ചേർത്തും ജൈവ വളത്തിന്റെ കുറവു പരിഹരിക്കണം. ഓരോ വീട്ടിലും ചപ്പും ചവറും കൂട്ടി കമ്പോസ്റ്റു ഉണ്ടാക്കാനുള്ള തീവ്രയത്നം തുടങ്ങണം. പഞ്ചായത്തു തലത്തിൽ പുറമ്പോക്കുകളിലോ തരിശു ഭൂമികളിലോ കമ്പോസ്റ്റു നിർമ്മാണം നടത്തി കർഷകർക്ക് വിലയ്ക്കു വിൽക്കുന്ന പരിപാടി ആസൂത്രണം വേണം. പരിസരശുചീകരണവും ഇതോടൊപ്പം നേടാൻ കഴിയും.

11. ജലസേചനകുറവ് പരിഹരിക്കുന്നതിന് ഇതോട് ചേർത്തിട്ടുള്ള ഈ പഞ്ചായത്തിലെ വലുതും ചെറുതുമായ തോടുകൾ വീതിക്കൂട്ടി ബലപ്പിച്ച് സൈഡ്വാളുകൾ കെട്ടി ജലസേചന പ്രദമാക്കണം.അതോടു കൂടി തോടു വരമ്പുകൾ ട്രില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ കൊണ്ടുവരത്തക്ക സൗകര്യവും ഉണ്ടാക്കണം. ഏലാതോടുകൾ ബലപ്പിക്കുമ്പോൾ ട്രില്ലറുകൾ ഏലാകളിൽ ഇറക്കത്തക്ക റാമ്പറുകളും നിർമ്മിക്കണം. പുരയിടങ്ങളിലും നീർചാലുകളിലും ചെക്ക് ഡാമുകൾ തീർത്ത് ജലംസംഭരിച്ച് കൃഷിക്കുപയുക്തമാക്കണം. ഈ പഞ്ചായത്തിലെ 12 ചിറകൾ ശക്തമാക്കി ജലസംഭരണികളാക്കി പമ്പുസെറ്റ്സ്ഥാപിച്ച്ജലസേചനത്തിനുതകുമാറാക്കണം. എല്ലാ ഏലാകളിലും തലക്കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കണം.

12. പച്ചക്കറിയുടെ കുറവ് പരിഹരിക്കുന്നതിന് ഓരോ വാർഡിലും കുറഞ്ഞത് 100 വീടുകളിൽ 10 സെന്റു വീതം പച്ചക്കറി ശാസ്ത്രീയമായി വ്യവസായാടി സ്ഥാനത്തിൽ കൃഷി ചെയ്യിക്കുകയും ഇവരെ ചേർത്ത് ഓരോ പച്ചക്കറി സംഘങ്ങൾ ഉണ്ടാക്കി സംഭരിച്ചു വിതരണം ചെയ്യണം.ഇതിനുളള വിത്തും വളവും, കീടനാശിനിയും സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും ഉണ്ടാകാവുന്ന സാമ്പത്തിക ചെലവ് അടുത്തുള്ള ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാനുള്ള സഹായവും ചെയ്യണം.

13. തെങ്ങ്, കമുക്, കുരുമുളക്, വാഴ തുടങ്ങിയവയുടെ മാരകമായ രോഗങ്ങളെ നിയന്ത്രിക്കുന്നതിന് കൃഷിഭവന്റെ നിർദ്ദേശത്തോടും സഹകരണത്തോടും കൂടി കീട രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ യഥാസമയങ്ങളിൽ വാർഡുതലത്തിൽ ചെയ്യണം.

14. സോയിൽ കൺസർവേഷൻ ഓഫീസിന്റെ നിർദ്ദേശങ്ങൾ സ്വീകരിച്ച് മണ്ണൊലിപ്പ് തടയാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണം. ബണ്ടുകൾ നിർമ്മിച്ചും, മരങ്ങൾ വച്ചു പിടിപ്പിച്ചും, രാമച്ചം, ഫോഡർ ഗ്രാസ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയ നട്ടു വളർത്തിയും മണ്ണൊലിപ്പ് തടഞ്ഞ് ഭൂസംരക്ഷണം നടപ്പിലാക്കണം.

15. ഓരോ വിളയനുസരിച്ചും മെച്ചപ്പെട്ട കർഷകരെ തിരഞ്ഞെടുത്ത് ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

16. പ്രകൃതിക്ഷോഭങ്ങളും മറ്റും ഉണ്ടാകുമ്പോൾ കർഷകർക്ക് കൃത്യസമയത്ത് അർഹമായ സഹായങ്ങൾ എത്തിക്കണം.

17. കീടരോഗ നിയന്ത്രണത്തിന് കൂട്ടായ്മ വേണം.

18. കർഷകർക്കും കർഷക തൊഴിലാളിക്കും മാന്യത നൽകുകയും ശരിയായ ബോധവൽക്കരണം നൽകുകയും മെച്ചപ്പെട്ട വേതനം നൽകുകയും വേണം.

19. കാർഷിക ബോധവൽക്കരണത്തിന് വിദഗ്ദ്ധരുടെ സേവനം വാർഡു തലത്തിൽ ഉണ്ടാകണം.

20. കൃഷി ഭവനിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കാൻ ശ്രദ്ധിക്കണം.

21. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന പദ്ധതികളുടെ ലിസ്റ്റ് മുൻകൂട്ടി പൊതുജനങ്ങൾക്കു മനസ്സിലാക്കാൻ വേണ്ടി പ്രസിദ്ധീകരിക്കണം.

22. ഒരേക്കറിൽ താഴെയുള്ള റബ്ബർ കർഷകർക്ക്'റയിൽഗാഡ്' സൗജന്യമായി നൽകണം.

23. ഗ്രൂപ്പ് ഫാമിംഗ് സംവിധാനം എല്ലാ

പാടശേഖരങ്ങളിലും ശക്തമാക്കണം.

24. അപ്പോ ക്ലിനിക്കുകൾ കൃത്യമായും നടപ്പിലാക്കണം.

25. സർക്കാർ,നെല്പാടഉടമസ്ഥർ, സന്നദ്ധസേവകർ ഇവരുടെ കൂട്ടായ സഹായവും സേവനവും പ്രയോജനപ്പെടുത്തി ഓരോ നെല്പാട ഏലാകളിൽ സന്നദ്ധ സേവന നെൽകൃഷി സമ്പ്രദായം ഏർപ്പെടുത്തി നെൽകൃഷി ഊർജ്ജിതപ്പെടുത്തണം.

26. പഞ്ചായത്തിൽ, വാട്ടർഷെഡ് പരിപാടിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന പ്രദേശങ്ങളുണ്ട്. അവയെല്ലാം ആ പദ്ധതിയിലുൾപ്പെടുത്തണം.

27. ഔഷധ സസ്യ കൃഷിക്ക് സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകി, ഗ്രാമപഞ്ചായത്തിലെ ആയുർവേദാശുപത്രിക്ക് ആവശ്യമായ ഔഷധ സസ്യങ്ങൾ ഉല്പാദിപ്പിക്കാനുള്ള പദ്ധതിയ്ക്കു രൂപം നൽകണം.

28. തെങ്ങു കൃഷിക്കു ജനസേചനത്തിനു പമ്പുസെറ്റും, കിണറും സ്ഥാപിക്കുന്നതിനുള്ള കുറഞ്ഞ ഭൂ പരിധി 15 ആക്കി കുറയ്ക്കണം.

29. രോഗം ബാധിച്ചതും ഉല്പാദനം നശിച്ചതുമായ തെങ്ങുകൾ മുറച്ചു മാറ്റുന്നതിന് കർഷകന് തെങ്ങൊന്നിന് 500 രൂപാ നൽകണം.

30. ചന്ദ്രമംഗലത്ത് തെങ്ങുകൃഷിക്കുള്ള ജലസേചന പദ്ധതി വൈദ്യുതി ലഭ്യമാകാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രവർത്തനം അടിയന്തിരമായി ആരംഭിക്കണം.

31. തേനീച്ച കൃഷിക്ക് പ്രോത്സാഹനം നൽകണം. തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടീൽ ചെലവിന്റെ പകുതി സഹായമായി നൽകണം.

32. തെങ്ങിന് മരുന്നു തളി പുനരാരംഭിക്കണം.

33. കൃഷിക്ക്, വൈദ്യുതി സൗജന്യനിരക്കിൽ നൽകുമ്പോൾ ഭക്ഷ്യവിളക്കു മുൻഗണന നൽകണം. വൈദ്യുത കണക്ഷണനുള്ള കാലവിളംബം ഒഴിവാക്കണം.

34. ചെറുകിട കൃഷിക്കാർക്ക് ക്ഷേമനിധിയും പെൻഷൻ സ്ക്കീമും നടപ്പാക്കണം.

35. തെങ്ങ് കൃഷിക്കായുള്ള കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ ഭൂ പരിധി അഞ്ച് ഹെക്ടർ എന്നുള്ളത് രണ്ട് ഹെക്ടർ ആക്കി മാറ്റണം.

36. തോടുകളിൽ തടയണകൾ കെട്ടി ജലസേചനത്തിന് വെള്ളം തിരിച്ചു വിടാനും പരിസരങ്ങളിലെ കിണറുകളിൽ ജലവിധാനം ഉയരുന്നതുമൂലം കുടി വെള്ള ക്ഷാമം പരിഹരിക്കുന്നതിനും കഴിയും. രണ്ടു മീറ്റർ മുതൽ ഏഴു മീറ്റർ വരെ വീതിയുള്ള തോടുകൾക്ക് 5000 രൂപ മുതൽ 25000 രൂപാ വരെ ചിലവുണ്ടാകുന്ന പദ്ധതികളാണിവ. കുളങ്ങളുടെ പുനരുദ്ധാരണം വഴി തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ ജലസേചനം നടത്തുവാനും ഇതുമൂലം ഒരു പരിധിവരെ വെള്ളപ്പൊക്ക നിയന്ത്രണവും സാധ്യമാകും. ഉദ്ദേശം 25000/- രൂപ ഒരു ഹെക്ടർ ആയക്കെട്ട് എന്ന തോതിൽ ചെലവഴിക്കേണ്ടി വരും.

38. ഒരു സ്കീം നടപ്പിലാക്കി കഴിഞ്ഞാൽ വർഷാവർഷം അതിനുള്ള മെയിന്റൻസ് തുകയും അതായത് പദ്ധതികളോടൊപ്പം വകയിരിത്തേണ്ടതാണ്. ഇപ്പോൾ ആ സംവിധാനം ഇല്ല. സർക്കാർ കണക്കനുസരിച്ച്, മെയിന്റെനസ് തുക 1200/Hr ആണ്. ഇത് മുടക്കു മുതലിന്റെ 10% ആക്കുകയോ മിനിമം Rs 2500/Hr. ആക്കി ഉയർത്തുകയും സമയാസമയങ്ങളിൽ ഫണ്ട് അനുവദിക്കുകയും വേണം.

39. ജലസേചന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും പ്രവർത്തനം ഏകോപിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

40. വെള്ളപ്പൊക്ക കെടുതികൾ മൂലമുള്ള കൃഷിനാശം ഒഴിവാക്കുവാൻ വേണ്ടി ഇതിന് ഒരു പ്രത്യേക പദ്ധതി തന്നെ ആസൂത്രണം ചെയ്യണം.

## പട്ടിക-8

വിള വിസ്തീർണ്ണം

| വിള | വിസ്തീർണ്ണം(ഹെക്ടർ) |
|---|---|
| നെല്ല്(ഒന്നാം വിള) | |
| നെല്ല്(രണ്ടാം വിള) | 129 |
| നെല്ല്(മൂന്നാം വിള) | |
| പയർ | 15 |
| എള്ള് | |
| ഇഞ്ചി | 12 |
| പച്ചക്കറികൾ | 30 |
| തെങ്ങ് | 595 |
| വാഴ | 220 |
| മരച്ചീനി | 232 |
| കുരുമുളക് | 22 |
| കശുമാവ് | 3 |
| മാവ് | 3 |
| റബ്ബർ | 991 |

(അവലംബം- കൃഷിഭവൻ രേഖ)

## പട്ടിക -9

# മണ്ണ് സംരക്ഷണം

| ക്രമനമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | ആരംഭിച്ച വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെവിസ്തീർണ്ണം ഗുണഭോക്താക്കളുടെ എണ്ണം | പ്രയോജനം ലഭിച്ച | ചെലവായ തുക |
|---|---|---|---|---|---|---|
| 1 | ആനാട് വാട്ടർഷെഡ് (നാഷണൽ) | 5[illegible]7.80 ഹെക്ടർ | 1992 | 52 ഹെക്ടർ | | 2,94,502 |
| 2 | ഇരിഞ്ചയം വാട്ടർഷെഡ് പശ്ചിമഘട്ടം | | 1994 | | | 4,60,719 |

അവലംബനം സോയിൽ കൺസർവേഷൻ രേഖ.

## പട്ടിക -10 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗവിവരം | | | |
|---|---|---|---|---|---|---|---|---|
| | | | | | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീനിംഗ് |
| 1 | 366.70 | 4252 | 8691 | 12943 | 339 | | | |
| 2 | 361.70 | 4577 | 15428 | 20005 | 88 | | | |
| 3 | 118.26 | 4676 | 13572 | 18428 | 100 | | | |
| 4 | 178.79 | 3467 | 6879 | 10346 | 121 | | | |
| 5 | 210.22 | 4050 | 9275 | 13325 | 150 | | | |
| 6 | 935.87 | 3518 | 26424 | 29992 | 556 | | വിവരം രേഖകളില്ല | |
| 7 | 249.93 | 6275 | 15546 | 21821 | 221 | | | |
| 8 | 122.67 | 6256 | 14815 | 21071 | 129 | | | |
| 9 | 133.00 | 4531 | 8667 | 13208 | 486 | | | |
| 10 | 596.62 | 6576 | 41154 | 47730 | 4557 | | | |
| 11 | 136.90 | 4618 | 17269 | 21887 | 1859 | | | |

അവലംബനം കൃഷിഭവൻ രേഖ

## പട്ടിക -11

## പണി പൂർത്തിയായ/ നടന്നുകൊണ്ടിരിക്കുന്ന ജല സേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|
| 1 | വേട്ടമ്പളി തോട് | 1991 | 1991 | |
| 2. | ആറാട് വലിയ തോട് | 1993 | | |
| 3. | മീൻമൂട് ഇരിഞ്ഞയംതോട് | 1994 | 1994 | 2.ലക്ഷം |
| 4. | ഇടവട്ടം തിർത്തംകര | 1995 | 1995 | 2.8ലക്ഷം |
| 5. | ഇറുവറാട് മുഴി | 1996 | 1996 | 2.ലക്ഷം |

## പട്ടിക -12

## കൃഷിഭവൻ വഴി 96-97-ൽ നടപ്പിലാക്കാൻ സർക്കാർ അനുമതി ലഭിച്ച പദ്ധതികൾ

| | പദ്ധതിയുടെ പേര് | ഇനം | എണ്ണം | അനുവദിച്ച തുക | |
|---|---|---|---|---|---|
| | | | | ഒന്നിന് | ആകെ |
| 1 | .കോവികസന പദ്ധതി | കിണർ | 25 | 2500 | 62500 |
| 2. | ജലസേചനം | പമ്പ് സെറ്റ് | 60 | 2500 | 1,50000 |
| 3. | ഹരിജനങ്ങൾക്കുള്ള ജലസേചനം | കിണർ | 2 | 5,000 | 10,000 |
| 4. | തെങ്ങ് കയറ്റ യന്ത്രം | സബ്സിഡി | | 500 | |
| 5. | പച്ചിലവള വിത്ത് | സബ്സിഡി | 50 കി.ഗ്രാം വരെ | | |
| 6. | തെങ്ങിൻ തോട്ടത്തിൽ കൂട്ടായ ജലസേചനം | സബ്സിഡി | | 10,000 | 4.25ലക്ഷം |
| 7. | ഇഞ്ചി കൃഷി | | 3 പ്ലോട്ട് | 1,200 | |
| 8. | വാട്ടർഷെഡ് | | | | 5,12,200 |
| 9. | റോസ്റ്റേൺ ഗാർട്ടസ് പദ്ധതി | | | | 2,50,000 |
| 10. | വേട്ടമ്പളി ഏലാതോട് | | | | 4.2ലക്ഷം |
| 11. | വേങ്കവിള ഏലാതോട് | | | | 2.42ലക്ഷം |
| 12. | നടുവത്തേല | | | | 2.18 ലക്ഷം |
| 13. | കിഴക്കേല | | | | 2.00 ലക്ഷം |
| 14. | മുണ്ടൂർക്കോണം | | | | 1.70 ലക്ഷം |
| 15. | ചേല ഏല | | | | 0.90 ലക്ഷം |

# മൃഗപരിപാലനം മത്സ്യ കൃഷി

മുൻകാലങ്ങളിൽ നാടൻ പശുക്കളും നാടൻ കോഴി വർഗ്ഗങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവയുടെ വംശ വർദ്ധനയും നാടൻ ഇനങ്ങളും ആയി മാത്രമായിരുന്നു നടന്നിരുന്നത്. ഇതിനു പുറമെ നാടൻ ചികിത്സാരീതികളും ഉണ്ടായിരുന്നു. പാൽ ഉല്പാദന ശേഷികുറവ് എന്നതൊഴിച്ചാൽ ആരോഗ്യ പ്രതിരോധ ശേഷി കൂടുതലും, തീറ്റയുടെ ഉപഭോകഗവും വളരെ കുറവായിരുന്നു. എന്നാൽ പാലിന്റെ ആവശ്യകത വർദ്ധിക്കുകയും കാലികളുടെ എണ്ണം കുറയുകയും ചെയ്യുന്നതിനാൽ പുതിയ സങ്കരയിനം കന്നുകാലികളെ ഉല്പാദിപ്പിച്ച് അവയിൽ നിന്നും കൂടുതൽ ആദായം ലഭിക്കുന്നതിലേയ്ക്കും വേണ്ടി നൂതന സാങ്കേതിക വിദ്യ നടപ്പിലാക്കാൻ തുടങ്ങി. മുൻകാലങ്ങളിൽ നല്ലയിനം കന്നുകാലികളെ ഉല്പാദിപ്പിക്കുന്നതിനായി പുറത്തു നിന്നും ഇറക്കുമതി ചെയ്ത കാളകളെയും പോത്തിനേയും ആയിരുന്നു ഉപയോഗിച്ചിരുന്നത്. അതിനു ശേഷം ആധുനിക രീതിയിലുള്ള സൗകര്യപ്രദമായ ബീജസങ്കലനവും ഭ്രൂണമാറ്റ രീതികളും ഏർപ്പെടുത്തി. ഇതിനെല്ലാം ഉപരിയായി മൃഗസംരക്ഷണത്തിനായി പണ്ട് കാലങ്ങളിൽ നമ്മുടെ പഴമക്കാർ ഭവനങ്ങളിൽ ആടുമാടുകൾ മരണപ്പെടുന്നതിനെ ദൈവകോപമായി കണക്കാക്കപ്പെടുകയും ഇതിന് പ്രതിവിധിയായി, മാടന് കൊടുപ്പ് എന്ന ഒരു പ്രത്യേകതരം പൂജാവിധിയും നടത്തിയിരുന്നു. ഈ പ്രക്രിയയും മേൽ സൂചിപ്പിച്ച നാടൻ ചികിത്സാ വിധികളും ഏതാണ്ട് ഇപ്പോഴും നിലനിൽക്കുന്നു.

ഇപ്രകാരമൊക്കെ ആണെങ്കിലും മേൽ പറഞ്ഞതിൽ നിന്നൊക്കെ വളരെ വ്യക്തമായിട്ടാണ് ആധുനികരീതിയിലുള്ള മൃഗപരിപാലനവും, മത്സ്യകൃഷിയും, ഉത്പാദന ശേഷി വളരെ കൂടുതലാണെങ്കിലും പ്രതിരോധ ശേഷി വളരെ കുറവായതിനാൽ മൃഗപരിപാലനം കർഷകർക്ക് ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്. മുൻകാലങ്ങളിൽ പശുക്കളെപ്പോലെ തന്നെ എരുമകളും ധാരാളം ഉണ്ടായിരുന്നു. വളരെ ഗുണനിലവാരമുള്ള എരുമ പാൽ ആയിരുന്നു, ആദ്യമൊക്കെ ഹോട്ടൽ വ്യവസായ രംഗത്ത് വളരെയധികം ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് ഇതിന് ഗണ്യമായ മാറ്റം വന്നിരിക്കുന്നു. ഇതിന് പ്രധാന കാരണം പരിപാലനത്തിനുള്ള ബുദ്ധിമുട്ട് തന്നെയാണ്. ശാസ്ത്രീയമായ ബീജസങ്കലന രീതികൾ നിലവിലുണ്ടെങ്കിൽ പോലും എരുമയ്ക്ക് ബീജസങ്കലനം നടത്തുന്നതിന് ഇന്നും പോത്തുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇവയുടെ അഭാവവും, വളർത്തുന്നതിനുള്ള ചുറ്റുപാടുകളുടെ അഭാവവും എരുമ വളർത്തലിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ലകോഴി വളർത്തലും, ആട് വളർത്തലും മുൻകാലങ്ങളിൽ നാടൻ കോഴികളും, മുട്ടകളും സുലഭമായിരുന്നു. ഇന്നും അതിനു പ്രാധാന്യം ഉണ്ടെങ്കിൽ കൂടിയും സങ്കരയിനം കോഴികളുടെ കടന്നു വരവ് നാടൻ കോഴികളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടുണ്ട് എന്നാൽ സങ്കരയിനം കോഴികൾക്ക് രോഗ പ്രതിരോധ ശേഷിയും മുട്ടയുടെയും, മാംസത്തിന്റേയും ഗുണനിലവാരവും കുറവാണ്. എന്നാൽ മുട്ടയുടെയും, മാംസത്തിന്റേയും, ഉപയോഗം വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ കോഴി വളർത്തലിന് പ്രാധാന്യം നൽകേണ്ടതാണ്. വളരെയധികം ഔഷധഗുണമുള്ള "കാടക്കോഴി" വളർത്തൽ സമ്പ്രദായവും ആദ്യകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇന്ന് നിലനിൽക്കുന്നു. ഇതിന് വംശനാശം സംഭവിക്കാതിരിക്കുവാൻ പ്രോത്സാഹനം

ആവശ്യമാണ്.

പന്നി വളർത്തലും, മുയൽ വളർത്തലും കേരളത്തിന്റെ പല ഭാഗങ്ങളിലേയും പോലെ ആനാടു പഞ്ചായത്തിലും നിലനിൽക്കുന്നുണ്ടെങ്കിലും വർദ്ധിച്ചു വരുന്ന പരിസ്ഥിതി പ്രശ്നങ്ങളും കാലി രോഗങ്ങളും കർഷകരുടെ സങ്കല്പങ്ങൾക്ക് വൈതരണിയാകുന്നു. എന്നാൽ ഇവ ആദായകരമാണെങ്കിൽ കൂടിയും ഇതിന്റെ വളർത്തലിനുള്ള പരിജ്ഞാനം വളരെ കുറവാണ്.

ആനാട് പഞ്ചായത്തിൽ മത്സ്യ കൃഷി ഇപ്പോഴില്ല. ആനാട് പഞ്ചായത്തിൽ മത്സ്യ ചന്തകളിൽ നിന്നും ലഭിക്കുന്ന കടൽ മത്സ്യമാണ് ഉപയോഗിക്കുന്നത്. മത്സ്യ ഫെഡ് പോലുള്ള ഏജൻസികൾ നിലവിലുണ്ടെങ്കിലും അവയുടെ ഗുണഫലം ആനാട് പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് ഗുണനിലവാരമുള്ള മത്സ്യങ്ങൾ ലഭിക്കാറില്ല. മത്സ്യ കൃഷി നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനവും, സാമ്പത്തിക ആനുകൂല്യങ്ങളും ആനാട് പഞ്ചായത്തിൽ ലഭ്യമല്ല.

## നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.
2. പേ വിഷ നിയന്ത്രണ പദ്ധതി
3. കാലി വസന്ത നിർമ്മാർജന പദ്ധതി
4. കാലി രോഗ നിയന്ത്രണ പദ്ധതി
5. കന്നുകാലി വികസനത്തിനുള്ള മൃഗ സംരക്ഷണ സേവനങ്ങൾ
6. പന്നി വളർത്തൽ വികസന പദ്ധതി
7. ആടുവളർത്തൽ
8. വികസനവും, പരിശീലനവും വിജ്ഞാന വ്യാപനവും
9. കാലിതീറ്റ മിശ്രിതം
10. സമീകൃതാഹാര നിർമ്മാണം
11. മുയൽ ഉല്പാദന പദ്ധതി
12. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്ന പരിപാടി
13. വീട്ടു വളപ്പിലെ കോഴി വളർത്തൽ
14. ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ
15. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തലും.

1.നടപ്പു പദ്ധതികളിൽ ഏറ്റവും പ്രധാന്യം അർഹിക്കുന്ന ഒന്നാണ് പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി. ജനിതക ഗുണ മുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ആദ്യ പ്രസവം 30-ാം മാസത്തിനുള്ളിൽ സാധ്യമാകുക ഇൻഷ്വറൻസ് പരിരക്ഷ നൽകുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

ഘട്ടം ഘട്ടമായി പേ വിഷ നിർമ്മാർജനം നടത്തുകയാണ് പേവിഷ നിർമ്മാർജന പദ്ധതിയുടെ ലക്ഷ്യം. പേവിഷത്തിനുള്ള വാക്സിൻ സബ്സിഡി നിരക്കിൽ കർഷകനു ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ സഹകരണത്തോടെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുകയും ചെയ്യണം. ലൈസൻസ് ഏർപ്പെടുത്തണം.

## നടപ്പ് പദ്ധതികളുടെ പോരായ്മകൾ

ആനാട് പഞ്ചായത്തിൽ ഓരോവർഷവും പ്രതിരോധ കുത്തിവയ്പിനാവശ്യമായ വാക്സിൻ വാങ്ങാനുള്ള പദ്ധതി വിഹിതം ലഭിക്കുന്നില്ല. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നാൻ പഞ്ചായത്ത് ശുഷ്കാന്തി കാണിക്കുന്നില്ല.

*പ്രത്യേക കന്നുക്കുട്ടി പരിപാലന പദ്ധതി*

ഈ പദ്ധതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ വളരെ കുറച്ച് കന്നുക്കുട്ടികൾക്ക് മാത്രമേ പ്രയോജനം ലഭിച്ചിട്ടുള്ളു.

പഞ്ചായത്തിൽ പടർന്നു പിടിക്കാൻ സാധ്യതയുള്ള കുളമ്പുരോഗം, കാലിവസന്ത എന്നിവയെ നിയന്ത്രിക്കാനുള്ള പദ്ധതികളിലൂടെ പ്രതിരോധ കുത്തിവയ്പുകൾ നടത്തിവരുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കുന്നില്ല.

പന്നിയിറച്ചിയുടെ ഉല്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളിലേക്ക് ആവശ്യമുള്ള പന്നി കുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ കഴിയുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളാണ് ഇതിനുള്ള ഏക ആശ്രയം. മറ്റ് ഏജൻസികളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ പന്നി കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാനുള്ള തീരുമാനം ഉണ്ടാകണം.

അടുക്കള മുറ്റത്തെ കോഴി കൃഷി പ്രാവർത്തികമാക്കാൻ കഴിയാത്ത നമ്മുടെ പഞ്ചായത്തിൽ, നല്ലയിനം കോഴികുഞ്ഞുങ്ങളുടെ അഭാവം ഒരു പ്രശ്നം തന്നെയാണ്. ഒരു ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ ഉണ്ട് മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയുന്ന വിധം എഗ്ഗർ നഴ്സറി പദ്ധതി വ്യാപകമാക്കുകയും കൂടുതൽ ഹാച്ചറി യൂണിറ്റുകൾ സ്ഥാപിക്കുകയുമാണ് പരിഹാരം.

ഇറച്ചി കോഴി വളർത്തൽ മേഖല വളരെ അധികം പ്രതീക്ഷയുണർത്തുന്നു. പക്ഷെ ഈ മേഖലയിലെ കർഷകർ വളരെ അസംഘടിതരാണ്.

പ്രാദേശിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മുന്നോട്ട് പോയാലെ പ്രശ്നങ്ങൾക്ക് പരിഹാരമാകൂ.

വാണിജ്യാടിസ്ഥാനത്തിൽ മുയൽ ഇറച്ചിയുടെ ഉല്പാദനവും വിതരണവും സാധ്യമാക്കുന്ന മുയൽ വളർത്തൽ പദ്ധതി മുയൽ കുഞ്ഞുങ്ങളുടെ ദൗർലഭ്യംമൂലം വഴി മുട്ടി നിൽക്കുന്നു. വിപണിയും തീരെ കുറവാണ്.

മത്സ്യ കൃഷി നടത്തുന്നതിനു വേണ്ട ബോധവൽക്കരണം അത്യാവശ്യമായ ഒരു ഘടകമാണ്. മത്സ്യഫെഡിന്റെ പ്രവർത്തനം പഞ്ചായത്തിൽ പ്രാവർത്തികമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും വേണം.

## മൃഗസംരക്ഷണ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭിക്കുന്നില്ല.
2. കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളുടെ അഭാവം.
3. പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാല കളുടെ കുറവ്.
4. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല, ചികിത്സാ സൗകര്യങ്ങൾ വളരെ കുറവാണ്. അത്യാവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമല്ല. എല്ലാ വിധ പ്രതിരോധ കുത്തിവയ്പുകളും നടത്തുന്നില്ല.
5. കന്നുകാലികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള പച്ചപുല്ല്, വയ്ക്കോൽ എന്നിവയുടെ അഭാവവും കർഷകരുടെ ഒരു പ്രശ്നം തന്നെയാണ്.
6. ക്ഷീരസംഘങ്ങളുടെ അഭാവം പഞ്ചായത്തിൽ നിലനിൽക്കുന്നു.
7. ഉൽപാദകന് ലഭിക്കുന്ന പാൽ വില ഉല്പാദന ചെലവിന് അനുസൃതമല്ല.
8. ശാസ്ത്രീയമായി കാലി വളർത്തുന്നതിനുള്ള നിർദ്ദേശങ്ങളും പ്രോത്സാഹനവും ലഭിക്കുന്നില്ല.
9. കന്നുകാലികൾക്ക് ഉണ്ടാകുന്ന മാരകരോഗങ്ങ ൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല.
10. കന്നുകാലി കർഷകർക്ക് മിതമായ പലിശ നിരക്കിലും സബ്സിഡി നിരക്കിലും ദീർഘകാല വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
11. അത്യുല്പാദന ശേഷിയുള്ള കോഴികൾ, താറാവുകൾ, മുയൽ, പന്നി എന്നിവയുടെ വിതരണം കാര്യക്ഷമമല്ല.
12. ഈ മേഖലയിൽ കുറഞ്ഞ വനിതാ പങ്കാളിത്തം.

## ഗ്രാമസഭാ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

1. മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള കാലിതീറ്റ ആവശ്യാനുസരണം ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യുക. കാലിതീറ്റയ്ക്ക് സബ്സിഡി അനുവദിക്കുക. കന്നുകുട്ടി പരിപാലനത്തിന് അടിയന്തിര പ്രാധാന്യം നൽകി സബ്സിഡി തീറ്റ വിതരണം പഞ്ചായത്തിൽ മുഴുവൻ നടപ്പിലാക്കുക.
2. കൃത്രിമ ബീജസങ്കലന ഉപകേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കുക, ഉപകേന്ദ്രങ്ങളിൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങളും വാക്സിനേഷൻ സൗകര്യങ്ങളും ഉറപ്പുവരുത്തുക. മൂഴി, മുള്ളുവേങ്ങമൂട് എന്നീ ക്ഷീര സംഘങ്ങളിൽ ഉപകേന്ദ്രങ്ങൾ ഉടൻ തുറന്ന് പ്രവർത്തനം ആരംഭിക്കുക. വേങ്കവിള ഉപകേന്ദ്രത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
3. പഞ്ചായത്തിൽ ശാസ്ത്രീയമായ അറവു ശാലകൾ സ്ഥാപിക്കുക.
4. നിലവിലുള്ള മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. ലബോറട്ടറി, ഫർണിച്ചർ, മരുന്നുകൾ,ടെലഫോൺ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഏർപ്പെടുത്തുക. മൃഗാശുപത്രി കാമ്പോണ്ടിൽ ഡോക്ടർക്ക് കോട്ടേഴ്സ് സൗകര്യം ഉണ്ടാക്കുക.
5. മുള്ളുവേങ്ങമൂട്, ഇരിഞ്ചയം എന്നിവിടങ്ങളിൽ മൃഗാശുപത്രികൾ ആരംഭിക്കുക.
6. ആവശ്യമുള്ള കർഷകർക്ക് പുൽകൃഷി ചെയ്യുന്നതിനുള്ള വിത്തും, സാമ്പത്തിക സഹായവും ലഭ്യമാക്കുക.
7. പഞ്ചായത്തിൽ കൂടുതൽ പുൽകൃഷി തോട്ടങ്ങൾ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുകയും കർഷകർക്ക് ആവശ്യമുള്ള തീറ്റപ്പുല്ല് വിതരണം ചെയ്യുന്നതിനുള്ള നടപടി കൈകൊള്ളുക.
8. കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനു വേണ്ടി മിൽമ സംഘങ്ങളിൽ ആധുനിക രീതിയിലുള്ള ടെസ്റ്റിംഗ് സംവിധാനം നടപ്പിലാക്കുക.
9. കന്നുകാലി ഇൻഷ്വറൻസ് നവീകരിച്ച് രോഗം മൂലം കന്നുകാലി കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുക.
10. കർഷകർക്കു കുറഞ്ഞ പലിശ നിരക്കിൽ സബ്സിഡിയോടു കൂടി ദീർഘകാല വായ്പകൾ ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാക്കുക.
11. അത്യുല്പാദന ശേഷിയുള്ള കോഴി, താറാവ്,

ഇറച്ചിക്കോഴി എന്നിവയുടെ വിതരണം കൂടുതൽ മെച്ചപ്പെടുത്തുക.

12. ഓരോ വാർഡിലും പൗൾട്രി സഹകരണ സംഘങ്ങൾ രൂപീകരിച്ച് കുറഞ്ഞത് 25 മുട്ടക്കോഴി, 50 ഇറച്ചിക്കോഴി എന്നി ക്രമത്തിൽ നൂറിൽ കുറയാതെ കുടുംബങ്ങളെ ചേർത്ത് കോഴി വളർത്തുന്നതിനുള്ള സാമ്പത്തിക സഹായവും സബ്സിഡിയും നൽകുക. ഇവർക്ക് ശാസ്ത്രീയമായ പരിശീലനവും നൽകുക.

13. എല്ലാവിധ സൗകര്യങ്ങളോടും കൂടിയ മൊബയിൽ വെറ്റിനറി ഡിസ്പൻസറികളുടെ സേവനം ലഭ്യമാക്കുക.

14. ഓരോ വർഷവും പഞ്ചായത്ത് അടിസ്ഥാനത്തിൽ കന്നുകാലി മേളകൾ സംഘടിപ്പിക്കുകയും മെച്ചപ്പെട്ട ഇനങ്ങൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

15. ഗുണനിലവാരമുള്ള കന്നുകുട്ടികളേയും വർഗ്ഗസമ്പത്ത് നിലനിർത്തുന്നതിലേക്ക് ഉപയോഗമുള്ള എരുമ, പശു, ആട്, പോത്ത് എന്നിവയെ ഇറച്ചിക്ക് ഉപയോഗിക്കുന്നത് നിയമം മൂലം നിരോധിക്കുക.

16. മിൽമയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ സമിതിയിലെ വിദഗ്ദ്ധ അംഗങ്ങൾ പഠിച്ച് ക്ഷീര കർഷകർക്ക് അനുകൂലമായ ആനുകൂല്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ ക്രമീകരിക്കുക.

17. കന്നുകാലി വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കർഷകരുടെ കുടുംബാഗങ്ങൾക്ക്, വിദ്യാഭ്യാസ ആനുകൂല്യങ്ങളും മിൽമയിലെ ഉദ്യോഗ നിയമനങ്ങളും മുൻഗണനയും നൽകുക. കന്നുകാലി കർഷകർക്ക് ക്ഷേമനിധി, പെൻഷൻ മുതലായആനുകൂല്യങ്ങൾ നൽകുക.

18. മൂന്ന് പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റുകൾ ബാങ്ക് സഹായത്തോടെ വ്യാപകമായി നടപ്പിലാക്കുക.

19. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മിതി ജൈവവളം നിർമ്മാണ പരിപാടി ഇവയ്ക്ക് പ്രോത്സാഹനം വേണം.

20. ക്ഷീരോല്പാദനവും അവയുടെ ഉപഭോഗവും വർദ്ധിപ്പിക്കാൻ കഴിയണം.

21. എല്ലാ ക്ഷീരസംഘങ്ങളിലും ആനാട് മൃഗാശുപത്രിയിലെ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

## പേവിഷ നിയന്ത്രണ പദ്ധതി

ഘട്ടംഘട്ടമായി പേവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. വാക്സിൻ പകുതി വിലയ്ക്ക് കർഷകനു ലഭ്യമാകേണ്ടതുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളെയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കുക. ഉപകേന്ദ്രങ്ങളിലൂടെയും പേപ്പട്ടി വിഷബാധക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് ഏർപ്പെടുത്തുക.

## മത്സ്യ കൃഷി

പഞ്ചായത്തിൽ നിലവിലുള്ള മത്സ്യ മാർക്കറ്റുകൾ വിപുലീകരിക്കുകയും നല്ല ഗുണനിലവാരമുള്ള മത്സ്യങ്ങൾ ലഭിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുക. പഞ്ചായത്തിൽ നിലവിലുള്ള ചിറകളും കുളങ്ങളും മത്സ്യ കൃഷിക്ക് ഉപയോഗത്തക്ക രീതിയിൽ നിർമ്മിക്കുക. മത്സ്യം വളർത്തുന്നതിന് ആവശ്യമായ മത്സ്യ കുഞ്ഞുങ്ങൾ കർഷകർക്ക് വിതരണം ചെയ്യുകയും വളർത്തുന്നതിന് ആവശ്യമായ പരിജ്ഞാനവും സാമ്പത്തിക സഹായവും നൽകുക. ആനാട് പഞ്ചായത്തിൽ ഏകദേശം 15 ഓളം ചിറകൾ ഈ വിധത്തിൽ മത്സ്യ കൃഷിക്ക് ഉപയോഗിക്കാൻ കഴിയും. വാട്ടർഷെഡ് പദ്ധതി പ്രകാരം അനവധി കുളങ്ങൾ ഉണ്ട്. അവയിൽ മത്സ്യകൃഷി നടത്തുവാൻ കഴിയും.

## വളർത്തു മൃഗ സംഖ്യ പട്ടിക -1

| | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | പോത്ത് | ആട് | പട്ടി |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1മുതൽ 11വരെ | 25 | 5 | 250 | 150 | 100 | 25 | 7003 | 1000 | 100 | 150 | 100 | 2800 | 4030 |

(അവലംബം: മൃഗാശുപത്രിരേഖ)

## വളർത്തു പക്ഷി സംഖ്യ പട്ടിക-2

| വാർഡ് | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | ഇടാത്തത് | ആൺ | പെൺ | |
| 1മുതൽ 11വരെ | 1030 | 10,000 | 7370 | 25 | 50 | 27 |

പട്ടിക -3

## കൃത്രിമ ബീജസങ്കലന വിവരണം. 95-96

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 2000 | 1601 | 17 |
| കിടാരി | 275 | 181 | 30 |
| എരുമ | 25 | 9 | 3 |

(അവലംബം :മൃഗാശുപത്രി)

# വിദ്യാഭ്യാസം

കൊല്ല വർഷം 1080 ൽ ശ്രീ മൂലം തിരുനാൾ മഹാരാജാവ് പ്രജാക്ഷേമമന്വേഷിച്ച് യാത്ര ചെയ്യുകയായിരുന്നു. അന്ന് ആനാട് ജംഗ്ഷനിൽ നാട്ടുകാർ കൂടി നിന്ന്, തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഉണ്ടാക്കി തരണമെന്നുണർത്തിച്ചു. അങ്ങനെ പഞ്ചായത്തിലെ ആദ്യത്തെ പ്രൈമറി സ്കൂൾ ആനാട് സ്ഥാപിതമായി. ഇന്നത്തെ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ആദ്യകാലത്ത് സ്കൂൾ പ്രവർത്തിച്ചു പോന്നത്. ഇതിനു മുൻപു തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി കുടിപ്പള്ളിക്കൂടങ്ങൾ വിദ്യാകേന്ദ്രങ്ങളായി നിലകൊണ്ടു. ആനാട് എൽ.പി.എസ് പുതിയ കെട്ടിടത്തിലേക്ക് മാറിയപ്പോൾ പട്ടികജാതിക്കാരനായ അദ്ധ്യാപകന് വേണ്ടി പ്രത്യേക ക്വാർട്ടേഴ്സ് സൗകര്യമുണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ ജാതി വർണ്ണ വെറികളോടൊപ്പം ആ ക്വാർട്ടേഴ്സും മണ്ണടിഞ്ഞു കൊണ്ടിരിക്കുന്നു.

1906 -ൽ രാമപുരം എന്ന കുടുംബക്കാരുടെ മേൽ നോട്ടത്തിൽ രാമപുരം ഗ്രാന്റ് സ്കൂൾ സ്ഥാപിതമായി. പിന്നീട് ഈ സ്കൂൾ സർക്കാർ ഏറ്റെടുത്ത് യു.പി.എസ് ആക്കി ഉയർത്തി.

"വിദ്യകൊണ്ട് പ്രബുദ്ധരാകുക!"
ശ്രീ നാരായണ ഗുരു-

"ക്ഷുരസ്യധാരാ നിശിതാ ദുരത്യയാ ദുർഗ്ഗം
പദസത് കവയോ വദന്തി
ഉത്തിഷ്ഠതാ! ജാഗ്രത!
പ്രാപ്യവശാന്നി ബോധതാ!!!

• -കഠോപനിഷത്ത്-

പഞ്ചായത്തിന്റെ വിദ്യാഭ്യാസ വളർച്ചയിൽ ക്രിസ്ത്യൻ മിഷണറിമാർ സ്തുത്യർഹമായ സേവനം നൽകിയിട്ടുണ്ട്. 75 വർഷം മുമ്പ് ഫാദർ മാനുവൽ അമ്പുടയന്റെ നേതൃത്വത്തിൽ ചുള്ളിമാനൂർ ആർ. സി. പള്ളിയിൽ കുടിപള്ളിക്കൂടമായി ആരംഭിച്ച സ്ഥാപനം പിൽക്കാലത്ത് എസ്.എച്ച്.യു.പി. എസ് ആയി വളർന്നു. 65 വർഷം മുമ്പ് ശ്രീ. തങ്കരാജിന്റെ നെയ്ത്തു പുരയിൽ ആരംഭിച്ച കുടിപള്ളിക്കൂടം ചുള്ളിമാനൂർ ഗവൺമെന്റ് എൽ.പി.എസായി.

ഇരുട്ടിൽ കിടന്ന ഒരു ജനതയ്ക്ക് വിദ്യയുടെ വെളിച്ചം നൽകി പുറം ലോകത്തേക്ക് വഴി കാട്ടാൻ പഞ്ചായത്തിലെ സ്കൂളുകൾ സ്തുത്യർഹമയി പങ്കു വഹിച്ചു.

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രം ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തോളം നീണ്ടു കിടക്കുന്നുവെങ്കിലും ഇന്നത്തെ രീതിയിൽ അല്പമെങ്കിലും സാർവ്വത്രികമായത് സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷമാണ്. എന്നിട്ടും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയും ചെയ്യുന്നു. "വിദ്യാധനം സർവ്വധനാൽ പ്രധാനം".

ആനാട് പഞ്ചായത്തിൽ ഇപ്പോൾ ഒൻപതു സ്കൂളുകൾ പ്രവർത്തിക്കുന്നു. അഞ്ച് എൽ.പി. എസുകളും മൂന്ന് യു.പി.എസ്സുകളും ഒരു എച്ച്. എസും ഇതിൽ നാലെണ്ണം എയ്ഡഡ് മേഖലയിലും അഞ്ചെണ്ണം സർക്കാർ മേഖലയിലുമാണ്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ എസ്.എൻ.വി.എച്ച്.എസ്, പഞ്ചായത്തിന്റെ മധ്യഭാഗമായ ആനാട് സ്ഥിതി ചെയ്യുന്നു. ഇവിടെ പഠനനിലവാരം തൃപ്തികരമല്ല. പനവൂർ പഞ്ചായത്ത്, തൊളിക്കോട് പഞ്ചായത്ത്, നെടുമങ്ങാട് മുനിസിപ്പാലിറ്റി തുടങ്ങിയ സമീപ പ്രദേശങ്ങളിൽ നിന്നും ഇവിടെ വിദ്യാർത്ഥികൾ പഠിക്കാനെത്തുന്നു. കൂടാതെ വെമ്പായം പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും കുഴിവിള എൽ.പി.എസിൽ വിദ്യാർത്ഥികൾ എത്തുന്നുണ്ട്.

• പഞ്ചായത്തിൽ നിന്നും നെടുമങ്ങാട് മുനിസിപ്പാലിറ്റി വെമ്പായം പഞ്ചായത്ത്, വിതുര പഞ്ചായത്ത്, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലെ സ്കൂളുകൾ, സമാന്തര വിദ്യാലയങ്ങൾ, കോളേജുകൾ, സാങ്കേതിക വിദ്യാലയങ്ങൾ എന്നിവിട

ങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നു.

പഞ്ചായത്തിലെ സ്കുളുകളെ കുറിച്ചുള്ള പൊതു വിവരങ്ങൾ പട്ടിക - I ൽ ചേർക്കുന്നു.

പഞ്ചായത്തിലെ ഒൻപതു സ്കൂളുകളിലുമായി 4351 കുട്ടികൾ പഠിക്കുന്നു. ചുള്ളിമാനൂർ ഗവൺമെന്റ് എൽ.പി.എസിൽ കുട്ടികളുടെ എണ്ണം അപകടകരമാം വിധം കുറഞ്ഞു വരുന്നു. തൃപ്തികരമല്ലാത്ത പഠന ഭൗതിക നിലവാരങ്ങളും അൺ എയ്ഡഡ് സ്കൂളുകളുടെ ആകർഷണീയതയുമാണ് കാരണം. നഗരങ്ങളിൽ മുളച്ചു പൊന്തുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് പഞ്ചായത്തിൽ നിന്നും നിരവധി വിദ്യാർത്ഥികൾ ചേക്കേറുന്നു. സ്കൂളിനോട് താൽപര്യമുള്ള പൊതുജന സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തന നിലവാരം ഉയർത്തണമെന്ന് ഗ്രമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 283 അദ്ധ്യാപകർ സേവനമനുഷ്ഠിക്കുന്നു. ഇത് പട്ടിക II ൽ ചേർത്തിരിക്കുന്നു.ഒരു സ്കൂളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. രാമപുരം യു.പി.എസിൽ വൈദ്യുതി സൗകര്യമില്ല. സ്കൂളുകളിലെ നിരവധി ക്ലാസുകൾ താൽക്കാലികവും അർദ്ധ സ്ഥിരവുമായ കെട്ടിടങ്ങളിലാണ് നടക്കുന്നത്. ക്ലാസ് മുറികളുടെയും ആവശ്യത്തിനുള്ള അദ്ധ്യാപകരുടെയും അഭാവം നികത്തിയെങ്കിൽ മാത്രമേ രാമപുരം യു.പി.എസ് ചുള്ളിമാനൂർ എസ്.എച്ച്.യു.പി.എസ്, ആനാട് ഗവൺമെന്റ് എൽ.പി.എസ് എന്നിവിടങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം മാറ്റാനാവൂ. എല്ലാ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ നാലാം പട്ടികയിൽ ചേർക്കുന്നു.

",സാക്ഷര കേരളം, ആസൂത്രിത കേരളം"

ഉച്ചക്കഞ്ഞി പരിപാടി പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾ മുഴുവൻ ഉച്ചക്കഞ്ഞി പരിപാടിയിൽ പങ്കെടുക്കുന്നില്ല. ഉച്ചക്കഞ്ഞി പോഷകമൂല്യമുള്ള ആഹാരമാക്കി മാറ്റേണ്ടിയിരിക്കുന്നു. ഉച്ചക്കഞ്ഞി വിതരണത്തിന് സ്കൂൾ തലത്തിൽ ജനകീയ സമിതികൾ നിലവിൽ വരണം.

എല്ലാ സ്കൂളുകളിലും പി.റ്റി.എ, മാതൃസംഗമം പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു. ആനാട് എൽ.പി.എസ്, എസ്.എച്ച്.യു.പി.എസ് ചുള്ളിമാനൂർ, എസ്.എൻ.വി.എച്ച്.എസ് ആനാട്, രാമപുരം യു.പി.എസ്, കുഴിവിള എൽ.പി.എസ് എന്നിവിടങ്ങളിൽ പി.റ്റി.എയും മാതൃസംഗമവും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. മറ്റുള്ള സ്കൂളുകളിൽ പ്രത്യേകിച്ച് കൊല്ല എൽ.പി.എസ് ലും ചുള്ളമാനൂർ എൽ.പി.എസ് ലും പി.റ്റി.എ കഴിഞ്ഞ കാലം വരെ നിർജീവമായിരുന്നു. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും അക്കാദമിക്ക് സൗകര്യങ്ങളുടെ മേൻമയില്ലായ്മയും പഞ്ചായത്തിലെ സ്കൂളുകളുടെ പഠന നിലവാരം ശരാശരിയിൽ താഴെയാക്കുന്നു. വിദ്യാർത്ഥികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ എഴുപത് ശതമാനത്തിലേറെ കുട്ടികൾ മുപ്പതു ശതമാനത്തിൽ താഴെ മാർക്ക് നേടുന്നവരാണെന്ന് മനസ്സിലാകും.

പഞ്ചായത്തിലെ ഒരേയൊരു ഹൈസ്കൂളായ ആനാട് എസ്.എൻ.വി.എച്ച്. എസ് ലെ കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷാഫലം വിശകലനം ചെയ്താൽ ശരാശരി വിജയം 32% ആണെന്ന് കഴിയും. ഇത് ആറാം പട്ടികയായി ചേർക്കുന്നു.

സംസ്ഥാന തലത്തിൽ എസ്.എൻ.വി.എച്ച് എസിലെ ഒരു വിദ്യാർത്ഥിയും എസ്. എച്ച്.യു.ആർ എസിലെ രണ്ട് വിദ്യാർത്ഥിനികളും, ജില്ലാ തലത്തിൽ എസ്.എച്ച്.യു.പി.എസ് ലെ അഞ്ചും എസ്.എൻ.വി.എച്ച്.എസ് ലെ ഒന്നും വിദ്യാർത്ഥികൾ സമ്മാനാർഹരായിട്ടുണ്ട്.

പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന സ്കോളർ ഷിപ്പുകളെ കുറിച്ചുള്ള വിവരം പട്ടിക -V ൽ ചേർക്കുന്നു.

പഞ്ചായത്തിലെ ആകെ 8 പാരലൽ കോളേജ് ,ട്യൂഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഇവ പഞ്ചയാത്തിലെ സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിൽ നിശ്ചയമായും സ്വാധീനം ചെലുത്തുന്നുണ്ട്. ഇവ അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് ആശ്രയവുമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആറ് ശിശു വിദ്യാലയങ്ങളുണ്ട്.

പഞ്ചായത്തിലെ ഒരേയൊരു സാങ്കേതിക സ്ഥാപനം പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന B.V.D.M I.T.C ആണ്. കുറഞ്ഞ വേതനം പറ്റിയാണ് ഇവിടത്തെ അദ്ധ്യാപകർ പഠിപ്പിക്കുന്നത്. ആറ് ട്രേഡുകളിലായി 200 വിദ്യാർത്ഥികൾ പഠിക്കുന്നു. തിരുവനന്തപുരം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും മറ്റു സമീപസ്ഥ ജില്ലകളിൽ നിന്നും ഇവിടെ വിദ്യാർത്ഥികൾ എത്തുന്നുണ്ട്. കൂടാതെ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകളും പ്രവർത്തിക്കുന്നുണ്ട്.

സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ നിസ്വാർത്ഥതയോടും സേവന തൽപരതയോടും കൂടി ഒരു കൂട്ടം അഭ്യസ്തവിദ്യർ പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ തുടർന്നുള്ള

വട്ടങ്ങൾ അധികൃതരുടെ നയവൈകല്യം നിമിത്തം മുരടിച്ച അവസ്ഥയിലാണ്. പഞ്ചായത്തിലൊരിടത്തും ജനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തന ക്ഷമമല്ല.

ഗ്രാമസഭകളിൽ നിന്നുയർന്നു വന്നതും റിസോഴ്സ് ഗ്രൂപ്പ് ക്രോഡീകരിച്ചതുമായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. അനുദിനം വർദ്ധിച്ചു വരുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ ആകർഷണീയത പൊതു വിദ്യാലയങ്ങളുടെ ഭാവിയെ ബാധിക്കുന്നു.
2. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടി വരുന്നു.
3. 1-11 വാർഡുകളിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനു വേണ്ടി രണ്ടു മുതൽ നാലു കിലോമീറ്റർ വരെയും കാൽനടയായി സഞ്ചരിക്കേണ്ടി വരുന്നു.
4. മിക്ക വിദ്യാലയങ്ങളിലും ഭൗതിക സൗകര്യങ്ങൾ കുറവ്.
5. പഠനോപകരണങ്ങളുടെ കുറവ്.
6. ശിശു വിദ്യാഭ്യാസത്തിനു വേണ്ടത്ര സൗകര്യമില്ല.
7. താൽപര്യത്തിനനുസരിച്ചുള്ള പഠന സൗകര്യമില്ല.
8. ഡേ- കെയർ സെന്ററുകൾ ഇല്ല.
9. സിലബസ് വലിപ്പവും അശാസ്ത്രീയമായ പഠന രീതികളും കുട്ടികൾക്ക് താങ്ങാനാവുന്നതിലധി കവുമാണ്.
10. ഇംഗ്ലീഷ് മീഡിയത്തോടുള്ള അഭിനിവേശം കൂടുന്നു.
11. വനിതാ അദ്ധ്യാപകരുടെ ആധിക്യം പാഠ്യേതര പ്രവർത്തനങ്ങളേ ബാധിക്കുന്നു.
12. അദ്ധ്യാപകരുടെ ഇൻസർവ്വീസ് കോഴ്സുകളുടെ അഭാവം.
13. അദ്ധ്യാപകരുടെ യാത്രാ സൗകര്യകുറവ്.
14. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചവർക്ക് സാധാരണ തൊഴിലിനോട് അവജ്ഞ വളർന്നു വരുന്നു.
15. വിദ്യാർത്ഥികളുടെ കുടുംബപരമായ സാഹചര്യം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എന്നിവ വിദ്യാഭ്യാസ നിലവാര തകർച്ചയ്ക്ക് കാരണമാകുന്നു.
16. വിദ്യാഭ്യാസ വകുപ്പിന്റെ കേന്ദ്രീകൃത സ്വഭാവം.

## നിർദ്ദേശങ്ങൾ

1. അയൽപക്ക വിദ്യാഭ്യാസ സമ്പ്രദായം വ്യാപകമാക്കൽ.
2. സ്കൂൾ കോപ്ലക്സ് പരിപാടി ഊർജ്ജിത ജനപങ്കാളിത്തത്തോടെ നടപ്പിലാക്കൽ.
3. പ്രൈമറി സ്കൂളുകളോട് ചേർന്ന് നഴ്സറി സ്കൂളുകൾ സ്ഥാപിച്ച് രണ്ടിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കുക.
4. ഒന്നാം വാർഡിൽ ഒരു മോഡൽ നഴ്സറി സ്കൂളും പതിനൊന്നാം വാർഡിൽ ഒരു എൽ.പി.എസും പത്താം വാർഡിൽ ഹൈസ്കൂളും സ്ഥാപിക്കുക.
5. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചമാക്കുക.
6. എല്ലാ വാർഡിലും ഡേ കെയർ സെന്റർ തുടങ്ങുക
7. അദ്ധ്യാപകരുടെ ഇൻസർവീസ് കോഴ്സ് ഫലവത്താക്കുവാൻ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.
8. ജില്ലാ പഞ്ചായത്തിന്റെ "വിദ്യാജ്യോതി" പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.
9. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം മെച്ചമാക്കാൻ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക.
10. ആനാട് എസ്.എൻ.വി.എച്ച്.എസിൽ ഹയർ സെക്കണ്ടറി കോഴ്സ് തുടങ്ങണം.
11. അദ്ധ്യാപകരെ അവരവരുടെ വീടിനടുത്തുള്ള സ്കൂളുകളിൽ നിയമിക്കുക.
12. പ്രദേശത്തിനനുസൃതമായ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
13. ആനാട് എൽ.പി.എസിൽ ക്രോർട്ടേഴ്സ് പുനരുദ്ധരിക്കുക.
14. കാർഷിക ചെറുകിട വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് അനൗപചാരിക സാങ്കേതിക വിദ്യാഭ്യാസം നൽകുക.
15. പഞ്ചായത്ത് തലത്തിൽ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുക.
16. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.
17. കുഴിവിള എൽ.പി.എസ് അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്സാക്കുകയും ഓല കെട്ടിടം മാറ്റി ഒരു പെർമനന്റ് കെട്ടിടം പണിയുകയും ചെയ്യണം.
18. കെ.കെ.വി.യു.പി.എസ്സ് ഗവൺമെന്റ് ഏറ്റെടുക്കണം. എൽ.പി.എസ്സ് തുടങ്ങണം.
19. ബാലവാടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ പഞ്ചായത്ത് കൊടുക്കുക.
20. ആനാട് എൽ.പി.എസ്സ്, രാമപുരം യു.പി. എസ്സ് എന്നിവയുടെ പുതിയ കെട്ടിട പണി

പൂർത്തിയാക്കണം.

21. സ്കൂൾ പി.റ്റി.എ കളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കണം.

22. എട്ടാം വാർഡിൽ ഒരു നഴ്സറി സ്കൂൾ തുടങ്ങണം.

23. ചുള്ളിമാനൂർ ഗവൺമെന്റ് എൽ.പി.എസ്സിൽ പഠന നിലവാരം ഉയർത്തുകയും മോഡൽ നഴ്സറി സ്കൂൾ അനുവദിക്കുകയും വേണം.

24. രാമപുരം യു.പി.എസ്. ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

25. നാല്,ഏഴ് ക്ലാസുകളും പൊതു പരീക്ഷ തുടങ്ങണം.

26. രാമപുരം യു.പി.എസ്സിൽ ഇരുനിലകെട്ടിടവും ചുറ്റുമതിലും നിർമ്മിക്കണം.

27. കൊല്ലാ എൽ.പി.എസ്. യു.പി. എസ്സായി അപ്ഗ്രേഡ് ചെയ്യണം. നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചമാക്കണം. പുതിയ കെട്ടിടവും ചുറ്റുമതിലും നിർമ്മിക്കണം.

## പട്ടിക I സ്കൂളിന്റെ പൊതുവിവരം

| നമ്പർ | സ്കൂളിന്റെ പേര് | ഉടമസ്ഥത | | കുട്ടികളുടെ എണ്ണം | | ആകെ | സ്കൂൾക്യാമ്പസിന്റെ വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം |
|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | ആൺ | പെൺ | | | | |
| 1. | ഗവ.L.P.S. ആനാട് | | | 358 | 345 | 703 | 140 cent | 0.75 Acre | ഇല്ല |
| 2. | ഗവ.U.P.S. രാമപുരം | | | 199 | 184 | 383 | 117C | 10C | 34C |
| 3. | ഗവ. L.P.S.കൊല്ല | | | 143 | 154 | 297 | 50c | - | - |
| 4. | K.K.V, U.P.S വേട്ടമ്പള്ളി | | | 113 | 85 | 198 | 5ഏക്കർ | 50c | - |
| 5. | L.M.L.P.S ചുള്ളിമാനൂർ | | | 47 | 43 | 90 | 50c | - | - |
| 6. | S.N.V.H.S. ആനാട് | | | 798 | 746 | 1544 | 3ഏക്കർ | 1ഏക്കർ | - |
| 7. | S.H.U.P.S/L.P.S. ചുള്ളിമാനൂർ | | | 459 | 391 | 850 | 1ഏക്കർ | 15സെന്റ് | - |
| 8. | L.P.S.കുഴിവിള | | | 118 | 110 | 228 | 1ഏക്കർ | 15സെന്റ് | 60 സെന്റ് |
| 9. | L.P.S.ചുള്ളിമാനൂർ | | | 32 | 26 | 58 | 25C | 15സെന്റ് | - |
| | | | | 2267 | 2084 | 4351 | | | |

പട്ടിക -II അദ്ധ്യാപകരുടെ വിവരം

| നം. | സ്കൂളിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | | | |
|---|---|---|---|---|---|
| | | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ |
| 1. | ഗവ: L.P.S ആനാട് | 9 | 8 | 1 | - |
| 2. | ഗവ: L.P.S കൊല്ലാ | 10 | 10 | - | - |
| 3. | ഗവ:U.P.S രാമപുരം | 20 | 19 | 1 | - |
| 4. | K.K.V. U.P.S വേട്ടമ്പള്ളി | 11 | 11 | - | 1 |
| 5. | L.M L.P.S ചുള്ളിമാന്നൂർ | 3 | 3 | - | - |
| 6 | S.N.V.H.S ആനാട് | 54 | 54 | - | 2 |
| 7. | S.H. U.P.S/L.P.S ചുള്ളിമാന്നൂർ | 22 | 22 | - | - |
| 8. | L.P.S കുഴിവിള | 9 | 8 | 1 | - |
| 9. | L.P.S ചുള്ളിമാന്നൂർ | 5 | 5 | - | - |
| | | 143 | 140 | 3 | 3 |

പട്ടിക IV
S.S.L.C വിജയശതമാനം

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| S.N.V.H.S ആനാട് | 35% | 39.5% | 34% | 29% | 30% |

## പട്ടിക - III ഭൗതിക സൗകര്യങ്ങൾ

| നമ്പർ | സ്കൂളിന്റെ പേര് | ആകെ മുറി | സ്ഥിരം | താൽക്കാലികം | ഇനി വേണ്ടത് | മൂത്രപ്പുര | കക്കൂസ് | ഇനി വേണ്ടത് | കുടിവെള്ള സംവിധാനം | വൈദ്യുതി | പാചക മുറി | സ്റ്റാഫ് റൂം | ഫർണിച്ചർ മതിയാകും/ ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ: L.P.S ആനാട് | 8 | 8 | - | 2 | 2 | 3/2 | | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 2. | ഗവ: L.P.S കൊല്ലാ | 9 | 2 | 7 | 2 | 1 | 1 | 2 | കിണർ | ഉണ്ട് | | | |
| 3. | ഗവ:U.P.S രാമപുരം | 14 | - | - | 5 | 1 | 2 | 1 | കിണർ | ഉണ്ട് | | | |
| 4. | K.K.V. U.P.Sവേട്ടമ്പള്ളി | 9 | - | - | - | 2 | - | 2 | പൈപ്പ് | ഇല്ല | | | |
| 5. | L.M L.P.Sചുള്ളിമാന്നൂർ | | 2 | കിണർ | | | | | | | | | |
| 6. | S.N.V.H.S ആനാട് | 23 | 20 | - | 2 | 2 | - | പൈപ്പ് | | | | | |
| 7. | S.H. U.P.S/L.P.S ചുള്ളിമാന്നൂർ | 11 | - | 8 | 3 2 | 2 | - | പൈപ്പ് | | | | | |
| 8. | L.P.S കുഴിവിള | 10 | 6 | 4 | - 2 | 2 | 1 | പൈപ്പ് | ഇല്ല | | | | |
| 9. | L.P.S ചുള്ളിമാന്നൂർ | 4 | 2 | - | - | 2 | 1 | 1 | കിണർ | | | | |

## L.P.സ്കൂൾ അക്കാഡമിക്ക് നിലവാരം പട്ടിക 5

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | 30%താഴെ മാർക്ക് നേടുന്നവർ | | 30-40% മാർക്ക് നേടുന്നവർ | 40-50% | | | 50-60% മാർക്ക് നേടുന്നവർ | 60% മേൽ |
|---|---|---|---|---|---|---|---|---|---|
| 1. | ഗവ.L.P.S ചുള്ളിമാനൂർ | 11 | | - | 2 | | 3 | 2 | 4 |
| 2. | ഗവ.L.P.S. ആനാട് | 105 | | 21 | 24 | | 16 | 21 | 23 |
| 3. | ഗവ.L.P.S.കുഴിവിള | 54 | | 18 | 6 | | 7 | 10 | 13 |
| 4. | ഗവ.L.P.S. കൊല്ലാ | 75 | | 35 | 34 | | 9 | 14 | 13 |
| 5. | S.H.U.P.S.,L.P.S ചുള്ളിമാനൂർ | 110 | | 39 | 25 | | 20 | 16 | 10 |
| 6. | L.M L.P.S ചുള്ളിമാനൂർ | 91 | | 10 | 25 | | 25 | 25 | 6 |
| 7. | രാമപുരം UPS വേങ്കവിള | 99 | | 25 | 42 | | 20 | 10 | 2 |
| | ആകെ | 445 | 118 | 158 | 100 | 98 | 71 | | |

# കുടിവെള്ളം, ആരോഗ്യം പരിസരശുചീകരണം

കുടിവെള്ളവും ആരോഗ്യവും പരിസരശുചീകരണവും

ഇന്ത്യ, രണ്ടായിരമാണ്ടിൽ 'എല്ലാവർക്കും ആരോഗ്യം' എന്നു ലക്ഷ്യമിട്ടിരിക്കുന്നത് കേരളം, വർഷങ്ങൾക്കു മുമ്പ് കൈവരിച്ചു. എങ്കിലും കേരളത്തിലെ കുറഞ്ഞ മരണനിരക്കും കൂടിയ രോഗാതുരതയും ആരോഗ്യത്തെ പ്രശ്നങ്ങളെക്കുറിച്ച് വിശദ പഠനത്തിന് നമ്മെ പ്രേരിപ്പിക്കുന്നു.

ആരോഗ്യപ്രവർത്തനം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാകണം. ആരോഗ്യമെന്നാൽ രോഗചികിത്സയാണെന്ന ധാരണമാറ്റി, ചികിത്സേതര മാർഗ്ഗങ്ങളെപറ്റിയുള്ള ധാരണ ജനങ്ങൾക്കിടയിൽ വളർത്തേണ്ടിയിരിക്കുന്നു. രോഗം- ആശുപത്രി- ഡോക്ടർ- മരുന്ന് എന്ന അടിസ്ഥാനത്തിൽ വികസിപ്പിച്ചെടുത്തിട്ടുള്ള ആരോഗ്യവികസന തന്ത്രം ഗ്രാമീണരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമല്ല. ഇത് ആഹാരം ശുദ്ധജലം- പാർപ്പിടസൗകര്യം- പരിസരശുചീകരണം- എന്ന് മാറ്റേണ്ടകാലം കഴിഞ്ഞു.

ഇന്ത്യയിൽ, 90% വരുന്ന ഗ്രാമീണ ജനതയ്ക്കു പ്രാഥമിക ചികിത്സ സൗകര്യങ്ങൾ നല്കാനായി 5500 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണുള്ളത്. എന്നാൽ 10% വരുന്ന നഗരവാസികൾക്ക് ആധുനിക സൗകര്യങ്ങളോടുകൂടിയ 5100 ആശുപത്രിതളാണ് നിർമ്മിച്ചിരിക്കുന്നത്. ആരോഗ്യസേവനം കേവലം, ആരോഗ്യവ്യവസായമായി മാറിയിട്ടുണ്ട്. പരമ്പരാഗത ചികിത്സാസമ്പ്രദായത്തിൽ തന്നെ സമീപ കാലത്ത് കാണപ്പെടുന്നചിലപ്രവണതകൾ മനസിലാക്കേണ്ടതാണ്. സാധാരണക്കാർക്ക് വളരെ എളുപ്പത്തിൽ ലഭ്യമായിരുന്ന ആയുർവേദചികിത്സാ വിധികൾ, ഇന്ന് അപ്രാപ്യമായി തീർന്നിട്ടുണ്ട്. 80% ഡോക്ടറന്മാരും 20% ആളുകൾ പാർക്കുന്ന നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

രോഗപ്രതിരോധം, ജലലഭ്യത, പോഷകാഹാരം, പരിസരശുചിത്വം, മാതൃശിശുസംരക്ഷണം, ആരോഗ്യവിദ്യാഭ്യാസം, രോഗാതുരത ഇവ വിലയിരുത്തി, പഞ്ചായത്തിന്റെ ആരോഗ്യനില മനസിലാക്കിവേണംപ്രശനങ്ങളും പരിഹാരനിർദ്ദേശങ്ങളും ഉണ്ടാകേണ്ടത്.

പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും അതിന്റെ 5 സബ്സെന്ററുകളും ആയുർവെദം, ഹോമിയോ ഇവയുടെ ഓരോ ആശുപത്രിയുമാണ് സർക്കാർ വകയായിട്ടുള്ളത്. 3 സ്വകാര്യ അലോപ്പതി ആശുപത്രികളും ഒരു മർമ്മചികിത്സാകേന്ദ്രവും ഉണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ പഞ്ചായത്തുവക കെട്ടിടത്തിലും വറ്റുള്ളവ സ്വന്തം കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. പി.എച്ച്.സി യിൽ പ്രവർത്തന സമയത്ത് ഡോക്ടറില്ല. കുട്ടികൾ, ഗർഭിണികൾ ഇവരെ പരിശോധിക്കാനുള്ള സംവിധാനം ഇല്ല. മരുന്നല്ല. പി.എച്ച്.സിയി ൽ നിന്നും ഭവന സന്ദർശനം നടത്താറില്ല.20,000 ജനങ്ങൾക്ക് ഒരു പി.എച്ച്.സി എന്നാണ് കണക്ക്. അതിനായി ആറ് ഡോക്ടർമാരും ഉണ്ടാകണം. എന്നാൽ 30,000 ൽ പരം ജനങ്ങളുള്ള പഞ്ചായത്തിൽ ഒരു പി.എച്ച്.സി മാത്രമാണുള്ളത്. വേണ്ടത്ര സ്റ്റാഫുകളും ഇല്ല. ആയുർവേദ ആശുപത്രിക്ക് 25 കിടക്കകളുള്ള കെട്ടിടമുണ്ട്. 5 കിടക്കയ്ക്ക് ഒരു നഴ്സ് വേണം. ഇവിടെ രണ്ടുപേരാണുള്ളത്. ആവശ്യത്തിന് മരുന്നുമില്ല. പമ്പ് സെറ്റ് പ്രവർത്തിക്കുന്നില്ല. ആശുപത്രിൽ ശുചീകരണമില്ല.ഹോമിയോ ആശുപത്രിയുടെ

സ്ഥിതിയും മേൽപറഞ്ഞവയാണ്. സ്വകാര്യ ആശുപത്രികളുടെ ചികിത്സാസംവിധാനങ്ങളും തൃപ്തികരമല്ല. 95-96 ൽ പഞ്ചായത്തിൽനിന്നും 3000 രൂപ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്കായി ചെലവാക്കി.

മേല്പറഞ്ഞ ആശുപത്രികളിൽ വരുന്ന രോഗികളിൽ ഭൂരിഭാഗവും ത്വക്‌രോഗം, പകർച്ചവ്യാധികൾ,വാതം, വിഷം, ശ്വാസകോശരോഗം

ഇവയുടെ ചികിത്സക്കെത്തുന്നവരാണ്. പകർച്ചവ്യാധികൾ മിക്ക വാർഡുകളിലും ഉണ്ടാകുന്നു. പ്രത്യേകിച്ചും കോളനിപ്രദേശങ്ങളിൽ ഇത് ഏറ്റവും കൂടുതൽ ഉണ്ടാകുന്നത് മഴക്കാലത്തും വേനൽക്കാലത്തുമാണ്. മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറിളക്കം, ഛർദ്ദി, പനി, ചുമ, ഇവ മേൽപ്പറഞ്ഞ പ്രത്യേകകാലങ്ങളിൽ സർവ്വസാധാരണമാണ്. ഗ്രാമസഭ റിപ്പോട്ടുകളിൽ നിന്നും ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ കഴിയും.

ആരോഗ്യസൂചികകളായി കണക്കാക്കുന്ന രോഗപ്രതിരോധം ശുദ്ധജലത്തിന്റെ അളവ്, പോഷകാഹാരം, പരിസരശുചിത്വം, രോഗാതുരത, കുടുംബക്ഷേമം ഇവ ഗ്രാമസഭാ റിപ്പോട്ടിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്താൽ പഞ്ചായത്തിന്റെ ആരോഗ്യദൈന്യത മനസിലാക്കാം

**രോഗപ്രതിരോധം**

ശുദ്ധജല വിതരണം, ശുചീകരണം, ആവശ്യത്തിനുള്ള ഭക്ഷണം ലഭ്യമാക്കൽ ഇവയെല്ലാം ശരിയായ രോഗപ്രതിരോധ നടപടികളാണ്. ആരോഗ്യ സംവിധാനത്തിൽ അവശ്യം വേണ്ടത് രോഗപ്രതിരോധ മാർഗ്ഗങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ആരോഗ്യസേവന വ്യവസ്ഥയാണ്.

**ശുദ്ധജലം**

പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ് കിണറുകളാണ്. വീടുകളിൽ 75% കിണറുകളെ ആശ്രയിക്കുമ്പോൾ കുളം, കുഴൽകിണർ,പൈപ്പ്, പൊതുകിണർ ഇവയെ 25% ആശ്രയിക്കുന്നു. കിണറുകളെ ആശ്രയിക്കുന്നവരിൽ 15% അയൽകിണറുകളിൽനിന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. ചില പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വരെ പോകേണ്ട ഗതികേടുണ്ട്. 23 പൊതുകിണറുകളും 12 കുഴൽകിണറുകളും ഉണ്ടെങ്കിലും കൂടുതലും ഉപയോഗയോഗ്യമല്ല. 3,6,7,8,9,10 വാർഡുകളിൽ നാമമാത്രമായി പൈപ്പ് സംവിധാനമുണ്ട്. ശുദ്ധമായ ജലമല്ല ലഭിക്കുന്നത്. പൈപ്പുജലം തുടർച്ചയായി കിട്ടുന്നുമില്ല. കിണറുകൾ അധികവും വേനൽകാലത്ത് വറ്റുന്നവയുമാണ്. കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായിരിക്കുന്നത് കോളനികളിലാണ്. ശുദ്ധജല ലഭ്യത 25% വരും. ഭാഗീകശുദ്ധജലമാണ് ഭൂരിഭാഗം ആളുകളും ഉപയോഗിക്കുന്നത്.

**പരിസരശുചിത്വം**

ശുദ്ധജലമില്ലാതെ ശുചീകരണം പ്രയാസമാണ്. ശുചീകരണമില്ലാതെ ശുദ്ധജലവും പ്രയാസമാണ്. പരിസരശുചിത്വം, ശുദ്ധജല ലഭ്യത ഇവയിലൂടെ ജലജന്യരോഗങ്ങൾ തടയാൻ കഴിയും. പഞ്ചായത്തിൽ 2212 ഓളം വീടുകളിൽ കക്കൂസില്ല. തുറന്നസ്ഥലത്തെ മലവിസർജ്ജനം, കിണറിന്റെ സമീപത്തുള്ള കക്കൂസ്, തൊഴുത്ത്, കെട്ടിക്കിടക്കുന്ന മലിനജലം ഇതെല്ലാം പരിസരമലിനീകരണമുണ്ടാക്കുന്നു. മാത്രമല്ല വീടും പരിസരവും ജലവും മലിനപ്പെടാൻ ഇടയാക്കുന്നു. വീടുകളിലെ മലിനജലം പൊതുനിരത്തുകളിലേക്ക് ഒഴുക്കുന്നത് ഗുരുതരമായ പരിസരപ്രശ്നമുണ്ടാക്കുന്നു. പഴകുറ്റി- ചിറയിൻകോണം റോഡ്, വേങ്ങിക്കകം, പണ്ടാരക്കോണം, ചെറുവേലി, മണലിവിള എന്നീ പൊതുവഴികളിലേക്ക് ഒഴുകുന്ന മലിനജലം പ്രശ്നമുണ്ടാക്കുന്നുണ്ട്. പുള്ളിമാന്നൂർ, ആനാട് ചന്തകളിലെ ദുർഗന്ധം പരിസരവായുമലിനീകരണങ്ങൾക്ക് ഇടയാക്കിയിരിക്കുന്നു. സാംക്രമിക രോഗം പകർത്താൻ ഇത് ഇടയാക്കും.

**പോഷകാഹാരം**

ആരോഗ്യരംഗത്തെ മറ്റൊരു വിപത്താണ് പോഷണമൂല്യമുള്ള ഭക്ഷണം ലഭിക്കായ്ക. പോഷകാഹാരകുറവിനാൽ മരണനിരക്കും രോഗനിരക്കും കൂടുന്നതുതടയാനായി. പോഷകാഹാര പദ്ധതികളെ മാത്രം ആശ്രയിക്കാതെ കുഞ്ഞുങ്ങൾക്കും മറ്റുള്ളവർക്കും ആവശ്യമായ പോഷകാഹാരം പ്രാദേശികമായി ലഭ്യമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് തയാറാക്കാനുള്ള ഉത്തരവാദിത്വം നമുക്ക് വേണം. പഞ്ചായത്തിൽ പോഷകാഹാരപരിപാടികൾ തുലോം കുറവാണ്. കുടുംബക്ഷേമകേന്ദ്രങ്ങളില്ല. ചുരുക്കം സ്ഥലങ്ങളിൽ ഫീസിംഗ് സെന്ററുണ്ട്. പ്രവർത്തനങ്ങൾ വേണ്ടത്ര മെച്ചമല്ല. പ്രൈമറി ഹെൽത്ത് സെന്ററിന്റെ ഉപസെന്ററുകളുടെ പ്രവർത്തനം ഒട്ടും പ്രയോജനകരമല്ല. ഇരിഞ്ചയത്ത് ഫിസിംഗ് സെന്റർ ഉണ്ടെന്ന് പി.എച്ച്.സി രേഖകളിലുണ്ട്. യഥാർത്ഥത്തിൽ അങ്ങനെയൊന്ന് അവിടെയില്ല. കുടുംബത്തിന്റെ ആരോഗ്യം അമ്മമാരുടെ കൈകളിലാണ്. അതിനാൽ ശുചിത്വശീലങ്ങൾ, ശുദ്ധജല ഉപയോഗത്തിന്റെ ആവശ്യം, വൃത്തിയുള്ള വീടും പരിസരവും,പോഷണമുള്ള ആഹാരത്തിന്റെ പ്രാധാന്യം ഇവ സ്ത്രീകൾക്ക് മനസിലാക്കികൊടുക്കുവാൻ വേണ്ട മാതൃ- ശിശു ക്ഷേമകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ല. അംഗനവാടികൾ ഇല്ല. പ്രയോജനപ്രദമായ പ്രവർത്തനമല്ല ബാലവാടികളിൽ നടക്കുന്നത്.

**രോഗാതുരത**

ഗ്രാമ സഭാറിപ്പോർട്ട്, പഞ്ചായത്തിലെ ചികിത്സാകേന്ദ്രങ്ങളിൽ നിന്നും ലഭിച്ച രേഖകൾ ഇവ പരിശോധിച്ചാൽ പഞ്ചായത്തിലെ രോഗാതുരത വർദ്ധിച്ചുവരുന്നതായി മനസിലാകും. രണ്ട് ആഴ്ചക്കാലയളവിനിടയിൽ വന്ന രോഗങ്ങളുടെ കണക്കാണ് രോഗാതുരയുടെ നിരക്ക്. പഞ്ചായത്തിലെ വിവിധ ആശുപത്രികളിൽ ചികിത്സിച്ചവരുടെ (ആശുപത്രിയിൽ കിടന്നും അല്ലാതെയും) കഴിഞ്ഞ2വർഷക്കാലനിരക്ക് പരിശോധിച്ചതിൽ നിന്ന് രോഗതുരത കൂടിയതായി കാണുന്നു. മാത്രവുമല്ലപനി, വയറിളക്കം, ശ്വാസകോശരോഗങ്ങൾ, സന്ധിരോഗങ്ങൾ തുടങ്ങിയ രോഗാതുരതക്കുകാരണമായ പ്രധാനരോഗങ്ങളാണ് ഉണ്ടായികൊണ്ടിരിക്കുന്നതെന്നും മനസിലാക്കാം. ഗ്രാമസഭാറിപ്പോട്ടുകളിൽ ഇത് പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് 7,9 വാർഡുകളിൽ ഇതു കൂടുതലുമാണ്. കോളനി പ്രദേശങ്ങളിലും ഇതേ സ്ഥിതിയുണ്ട്. പൊതുവിൽ പഞ്ചായത്തിൽ ഈ സ്ഥിതിയുണ്ട്. ആഹാരം, ശുദ്ധജലം, പാർപ്പിട സൗകര്യം, തൊഴിൽലഭ്യത എന്നിവയ്ക്കായി ജനശ്രമങ്ങളും ജനസമ്മർദ്ദങ്ങളും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

**പ്രശ്നങ്ങൾ**

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നല്ലവണ്ണം പ്രവർത്തിക്കാൻ വേണ്ട സൗകര്യങ്ങളില്ല.
2. പി.എച്ച്.സി. കളിൽ നിന്നും നൽകുന്ന പ്രതിരോധ കുത്തിവെയ്പുകളുടെ വിവരം പഞ്ചായത്തിൽ എല്ലായിടത്തും എത്തുന്നില്ല.
3. ആയുർവ്വേദ. ഹേമിയോ ആശുപത്രികളുടെ പ്രവർത്തനം മെച്ചമാക്കാൻ കഴിഞ്ഞിട്ടില്ല.
4. പഞ്ചായത്തിൽ ജനസംഖ്യാനുസൃതമായിട്ടുള്ള പി.എച്ച്.സി സബ്സെന്ററുകളില്ല. ഇവയിലൂടെ ഭവന സന്ദർശനവും ആരോഗ്യവിദ്യാഭ്യാസവും നടക്കുന്നില്ല.
5. കുടുംബക്ഷേമ കേന്ദ്രങ്ങളും ഫീസിംഗ് സെന്ററുകളും കുറവാണ്.
6. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം മെച്ചമല്ല.
7. മിക്കവാർഡുകളിലും പോഷകാഹാര പ്രശ്നമുണ്ട്.
8. പകർച്ചവ്യാധികൾക്ക് ഫലപ്രദമായ ചികിത്സ പി.എച്ച്.സി. യിൽ നിന്നും ലഭിക്കുന്നില്ല.
9. ശുദ്ധജലക്ഷാമം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.
10. പ്രതിരോധ പ്രവർത്തനങ്ങളും ശുദ്ധജലവിതരണവും ഫലപ്രദമല്ല.
11. മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാനുള്ള മാർഗ്ഗങ്ങൾ ഇല്ല.
12. കക്കൂസ് സംവിധാനത്തിന്റെ കുറവ് പരിസരമാലിന്യം ഉണ്ടാക്കുന്നു.
13. ജലസ്രോതസ് കേന്ദ്രങ്ങൾ സംരക്ഷിക്കാനുള്ള സംരംഭങ്ങളില്ല.
14. പൈപ്പ് ജലം സ്ഥാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
15. സമഗ്രമായ ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അഭാവം അനുഭവപ്പെടുന്നു.
16. പേവിഷ ചികിത്സാസംവിധാനമില്ല.
17. ആശുപത്രി രേഖകൾ വ്യക്തമായി എഴുതി സൂക്ഷിച്ചിട്ടില്ല.
18. സ്ക്കൂൾ ആരോഗ്യ പരിപാടി നടപ്പിലാക്കിയിട്ടില്ല

**നിർദ്ദേശങ്ങൾ**

1. പി.എച്ച്.സി ഉൾപ്പെടെയുള്ള ആശുപത്രികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കണം.
2. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിന്നും പരമാവധി ചികിത്സലഭിക്കത്തവിധം അവയുടെ പ്രവർത്തനം ഉയർത്തണം.
3. രോഗപ്രതിരോധം, ശുചിത്വം, ജലസംരക്ഷണം ഇവയിലൂന്നി സ്ക്കൂൾ കുട്ടികൾക്കും മറ്റുളളവർക്കും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ് കാലാകാലങ്ങളിൽ സംഘടിപ്പിക്കണം.
4. ആശുപത്രിവികസന സമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.
5. ഗ്രാമീണ ശുചിത്വപദ്ധതിപ്രകാരം കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിച്ച് കൊടുക്കണം. സന്നദ്ധസേവനം പ്രയോജനപ്പെടുത്തണം.
6. ഓരോവർഷവും ആരോഗ്യസർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ത്വക്‌രോഗം.ക്ഷയരോഗ നിർണയ ക്യാമ്പുകൾ വാർഡുതലത്തിൽ സംഘടിപ്പിക്കണം.
7. രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പുകൾ സ്ക്കൂൾ തലത്തിലും വാർഡുതലത്തിലും നടത്തണം.
8. എൽ.പി വിഭാഗം സ്ക്കൂൾ കുട്ടികൾക്ക് ഹെൽത്ത്കാർഡ് സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തണം.
9. കുടുംബക്ഷേമ കേന്ദ്രങ്ങളും പദ്ധതികളും നടപ്പാക്കണം.
10. ജലജന്യ രോഗങ്ങൾ തടയാൻ പൊതുജലവിതരണ സംവിധാനങ്ങൾ കുറ്റമറ്റതാക്കണം.
11. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വരുന്ന റോഡുകളിൽ വാഹനങ്ങൾ നിറുത്തി. കഴുകുന്നതും, മലിനജലം വീടുകളിൽ നിന്നും പൊതുനിരത്തിലേക്കും തോടുകളിലേക്കും ഒഴുക്കുന്നതും നിരോധിക്കണം.
12. ജലസമിതികൾ രൂപീകരിച്ച് ശക്തമായ ജലമാനേജ്മെന്റ് ഏർപ്പെടുത്തണം.

13. പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തണം.

14. ആയുർവ്വേദാശുപത്രി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം. ദന്ത ചികിത്സ വിഭാഗം പ്രത്യേകം വേണം.

15. ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകിണറുകൾ, കുഴൽകിണറുകൾ ഇവ പ്രയോജനപ്പെടും വിധം പുനരുദ്ധരിക്കണം.

16. വേനൽകാലത്തും, മഴക്കാലത്തും പി.എച്ച്.സി കളുടെ സഹായത്താൽ മുഴുവൻ കുടിവെള്ള സ്രോതസുകളും ക്ലോറിനേറ്റു ചെയ്യണം.

17. ആരോഗ്യസംവിധാനങ്ങൾ ത്രിതലങ്ങളിൽ വികേന്ദ്രീകരിച്ച് നടപ്പാക്കണം.

18. ജനത്തിന്റെ ഗുണനിലവാരം പി.എച്ച്.സി സബ്സെന്റർ വഴി പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

19. പരമ്പരാഗത ജലസ്രോതസ്സുകളുടെ സാധ്യത വിലയിരുത്തി, പ്രാദേശിക അറിവും നവീന സാങ്കേതിക വിദ്യകളും സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതി തയാറാക്കണം.

20. ഹോട്ടൽ, ചായക്കട ഇവ ഫുഡ് ഇൻസ്പെക്ടർമാരെക്കൊണ്ട് പരിശോധിപ്പിക്കണം.

21. മെഡിക്കൽ സ്റ്റോറുകളിൽ നിരോധിച്ച മരുന്നുകൾ വിൽക്കുന്നതു തടയണം.

22. ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതിയുണ്ടാക്കണം.

23. പ്രത്യേക കാലങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ മുൻകരുതൽ നടപടി സ്വീകരിക്കണം.

24. സ്വകാര്യ ആശുപത്രികളിൽ മെഡിക്കൽ ആഡിറ്റിംഗ് സമ്പ്രദായം നടപ്പാക്കണം.

25. സാമൂഹ്യ വനവൽക്കരണം പ്രോത്സാഹിപ്പിക്കണം

ഗ്രാമസഭ ഉന്നയിച്ച വിവിധാവശ്യങ്ങൾ

*1. കുടിവെള്ളം ആവശ്യമുള്ള കോളനികൾ*

അനുബന്ധം-1

1. കുപ്പപ്പാങ്ങര
2. ഇരിഞ്ചയം കണ്ണംകോട്
3. പറയങ്കാവ്
4. കാളികോണം
5. ഏണിയോട്ടുകോണം
6. തവലോട്ടുകോണം
7. തത്തൻകോട്
8. മണിയംകോട്
9. വേട്ടമ്പള്ളി
10. ചന്ദ്രമംഗലം
11. വടക്കേല
12. മണലിവിള
13. നാലു സെന്റുകോളനി
14. പുത്തൻകരിയ്ക്കകം
15. വെള്ളരിക്കോണം
16. പന്നിയോട്ടുകോണം.
17. പാണയം
18. വടക്കേകോണം

*കുടിവെള്ളം ആവശ്യമുള്ള പ്രദേശങ്ങൾ (പുതിയ കിണർ)* അനുബന്ധം-2

- പോതുപാറ
- വേടരുകോണം
- അരശുംമൂട്
- കാവിനുംപുറകിൽ
- തീർത്ഥംകര
- പച്ചക്കാട്
- മീൻമൂട്
- കുപ്പപ്പാങ്ങര
- തകരക്കുഴി
- പറയൻകാവ്
- തിരിച്ചിറ്റൂർ
- കുണ്ടേറ്റുകോണം
- പള്ളിമുക്ക്
- കുഴിവിള
- കാളികോണം
- വെള്ളരിക്കോണം
- പുത്തൻപാലം
- മരുതുംകോണം
- ചന്ദ്രമംഗലം
- പണ്ടാരക്കോണം
- ആലംകോട്
- മണിയംകോട്
- തത്തംകോട്
- കല്ലടക്കുന്ന്
- മുണ്ടൂർകോണം
- വട്ടക്കരിക്കകം
- പുനവക്കുന്ന്
- വാഴവിള
- ചുള്ളിമാനൂർ
- താഴ്ന്നമല
- ആറാംപള്ളി
- പേഴും മൂട്
- ശാസ്താംപാറ
- തേവൻപാറ
- ഇരപ്പ്

*പൈപ്പ് ലൈൻ*

വേങ്കവിള - കാളികോണം
താന്നിമൂട് - കുഴിവിള
പ്ലാവറ - തിരിച്ചിറ്റൂർ
വേങ്കവിള - മരുതുംകോണം, പള്ളിമുക്ക് മുഴി

താഴ്ന്നമല - നീറ്റാണി
ആറാംപള്ളി - പൂങ്കാവനം
വടക്കേല -വഞ്ചുവം
കുപ്പ് - കമ്മാളംകുന്ന്
ചുള്ളിമാനൂർ - 18-ാം കല്ല്

*കുഴൽ കിണർ*

പായൻകാവ്
കുഴിവിള
ഒറ്റക്കൊമ്പ്

*പി.എച്ച്.സി. സബ്സെന്റർ*

ഇരിഞ്ചയം മുക്കിൽക്കട
പള്ളിമുക്ക് വേട്ടമ്പള്ളി
വേങ്കവിള
വേട്ടമ്പള്ളി ലക്ഷം വീട്
വടക്കേകോണം
ചുള്ളിമാനൂർ
മന്നൂർക്കോണം

*കുടുംബക്ഷേമ കേന്ദ്രങ്ങൾ*

മീൻമൂട്
ഒറ്റക്കൊമ്പ്
പുനവക്കുന്ന്
മൂഴി
ആലംകോട്
മരുതുംമൂട്

അംഗൻവാടി, ഫീസിംഗ് സെന്റർ ഇവ ഇല്ലാത്ത വാർഡുകളിൽ ഒന്ന് വീതം. കക്കൂസ് പഞ്ചായത്തിൽ 2212 എണ്ണം ആവശ്യം

*പൊതുമൂത്രപ്പുര*

വേങ്കവിള
ആനാട് ജംഗ്ഷൻ
ചുള്ളിമാനൂർ

# വ്യവസായം

വ്യവസായ ഭൂപടത്തിൽ യാതൊരു സ്ഥാനവും ലഭിച്ചിട്ടില്ലാത്ത ഒരു ചെറിയ ഗ്രാമമാണ് ആനാട് ഗ്രാമപഞ്ചായത്ത്.ചെറുകിട വ്യവസായ പരിധിയിൽപ്പെടാവുന്ന ഏതാനും സ്ഥാപനങ്ങളും പരമ്പരാഗത വ്യവസായ മേഖലയിൽപ്പെട്ട ഈറ്റ പനമ്പുവ്യവസായവും നാമമാത്രമായ കുടുൽവ്യവസായ യൂണിറ്റുകളും മാത്രമാണ് എടുത്തു പറയത്തക്കതായി ഈ രംഗത്തുള്ളത്. വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കു നിദാനമായ കാരണങ്ങളെക്കുറിച്ച് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനു മുൻപ് ഈ നിലവിലുള്ള പരിമിതമായ വ്യവസായ യൂണിറ്റുകളെക്കുറിച്ച് ഒരു അവലോകനം നടത്തുന്നത് ഉചിതമായിരിക്കും.

1. **മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

ഏറെ പ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് 1976 ൽ ചുള്ളിമാനൂരയ സ്ഥാപിതമായ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അതിന്റെ പ്രവർത്തന ലക്ഷ്യം സാധ്യമാകാതെ തകർന്നടിഞ്ഞു.അപക്വമായ മാനേജ്മെന്റും മാറിമാറി വന്ന സർക്കാരുകളുടെ അവ്യക്തമായ നിലപാടുകളുമാണ് ഈ സംരംഭം തകരാനിടയാക്കിയത്.

2. **പരമ്പരാഗതവ്യവസായങ്ങൾ**

പഞ്ചായത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമാണ് ഈറ്റ. പനമ്പു വ്യവസായം നമ്മുടെ പഞ്ചായത്തിൽ ഏറ്റവും അധികം ഈറ്റതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലയാണ് 4,5,6,8,9,10 വാർഡുകൾ. അവർക്കു ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ വനാന്തരങ്ങളിൽ വളരെ ബുദ്ധിമുട്ടിയാണ് സമാഹരിക്കുന്നത്.തലചുമട്ടുപാസ് ഉപയോഗിച്ച് പരുത്തിപള്ളി റേഞ്ചിലെ പൊൻമുടി, ബോണക്കാട് പ്രദേശങ്ങളിലും പാലോട് റേഞ്ചിലെ മങ്കയം, ബ്രൈമൂർ ഭാഗങ്ങളിൽ നിന്നുമാണ് ഇവ സംഭരിക്കുന്നത്. ഈ തൊഴിലാളികളുടെ ജീവിതോന്നമനം ലക്ഷ്യമാക്കി പഞ്ചായത്തിൽ കരിങ്കട എന്ന സ്ഥലത്ത് ബാംബൂ കോർപ്പറേഷന്റെ ഒരു [illegible] അതുമുഖാന്തിരവും അസംസ്കൃത ഈറ്റ തൊഴിലാളികൾക്കു നൽകുന്നു. ഈ തൊഴിലാളികളെ ഏകോപിതമായി സംരക്ഷിക്കുവാൻ കോർപ്പറേഷൻ ശ്രദ്ധിക്കുന്നില്ല.

*പരിഹാര മാർഗ്ഗം*

പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഈറ്റ തൊഴിലാളി സഹകരണ സംഘം രൂപീകരിക്കുന്ന കാര്യം ഗൗരവമായി പരിശോധിക്കണം.

ഈറ്റ കൊണ്ടുണ്ടാക്കുന്ന ഉല്പന്നങ്ങളുടെ പുതുമയും വൈവിധ്യവും അതിന്റെ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുമെന്നുള്ളതിനാൽ ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് കാലികമായ സാങ്കേതികജ്ഞാനം നൽകുവാൻ കോർപ്പറേഷനോ മറ്റേതെങ്കിലും സർക്കാർ ഏജൻസിയോ മുൻകൈയെടുക്കണം. അസംസ്കൃത ഈറ്റ ആവശ്യമനുസരണം ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ ഭാഗത്തു നിന്ന് ഉണ്ടാകുന്നതോടൊപ്പം കോർപ്പറേഷനിൽ നിന്നും നേരിടേണ്ടി വരുന്ന അവഗണനയും ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കണം.

ഈ രംഗം ശാസ്ത്രീയമായി പരിഷ്കരിച്ചാൽ നിലവിലുള്ളതിന്റെ ഇരട്ടി ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. എന്നതിനു പുറമേ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സാധിക്കും.

*ഖാദി നെയ്ത്തു വ്യവസായം*

പഞ്ചായത്തിലെ പച്ചക്കാട്, വേങ്കവിള, എന്നിവിടങ്ങളിൽ ഗാന്ധി സ്മാരക നിധിയുടെ ഖാദി നെയ്ത്തു കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇവ പലകാരണങ്ങളാലും ഇപ്പോൾ അടച്ചു പൂട്ടപ്പെട്ടു. എന്നുമാത്രമല്ല വേങ്കവിളയിലെ സ്ഥാപനത്തിന്റെ വസ്തുവും കെട്ടിടവും അന്യാധീനതയിലുമായി. പരാധീനതകൾ ഏറെയുണ്ട്. അസംസ്കൃത പഞ്ഞിയുടെ

വശ്യതയില്ലായ്മയും തൊഴിലാളികളുടെ പരിചയക്കുറവും ഉല്പന്നങ്ങളുടെ വിപണന സാധ്യതയില്ലായ്മയും ആണ് നാശത്തിന് കാരണമായിട്ടുള്ളത് എന്നു കാണാം.

*പരിഹാരമാർഗ്ഗങ്ങൾ*

ഖാദിബോർഡുമായി സഹകരിച്ച് സഹകരണാടിസ്ഥാനത്തിൽ സ്ഥാപനം പ്രവർത്തിപ്പിച്ചാൽ തൊഴിൽ സാധ്യതയുണ്ടാക്കാം.

ഉല്പന്നങ്ങൾ ശാസ്ത്രീയമായി പരിശോധിച്ച് ഗുണനിലവാരമുള്ള ഉല്പന്നങ്ങൾക്ക് പ്രാധാന്യം നൽകണം.

തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ തൊഴിൽ പരിചയത്തിന് പ്രാധാന്യം നൽകണം. വൈവിധ്യമായ ഉല്പന്നങ്ങൾ വിപണിയിലെത്തിച്ചാൽ ലാഭം വർദ്ധിപ്പിക്കാൻ കഴിയും.

തൊഴിലാളികളും മാനേജ്മെന്റുമായുള്ള സഹകരണം പുരോഗതിക്ക് ഒരു മുഖ്യ കാരണമാണ്.

*തീപ്പെട്ടി. മെഴുകുതിരി വ്യവസായം*

ഈ വ്യവസായം അനേകം കുടുംബങ്ങളുടെ ജീവനോപാധിയായിരുന്നു. എന്നാൽ അസംസ്കൃത പദാർത്ഥങ്ങൾ യഥാകാലം ലഭിക്കാത്തതിനാലും വിപണിയിലെ മത്സരവും കാരണം അടച്ചുപൂട്ടപ്പെട്ടു. പ്രസ്തുത വ്യവസായങ്ങളിൽ സ്ത്രീയുവതികളാണ് തൊഴിലാഴികൾ അതിനാൽ തൊഴിൽ പ്രശ്നങ്ങൾ വിരളമായിരുന്നു.

*പരിഹാരമാർഗ്ഗം*

ചെറുകിട വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത തീപ്പെട്ടി, മെഴുകുതിരി യൂണിറ്റുകൾക്ക് അനുവദിച്ച അസംസ്കൃത പദാർത്ഥം യഥാകാലം ലഭ്യമാക്കും.

വിപണിയിലെ മറ്റു ഉല്പന്നങ്ങളോടു മത്സരിക്കുന്ന തരത്തിലുള്ള ഉല്പന്നങ്ങൾ വിപണിയിലിറക്കുക.

മാനേജ്മെന്റിന്റെ സാമ്പത്തിക പരാധീനതയ്ക്ക് ബാങ്കുകൾ ഇളവനുവദിക്കുക.

ചെറുകിട ഉല്പന്നങ്ങൾ സർക്കാർ ഏജൻസികളെ കൊണ്ട് സംഭരിപ്പിക്കുക. സർക്കാർ നിയന്ത്രിത അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ വിതരണം നടത്തുക.

*റെഡിമെയ്ഡ് വസ്ത്രനിർമ്മാണം*

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ മൂന്ന് ചെറുകിട വസ്ത്രനിർമ്മാണ യൂണിറ്റുകളും സ്വകാര്യ വ്യക്തി നടത്തുന്ന ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. സാങ്കേതിക പരിജ്ഞാനവും തൊഴിൽ പരിചയവും ആവശ്യമുള്ള ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

*സാമില്ലുകൾ*

പഞ്ചായത്തിലൊട്ടാകെ ഏഴു തടിമില്ലുകളാണുള്ളത്. ഇവയിൽ രണ്ടു മൂന്നു മില്ലുകളൊഴികെ മറ്റുള്ളവ ചെറിയ രീതിയിൽ മാത്രം പ്രവർത്തിക്കുന്നവയാണ്. അസംസ്കൃതപദാർത്ഥമായ തടിയുടെ കുറവാണ് കാരണം. ശരാശരി നാല് വീതം തൊഴിലാളികൾ ഓരോന്നിലും പണിയെടുക്കുന്നു.

*റൈസ് മില്ലുകൾ*

പഞ്ചായത്തിൽ പത്ത് റൈസ് മില്ലുകൾ ഉണ്ടെങ്കിലും നെല്ലുല്പാദനത്തിൽ ഗണ്യമായ കുറവു സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇവ ധാന്യം പൊടിക്കാനുള്ള മില്ലുകളായി തീരുന്നു.

*ബേക്കറിയൂണിറ്റ്*

വേങ്കവിള, പുള്ളിമാന്നൂർ, പൂങ്കാവനം, മൂഴി,തുടങ്ങിയ ഭാഗങ്ങളിലായി ആറ് ബേക്കറി യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ആവശ്യമായ വസ്തുക്കളുടെ ക്രമാതീതമായ വില വർദ്ധനവ് നിമിത്തം പലതും ക്ഷയോന്മുഖമാകാൻ കാരണമാകും.

*ഫർണിച്ചർ വ്യവസായം*

ഒട്ടാകെ ഏഴോളം ഫർണിച്ചർ യൂണിറ്റ് പഞ്ചായത്തിലുണ്ട്. ഇവയിൽ പലതും നാമമാത്രമായ പ്രവർത്തനം മാത്രമേയുള്ളു. അസംസ്കൃത വസ്തുമായ തടിയുടെ ലഭ്യതയില്ലായ്മ കൂടാതെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി, സ്റ്റീൽ, പ്ലാസ്റ്റിക് ഉപകരണങ്ങളുടെ കടന്നു കയറ്റം ഇവ ഈ വ്യവസായത്തിന്റേ പുരോഗതിയെ സാരമായി ബാധിക്കുന്നു.

*എണ്ണയാട്ടു വ്യവസായം*

നാലു ഓയിൽമില്ലുകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നു. കൊപ്രയുടെ വരവു കുറയുമ്പോൾ വ്യവസായം മന്ദീഭവിക്കുന്നു. നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള കൃഷി ഡിപ്പാർട്ടുമെന്റിന്റെ പരിശ്രമം കൊണ്ടു മാത്രമേ ഈ വ്യവസായം പുഷ്ടിപ്പെടുകയുള്ളു.

*ഇറച്ചിക്കോഴി വളർത്തൽ*

ഏഴു കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കാൻ പറ്റിയ ഈ വ്യവസായത്തിൽ മുതൽമുടക്ക് കൂടുതൽ ആവശ്യമാണ്. എന്നാൽ തകർച്ചയെ നേരിടുന്നതിനു പ്രധാന കാരണം ബാങ്കുവായ്പയുടെ തിരിച്ചടവിനുള്ള സാവകാശമില്ലായ്മയും കൊഴികളുടെ രോഗബാധയുമാണ് ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവും ഇതിനു കാരണമാകുന്നു.

*പരിഹാരം*

ബാങ്കു ലോണുകൾ തിരിച്ചടയ്കകുന്നതിനുള്ള ഇളവും

യഥാകാലത്തിലുള്ള രോഗപ്രതിരോധ ചികിത്സയും ശുശ്രൂഷയും നൽകിയാൽ ഇത് അഭിവൃദ്ധിപ്രാപിക്കാൻ കഴിയുന്ന ഒരു വ്യവസായ മാണ്.

*അച്ചാർ നിർമ്മാണ്, പഴച്ചാർ സംസ്ക്കരണം*

മഹിളാ സമാജങ്ങളുടേയും DWCRA യുടേയും ആഭിമുഖ്യത്തിൽ മഹിളകൾ നടത്തുന്ന വ്യവസായമാണിത്. വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങളോടുള്ള കിട മത്സരം മൂലം ഇന്ന് വിപണിയിൽ ഉൽപ്പന്നം ചെലവാകാത്ത അവസ്ഥയാണുള്ളത്. 2-8 വാർഡുകളിലാണ് ഇവയുള്ളത്.

*ഇഷ്ടിക വ്യവസായം*

സ്വകാര്യ ഉടമയിൽ മാത്രമേ ഈ വ്യവസായം പഞ്ചായത്തിലുള്ളൂ.ഒരു സ്ഥാപനത്തിൽ 15ഓളം തൊഴിലാളികൾക്കു പണി ലഭിക്കുന്നു. ഇഷ്ടിക നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള മണ്ണിന്റെ കുറവു കാരണം ഈ വ്യവസായം പലരും മതിയാക്കുന്നു.

*ഹോളോബ്രിക്സ്*

പഞ്ചായത്തിൽ അഞ്ചാം വാർഡിലുള്ള DWCRA യുടെ ഒരു യൂണിറ്റ് ബ്ലോക്ക് ആഫീസ് പരിസരത്തും കൂടാതെ ഒരു സ്വകാര്യ കമ്പനിയുമാണ് ഈ വ്യവസായം നടത്തുന്നത്. പാറപ്പൊടി കൊണ്ട് ഉല്പാദിപ്പിക്കുന്ന ഈ ഉല്പന്നത്തിന് വിപണി വലുതാണ്.

*കൊപ്രാ വ്യവസായം*

പരമ്പരാഗത വ്യവസായമായി കരുതി പോരുന്ന ഒരു വിഭാഗം മാത്രമേ പഞ്ചായത്തിൽ ഈ വ്യവസായം നടത്തുന്നുള്ളൂ. എന്നാൽ പലരും ഈ വ്യവസായത്തിൽ താല്പര്യം കാണിക്കുന്നു. എങ്കിലും തൊഴിൽ പരിചയകുറവ് ഒരു ഘടകമാണ്.

സഹകരണാടിസ്ഥാനത്തിൽ ഈ വ്യവസായം നടത്തിയാൽ തൊഴിലവസരങ്ങൾ ധാരാളംസൃഷ്ടിക്കാൻ കഴിയും. അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുവാൻ സാധിക്കും. ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ വായ്പയും സഹായവമുണ്ടായാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുകയു് ചെയ്താൽ ഈ വ്യവസായം പുരോഗമിപ്പിക്കാം.

*ആണി, മുള്ളുകമ്പി വ്യവസായം*

ചുള്ളിമാനൂർ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റിൽ സ്വകാര്യ ഉടമ ആരംഭിച്ച യൂണിറ്റ് ഉല്പാദനത്തിന്റെ പ്രാരംഭ ദിശയിലാണ്.

*പോളി ബാഗ്*

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഒരു യൂണിറ്റിൽ പ്രവർത്തിക്കുന്ന ഈ വ്യവസായം അരക്ഷിതാവസ്ഥ നേരിടുന്നു. ഉല്പാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ അഭാവമാണ് ഏറ്റവും രൂക്ഷമായിട്ടുള്ളത്.

*പേപ്പർ കവർ*

എസ്.ആർ. ഇൻഡസ്ട്രീസ് എന്ന പേരിൽ പഞ്ചായത്തിൽ നടക്കുന്ന ഈ വ്യവസായം നാമമാത്രമാണ്. താന്നിമൂട് കേന്ദ്രമാക്കി ഒരു യൂണിറ്റ് ആരംഭിച്ചട്ടുണ്ട്.

*പലഹാര നിർമ്മാണം, സുഗന്ധത്തിരികൾ*

പപ്പട നിർമ്മാണം ഇത്യാദി കുടിൽ വ്യവസായ സംരഭങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു.DWCRA യുടെ ഒരു യൂണിറ്റ് പലഹാര നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് ആഫീസ് കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു.

പൊതു പ്രശ്നങ്ങൾ

1. മൂലധന നിക്ഷേപം നടത്താനുള്ള അപര്യാപ്തത പല വ്യവസായ സംരംഭങ്ങൾക്കും പ്രതിബന്ധമാണ്.
2. മൂലധനം സ്വരൂപിച്ചാൽ തന്നെയും അത് ഫലപ്രദമായി നിക്ഷേപിക്കാനുള്ള സാങ്കേതിക പരിചയക്കുറവ്.
3. പ്രവർത്തി പരിചയമുള്ള തൊഴിലാളികളുടെ കുറവ്
4. അസംസ്കൃത വസ്തുക്കളുടെ അഭാവം
5. വൈദ്യുതിയുടെ ലഭ്യതയിലുള്ള കാലതാമസവും അഭാവവും
6. കമ്പോളങ്ങളിലെ വിൽപ്പനയിലുള്ള മത്സരം
7. ലഭ്യമായ അസംസ്കൃത പദാർത്ഥത്തിന്റെ വില വർദ്ധനവ് .
8. ഗ്രാമങ്ങളിലെ ഗതാഗത സൗകര്യമില്ലായ്മ
9. ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയുടെ അഭാവം
10. വായ്പാ വിതരണത്തിലുള്ള പോരായ്മ
11. പരസ്യങ്ങളുടെ അതിപ്രസരം കാരണം ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണി മന്ദീഭവിക്കുന്നു. ഉപഭോക്താക്കളാകുവാനുള്ള വൈമുഖ്യം
12. സർക്കാർ ഏജൻസികളുടെ നിസഹകരണവും നിയമ പ്രശ്നവും.

*ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ*

1. ചെറുകിട വ്യവസായങ്ങൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.
2. കാർഷിക വിഭവങ്ങളെ സമാഹരിച്ചുകൊണ്ടുള്ള ചെറുകിട വ്യവസായങ്ങൾ തുടങ്ങണം.
3. കരകൗശല വ്യവസായങ്ങൾ തുടങ്ങുക
4. ഇരിഞ്ചയം ക്ഷീരോല്പാദന സഹകരണ സംഘത്തിൽ ഒരു ക്ഷീരോല്പന്ന യൂണിറ്റ് തുടങ്ങുക.

5. വനിതാ സഹകരണ സംഘത്തിലൂടെ അച്ചാറുകൾ, പലഹാരങ്ങൾ, കറിപൗഡർ എന്നി വയ്ക്കുള്ള ഒരു യൂണിറ്റ് ആരംഭിക്കണം.

6.ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിയ്ക്കണം

7.പുല്ല് വാറ്റുകേന്ദ്രം കുടിൽ വ്യവസായമാക്കാനുള്ള നടപടി ആരംഭിക്കണ്

8. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് വൈദ്യുതിക്ക് അനെർട്ടിന്റെ സഹായം ഉപയോഗിച്ച് ചെറുകിട വ്യവസായ ശാലകൾ സ്ഥാപിക്കണം.

9. ഖാദി ബോർഡ്, ഖാദി ഗ്രാമോദ്യോഗ് ഭവൻ, ശ്രമിക് വിദ്യാപീഠം, കപ്പാർട്ട് ഇവയുടെ സേവനം വാർഡു തലത്തിൽ ലഭ്യമാക്കണം. കളിപ്പാട്ടങ്ങൾ, ചൂരൽ, മുള, റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവ കൊണ്ട് നിർമ്മിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുകയും, ഈ ഉല്പന്നങ്ങൾ കരകൗശല കോർപ്പറേഷൻ, ഖാദി ബോർഡ് എന്നിവയെ കൊണ്ട് സംഭരിപ്പിക്കാൻ ശ്രമിക്കണം.

10. കോഴിതീറ്റ ഉല്പാദന ഫാക്ടറി സ്ഥാപിക്കണം. ചെറുകിട വ്യവസായങ്ങളായ തീപ്പെട്ടി, മെഴുകുതിരി, ചന്ദനതിരി, സോപ്പ്, ബേക്കറി സാധനങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് വൈദഗ്ധ്യമുള്ള തൊഴിലാളികളെഏകോപിപ്പിച്ച് കൊണ്ട് പ്രസ്തുത മേഖലയിലെ ചെറുകിട ഉല്പാദന യൂണിറ്റുകളും, തയ്യൽ പരിശീലനം സിദ്ധിച്ച വനിതകളെ കൂട്ടിയോജിപ്പിച്ച് റെഡി മെയ്ഡ് ഗാർമെന്റ യൂണിറ്റ് ആരംഭിക്കാനും കഴിയണം.

11. വേട്ടമ്പള്ളി ലക്ഷം വീട് കേന്ദ്രമാക്കി ബാംബു കോർപ്പറേഷന്റെ ഒരു ഉല്പാദന വിപണന കേന്ദ്രം സ്ഥാപിക്കണം.

12. ചെറുകിട വ്യവസായ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു പഴച്ചാർ നിർമ്മാണശാലയും ഒരു തേനീച്ച വളർത്തൽ കേന്ദ്രവും സ്ഥാപിക്കാൻ ശ്രമിക്കണം.

13. അഞ്ചാം വാർഡിൽ പ്രവർത്തിക്കേണ്ടതായ ധന്യാനിർമ്മിതി കേന്ദ്രം ബ്ലോക്കിൽ നിന്നും മാറ്റി വാർഡിൽ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം.

14. മൂഴിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വനിതാ സഹകരണ സംഘത്തെ കൂടുതൽ തൊഴിൽ അവസരം ഉണ്ടാകത്തക്കവിധത്തിൽ കാര്യക്ഷമമാക്കുക.

15. അസംസ്കൃത റബ്ബർ കൊണ്ട് ഒരു റബ്ബർ പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കണം.

16. ധാന്യപ്പൊടി നിർമ്മാണവും, വിതരണവും, പുറുത്തിനാര്, ആലില മുതലായവ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഉല്പന്നങ്ങളുടെ നിർമ്മാണം, കൊപ്ര ഉല്പാദനം, ചിരട്ടകരി ഉല്പാദന യൂണിറ്റ്, പട്ടുനൂൽ, പുഴു വളർത്തൽ, കൂൺ കൃഷി, ഓർക്കിഡ് കൃഷി തുടങ്ങിയ മേഖലകളിലെ വ്യവസായ സാധ്യതകൾ കണ്ടെത്തണം.

17. നെയ്ത്തറിയാവുന്ന ധാരാളം ഉള്ള ഈ പഞ്ചായത്തിൽ ഒരു നെയ്ത്തു ശാല സ്ഥാപിച്ച്, അതിനനുബന്ധമായി ഒരു തയ്യൽ യൂണിറ്റും ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

19. ക്ഷീര ഉല്പന്നങ്ങളും, ഇലക്ട്രിക് ഇലക്ട്രോണിക് ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകളും തുടങ്ങണം.

20. കോട്ടേജ് ഇൻഡസ്ട്രീയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തന യോഗ്യമാക്കണം. മിഠായി ഫാക്ടറി, കോഴി വളർത്തൽ കേന്ദ്രങ്ങൾ, എൻജിനീയറിംഗ് വർക്ക്ഷോപ്പ് തുടങ്ങിയ രംഗങ്ങളിൽ സാധ്യതയുണ്ട്.

21. വനിതകൾക്കു വേണ്ടിയുള്ള ഒരു വ്യവസായ പരിശീലന കേന്ദ്രം ആരംഭിയ്ക്കണം.

*പൊതു നിർദ്ദേശങ്ങൾ*

1. നിത്യോപയോഗ വസ്തുവായ മുട്ടയുടെ ഉല്പാദനം കുറവാണ്.മുട്ടക്കോഴി വ്യവസായം ആരംഭിച്ചാൽ ആ കുറവ് പരിഹരിക്കാം.

2. പരമ്പരാഗത വ്യവസായമായ ഈറ്റ വ്യവസായം വാണിജ്യാടിസ്ഥാനത്തിൽ പുരോഗമിപ്പിക്കുന്നതിനു വേണ്ടി സഹകരണ സംഘം രൂപീകരിച്ച് തൊഴിലാളികൾ പാർക്കുന്ന മേഖലയിൽ അസംസ്കൃത പദാർത്ഥം എത്തിക്കുകയും ഉല്പന്നങ്ങൾ സ്വരൂപിക്കുകയും വേണം

3. സർക്കാർ ഉടമസ്ഥതയിലുള്ള ബാംബൂ കോർപ്പറേഷൻ സേവനം വടക്കേക്കോണം വേട്ടമ്പള്ളി ഭാഗത്തുള്ള തൊഴിലാളികൾക്കും ലഭ്യമാകണം.

4. ആനാട് ഫാർമേഴ്സ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭം ആരംഭിച്ചാൽ കുറച്ചധികം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകും.

5. പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുപയോഗിച്ച് ഒരു ജൈവവള ഫാക്ടറി സ്ഥാപിക്കണം

6. പഞ്ചായത്തിന്റെ 1-2 വാർഡുകൾ കേന്ദ്രീകരിച്ച് വാർഡുകളിൽ ലഭ്യമായ പാറപൊട്ടിച്ച് മണൽ, മെറ്റൽ എന്നിവ ഉല്പാദിപ്പിക്കുന്ന ക്രഷർ യൂണിറ്റ് ആരംഭിക്കണം.

7. ചെറുകിട ചെരുപ്പ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.

8. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരെ ഉൾപ്പെടുത്തി ഇലക്ട്രോണിക് വ്യവസായവും റിപ്പയറിംഗു ആരംഭിക്കണം.

9. വനിതാ വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ ചെറുകിട വ്യവസായ വികസന ഏജൻസിയെ കൊണ്ട് സമാഹരിപ്പിച്ച് വിപണന സാധ്യത വർദ്ധിപ്പിച്ചാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും.

10. ഇറച്ചി മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉല്പാദനത്തിനുതകുന്ന ഒരു ഹാച്ചറി അനിവാര്യമാണ്.

11. പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ ഏകോപിതമായ ഒരു വിപണന കേന്ദ്രം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

12. കയറ്റുമതി ലക്ഷ്യമാക്കി കളിപ്പാട്ടവും, കരകൗശല ഉല്പന്നങ്ങളും നിർമ്മിക്കണ്.

13. കേര ഉല്പന്നങ്ങളായ, തൊണ്ട്,ചകിരി, ചിരട്ട, നാളീകേരം തുടങ്ങിയവ കൊണ്ട് നിർമ്മിക്കുന്ന കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിന് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

14. ഇളനീർ പാർലറുകൾ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.

15. തകർച്ചയെ നേരിടുന്ന വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനു നൽകുന്ന സാമ്പത്തിക സഹായം പഞ്ചായത്തു മുഖാന്തിരം നൽകണം.

16. തൊഴിലിന്റെ അന്തസ്സ് ഉയർത്തുവാനും, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വേണ്ടി, പഞ്ചായത്തു തലത്തിൽ വീട്ടു ജോലി സംഘം, സദ്യയൊരുക്കൽ സംഘം, ഗാർഹിക സേവന സംഘം, ഗ്രാമീണടെക്നീഷ്യൻ സംഘം, കാർഷിക സഹായ സംഘം എന്നിവ രൂപീകരിക്കണം.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പഞ്ചായത്ത് അതിർത്തിയിൽ റോഡുകളാകേണ്ട വഴികൾ ധാരാളം ഉണ്ട്. അവ യഥാർത്ഥ റോഡുകളാക്കി മാറ്റാനും സംരക്ഷിക്കാനും കഴിഞ്ഞിട്ടില്ല. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയതിന് ശേഷം 20-25 വർഷക്കാലം ശ്രമദാനമായിട്ടാണ് കൂടുതൽ റോഡുകളും നിർമ്മിച്ചിരുന്നത്. 1970 ന് ശേഷം ഈ ശ്രമദാനം കുറഞ്ഞു വന്നു. ഇന്ന് അത് നാമമാത്രമായി തീർന്നിട്ടുണ്ട്.

പഞ്ചായത്ത്, ബ്ലോക്ക് ഇവയുടെ ഗ്രാന്റിനെ ആശ്രയിച്ചാണ് ഇന്ന് റോഡ് പണിയും പുനരുദ്ധാരണവും നടക്കുന്നത്. എന്നാൽ ലഭിക്കുന്ന പണം തന്നെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. നല്ലൊരു പങ്ക് പാഴാക്കുന്നു. കഴിഞ്ഞകാല പഞ്ചായത്ത് ചിലവ് കണക്ക് പരിശോധിച്ചാൽ സിംഹഭാഗവും റോഡ് നിർമ്മാണം, അറ്റകുറ്റപണി ഇവക്ക് ചിലവാക്കിയതായി കാണാൻ കഴിയും.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 144 കി. മീ. ആണ്.

P.W.D റോഡ് - 26 കി. മീ. ടാറിട്ടത് - 9 കി.മി.

പഞ്ചായത്ത് VTC - 25 കി.മീ. മണ്ണ് റോഡ് - 109 കി.മീ

മറ്റ് പഞ്ചായത്ത് റോഡ് - 93 കി.മീ.

പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വളരെ മോശമാണ്. മഴയത്ത് മിക്കവയും ചാലുകളായി മാറുന്നു.

മിക്കവാറും റോഡുകൾക്ക് നടപ്പാതയും ഓടകളും ഇല്ല. തൊട്ടടുത്ത പുരയിടക്കാർ ഈ ഓടകൾ നികത്തുകയോ വെട്ടി നശിപ്പിക്കുകയോ ചെയ്യുന്ന പ്രവണതയുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടു റോഡിന്റെ അറ്റകുറ്റപണി നടത്തുക എന്നത് പഞ്ചായത്തിന് പ്രയാസമുണ്ടാക്കുന്നുണ്ട്.

സർക്കാർ, പ്രൈവറ്റ് ബസുകളും, പാരലൽ സർവീസുകളും ഓട്ടോ, കാർ, ലോറി സർവീസുകളും ഈ റോഡിൽക്കൂടിയുണ്ട്. ഗതാഗതസൗകര്യം ഏറെക്കുറെ നടക്കുന്നു. എന്നാൽ ഇനിയും യാത്രാസൗകര്യമില്ലാത്ത പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. കാളവണ്ടി ഇപ്പോൾ അപൂർവ്വമായി ഉപയോഗിക്കുന്നു. വാഹനഗതാഗതങ്ങളുടെ പെരുപ്പമനുസരിച്ച് പഞ്ചായത്ത് റോഡുകൾ ഗുണനിലവാരം കുറഞ്ഞവയാണ്. അതുപോലെതന്നെ പഞ്ചായത്തു റോഡുകളും 109 കി. മി. റോഡും മണ്ണ് റോഡാണ്. വാസ്തവത്തിൽ സൗകര്യമില്ലാത്ത തടങ്ങളാണ്.

പ്രശ്നങ്ങൾ

1. റോഡുകൾ യഥാസമയം അറ്റകുറ്റ പണി ചെയ്യാൻ കഴിയുന്നില്ല.
2. ആവശ്യത്തിന് ഓടകളില്ല.
3. മണ്ണ് റോഡുകളാണ് പഞ്ചായത്തിൽ കൂടുതൽ ഉള്ളത്.
4. റോഡിന്റെ ഇരുവശവും വസ്തു ഉടമകൾ നശിപ്പിക്കുന്നു.
5. വേണ്ടത്ര കലുങ്കുകളില്ല.
6. പലറോഡുകളും വീതി കുറഞ്ഞവയാണ്.
7. റോഡുവശങ്ങളിൽ വാഹനങ്ങൾ നിർത്തി കഴുകി റോഡു ചീത്തയാക്കുന്നു.

നിർദ്ദേശങ്ങൾ

1. പ്രധാന റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
2. റോഡിന്റെ വശങ്ങളിൽ ഓടകൾ നിർമ്മിക്കണം.
3. കലുങ്കുകൾ കെട്ടി വെള്ളക്കെട്ടുള്ള ഭാഗങ്ങളിലെ റോഡ് സംരക്ഷിക്കണം.
4. ഇടിഞ്ഞു കിടക്കുന്ന റോഡ്‌വശങ്ങളിൽ കരിങ്കൽകെട്ട് നിർമ്മിക്കണം.
5. കൊല്ലകാവ്- വെള്ളരിക്കോണം റോഡിൽ കിള്ളിയാറ്റിൽ ഒരു പാലം നിർമ്മിക്കണം. ഒരു പാറക്കോണം റോഡിലും പാലം കെട്ടണം.
6. കോൺട്രാക്റ്റ് സമ്പ്രദായം റോഡ് നിർമ്മാണത്തിൽ നിന്നും ഒഴിവാക്കി. റോഡ് സംരക്ഷണ സമിതി മുഖാന്തിരം പണികൾ നടപ്പിലാക്കാൻ ശ്രമിക്കണം.
7. മൂഴി-വേങ്കവിള, മുള്ള്‌വേങ്ങമൂട്-തേക്ക്മൂട് റോഡുകളിൽ കൂടുതൽ ബസ് സർവ്വീസ് നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
8. വഞ്ചുവം-തൊളിക്കോട് റോഡിൽ ബസ് സർവ്വീസ് തുടങ്ങാൻ സംവിധാനം വേണം.
9. വാഹനം കഴുകൽ റോഡുമായി ബന്ധപ്പെടാതെ പ്രത്യേക ഏർപ്പാടുണ്ടാക്കുക.
10. റോഡുവശങ്ങൾ കൈയ്യേറുന്നത് തടയണം
11. പുത്തൻപാലം-വെഞ്ഞാറമൂട് റോഡിൽ മേലേ കല്ലിയോടിൽ കൊല്ലായ്ക്കുമിടയിലുള്ള ഭാഗം സൈഡ്‌വാൾ കെട്ടി റോഡ് ബലപ്പെടുത്തണം.

ഗ്രാമസഭ വാർഡിൽ നിന്നും ഉയർന്ന ആവശ്യങ്ങൾ അനുബന്ധംIൽ ചേർത്തിട്ടുണ്ട്.

ഊർജ്ജം

മറ്റെല്ലാ രംഗംപോലെ തന്നെ ജീവിതത്തിൽ പ്രാധാന്യം അർഹിക്കുന്ന മേഖലയാണ് ഊർജ്ജം. വൈദ്യുതി, വിറക്, ഗ്യാസ്, മണ്ണെണ്ണ ഇവയെല്ലാം നിത്യേന ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി നെടുമങ്ങാട്, വിതുര, പാലോട് എന്നീ ഇലക്ട്രിക് സെക്ഷനുകളിൽ നിന്നുമാണ് ലഭിക്കുന്നത്. പഞ്ചായത്തിൽ

ഒരു ഓവർസിയർ ഓഫീസ് പ്രവർത്തിക്കുന്നു. പഞ്ചായത്ത് പ്രദേശത്തെ പതിനഞ്ച് ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ ശേഷി ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മതിയാകുന്നില്ല. ഉപഭോക്താക്കളുടെ എണ്ണവും കണക്റ്റഡ് ലോഡും വർദ്ധിക്കുന്നു. എന്നാൽ ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്നതിനുള്ള ശ്രമം നടക്കുന്നില്ല.

ആറാട് ഗ്രാമപഞ്ചായത്തിൽ നാല്പതഞ്ച് ശതമാനം വീടുകളിലാണ് വൈദ്യുത കണക്ഷൻ ഉള്ളത്. ബാക്കി ഭവനങ്ങൾ മണ്ണെണ്ണ, വിറക് എന്നിവയാണ് ഉപയോഗിക്കുന്നത്. കാർഷികമേഖലയിൽ വളരെ കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നുള്ളു. തെങ്ങുല്പന്നങ്ങളെയാണ് വിറകായി കൂടുതൽ ഉപയോഗിക്കുന്നത്. പഴയ അടുപ്പ് രീതികൾ തന്നെയാണ് 90% വീട്ടിലുമുള്ളത്. ദക്ഷത കൂടിയ അടുപ്പുകൾ, ഗ്യാസ്, ബയോഗ്യാസ്, വൈദ്യുതി ഇവ പാചകത്തിനായി ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്. കൃഷി ആവശ്യത്തിനായി എടുക്കുന്ന വൈദ്യുതി വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്നു. ചില വീടുകളിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. കണക്ടഡ് ലോഡ് റിക്കാഡുകളിൽ കാണുന്നതിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന വീടുകളുണ്ട്. എന്നാൽ കുറഞ്ഞ വോൾട്ടത ഉപഭോക്താക്കളെ വിഷമിപ്പിക്കുന്നുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം, കൺസെന്റ് പ്രശ്നം ഇവ ഉപഭോക്താക്കളുടെ പ്രയാസം വർദ്ധിപ്പിക്കുന്നു. പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് 60% കത്തുന്നില്ല. എന്നാൽ കൃത്യമായും പഞ്ചായത്തിൽ നിന്നും പണം അടക്കുന്നുണ്ട്. വൈദ്യുതി എത്താത്ത നിരവധി സ്ഥലങ്ങൾ പഞ്ചായത്തിലുണ്ട്. സ്ട്രീറ്റ്ലൈറ്റ് ഇല്ലാത്ത വളരെ റോഡുകളുണ്ട്.

സൗരോർജ്ജ വിളക്കുകളും മറ്റും പ്രചാരം ലഭിച്ചിട്ടില്ല. അനെർട്ടിന്റെ സഹായത്താൽ ദക്ഷത കൂടിയ അടുപ്പ് പ്രചരിപ്പിക്കാൻ ശ്രമം നടന്നുവെങ്കിലും ഫലം ഉണ്ടായില്ല. കേടായ മീറ്ററുകൾ സമയാസമയങ്ങളിൽ മാറ്റുകയും ചെയ്യുന്നില്ല. പഞ്ചായത്തിൽ സമഗ്രമായ ഊർജ്ജസർവ്വേ ആവശ്യമാണ്.

പ്രശ്നങ്ങൾ

1. ഇന്ധനങ്ങളുടെ ലഭ്യതകുറവ് ഉണ്ട്.
2. വൈദ്യുതകണക്ഷനുകളുടെ വർദ്ധന അനുസരിച്ച് ട്രാൻസ്ഫോമറുകളുടെ എണ്ണവും ശേഷിയും വർദ്ധിപ്പിക്കുന്നില്ല.
3. ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കാനുള്ള സാധ്യ ഉപയോഗിക്കുന്നില്ല.
4. വോൾട്ടതകുറവ് വ്യാപകമായി അനുഭവപ്പെടുന്നു.
5. പാചകത്തിന് ആവശ്യമായ ഗ്യാസ് സുലഭമായി കിട്ടുന്നില്ല.
6. വൈദ്യുതികണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
7. വൈദ്യുതിലൈൻ കടത്തികൊണ്ടു പോകുന്നതിന് സമ്മതപത്രം വാങ്ങുക എന്ന നിയമനടപടികൾ ദുർബല വിഭാഗങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നത് പ്രതികൂലമാകുന്നു.
8. പഞ്ചായത്തിൽ ഊർജ്ജക്ഷാമം രൂക്ഷമാണ്.
9. ദക്ഷതകൂടിയ പരിഷത്ത്അടുപ്പ്, സൗരോർജ്ജ ഉപകരണങ്ങൾ, ഇവ വ്യാപകമല്ല.
10. വിറക്, മണ്ണെണ്ണ ഇവ കിട്ടാനുള്ള ബുദ്ധിമുട്ട്

നിർദ്ദേശങ്ങൾ

1. ഇന്ധനക്ഷാമം പരിഹരിക്കാൻ പദ്ധതികൾ നടപ്പാക്കണം.
2. കണക്ടഡ്ലോഡ് വർദ്ധിപ്പിക്കുന്നതനുസരിച്ച് ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കണം.
3. വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കണം.
4. വൈദ്യുതിലൈൻ വലിച്ചുകൊണ്ട് പോകുന്നതിനുവേണ്ടിയുള്ള സമ്മതപത്ര സമ്പ്രദായം നിർത്തലാക്കണം.
5. മരച്ചില്ലകൾ വെട്ടിമാറ്റാൻ പഞ്ചായത്തിന്റെ സഹായം ഉണ്ടായാൽ പ്രേഷണനഷ്ടം കുറെ പരിഹരിക്കാൻ സാധിക്കും.
6. കേടായ മീറ്ററുകൾ കാലാകാലങ്ങളിൽ മാറ്റണം.
റീഡിംഗ്സമ്പ്രദായം രണ്ടുമാസത്തിലൊരിക്കൽ ആക്കണം.
7. കണക്ടഡ്ലോഡ് പുന:പരിശോധിച്ച് ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം നിജപ്പെടുത്താനുള്ള സംവിധാനം ഉണ്ടാകണം.
8. 'കുടിൽജ്യോതി' പദ്ധതി പ്രകാരം കണക്ഷൻ ലഭിക്കുന്നവർക്ക്, വീട് വയറിംഗ് ചെയ്ത് കണക്ഷൻ എടുക്കുന്നതിനുള്ള സഹായം പഞ്ചായത്തിൽ നിന്ന് നൽകണം.
9. വൈദ്യുതിബോർഡും പഞ്ചായത്തും ചേർന്ന് പരിശോധന നടത്തി, കത്താത്ത സ്ട്രീറ്റ് ലൈറ്റുകളുടെ ലിസ്റ്റ് തയ്യാറാക്കി അവയ്ക്ക് പണം അടക്കുന്നതിൽ നിന്നും ഒഴിവാക്കണം.
10. 9-ാം പദ്ധതികാലത്ത് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കാനുള്ള പദ്ധതി തയ്യാറാക്കണം.
11. പഞ്ചായത്തിൽ എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാനുള്ള തീവ്രയത്ന പരിപാടി ഉണ്ടാക്കണം. അനെർട്ടിന്റെ സഹായത്താൽ ഈ പരിപാടി നടപ്പാക്കണം.
12. മണ്ണെണ്ണ പെർമിറ്റും പാചകവാതകവും ലഭിക്കാനുള്ള പദ്ധതി തയ്യാറാക്കണം.
13. വീട്ടുപറമ്പ്, പുറമ്പോക്ക്, തരിശ് പ്രദേശം, മുള്ളുവേലിക്കരികിൽ ഇവിടങ്ങളിൽ വിറകിന് ആവശ്യമായ മരങ്ങൾ നട്ടു പിടിപ്പിക്കുക.
14. സൗരോർജ്ജം സ്ട്രീറ്റ്ലൈറ്റ് കത്തിക്കുന്നതിനും വീട്ടാവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തണം.
15. ബയോഗ്യാസ്പ്ലാന്റ് സാധ്യമായ വീടുകളിൽ

സ്ഥാപിക്കാൻ വേണ്ട സാങ്കേതിക പരിജ്ഞാനവും സഹായവും പഞ്ചായത്ത് നൽകണം.

16. തിരിച്ചിറ്റൂർ മലയുടെ മുകളിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക.

17. പുള്ളിമാനൂരിൽ K.S.E.B യുടെ സെക്ഷൻ ഓഫീസ് ആരംഭിക്കണം.

### മാർക്കറ്റ്

ആനാട് ഗ്രാമ പഞ്ചായത്തിൽ ക്രയവിക്രയത്തിനാവശ്യമായ മാർക്കറ്റുകൾ കുറവാണ്. ഉൽപ്പന്നങ്ങൾക്കു് ന്യായമായ വിലയിൽ കുറഞ്ഞ ദൂരത്തിൽ വിൽക്കാനും സാധനങ്ങൾ വാങ്ങാനും കഴിയുന്ന തരത്തിലായിരിക്കണം ചന്തകളുടെ കിടപ്പ്. വളരെ ദൂരെ കൊണ്ടുപോയി സാധനങ്ങൾവില്ക്കുന്നതും വാങ്ങുന്നതും നിമിത്തം ചെലവ് കൂടുന്നു. ആദ്യകാലത്ത് പുള്ളമാനൂരിലും ഇര്യനാട്ടും രണ്ട് പ്രൈവറ്റ് മാർക്കറ്റുകളാണ് ഉണ്ടായിരുന്നത്. പിന്നീട് പുള്ളിമാനൂർ ചന്ത പബ്ലിക് മാർക്കറ്റായി ഉയർത്തി. ഇര്യനാട് ലൈസൻസ് നഷ്ടപ്പെട്ട് പ്രവർത്തനം നിലച്ചു. ഇന്ന് ചന്തയിലെ വിപണന രീതികൾക്ക് മാറ്റം വന്നു. കടമുറികളിലേയ്ക്ക് കുറെയൊക്കെ സ്ഥാനം പിടിച്ചു. നെടുമങ്ങാട് ചന്തയെയാണ് പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും ആശ്രയിക്കുന്നത്.

റബ്ബർ, കൊപ്ര ഇവയാണ് വിപണിയിൽ കൂടുതലുള്ളത്. ഇതെല്ലാം വാങ്ങുന്നത് സ്വകാര്യവ്യക്തികളോ, സ്ഥാപനങ്ങളോ ആണ്. അതുകൊണ്ടുതന്നെ ഇവയുടെ വിലയിൽ അസ്ഥിരതയുണ്ടാകുന്നു. ഉല്പന്നങ്ങൾക്ക് യഥാർത്ഥവില ലഭിക്കാത്തത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. പഞ്ചായത്തിന് കൊപ്രാ, റബ്ബർ, മറ്റു ഉല്പന്നങ്ങൾ എന്നിവയ്ക്കുള്ള സംഭരണശാലകൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നതിനും ഇന്നുള്ള സംവിധാനം സാധാരണക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഈ മേഖലയും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈയടക്കിവച്ചിരിക്കുന്നു. ഇത് വില വർദ്ധനയുണ്ടാക്കുന്നുവെന്ന് മാത്രമല്ല ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉപഭോക്താവിന് മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു. വൻകിട പരസ്യങ്ങൾമൂലം പ്രാദേശിക നിത്യോപയോഗ ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ കുറയുന്നു. മാർക്കറ്റ് നിയന്ത്രണം സ്വകാര്യ വ്യക്തികളും കമ്പനികളും കൈയ്യടക്കിയിരിക്കുന്നതായി കാണാം. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ പൊതു വിതരണ സംവിധാനം ഉണ്ടെങ്കിലും റേഷൻകടകളിലും മാവേലിസ്റ്റോറിൽ നിന്നും ആവശ്യമായ സാധനങ്ങൾ ലഭ്യമല്ല. സാധനങ്ങൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുന്ന അവസരത്തിൽ, പൊതുവിതരണ സ്ഥാപനങ്ങളെ ജനങ്ങൾ ധാരാളം പ്രയോജനപ്പെടുത്താറുണ്ട്. ആനാട് ചന്ത വിപുലപ്പെടുത്തണം. റോഡുവശങ്ങളിൽ പ്രവർത്തിക്കുന്ന ചന്തകൾക്കും നിയന്ത്രണം വേണം. ചന്തകളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് സൗകര്യമില്ല.

പ്രശ്നങ്ങൾ

1. വിപണന സൗകര്യം ഗ്രാമ പഞ്ചായത്തിൽ കുറവാണ്.
2. ക്രയവിക്രയത്തിനായി വളരെ ദൂരെ പോകേണ്ടിവരുന്നു.
3. കച്ചവട കേന്ദ്രങ്ങളിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തി സ്ഥാപനങ്ങളാണ്.
4. കടകളിലെ വിലനിയന്ത്രണത്തിന് സംവിധാനമില്ല.
5. സാധനവില ഇഷ്ടാനുസരണം കൂട്ടുന്ന പ്രവണതയുണ്ട്.
6. പൊതുവിതരണ മേഖല ശക്തമല്ല.

നിർദ്ദേശങ്ങൾ

1. ആനാട് ചന്ത പബ്ലിക് മാർക്കറ്റായി ഉയർത്തി പ്രവർത്തനം മെച്ചമാക്കണം.
2. വേങ്കവിള, മൂഴി ഇവിടങ്ങളിൽ പബ്ലിക്ക് മാർക്കറ്റ് തുടങ്ങുവാൻ വേണ്ട നടപടിരി സ്വീകരിക്കണം.
3. മാർക്കറ്റിംഗ് കോംപ്ലക്സിന്റെ കെട്ടിട നികുതി കാലാനുസൃതമായി പരിഷ്ക്കരിക്കുന്നത് നല്ലതാണ്
4. ആവശ്യസാധനങ്ങൾ ആവശ്യാനുസരണം വിതരണം ചെയ്യാൻ റേഷൻകട, മാവേലിസ്റ്റോർ എന്നീ പൊതുവിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.
5. പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കണം.

### അനുബന്ധം-1

അറ്റകുറ്റപണി ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ

1. താന്നിമൂട് -പച്ചക്കാട്-പറയൻകാവ്
2. ഉണ്ടപ്പാറ- കുപ്പപ്ലാങ്ങര മീൻമൂട്
3. ഇരിഞ്ചയം- കൈതക്കാട്
4. കാവുനട- വേങ്കാട്
5. താന്നിമുട്- ചന്ദ്രൻക്കുഴി- കാവുനട
6. പറണ്ടവിള- ഒറ്റക്കൊമ്പ്- തീർത്ഥംകര
7. താന്നിമൂട് - കണ്ണൻകോട്- തീർത്ഥംകര
8. ഉണ്ടപ്പാറ - തീർത്ഥംകര
9. തയ്ക്കാട്- അമ്പഴംകുറി
10. സിൽഫോം - കൂവകാട്
11. പറയൻകാവ്- കല്ലിയോട്
12. താന്നിമൂട് - തകരക്കുഴി- വേട്ടമ്പള്ളി
13. ഇടവട്ടം - മാവേലിക്കോണം
14. പ്ലാവറ- തിരിച്ചിറ്റൂർ- വേട്ടമ്പള്ളി
15. കുഴിവിള - തീർത്ഥംകര
16. മണ്ഡപത്തിൻ വിള- ബ്ലോക്ക്നട- പ്ലാവറ
17. നെയ്ത്താഫീസ് നട- കൊല്ലകോണം
18. നെയ്ത്താഫീസ്- കൊല്ലകോണം
19. വെള്ളരിക്കോണം - ഇര്യനാട്
20. തയ്ക്കാട്ടുനട - കൊല്ലങ്കാവ്
21. നഗരിക്കുന്നുമണ്ഡപത്തിൻവിള
22. വേങ്കവിള- കാളികോണം
23. ചാലച്ചേരി ചാരുമൂട്
24. കല്ലടിച്ചാൻ നട- പടിഞ്ഞാറ്റിൻനട

25. മണ്ഡപത്തിൻവിള -ആനക്കാരുവീട്ടുനടതടം
26. വേങ്കവിള -പുള്ളിക്കോട്ടുക്കോണം
27. രാമപുരം ups- പുള്ളിക്കോട്ടുക്കോണം
28. രാമപുരം ups നട - പ്ലാവിളനട
29. പശുവിളകോണം-പാറനട
30 മടത്തുവിള-പുതുകാവ്-വേങ്കവിള
31 വെള്ളരികോണം- ഇര്യനാട്
32. വെള്ളരികോണം -പാങ്കോട്
33 മുള്ളുവിള-കോല്ലങ്കാവ്
34 കോലിയക്കോട്- പാറയിൽനട
35 പത്രംകോട്- പാറയിൽനട
36. ലക്ഷംവീട്- വേട്ടംമ്പള്ളി തടം
37. കുണ്ടറക്കുഴി- ഇത്യനാട്
38. കുണ്ടറക്കുഴി- വേട്ടമ്പള്ളി
39. മരുതുംകോണം -ഇര്യനാട്
40. ഗാവേലിക്കോണം- മേലേകല്ലിയോട്
41. ചെറിയച്ചേല -കുണ്ടറക്കുഴി
42. മരുതുംമൂട് -ഊന്നുപാലം
43. കവിരാജപുരം- കൊല്ലടവഴി
44. ഊരാളികോണം- മൂഴി
45. മരുതുംമൂട് -ഇരപ്പ്
46. തച്ചിനകം ഇടവഴി
47. മൂഴിവിള- ചേല
48. ഗാവേലിക്കോണം- ചേല
49. പാലോട്ടുകോണം -ചേല
50. പന്നിയോട്ടുകോണം- മാംമൂട്
51. കല്ലിയോട് -ആരുംകോട്
52. മൂഴിമെത്തോട്തടം
53. കല്ലിയോട്വട്ടാത്തല
54. പാങ്കോട് മെത്തോട്
55. കല്ലിയോട് തച്ചിനകം
56. കല്ലിയോട്- കരിക്കുഴി
57. ഊന്നുപാലം- വടക്കേകോണം.
58. വടക്കേകോണം മാങ്കോട്ടുകോണം തടം
59. ഒരുപറകോണം തടം
60. ഊന്നുപാലംമെത്തോട്തടം
61. വടക്കേകോണം ത്യറുവേലിതടം
62. വടക്കേകോണം കിളിക്കേട് തടം
63. വടക്കേകോണം കാളനി റോഡ്
64. ഇര്യനാട് പഴയകിടങ്ങ് തടം
65. ഇര്യനാട് മണ്ണാറം കോണം ഇടവഴി
66. കൊല്ലാ കുളപ്പള്ളിതടം
67. പള്ളമുക്ക് കുരുവികോണം റോഡ്
68. ആയുർവേദ ആശുപത്രി പണ്ടാരകോണം വാർഡ്
69. പണ്ടാരകോണം ചന്ദ്രമംഗലം ഇടവഴി
70 .നാലുമുക്ക് കുമ്പാകോണം തടം
71. വടുവ്കോണം തടം
72. പാങ്കോട് കരിയറവിളാകം നാഗച്ചേരിതടം
73. ചന്ദ്രമംഗലം ലക്ഷംവീട് തടം
74. നാലുമുക്ക് ചന്ദ്രമംഗലം ആനാട് റോഡ്
75. ആനാട്പുല്ലേകോണം
76. നാഗച്ചേരിതത്തൻകോട് കോളനിറേഡ്
77. നാഗച്ചേരി കല്ലടകുന്ന് പരുത്തൻപാറ റോഡ്
78. ആനാട് മണ്ഡപം റോഡ്
79. വാഴോട്ടുകോണം കുളക്കിഏലാ റോഡ്
80. വാഴോട്ടുകോണം അങ്കാലി റോഡ്
81. കൊല്ലം വിളാകം കിഴക്കേ ഏലാ റോഡ്
82. പിച്ചാവീട്ടുതടം
83. പച്ചയിൽവീട്ടുനടമാത്തിൽചിറകുളവിയോട് റോഡ്
84. മാത്തിൽച്ചിറ തച്ചുകോണം മണിയൻകോട് റോഡ്
85. ആനാട് മുണ്ടുകോണം റോഡ്
86. മുണ്ടുകോണം ചെറുവേലിതടം
87. ചെറുവേലി മേക്കുകര പുനവുക്കുന്ന് തടം
88. വട്ടറത്തല കോമലൂർ തടം
89. മുണ്ടുകോണം ഊരാളികോണം തടം
90. വാഴവിള അഴണിയംകാവ് തടം
91. പുനവുകുന്ന് ചെറുവേലി ചുള്ളിമാനൂർ തടം
92. ടോൾജംഗ്ഷൻ ചെറുവേലി തടം
93. ആനാട് വടക്കേ ഏല മണിയൻകോട് കാളനി റോഡ്
94. ചുള്ളിമാനൂർ ആറാമ്പള്ളി വഞ്ചുവം തടം
95. ആറാമ്പള്ളി മണക്കോട്ടുമൂല റോഡ്
96. ചുള്ളമാനൂർ ആറാമ്പള്ളി നീറ്റാണി റോഡ്
97. കോൺവെന്റ്,നീറ്റാണി, പൂങ്കാവനം റോഡ്
98. വട്ടക്കരിക്കകം, താന്നമല, കാക്കോട്ടുകുഴി റോഡ്
99. ആറാമ്പള്ളി മഞ്ഞകോട്ട് മൂല റോഡ്
100. ടോൾജംഗ്ഷൻ കരിങ്കട റോഡ്
101. നീറ്റാണി മുക്കാൻ തോട് തടം
102. ഊഴക്കോട്ടുകോണം വടക്കേല
103. താഴ്ന്നമല നീറ്റാണി
104. ചുള്ളിമാനൂർ മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് തടം
105. മരുതുംമൂട് കുന്നത്തുമല വഴി ആറാമ്പള്ളി വഞ്ചുവം റോഡ്
106. പതിനെട്ടാം കല്ല് പാറാക്കുഴി റോഡ്
107. കുന്നമല തേവൻപാറ തടം
108. കിഴക്കോട്ടുമൂഴി വെള്ളൂർകോണം വാളംക്കുഴിതടം
109. ആർച്ച ജംഗ്ഷൻ തേറൂട് തടം
110. നാല്സെന്റ് കാളനി വെള്ളകൊട്ടുപാറതടം
111. ആയിരവല്ലി പാറ മുള്ളുവേങ്കമൂട് തടം
112. കുന്നത്തുമല റോഡ്
113. മാങ്കോട്ടുകോണം വെള്ളകെട്ടുപാറ റോഡ്
114. ശാസ്താപാറ കീഴ്ക്കോട്ട് മൂഴിതടം
115. കീഴ്ക്കോട്ട് മൂഴി, മണലയം, വെമ്പ്, വാളൻകുഴി റോഡ്
116. കല്ലുവിളവെമ്പ്, കൂപ്പുതടം

**ബസ് സർവ്വീസുള്ള പഞ്ചായത്തു റോഡുകൾ കടന്നു പോകുന്ന വാർഡുകൾ**

1.മൂഴിവേങ്കവിള റോഡ് 2,3,4,5
2.ആയുർവേദ ആശുപത്രി ജനവുകുന്ന് റോഡ്

3.ആനാട് നെട്ടൻകോണം റോഡ് 8
4.മുള്ളുവേങ്ങമൂട്. തേക്കുമൂട് റോഡ് 11

**പഞ്ചായത്ത് ടാർ ഇട്ട റോഡുകൾ**

1. മുഴിവേങ്കവിള റോഡിൽ നിളം ടാർഇട്ടു
2. ആയുർവേദ ആശുപത്രിപുനവൂർകുന്ന്-2 k.m(പൂർണ്ണമായും)
3. ആനാട് നെട്ടർകോണം റോഡ് - 500 മീ പൂർണ്ണം
4. മുള്ളുവേങ്ങമൂട് വെമ്പ് തേക്കുമൂട് റോഡ് - 1.500 k.m.
5. വഞ്ചുവം തേക്കുംമൂട് റോഡ് -1200 km
6. താന്നിമൂട് കണ്ണൻ കോട് റോഡ് -1 km (പൂർണ്ണം)
7. ഇരിഞ്ചയം കൈതക്കാട് റോഡ് -1 km

**പുതിയതായി ടാർ ചെയ്യേണ്ട റോഡുകൾ**

1. മൂഴിവേങ്കവിള റോഡിന്റെ ബാക്കി ഭാഗങ്ങൾ
2. വഞ്ചുവം തേക്കുംമൂട് റോഡിന്റെ ബാക്കിഭാഗം
3. പുള്ളിമാന്നൂട് - ചെറുവേലിതടം
4. ഇരിഞ്ചയം - കൈതക്കാട് നടം
5. താന്നിമൂട് - പച്ചക്കാട്
6. കല്ലിയോട് വട്ടത്തല ശക്തിപുരം റോഡ്
7. വെള്ളരിക്കോണം കൊല്ലംകാവ് റോഡ്
8. വേങ്കവിള കാളിക്കോണം കൊല്ലംകാവ് റോഡ്
9. പാങ്കോട് മെത്തോട് വട്ടത്തല റോഡ്
10. വേട്ടംമ്പള്ളി പറയൻകാവ് റോഡ്
11. പുള്ളിമാന്നൂർ ആറാമ്പള്ളി വഞ്ചുവം റോഡ്
12. പുനവൂകുന്ന് വാഴവിള അയണിയൻകാവ് റോഡ്
13. താന്നിമൂട് അകരക്കുഴി റോഡ്
14. പ്ലാവറ തിരുച്ചിറ്റൂർ വേട്ടമ്പള്ളി റോഡ്
15. വടക്കേലാഹവിതൻ റോഡ്

**ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശിക്കപ്പെട്ട ബാക്കി റോഡുകളും പുനരുദ്ധാരണപണി ചെയ്യേണ്ട റോഡുകളും**

അപകടകരമായിരിക്കുന്ന പാലങ്ങൾ ബലപ്പെടുത്തേണ്ടത്

1. ആനായിക്കോണം പാലം
2. പുന്നമൂട് നട പാലം എന്നിവ അപകടകരമായിരിക്കുന്നു. കെട്ടി ബലപ്പെടുത്താനുള്ള നടപടി സ്വീകരിക്കുക.
3. മണ്ണേന്നടയിൽ കിള്ളിയാറ്റിൽ ഒരു പാലം കെട്ടി കല്ലിയോട് മഠവേലിക്കോണം റോഡ് ഗതാഗതം നടപ്പിലാക്കുക.
4. തച്ചിനകത്തു ഒരു പാലം കെട്ടി തച്ചിനകം കല്ലിയോട് റോഡ് ഗതാഗതം പൂർത്തിയാക്കുക.
5. ആനാട് മുണ്ടൂർകോണം റോഡ് നന്നാക്കുക.
6. വട്ടത്തല ഏലയിൽ കലുങ്ങ് കെട്ടി പാങ്കോട് വട്ടത്തല റോഡിന്റെ ഗതാഗതം പൂർത്തിയാക്കുക.
7. പുള്ളിമാന്നൂർചെറുവേലിതടം റോഡാക്കുക.
8. കുളപ്പള്ളി റോഡിൽ കൊല്ലായെന്ന സ്ഥലത്ത് ഒരു കലുങ്ങ് കെട്ടി കുളപ്പള്ളി റോഡിന്റെ ഗതാഗതം പൂർത്തിയാക്കുക.
9. വേട്ടമ്പള്ളി തോട്ടിൽ ഒരു പാലം കെട്ടി തവലോട്ടുകോണം കുണ്ടറക്കുഴി റോഡിന്റെ ഗതാഗതം പൂർത്തിയാക്കുക. ആറാംപള്ളി മുക്കാൻ തോട്ടിൻപാലം കെട്ടുക.

***അനുബന്ധം II***

**വൈദ്യുതി എത്താത്ത സ്ഥലങ്ങളും സ്ട്രീറ്റ് ലൈറ്റു സ്ഥാപിക്കേണ്ട റോഡുകളും**

(a) ഇരിഞ്ചയം -മീൻമൂട്
b) മുക്ക് കട- പഴയചന്ത
c) ആനാട് -പുനവക്കുന്ന്
d) താന്നിമൂട്- പച്ചക്കാട്
e) തയ്ക്കാട്ടുനട- അമ്പഴം കുഴി
f) തയ്ക്കാട്ടുനട- പള്ളിമുക്ക്
g) വെള്ളരിക്കോണം- പാങ്കോട്
h) കുഴിവിള -താഴെക്കുന്നോൾ
i) പറയൻകാവ് -ഇളവട്ടം
j) തിരിച്ചിറ്റൂർ -താന്നിമൂട്
k) തിരിച്ചിറ്റൂർ -കൊടപ്പാറ
l) വേങ്കവിള- കാളിക്കോണം.
ആനാട് -പുനവക്കുന്ന്
ചെറുവേലി- പുനവക്കുന്ന്
അയണിയൻകാവ്- വട്ടത്തല
വീട്ടാണി- ആറാംപള്ളി
താഴെവിള- വാഴപ്പുണം. വട്ടത്തിക്കര
പാലോട് -വാഴപ്പുണം
പുള്ളിമാന്നൂർ -ആറാമ്പള്ളി
മരുതൂര് -പമ്പ്ഹൗസ്
നീറ്റാണി -മുക്കാംറോഡ്

കുന്നത്ത്. വേലംപാറ. സന്ദൈസ്കോളനി. പിലാവറിക്കര. മങ്കോട്. പച്ചമല. കുന്നക്കുഴി. പതിനെട്ടാംകല്ല്. പച്ചക്കാട്.തിര്ത്ഥക്കര. വേങ്കോട്, പുത്തൻകരിക്കകം. പുനവവിള, ചെറുക്കര ചാട്ടുപാറകോളനി. കണ്ണംകോട് കോളനി. പുതുക്കുഴി

j) കല്ലിച്ചൂഴ് വിളപ്പിലത്തറ്റിന്നട ലൈൻ
k) ചാലുമ്പാറയുമൂട് നടം
l) മ്ലാക്കുന്നട മണ്ഡപത്തിൽ വിളനട
m) ചെമ്പതാഴിക്ക് നട കൊല്ലംകോട് നട
n) വെള്ളരിക്കോണം പാങ്കോട് നടം
o) തയ്ക്കാട്ടുനട ലക്ഷം വീട് റോഡ്
p) കോലിയക്കോട് പറയിൽനട കൊല്ലംകാവ് വരെ
q) പുത്തൻകോട് നടം
മുള്ളവിളനടം
വെള്ളരിക്കോണം ഇരുമ്പാട്
ഇരുമ്പാട് കുണ്ടറക്കുഴി നടം
ഇരുമ്പാട് മരുതുംകോണം നടം
കുണ്ടറക്കുഴി വേട്ടമ്പള്ളിനടം
തവലോട്ടുകോണം ഹരിജൻകോളനി
കൊല്ല തെക്കേക്കര ലൈൻ
ഉഴമലിക്കോണം മുഴിനട
പാലോട്ടുകോണം വേട്ടമ്പള്ളിനടം
കല്ലിയോട് വട്ടത്തലറോഡ്
പാങ്കോട് മെത്തോട്ട് വട്ടത്തല റോഡ്
കല്ലിയോട്ട് ഇളവട്ടം ലൈൻ
കല്ലിയോട്ട് ഒരുപാറക്കോണം
മുഴി മെത്തോട്ട് നടം
കൊല്ല കൊളപ്പള്ളിലൈൻ
സന്ദൈക്കശക്തിപുരം പുനവക്കുന്ന് റോഡ്
മെത്തോട്ട് ഏണിയോട്ടുകോണം, ചണ്ടാരകോണം പുന്നമല. ലക്ഷം വീട്
ചെറുവേലി തേക്കുംകര ലൈൻ
ചെറുവേലി പാണയം ലൈൻ
ചെറുവേലി മുണ്ടൂർകോണം ലൈൻ
മുണ്ടൂർകോണം വലിയവിള ലൈൻ
ശക്തിപുരം വട്ടത്തല ലൈൻ
ആനാട്ട് മുണ്ടൂർകോണം ലൈൻ

ട്രാൻസ്ഫോമർ സ്ഥാപിക്കേണ്ട സ്ഥലം
1) ലക്ഷം വീട് വെള്ളരിക്കോണം
2) പതിനെട്ടാംകല്ല്
3) കുപ്പ്
4) പുള്ളിമാന്നൂർ ജംഗ്ഷൻ
5) വേങ്കവിള- തയ്ക്കാട്ടു നട
6) ആനാട് പുനവക്കുന്നു

# ഭവനനിർമ്മാണം

# സാമൂഹ്യക്ഷേമം

ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടെ അളവുകോൽ അവിടത്തെ ജനങ്ങളുടെ ജീവിത നിലവാരമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജനജീവിതം മെച്ചപ്പെടുത്താൻ നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. കാല-ദേശ- പരിതസ്ഥിതികൾ കണക്കിലെടുക്കാതെ പദ്ധതികളാവിഷ്ക്കരിക്കുകയും യാന്ത്രികമായി അവ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്തതു വഴി ഈ പദ്ധതികളിൽ ഏറിയപങ്കും യഥാർത്ഥ ഗുണഭോക്താവിന് അപ്രാപ്യമായിത്തീർന്നു. ക്ഷേമ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ കോടിക്കണക്കിന് തുക വിവിധ തലങ്ങളിൽ ചോർന്നു പോയതിന്റെ ഫലമായി പല പദ്ധതികളും കടലാസ് പദ്ധതിമാത്രമായി.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യം തന്നെ പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു. ഉത്പാദന ക്ഷമമല്ലാത്ത ധനവിനിയോഗമെന്ന കമ്പോളസംസ്ക്കാരവിശകലനം ഇക്കാര്യത്തിലുണ്ടായിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനവും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും ഓജസ്സുള്ള ഒരു സമൂഹം സൃഷ്ടിക്കുള്ള അവശ്യോപാധികളാണെന്ന യാഥാർത്ഥ്യം അംഗീകരിക്കാത്തതാണ് ഈ ധാരണാപ്പിശകിനു നിദാനം.

രാജ്യത്തു പൊതുവെ ഇക്കാര്യത്തിലുണ്ടായ അപചയത്തിന്റെ പ്രതിഫലനം നമ്മുടെ പഞ്ചായത്തിലും കാണാൻ കഴിയും. പട്ടണത്തോടു ചേർന്നു കിടക്കുന്ന നമ്മുടെ ഗ്രാമം നാഗരികതയിലേയ്ക്കുള്ള വളർച്ചയുടെ ഭാഗമായി ആധുനിക ജീവിത സാഹചര്യങ്ങൾ കരുപ്പിടിപ്പിക്കാനുള്ള വ്യഗ്രത യിലാണ്. ഇവിടെ വൻകിടക്കാരെന്നു പറയാൻ ആരുമില്ല. ഇടത്തരക്കാർ ഈ പരിവർത്തനത്തിലെ ഭാഗഭാക്കുകളാകാൻ ഞെങ്ങി ഞെരുങ്ങി ദുരിതം പേറുന്നു. ക്രയശേഷി തീരെയില്ലാത്ത മഹാ ഭൂരിപക്ഷം ഈ പ്രക്രിയയിൽ വെറും കാഴ്ചക്കാർ മാത്രമാണ്.

നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ഗുണഭോക്താക്കൾ യഥാവസരം അറിയുന്നില്ല. തൊഴിലില്ലായ്മ വേതനം പോലെ അഭ്യസ്ത വിദ്യർക്കുള്ള ക്ഷേമ പദ്ധതിയിൽ പോലും അർഹരായ മുഴുവൻ പേരും അപേക്ഷകരായിട്ടില്ല. ഏഴു വർഷം പിന്നിട്ട അപേക്ഷകൾ ഇനിയും തീർപ്പുകല്പിക്കാതെ അവശേഷിക്കുന്നു.

1991-96 കാലഘട്ടത്തിൽ ഈ പദ്ധതി മരവിപ്പിച്ചതിന്റെ ഫലമായി ബഹുഭൂരിപക്ഷം അപേക്ഷകർക്കും ആനുകൂല്യം ലഭിച്ചില്ല.

വിവധ അവശ ജനവിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങളുടെ കാര്യവും വ്യത്യസ്തമല്ല. ഭരണരംഗത്തെ ചുവപ്പുനാടയും ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ അധികാരി വർഗ്ഗത്തിന്റെ ഇച്ഛാശക്തി ഇല്ലായ്മയുമെല്ലാം ഇതിനു കാരണമാണ്.

ഒരു കാലത്ത് അധഃസ്ഥിതവിഭാഗത്തിന്റെ ഉപജീവനമാർഗ്ഗമായിരുന്നു കാർഷികവൃത്തി. ഭക്ഷ്യവിളകളുടെ സ്ഥാനം നാണ്യവിളകൾ കൈയടക്കുകയും പാടശേഖരങ്ങൾ പാർപ്പിടഭൂമിയായി പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തതോടെ ഈ മേഖലയിൽ തൊഴിലില്ലായ്മ രൂക്ഷമായി. പ്രത്യേകിച്ചും സ്ത്രീകളുടെ. കൈത്തൊഴിലുകളും ചെറുകിട വ്യവസായങ്ങളും പ്രായേണ കുറവായ നമ്മുടെ ഗ്രാമത്തിൽ ആ രംഗത്തും തൊഴിൽ സാദ്ധ്യത വിരളമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതികൾ പൂർണ്ണമായി പ്രയോഗത്തിൽ വരാത്തതിന്റെ ഫലമായി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും രൂക്ഷമായി. നാനാമേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുകയാണ് സാമൂഹ്യപുരോഗതിക്ക് അടിയന്തിരമായി നമ്മുടെ മുമ്പിലുള്ള കടമ.

ആതുര ശുശ്രൂഷാരംഗത്തും സ്ഥിതി മെച്ചമല്ല. കുട്ടികളുടേയും അമ്മമാരുടേയും ആരോഗ്യ പരിപാലനത്തിന് വേണ്ടി സ്ഥാപിതമായിട്ടുള്ള അംഗൻവാടികൾ അപര്യാപ്തമാണെന്നു മാത്രമല്ല അവയും രോഗഗ്രസ്തമായ അവസ്ഥയിലാണ്.

ഭവനനിർമ്മാണരംഗത്ത് പാർപ്പിടഭൂമിയുടെ ദൗർലഭ്യവും ആധുനികതയുടെ പേരിലുള്ള ആഢംബരഭ്രമവും മൂലം നെൽവയലുകളിൽ കോൺക്രീറ്റ് സൗധങ്ങൾ ഉയരുന്നു. നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റവും സാമ്പത്തിക ബുദ്ധിമുട്ടുകളും കൊണ്ട് പഴയ കെട്ടിടങ്ങളുടെ നവീകരണം സാധ്യമാകുന്നില്ല. ആണ്ടുതോറും കെട്ടിമേയാനുള്ള ഓലയുടെ കുറവും വിലക്കയറ്റവും കാരണം ചെറ്റക്കുടിലുകൾ ചോർന്ന് ഒലിക്കുന്നു.

കാലാവസ്ഥയുടെ താളപ്പിഴകൾ കൊണ്ട് വേനൽക്കാലം നീണ്ടുപോയാൽ കുടിവെള്ളത്തിന്റെ കാര്യത്തിലും നമ്മുടെ ഗ്രാമം ദരിദ്രമാണ്. ആരോഗ്യ സംരക്ഷണത്തിനു അനുപേക്ഷണീയമായ സാനിട്ടറി- കക്കൂസുകളുടെ എണ്ണം ആവശ്യവുമായി പൊരുത്തപ്പെടുന്നില്ല.

ഈ പരിതസ്ഥിതിയിലാണ് സാമൂഹ്യക്ഷേമ ഭവന നിർമ്മാണ രംഗങ്ങളിൽ നാം

അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളെയും പരിശോധിക്കേണ്ടത്.

ഭവനനിർമ്മാണം

പ്രശ്നങ്ങൾ

1. വീടുവയ്ക്കാൻ ഭൂമി സ്വന്തമായില്ലാത്ത അവസ്ഥ
2. സാമ്പത്തിക ബുദ്ധിമുട്ടുകളും വായ്പ ലഭിക്കാനുള്ള പ്രയാസങ്ങളും
3. കെട്ടിടനിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അമിതമായ വില നിലവാരവും
4. നിർമ്മാണതൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാത്തസ്ഥിതി
5. വർദ്ധിച്ച കൂലി നിരക്ക്
6. മേച്ചിൽ സാധനങ്ങളുടെ വിലവർദ്ധനവ് മൂലം ഉണ്ടാകുന്ന വർദ്ധിച്ച ആവർത്തനചിലവ്
7. ഗൾഫ് സ്വാധീനം മൂലമുള്ള ആഡംബരഭ്രമം.
8. കോളനികളിൽ പശ്ചാത്തലസൗകര്യമില്ലാത്ത അവസ്ഥ
9. മതിലുകളുടെ ആധിക്യം

സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണസംഘം പ്രവർത്തനമാരംഭിക്കുക.
2. മിതവ്യയഭവന നിർമ്മാണത്തിനു വിദഗ്ദ പരിശീലനം നൽകുക. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ശാഖ പഞ്ചായത്തിൽ തുറക്കുക.
3. മരത്തിന്റെ ദൗർലഭ്യം പരിഹരിക്കാൻ സിമന്റ് ഉപകരണങ്ങൾ ഉപയോഗിക്കുക. അവയുടെ നിർമ്മാണത്തിനു പരിശീലനം നൽകി, വ്യവസായാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനുള്ള ഒരു കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.
4. മേൽപറഞ്ഞ ആവശ്യത്തിലേക്കുള്ള വിഭവ സമാഹരണത്തിന് പഞ്ചായത്തിൽ നിന്നും വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ സഹായം പ്രയോജനപ്പെടുത്തുക.
5. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് സൗജന്യമായി നൽകുക.
6. വായ്പാവ്യവസ്ഥകൾ ഉദാരമാക്കുക.
7. കോളനികളിലെ വീടുകൾ നവീകരിക്കാൻ സന്നദ്ധസംഘടകളുടെ സഹായവും ജനപങ്കാളിത്തവും ഉപയോഗപ്പെടുത്തുക.
8. വികസനബ്ലോക്കുകളും, ധനകാര്യസ്ഥാപനങ്ങലും നൽകുന്ന ഭവനനിർമ്മാണ വായ്പകളും ധനസഹായങ്ങളും കൂടുതൽ ആളുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.
9. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഭവന നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകുക.
10. പഴക്കമുള്ള വീടുകൾ നവീകരിക്കാനും, ആവർത്തനചിലവുകൾ കുറക്കത്തക്കവണ്ണം മേല്ക്കൂര പുതുക്കിപണിയാനും സഹായം നൽകുക.
11. വിവിധ വായ്പാപദ്ധതികളെയും ഭവനനിർമ്മാണരംഗത്തെ ആധുനിക സംവിധാനങ്ങളെയും കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുക.
12. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താനുള്ള പഞ്ചായത്ത്തല പരിശീലനം സംഘടിപ്പിക്കുക.
13. കെട്ടിടം മെയിന്റനൻസിനുവേണ്ടിയുള്ള സർവീസ് സംഘങ്ങൾ രൂപീകരിക്കുക.
14. പതിനൊന്ന് വാർഡിലുകളിലുമായി പ്രതിവർഷം ഇരുന്നൂറ് വീടുകൾ എന്ന കണക്കിൽ നിർമ്മിച്ച് ഒമ്പതാം പദ്ധതി അവസാനിക്കുമ്പോൾ പഞ്ചായത്തിലെ പാർപ്പിടപ്രശ്നത്തിന് പൂർണ്ണപരിഹാരം കണ്ടെത്താനുള്ള സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.
15. ലക്ഷംവീട് കോളനികളിലെയും മറ്റ് കോളനികളിലെയും വീടുകൾ സമയബന്ധിത പദ്ധതി അനുസരിച്ച് നവീകരിച്ച് നൽകുക.
16. നിർമ്മാണസാമഗ്രികൾ കുറഞ്ഞ ചിലവിൽ ലഭ്യമാകുന്ന തരത്തിൽ ഒരു സഹകരണസംഘം രൂപീകരിക്കുക.

സാമൂഹ്യക്ഷേമം

പ്രശ്നങ്ങൾ

1. IRDP ഗുണഭോക്താക്കളുടെ സംഖ്യ വളരെ കുറവാണ്.
2. അർഹതയുള്ള മുഴുവൻ ആളുകൾക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
3. സാമ്പത്തിക സഹായവും വായ്പയും ലഭിക്കാൻ കാലവിളംബരം അനുഭവപ്പെടുന്നു.
4. ദരിദ്രവിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ തുഛം
5. ദരിദ്രയുവതികളുടെ വിവാഹം നടത്തിപ്പ് പ്രയാസകരമാണ്.
6. ദരിദ്രകുടുംബങ്ങൾക്ക് ദക്ഷത കൂടിയ അടുപ്പ്, പാചകഗ്യാസ്, പ്രഷർകുക്കർ എന്നിവ വാങ്ങി ഉപയോഗിക്കാൻ സാധിക്കുന്നില്ല.
7. റേഷൻഷോപ്പുകളിലൂടെ വിതരണം ചെയ്തുവരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ കുറവാണ്. പലപ്പോഴും പഴകിയ സാധനങ്ങളാണ് ലഭിക്കുന്നത്.
8. ന്യായവിലക്ക് നിത്യോപയോഗ സാധനങ്ങൾ എല്ലായിടത്തും ലഭിക്കുന്നില്ല.
9. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം കാര്യക്ഷമമല്ല.
10. സാമൂഹ്യക്ഷേമ രംഗത്തെ വിവിധ

ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾ യഥാവസരം അറിയുന്നില്ല.

11. പെൻഷൻ ലഭിക്കാനുള്ള വാർഷിക വരുമാനപരിധി വളരെ താഴ്ന്നതാണ്.

12. അനുവദിച്ച പെൻഷനുകൾ കൃത്യസമയത്തു ലഭിക്കുന്നില്ല.

13. അംഗനവാടികളുടെ പ്രവർത്തനം ശോചനീയമാണ്. അതുവഴി വിതരണം ചെയ്യപ്പെടുന്ന പോഷകാഹാരം പലപ്പോഴും ഗുണമേന്മ ഇല്ലാത്തതാണ്. കൃത്യമായി വിതരണം നടക്കുന്നില്ല.

14. അംഗൻവാടികളുടെ കെട്ടിടഗ്രാന്റ് പര്യാപ്തമല്ല.

15. തൊഴിൽ സാദ്ധ്യതയുടെ അഭാവം ലഭ്യമായ മനുഷ്യ വിഭവശേഷി ഉപയോഗയോഗ്യമാക്കുന്നതിനു തടസ്സമാകുന്നു.

സാദ്ധ്യതകൾ

1. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ നടത്തണം. ഗ്രാമസഭകളിലും മറ്റും നൽകുന്ന അറിയിപ്പുകൾക്കു പുറമെ, പഞ്ചായത്തിന്റെ ചുമതലയിൽ പ്രധാന കേന്ദ്രങ്ങളിൽ ചുമർപത്രങ്ങൾ വഴി പ്രചാരണം കൊടുക്കണം.

2. ഗുണഭോക്താക്കളെ നിശ്ചയിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനായിരിക്കണം.

3. കാലാകാലങ്ങളിൽ IRDP സർവ്വ നടത്തെ ലിസ്റ്റ് നവീകരിക്കണം.

4. IRDP ലിസ്റ്റിൽപെടുന്നവർക്ക് കാർഷിക വൃത്തിയിൽ ഏർപ്പെടുന്നതിന് കുറഞ്ഞത് അമ്പത് സെന്റ് ഭൂമിയെങ്കിലും ലഭ്യമാക്കണം.

5. IRDP ലിസ്റ്റിലുള്ള കുടുംബങ്ങളിൽ ഒരു വനിതക്കെങ്കിലും തൊഴിൽ ഉറപ്പുവരുത്തണം.

6. വിധവകൾ, വികലാംഗർ, കർഷകതൊഴിലാളികൾ, വൃദ്ധർ, വിവിധതൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർതുടങ്ങിപെൻഷൻ ലഭിക്കാനർഹതയുള്ളവരുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് ആനുകൂല്യങ്ങൾക്കുള്ള അർഹത നിശ്ചയിക്കണം.

7. ട്രൈസം പദ്ധതിപ്രകാരം കാലോചിതമായ തൊഴിൽ പരിശീലനം വിപുലപ്പെടുത്തണം.

8. എല്ലാവിധ സാമൂഹ്യക്ഷേമ പെൻഷനുകളും യഥാവസരം ലഭിക്കുമെന്നു ഉറപ്പു വരുത്തണം, പെനുഷന് കുറഞ്ഞത്20% എങ്കിലും വാർഷിക വർദ്ധനവ് അനുവദിക്കണം.

9. അംഗൻവാടികളുടെ എണ്ണം കൂട്ടുകയും അതുവഴി വിതരണം ചെയ്യുന്ന പോഷകാഹാരങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യണം. പഞ്ചായത്തുവക സ്ഥലങ്ങൾ അംഗൻവാടികെട്ടിട നിർമ്മാണത്തിന് അനുവദിക്കണം.

10. D.W.C.R.A,പ്രൊഡക്ഷൻ ഗ്രൂപ്പ്, ത്രിഫ്റ്റ് ആന്റ് ക്രെഡിറ്റ് ഗ്രൂപ്പ് തുടങ്ങി വികസന ബ്ലോക്കു വഴി ലഭിക്കുന്ന തൊഴിലവസരം പരമാവധി വർദ്ധിപ്പിച്ച് അർഹരായവർക്ക് പ്രയോജന പ്രദമാക്കണം.

11. ഭവനനിർമ്മാണ രംഗത്ത് ആധുനിക നിർമ്മാണ വസ്തുക്കൾ (ഹോളോ ബ്രിക്സ്, കട്ടിള, ജനൽ തുടങ്ങിയവ) സിമന്റിൽ നിർമ്മിക്കാനുള്ള പരിശീലനം നൽകുകയും, അപ്രകാരം പരിശീലനം ലഭിച്ചവർക്ക് സ്വയംതൊഴിൽ എന്ന നിലയിൽ സഹകരണാടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വായ്പ ലഭ്യമാക്കുകയും ചെയ്യുക.

12. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം.

13. ദരിദ്ര വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും സൗജന്യമായി വിതരണം ചെയ്യണം. അർഹരായവർക്ക് സ്കോളർഷിപ്പുകൾ നൽകണം. ഇതിന് സന്നദ്ധസംഘടനകളിടേയും സഹകരണ സ്ഥാപനങ്ങളുടേയും സേവനം പ്രയോജനപ്പെടുത്താം

14. ദരിദ്രകുടുംബങ്ങൾക്ക് ദക്ഷത കൂടിയ അടുപ്പ്, പ്രഷർകുക്കർ തുടങ്ങിയവ സൗജന്യനിരക്കിൽ ലഭ്യമാക്കണം.

15. ദരിദ്ര യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകണം.

16. റേഷൻഷോപ്പുവഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മയും അളവുകളുടേയും തൂക്കങ്ങളുടെ കൃത്യതയും പഞ്ചായത്തിന്റെ നിരീക്ഷണത്തിനും പരിശോധനയ്ക്കും വിധേയമായിരിക്കണം.

17. പൊതുവിതരണ ശൃംഖലയിൽ മാവേലി സ്റ്റോറുകൾ വാർഡടിസ്ഥനത്തിൽ സ്ഥാപിക്കണം. പച്ചക്കറികളുടെ സംഭരണവും വിതരണവും മാവേലിസ്റ്റോറുകൾ വഴി നടത്തണം.

18. മണ്ണെണ്ണ പെർമിറ്റുകൾ പഞ്ചായത്തു മുഖേനവിതരണം ചെയ്യണം.

19. സാമൂഹ്യസേവന രംഗത്ത് സന്നദ്ധ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം.

20. മികച്ചസേവനം നൽകുന്ന വ്യക്തികളേയും സ്ഥാപനങ്ങളേയും അവാർഡുകൾ നൽകി ആദരിക്കണം.

21. അന്ധ ബധിരമൂകർക്ക് പുനരധിവാസവും, തൊഴിൽ സാധ്യതകളും ഉറപ്പുവരുത്തണം.

22. വികലാംഗ സംരക്ഷണ ഭവനം സ്ഥാപിക്കണം.

23. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി ബ്ലോക്കടിസ്ഥാനത്തിൽ പഠനകേന്ദ്രം സ്ഥാപിക്കണം.

24. വികലാംഗങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം വിപുലവും ഉദാരവുമാക്കുക.

25. വാഹനഉടമകളായ വികലാംഗങ്ങൾക്ക് പെട്രോൾ സബ്സിഡി ഏർപ്പെടുത്തുക.

26. വാർദ്ധക്യകാല പെൻഷൻ നിബന്ധനകളിൽ മാറ്റം വരുത്തണം.

27. അഗതിമന്ദിരം സ്ഥാപിക്കണം.ബൂത്തിലെ ചെലവിനായി സന്നദ്ധ സംഘടനകളുടേയും വിദേശ ഇന്ത്യാക്കാരുടേയും സഹായം ഉറപ്പാക്കണം. വിവിധക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ വാർഡ് സമിതികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കണം.

ആനാട് ഗ്രാമപഞ്ചായത്ത്

...വാടികളിൽ നിന്നും ശേഖരിച്ച വിവരം

1.പഞ്ചായത്തിലെ ആകെ ജനസംഖ്യ 27367

## ആനാട് ഗ്രാമപഞ്ചായത്ത് പട്ടിക - I

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പി.ടി. | | | | പോളിയോ | | | | ഡി.ടി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിനു താഴെ | 161 | 205 | 260 | 238 | | 205 | 260 | 238 | | | | | | 206 |
| 1-3 വയസ്സിനു താഴെ | | | | | 262 | | | | 262 | | | | | |
| 3-6 വയസ്സിനു താഴെ | | | | | | | | | | 132 | | | 516 | |

### ടെറ്റനസ് ടോക്സോയ്ഡ് (TT) പട്ടിക - 2

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 112 | + | 169 |

അയൺ/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 425

അയൺ/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 461

വിറ്റാമിൻ എ ലായനി കൊടുത്ത കുട്ടികളുടെ എണ്ണം

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 3102

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 294

## ആനാട് ഗ്രാമപഞ്ചായത്ത് പട്ടിക I

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി.സി. ജി | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മിസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിന് താഴെ | 161 | 205 | 260 | 238 | | 205 | 260 | 238 | | | | | | 206 |
| 1-3വയസ്സിന് താഴെ | | | | | 262 | | | | | | | | | 262 |
| 3-6വയസ്സിനു താഴെ | | | | | | | | | | 132 | | | 516 | |

## പട്ടിക II ടെറ്റനസ് ടോക്സോയ്സ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 112 | + | 169 |

ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 425

ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 461

വിറ്റാമിൻ എ തുള്ളി മരുന്നു ലഭിച്ച കുട്ടികളുടെ എണ്ണം 3102

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 294

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം

# പട്ടിക 3

## ആനാട് ഗ്രാമപഞ്ചായത്ത്

## ബാലവാടികളിൽ നിന്നും ശേഖരിച്ച വിവരം

| | | |
|---|---|---|
| (a)<br>1. പഞ്ചായത്തിലെ ആകെ ജനസംഖ്യ 27367 | (b)<br>പുരുഷൻമാർ 13364 | (c)<br>സ്ത്രീകൾ 14003 |
| (a)<br>2. പട്ടികജാതി ജനസംഖ്യ 2304 | (b)<br>പട്ടികവർഗ്ഗ ജനസംഖ്യ | -7 |

3. അംഗൻവാടികളുടെ എണ്ണം ഇല്ല

| | | | | |
|---|---|---|---|---|
| 4. കുട്ടികൾ | (a)<br>ഒരുവയസ്സിൽ താഴെ<br>170 | (b)<br>1-2 വയസ്സുവരെ | (c)<br>2-3 വയസ്സുവരെ | (d)<br>3-5വയസ്സുവരെ<br>2630 |

| | |
|---|---|
| (a)<br>5. ആകെ ഗർഭിണികൾ 228 | (b)<br>പ്രത്യേക പരിചരണം<br>ആവശ്യമുള്ള ഗർഭിണികൾ 40 |

6. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം (6മാസംവരെ പ്രായമുള്ള കുട്ടികളുള്ള) 3659

| | |
|---|---|
| (a)<br>7. കഴിഞ്ഞ വർഷത്തെ<br>ആകെ ജനനങ്ങൾ 170 | (b)<br>ചാപിള്ള ജനനങ്ങൾ - |

| | | | |
|---|---|---|---|
| 8. 95-96ൽ മരിച്ച<br>കുട്ടികളുടെ എണ്ണം | (a)<br>ഒരു വയസ്സിൽ താഴെ<br>പ്രായത്തിൽ<br>1 | (b)<br>1-3 വയസ്സുവരെ | (c)<br>3-6വയസ്സുവരെ<br>1 |

| | |
|---|---|
| (a)<br>9. ഗർഭസംബന്ധമായ അസുഖങ്ങളാൽ<br>മരിച്ച സ്ത്രീകളുടെ എണ്ണം 1 | (b)<br>മറ്റുമരണങ്ങളുടെ എണ്ണം - |

10. (a) അനുപൂരകപോഷകാഹാരംലഭിക്കുന്ന കുട്ടികളുടെ എണ്ണം - 165
    (b) അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ - 25
    (c) അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം - 30

## പട്ടി 4 ആനാട് ഗ്രാമപഞ്ചായത്ത്

### വീടുകൾ - വിശദാംശങ്ങൾ - വാർഡുതലത്തിൽ

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| മൊത്തം വീടുകൾ | 507 | 478 | 518 | 430 | 420 | 546 | 494 | 985 | 550 | 551 | 664 | 6143 |
| ടെറസ്സ് | 32 | 32 | 117 | 39 | 43 | 46 | 82 | 90 | 70 | 114 | 95 | 758 |
| ഓട് | 117 | 170 | 243 | 210 | 130 | 243 | 228 | 361 | 255 | 252 | 250 | 2439 |
| ഓല | 269 | 219 | 148 | 116 | 198 | 207 | 146 | 508 | 175 | 77 | 291 | 2354 |
| കുടിൽ | 89 | 57 | 10 | 65 | 49 | 50 | 38 | 26 | 50 | 108 | 28 | 570 |
| വൈദ്യുതീകരിച്ചത് | 242 | 181 | 386 | 199 | 258 | 229 | 327 | 502 | 263 | 362 | 296 | 3245 |
| കക്കൂസുള്ളത് | 239 | 222 | 457 | 242 | 348 | 408 | 363 | 635 | 386 | 371 | 360 | 4031 |

(അവലംബം:വാർഡുകളിൽ നിന്നുള്ള വിവരശേഖരണം)

പട്ടിക 5

## ആനാട് ഗ്രാമപഞ്ചായത്ത്

## നഴ്സറി സ്ക്കൂളുകളും ബാലവാടികളും

| വാർഡ് | നഴ്സറിസ്ക്കൂൾ | കുട്ടികളുടെ എണ്ണം | ബാലവാടി | കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| I | | | കൈതക്കാട് മഹിളാസമാജം ഫീഡിംഗ് സെന്റർ | |
| II | ദേശാഭിമാനി നഴ്സറിസ്ക്കൂൾ താന്നിമൂട് | 25 | വിജ്ഞാനവർദ്ധിനി ബാലവാടി വേട്ടമ്പള്ളി<br>സ്വദേശാഭിമാനി ബാലവാടി പറയങ്കാവ് | 30<br>30 |
| III | നർമ്മദ നഴ്സറിസ്ക്കൂൾ വേങ്കവിള<br>NSS നഴ്സറിസ്ക്കൂൾ വേങ്കവിള | 60<br>25 | പ്രിയദർശിനി ഫീഡിംഗ്സെന്റർ (Near) NES ബ്ലോക്ക് | |
| IV | ഹരിശ്രീ നഴ്സറിസ്ക്കൂൾ വെള്ളരിക്കോണം | 26 | ദേശാഭിമാനി ബാലവാടി വെള്ളരിക്കോണം | 25 |
| V | രേവതി ഇംഗ്ലീഷ് മീഡിയം നഴ്സറിസ്ക്കൂൾ | | - | |
| VI | VRVM നഴ്സറി സ്ക്കൂൾ മുഴി<br>പാങ്കോട് നഴ്സറി സ്ക്കൂൾ പാങ്കോട് | | ബാലവാടി & നഴ്സറിസ്ക്കൂൾ വടക്കേക്കോണം | |
| VII | VRVM നഴ്സറിസ്ക്കൂൾ, ആനാട് | | - | |
| VIII | | | കസ്തൂർബാബാലവാടി & നഴ്സറിസ്ക്കൂൾ | |
| IX | ഫീനിക്സ് നഴ്സറി സ്ക്കൂൾ ചുള്ളിമാനൂർ | | - | |
| X | വിമലഹൃദയ ചുള്ളിമാനൂർ | | - | |
| XI | പീപ്പിൾസ് ലൈബ്രറി നഴ്സറിസ്ക്കൂൾ മണ്ടൂർക്കോണം | 60 | കൈരളി വനിതാസമാജം ബാലവാടി വളകുഴി | 25 |

## പട്ടിക 6

## D.W.C.R.A പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|
| Food Prossessing Unit | 1992-93 | 10 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു. |
| Hollow Bricks | 1993-94 | 12 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു. |
| Book Bianding | 1994-95 | 10 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു. |
| Food -Prossessing Unit | 1994-95 | 10 | നല്ലരീതിയിൽ പ്രവർത്തിക്കുന്നു. |

## ആനാട് ഗ്രാമപഞ്ചായത്ത്

## പെൻഷനുകൾ - ധനസഹായം സംബന്ധിച്ച വിവരങ്ങൾ

## പട്ടിക -7

| വിധവ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗ പെൻഷൻ | ക്യാൻസർരോഗ പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം | പ്രസവകാല ആനുകൂല്യം |
|---|---|---|---|---|---|---|
| 161 | 50 | 01 | 12 | - | 280 | 43 |

## I.R.D.P സർവ്വേ പ്രകാരം
## ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരുടെ വിവരങ്ങൾ
## പട്ടിക 8

| സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | ഇതിൽ SC-ST കുടുംബം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചത് | ഇതിൽ SC-ST കുടുംബം | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ള കുടുംബം | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളകുടുംബങ്ങൾ കുടുംബങ്ങൾ സഹായം ലഭിച്ചവരുൾപ്പെടെ |
|---|---|---|---|---|---|
| 3285 | 271 | 289 | 162 | 215 | 3070 |

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.
## പട്ടിക 9

| പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| Low Cost Building Maintenance | 12 | 12 |
| Book Bianding | 7 | 7 |
| Food Prossessing | 12 | 12 |

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

## പട്ടിക 10

| വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തികരിച്ച വീടുകൾ | അന്ന് പൂർത്തികരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|
| 841 | 80 | 61 | 19 | 770 |

പഞ്ചായത്തിലെ ഭവനരഹിതർ
പഞ്ചായത്തിലെ 11വാർഡുകളിലായി 841 കുടുംബങ്ങൾ

(അവലംബം: IRDP സർവ്വേ)

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈതൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|
| 301 | 28 | 273 | കിട്ടിയവർ നന്നായി പരിപാലിച്ചു പോരുന്നു. |

# സംസ്കാരം

മാനവരാശിയുടെ ആരംഭം മുതൽ ഇന്നോളം ഒരോ ഘട്ടത്തിലും അഭിമുഖീകരിക്കേണ്ടിവന്ന രാഷ്ട്രീയസാമൂഹിക-സാമ്പത്തിക മേഖലകളുടെ പ്രവർത്തനങ്ങളിൽ നിന്ന് ഉരിത്തിരിഞ്ഞുവരുന്ന ചരിത്രസത്തയാണ് സംസ്ക്കാരം. ആ നിലയിൽ വിഭിന്ന വിഭാഗങ്ങളുടെ വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങളും വിശ്വാസപ്രമാണങ്ങളും ജീവിത വീക്ഷണങ്ങളും ഇടകലർന്നും പ്രതിപ്രവർത്തിച്ചും രൂപപ്പെട്ട ഒരു ചരിത്രാധിഷ്ഠിത സംസ്കാരം കേരളത്തിനുണ്ട്. നമ്മുടെ ഗ്രാമത്തിന്റെ സാംസ്കാരിക പൈതൃകം പരിശോധിച്ചാൽ ഉല്പാദനോപകരണങ്ങളുടെ അധിപൻമാർതന്നെയാണ് അതാത് കാലങ്ങളിലെ സാംസ്കാരിക നേതൃത്വം കൈയടക്കി വച്ചരിക്കുന്നത് എന്ന് കാണാം കാണാം.

ഒരു കാലഘട്ടത്തിൽ അദ്ധ്വാനിക്കുന്നവന്റെ വിനോദോപാധിയായിരുന്ന സാമൂഹ്യ കലപോലും പിൽക്കാലത്ത് അധീശവർഗ്ഗത്തിന്റെ ആസ്വാദനോപാധികളായി മാറിക്കഴിഞ്ഞിരുന്നു. പഴയകാലത്തെ സാംസ്കാരിക കേന്ദ്രങ്ങൾ ക്ഷേത്രങ്ങളായിരുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രൂപംകൊണ്ട നവോത്ഥാന ദേശീയ പ്രസ്ഥാനങ്ങളും അതിന്റെ തുടർച്ചയായി തൊഴിലാളി വർഗ്ഗ പ്രസ്ഥാനവും സൃഷ്ടിച്ച പുതിയൊരു സാമൂഹ്യവബോധം സാംസ്കാരിക മേഖലയെ ജനകീയമാക്കി. എന്നാൽ സങ്കുചിത ജാതിമത ചിന്തകളുടെ പാർശ്വഫലങ്ങൾ മാറ്റത്തിന് വഴിയൊരുക്കുകയും നമ്മുടെ സാമൂഹ്യവബോധത്തിന് അപചയം സൃഷ്ടിക്കുകയും ചെയ്തു.

### ജാതിമത ഘടന

വിവിധ ജാതിമത വിഭാഗങ്ങൾ അവയുടെ സാംസ്കാരിക തനിമ സംരക്ഷിച്ചുകൊണ്ടുതന്നെ തികഞ്ഞ മത സൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷം നിലനിർത്തുന്നതിൽ നിതാന്ത ജാഗ്രത പാലിക്കുന്നു എന്നത് ഈ ഗ്രാമത്തിന്റെ സവിശേഷതയാണ്. എന്നാൽ ഇരുപത് ശതമാനത്തോളം മുസ്ലീങ്ങളും പത്ത് ശതമാനത്തോളം ക്രസ്ത്യനികളും നമ്മുടെ ഗ്രാമപഞ്ചായത്തിനകത്തുണ്ട്. പട്ടികവർഗ്ഗകോളനികൾ ഏഴെണ്ണമുണ്ട്. എല്ലാ ജാതിമത വിഭാഗക്കാരും പരസ്പരം ബന്ധപ്പെട്ട് നമ്മുടെ ദേശീയധാരയുടെ ഭാഗമായി നിലകൊള്ളുന്നു എന്നുള്ളത് ഈ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകതയാണ്.

### ക്ഷേത്രങ്ങളും ആചാരങ്ങളും

പ്രാചീനകലകളുടെ ഉറവിടം ക്ഷേത്രങ്ങളായിരുന്നു. എന്നാൽ ക്ഷേത്രങ്ങളും ആരാധനാ സമ്പ്രദായങ്ങളും നിലനിൽക്കുന്നെങ്കിലും തെയ്യം, ശീതങ്കൻ തുള്ളൽ, പറയൻ തുള്ളൽ, ചാക്യാർകൂത്ത് എന്നീ അനുഷ്ഠാനകലകൾ ഈ ഗ്രാമപഞ്ചായത്തിൽ നിന്നും മൺമറഞ്ഞിരിക്കുന്നു. കാക്കാരിശ്ശി നാടകം വളരെ പ്രചാരത്തിൽ ഇല്ലെങ്കിലും ഈ കല പൂർണ്ണമായി നശിച്ചിട്ടില്ല. ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന നടനകൈരളി കാക്കാരിശ്ശി നാടക സമിതി ഈ ഗ്രാമപഞ്ചായത്തിൽ ശ്രദ്ധേയമാണ്. പ്രാചീനക്ഷേത്ര സംഗീത കലയിൽ പെട്ടിരുന്ന ഒരിനമാണ് രാമായണ ഭാഗവത പാരായണം. ഇവ ഇപ്പോഴും ഈ ഗ്രാമപഞ്ചായത്തിൽ വളരെ ശ്രദ്ധേയമായ ഒരിനമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇരുപത്തെട്ട് ക്ഷേത്രങ്ങളും പതിമൂന്ന് ക്രിസ്ത്യൻ പള്ളികളും അഞ്ച് മുസ്ലീം പള്ളികളും സ്ഥിതിചെയ്യുന്നു. (പട്ടികA) ഇരുപതാംനൂറ്റാണ്ടിന്റെ അർദ്ധപകുതിക്ക് ശേഷവും അനുവർത്തിച്ചുപോന്നിരുന്ന മൃഗബലിക്ക് പകരം കുമ്പളങ്ങയാണ് ഇന്ന് കാളീക്ഷേത്രങ്ങളിൽ ആചാരത്തിന്റെ ഭാഗമായി ഉപയോഗിക്കുന്നത്. ഈ ഗ്രാമപഞ്ചായത്തിന്റെ പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായാണ് ഇത്തരം അനാചാരങ്ങൾക്ക് വിരാമമിടാൻ കഴിഞ്ഞത്. നമ്മുടെ സാമൂഹിക കലാ സാംസ്കാരിക ജീവിതത്തെ സംയോജിപ്പിക്കുന്ന പ്രക്രിയ

യിൽ വിവിധ ആരാധനാലയങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള മഹോത്സവങ്ങളും നമ്മുടെ ജനത പരസ്പരം സഹകരിച്ച് ആഘോഷിച്ച് വരുന്നു.

കലാസാംസ്കാരിക സ്ഥാപനങ്ങളും
അവ വഹിക്കുന്ന പങ്കും

കലാ സാംസ്കാരിക രംഗത്ത് ആനാട് ഗ്രാമ പഞ്ചായത്ത് അത്രകണ്ട് പിന്നിലല്ല. സാംസ്കാരിക മൂല്യങ്ങൾ ഉയർത്തേണ്ടതിനും അവ ജനങ്ങളെ ബോധവൽക്കരണത്തിലൂടെ സ്വാധീനിപ്പിക്കുന്നതിനും കലാസാംസ്കാരിക സ്ഥാപനങ്ങൾക്ക് പങ്കുണ്ട്. നമ്മുടെ ഗ്രന്ഥശാലകൾ പുസ്തകവിതരണത്തിനുപരി സാമൂഹ്യ പരിഷ്കരണ പോരാട്ടത്തിലും പങ്കു ചേരുന്നു.

നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന പത്തോളം ഗ്രന്ഥശാലകൾ ഈ ഗ്രാമപഞ്ചായത്തിനകത്ത് സ്ഥിതി ചെയ്യുന്നു. ഇവയിൽ 1952 ൽ സ്ഥാപിതമായ മന്നൂർക്കോണം പീപ്പിൾസ് ലൈബ്രറി സാംസ്കാരികരംഗത്ത് ധാരാളം പ്രവർത്തനങ്ങൾ കാഴ്ച വച്ചുകൊണ്ട് നമ്മുടെ ജനജീവിതത്തിന്റെ ഭാഗമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഈ ഗ്രന്ഥശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂൾ, കൃഷി, പുസ്തകകോർണർ, ഗ്രാമീണവിജ്ഞാനവികസനകേന്ദ്രം വീടുകൾ തോറും പുസ്തകം എത്തിക്കുന്ന ഗ്രാമീണ വികസനകേന്ദ്രം എന്നിവ വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. പുത്തൻ പാലം കേന്ദ്രമാക്കി 1976-ൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന വയലാർ മെമ്മോറിയൽ യൂത്ത് ക്ലബ് നിരവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ പ്രധാനമായവ ഗ്രമീണജനങ്ങൾക്ക് കേന്ദ്രഗവൺമെന്റ് സഹായത്തോടെപുത്തൻ പാലം കേന്ദ്രമാക്കി 1976-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചിരുന്ന വയലാർ മെമ്മോറിയൽ യൂത്ത് ക്ലബ്ബ് നിരവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ പ്രധാനമായവ ഗ്രാമീണ ജനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സാനിട്ടറി ലാട്രിൻ നിർമ്മിച്ചു കൊടുക്കുവാൻ സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് വേണ്ട ക്ഷേമ പ്രവർത്തനങ്ങൾ നടത്തുക. അനൗപചാരിക ബാങ്കിംഗ് സംവിധാനം വ്യാപിപ്പിക്കുക തുടങ്ങിയവയാണ് ഇപ്പോൾ ആനാട്ട് പഞ്ചായത്തിൽ നിരവധി Self help group കൾ പ്രവർത്തിച്ചു വരുന്നു.

മൂഴി അജന്താ ലൈബ്രറി, ചുള്ളിമാനൂർ ഉദയാഗ്രന്ഥശാല വേങ്കവിള നവഭാവന ഗ്രന്ഥശാല തേക്കുംമൂട് ഗ്രാമോദ്ധാരണി തുടങ്ങിയ എല്ലാ ഗ്രന്ഥശാലകളും ആനാട് ഗ്രാമപഞ്ചായത്തിന്റെ അഭിമാനമാണ്. (പട്ടിക B)

കായിക സ്ഥാപനങ്ങൾ

കായികസ്ഥാപനങ്ങൾ മത്സരത്തിന് വേണ്ടിമാത്രം നിലകൊള്ളാതെ ഒരു കായിക സംസ്കാരത്തിന്റെ രൂപീകരണത്തിനായി മാറേണ്ടിയിരിക്കുന്നു. ഏറെക്കുറെ മൺമറഞ്ഞ കളരിപ്പയറ്റ് മനുഷ്യന്റെ ശാരീരികവും മാനസികവുമായ ഘടകങ്ങളെ നിയന്ത്രിച്ചിരുന്ന ഒന്നാണ്. എന്നാൽ ഈ ആയോധനകല ഇന്ന് ഈ ഗ്രാമപഞ്ചായത്തിൽ നിലനില്ക്കുന്നില്ല. ഈ ഗ്രാമത്തിന്റെ പലയിടങ്ങളിലും കരാട്ടെ ക്ലാസ്സുകൾ നടന്നു വരുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പതിനായോളം കലാ കായിക സ്ഥാപനങ്ങളുണ്ട്. ഇവയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നത് തുലോം കുറവാണ്.

ആനുകാലിക പ്രസിദ്ധീകരണം

വർത്തമാന പത്രങ്ങൾ വരുത്തുന്നവർ 20%ത്തോളം വരും. പൈങ്കിളി പ്രസിദ്ധീകരണങ്ങൾ ഗ്രാമീണരെ വലിയ ഒരു അളവിൽ സ്വാധീനിച്ചിട്ടുണ്ട്. മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി എന്നിവയാണ് പ്രധാന പത്രങ്ങൾ.

ഇലക്ട്രോണിക്സ് മാധ്യമം.

ടെലിവിഷൻ, വീഡിയോ എന്നി മാധ്യമങ്ങൾ എത്തിയതോടെ സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വർദ്ധിച്ചിട്ടുണ്ട്. ഭൂരിഭാഗം ഗ്രാമീണരും ഈ മാധ്യമങ്ങളുടെ പുറകേ പായുന്നവരാണ്. ഇലക്ട്രോണിക്സ് മാധ്യമങ്ങൾ നമ്മുടെ മൂല്യങ്ങളെ വളർത്താൻ സഹായിക്കുന്നില്ല എന്ന് പരക്കെ ആക്ഷേപം ഉയർന്നു വന്നിട്ടുണ്ട്. എന്നിരുന്നാലും ഈ ഗ്രാമപഞ്ചായത്തിലെ മിക്കവാറും വാർഡുകളിൽ റ്റി. വി. ക്ലാസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ മാധ്യമങ്ങളെ വേണ്ട രീതിയിൽ കൈകാര്യം ചെയ്ത് ഒരു പുത്തൻസംസ്കാരത്തിന് രൂപം കൊടുക്കുന്നതിന് ഈ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വരേണ്ടതാണ്. ഈ സത്യം ഉൾകൊണ്ടുകൊണ്ട് ഉണർവിന്റെ മുറവിളിയുമായി തനതായ നാടൻ കലാരൂപങ്ങളേയും നവീനകലാരൂപങ്ങളേയും കായികരംഗത്തേയും വളർത്തി ഒരു പുത്തൻ സംസ്കാരത്തെ നാട്ടിന്റെ നന്മക്കായി പുരോഗതിക്കായി മതസൗഹാർദ്ദത്തിനായി ഉയർത്തിക്കെട്ടാൻ നമുക്ക് ഒന്നിക്കാം. വ്യക്തിയിലൂടെ കുടുംബത്തിലൂടെ ഗ്രാമങ്ങളിലൂടെ ഒരു പുത്തൻ ഇന്ത്യയെ മെനഞ്ഞെടുക്കാൻ ഒന്നിക്കാം!

ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന
പ്രധാന നിർദ്ദേശങ്ങൾ

1. ഇരിഞ്ചയം, .എസ്. കെ. പൊറ്റക്കാട്, ഉണ്ട പ്പാറ പൗരസമിതി എന്നീ ക്ലബ്ബുകളെ വാർഡിലെ സാംസ്കാരിക കേന്ദ്രങ്ങളാക്കി മാറ്റി അതാതു പ്രദേശത്തെ ക്ലബ്ബുകൾ, വനിതാസമാജങ്ങൾ, ബാലവേദികൾ ഇവയെ ബന്ധിപ്പിക്കുക.

2. പച്ചക്കാട്, തീർത്ഥങ്കര, പോതുപ്പാറ എന്നീ ഭാഗങ്ങളിൽ റേഡിയോ, ടി. വി. ക്രോസ്ക്കുകൾ സ്ഥാപിക്കണം.

3. ഉണ്ടപ്പാറ പൗരസമിതി വായനശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

4. പഞ്ചായത്ത് തലത്തിൽ കുട്ടികൾക്ക് കായി കകലാരംഗത്ത് പരിശിലനം നൽകണം.

5. സാംസ്കാരികബന്ധം മെച്ചമാക്കാൻ ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

6. ഇപ്പോൾ നീന്തൽപരിശീലനം നടത്തുന്ന വേങ്കവിള കോളക്കോട് ചിറ നീന്തൽകുളമായി വികസിപ്പിക്കണം.

7. തിരുച്ചിറ്റൂർ ഒരു വിനോദകേന്ദ്രമാക്കി മാറ്റുക.

8. പറയൻകാവ് ജംഗ്ഷനിൽ പൊതു ടി.വി. സ്ഥാപിക്കുക.

9. തിരുച്ചിറ്റൂർ ശിവക്ഷേത്രം കേന്ദ്രീകരിച്ച് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.

10. ചാരിറ്റബിൾ ആക്റ്റ് അനുസരിച്ച് പ്രവർത്തിക്കുന്ന എല്ലാ ഗ്രാമസ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ പഞ്ചായത്ത് സമിതി പരിശോധിക്കണം.

11. നിലവിലുള്ള എല്ലാ ഗ്രന്ഥശാലകളെയും പരിപോഷിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കണം.

12. രജിസ്റ്റർ ചെയ്തിട്ടുള്ള കലാസാംസ്ക്കാരിക സംഘങ്ങൾക്കും പഞ്ചായത്തിൽനിന്നും സ്ഥലം വാങ്ങുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാന്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. വാർഡുതലത്തിൽ കലാകായികമത്സരങ്ങൾ സംഘടിപ്പിക്കണം.

14. ഊരാളികോണം, കുണ്ടറക്കുഴി, മാവേലിക്കോണം എന്നീസ്ഥലങ്ങളിൽ ടി.വി. ക്വാസ്കുകൾ സ്ഥാപിക്കണം.

15. ഇരിയനാട് പഞ്ചായത്ത്വക സ്ഥലത്ത് ഒരു ജിംനേഷ്യം സ്ഥാപിക്കുക.

16. കല്ല്യോട് ജംഗ്ഷനിൽ ഒരു ടി.വി.യും കൊല്ലായിൽ ഒരു റേഡിയോ ക്വോസ്കും സ്ഥാപിക്കണം. ഇരിയനാട് നിലവിലുള്ള റേഡിയോ ക്വോസ്ക് പുനരുദ്ധരിച്ച് പ്രവർത്തിപ്പിക്കണം.

17. മൂഴിയിൽ പ്രവർത്തിക്കുന്ന അജന്തഗ്രന്ഥശാലക്ക് സാമ്പത്തിക സഹായം നൽകുക.

18. പഞ്ചായത്ത് തലത്തിൽ ജിംനേഷ്യം സ്ഥാപിക്കണം.

19. ഗ്രന്ഥശാലാ രംഗത്ത് നിന്നും പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തല കമ്മിറ്റി രൂപീകരിക്കണം.

20. ഗ്രന്ഥശാലകൾ ഇല്ലാത്ത വാർഡുകളിൽ പുതിയ ഗ്രന്ഥശാലകൾ സ്ഥാപിക്കണം.

21. പത്താം വാർഡിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുകയും അതിനോടനുബന്ധിച്ച് ടി.വി. റേഡിയോ ഇവ സ്ഥാപിക്കുക.

22. കലാസമിതികൾക്ക് കെട്ടിടം പണിയുന്നതിന് ഗ്രാന്റ് അനുവദിക്കുക.

23. ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും പഞ്ചായത്തിൽ നിന്നും ഗ്രാന്റ് അനുവദിക്കുക. പത്രമാസികകൾ വരുത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായം ലഭ്യമാക്കുക.

24. തേക്കുംമൂട് ഗ്രാമോദ്ധാരണി വായനശാലയിൽ ഒരു ടി.വി. സെറ്റ് സ്ഥാപിക്കുക.

25. പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരം സംഘടിപ്പിക്കുക.

26. നാടൻ കലാരൂപങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

27. 8-ാം വാർഡിൽ ഒരു ജിംനേഷ്യവും ഒരു നീന്തൽപരിശീലനകേന്ദ്രവും സ്ഥാപിക്കണം.

28. പുനവക്കുന്ന് ദേശാഭിമാനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ബ്രൗൺസി ഓപ്പൺ സ്കൗട്ട് ഗ്രൂപ്പ് ഭാരത് സ്കൗട്ട് ആന്റ് ഗൈയിഡ് ഇവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും സാമ്പത്തികസഹായം നൽകണം.

29. ടി.വി.യും റേഡിയോയും ഇല്ലാത്ത എല്ലാ വാർഡുകളിലും ടി.വി. ക്യോസ്ക്കുകൾ നിർമ്മിക്കണം.

30. വായനാശാലകളിലും കലാസാംസ്കാരിക സ്ഥാപനങ്ങളിലും കൈയെഴുത്തു മാസികകൾ പ്രോത്സാഹിപ്പക്കണം.

31. മന്നൂർക്കോണം പീപ്പിൾസ് ലൈബ്രറിയുടെ രണ്ടാമത്തെ നിലയുടെ നിർമ്മാണത്തിന് സാമ്പത്തികസഹായം നൽകണം.

സ്പോർട്ട്സ്

1. സ്ക്കൂളുകളിൽ സ്പോർട്ട്സ് പരിശീലനം കാര്യക്ഷമമാക്കുക.

2. വാർഡുകളിൽ നിന്നും കായികരംഗത്ത് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ പരിശീനം നൽകണം.

3. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ഒരു മൾട്ടി പർപ്പസ് ജിംനേഷ്യം സ്ഥാപിക്കുക.

4. ഗ്രാമപഞ്ചായത്തു തലത്തിൽ വനിതകളുടേയും, പുരുഷന്മാരുടേയും ഗെയിംസ് ആന്റ് സ്പോർട്ട്സ് ടീം സംഘടിപ്പിച്ച് സ്ഥിരമായി നിലനിർത്തുക.

5. എല്ലാ കായികമൽസരങ്ങളും ഗ്രാമപഞ്ചായത്തു തലത്തിൽ സംഘടിപ്പിക്കുക.

ക്ഷേത്രങ്ങൾ (പട്ടിക A)

| ക്രമ നംമ്പർ | ക്ഷേത്രത്തിന്റെ പേര് | സ്ഥലവും, ഉത്സവത്തിന്റെ പ്രത്യേകതയും |
| --- | --- | --- |
| 1. | പാറയ്ക്കൽ മണ്ഡപം | ആനാട്, കുത്തിയോട്ട മഹോത്സവം, തൂക്ക് വില്ലിലെ തൂക്കം |
| 2. | ധർമ്മ ശാസ്താ ക്ഷേത്രം | പാങ്കോട്. ഉത്രം തിരുനാൾ മഹോത്സവം |
| 3. | ശ്രീ.ദുർഗ്ഗാദേവി ക്ഷേത്രം | പണ്ടാരക്കോണം, വാർഷികോത്സവം |
| 4. | ശ്രീ.ധർമ്മ ശാസ്താ ക്ഷേത്രം | ചെറുവേലി, ചിറപ്പു മഹോത്സവം |
| 5. | ശ്രീ.ദുർഗ്ഗാദേവി ക്ഷേത്രം | പുനവക്കുന്ന് |
| 6. | ഗണപതി ക്ഷേത്രം | വാളാംകുഴി |
| 7. | പാറയിൽ ആയിരവല്ലി ക്ഷേത്രം | മന്നൂർക്കോണം, വാർഷിക മഹോത്സവം |
| 8. | വെമ്പിൽകാവുവിളി ക്ഷേത്രം | വെമ്പ് വാർഷിക മഹോത്സവം |
| 9. | കരിങ്കട കാവ് തമ്പുരാൻ ക്ഷേത്രം | കരിങ്കട, വാർഷികമഹോത്സവം |
| 10. | മാടൻനടദേവി ക്ഷേത്രം | പൂങ്കാവനം,ഉത്രം മഹോത്സവം |
| 11. | ആലംകോടു ദേവി ക്ഷേത്രം | പാണ്ടവപുരം,വാർഷികമഹോത്സവം |
| 12. | ആനായിക്കോണം മാടൻ തമ്പുരാൻ ക്ഷേത്രം | ആനായിക്കോണം, ശിവരാത്രി മഹോത്സവം. |
| 13. | കൊല്ല ഭദ്രകാളി ക്ഷേത്രം | കൊല്ല മുടിപ്പുര ഉത്സവം |
| 14. | പാറയിൽ പുതുകാവു ശാസ്താക്ഷേത്രം | വേങ്കവിള,ചിറപ്പു മഹോത്സവം |
| 15. | തിരിച്ചിട്ടൂർ ശിവവിഷ്ണു ക്ഷേത്രം | വേങ്കവിള ശിവരാത്രി മഹോത്സവം |
| 16. | മേലാംകോട്ടുഅമ്മ ദേവിക്ഷേത്രം | പശുവിളകോണം, വാർഷിക മഹോത്സവം |
| 17. | പാലോട്ടുകോണം ദേവിക്ഷേത്രം | പാലോട്ടുകോണം, വാർഷിക മഹോത്സവം |
| 18. | കുണ്ടറകുഴി ദേവി ക്ഷേത്രം | കുണ്ടറകുഴി, വാർഷിക മഹോത്സവം |
| 19. | മണ്ണയിൽ ദേവി ക്ഷേത്രം | മണ്ണയിൽ, വാർഷിക മഹോത്സവം |
| 20. | ചേലയിൽ മാടൻനട ക്ഷേത്രം | ചേല, വാർഷിക മഹോത്സവം |
| 21. | ഭദ്രകാളി ദേവി ക്ഷേത്രം | വേട്ടംമ്പള്ളി വാർഷിക മഹോത്സവം |
| 22. | മേലാംകോടു ദേവി ക്ഷേത്രം | ആനാട്,വാർഷിക മഹോത്സവം |
| 23. | പ്ലാവറ ദേവി ക്ഷേത്രം | പ്ലാവറ, വാർഷിക മഹോത്സവം |
| 24. | ഐക്യരക്കോണം ദേവിക്ഷേത്രം | ഐക്യരക്കോണം, വാർഷിക മഹോത്സവം |
| 25. | ഇരിഞ്ചയം സർപ്പക്കാവ് ദേവിക്ഷേത്രം | നാഗരൂട്ട് ഉത്സവം |
| 26. | ഗണപതി ക്ഷേത്രം,മീൻമൂട് | വാർഷികോത്സവം |
| 27. | ഇരിഞ്ചയം കുഴിവിള ദേവിക്ഷേത്രം | വാർഷിക മഹോത്സവം |
| 28. | കുന്നത്തു മല തമ്പുരാൻ ക്ഷേത്രം | |

(പട്ടിക B)

ക്രിസ്ത്യൻ പള്ളികൾ

| ക്രമനമ്പർ | പള്ളികളും സ്ഥലവും | ആഘോഷങ്ങൾ |
|---|---|---|
| 1. | ക്രിസ്ത്യൻ ചർച്ച് C.S.I.വേട്ടമ്പള്ളി | ക്രിസ്തുമസ്സ് ആഘോഷം |
| 2. | ആർ.സി. ചർച്ച് ചുള്ളിമാന്നൂർ | പെരുനാൾ ഉത്സവവും ക്രിസ്തുമസ് ആഘോഷം |
| 3. | ആർ,സി. ചർച്ച് കാൽവരി മന്നൂർക്കോണം | പെരുനാൾ ഉത്സവവും ക്രിസ്തുമസ് ആഘോഷം |
| 4. | C.S.I.ചർച്ച് ഒറ്റക്കൊമ്പ്, കുഴിവിള | ക്രിസ്തുമസ്, ഈസ്റ്റർ ആഘോഷങ്ങൾ |
| 5. | ആർ,സി. ചർച്ച് താന്നിമൂട് (തിരുച്ചിറ്റൂർ) | ക്രിസ്തുമസ് ആഘോഷം |
| 6. | താന്നിമൂട് സാൽവേഷൻ ആർമി ചർച്ച് | ക്രിസ്തുമസ് ആഘോഷം |
| 7. | പെന്തക്കോസ്തു ചർച്ച്, പാറംകുഴി | ക്രിസ്തുമസ് ആഘോഷം |
| 8. | ചർച്ച് ഓഫ് ഗോഡ് -18-ാംകല്ല് | ക്രിസ്തുമസ് ആഘോഷം |
| 9. | ആർ.സി.ചർച്ച് 18-ാംകല്ല് | ക്രിസ്തുമസ് ആഘോഷവും പെരുനാൾ ഉത്സവവും |
| 10. | സി.എസ്സ്.ഐ ചർച്ച് 16-ാം കല്ല് | ക്രിസ്തുമസ് ആഘോഷം |
| 11. | ആർ.സി.ചർച്ച് താളിക്കുഴികൾ | ക്രിസ്തുമസ് ആഘോഷം |
| 12. | ലൂഥറൽ ചർച്ച് ചുള്ളിമാനൂർ | |
| 13. | L.M.S | |

(പട്ടിക C)

മുസ്ലീം പള്ളികൾ

1. ചുള്ളിമാന്നൂർ മുസ്ലീം ജമാത്ത് പള്ളി ചുള്ളിമാന്നൂർ
2. മുസ്ലീം തയ്ക്കാവ് ചുള്ളിമാന്നൂർ ജംഗ്ഷൻ
3. പാണയം മുസ്ലീം ജമാത്ത് പള്ളി പാണയം
4. കൊല്ലംകാവ് പള്ളി കൊല്ലങ്കാവ്
5. വേട്ടമ്പള്ളി മുസ്ലീം ജമാത്ത് പള്ളി വേട്ടംമ്പള്ളി

(പട്ടിക D) ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | ഗ്രന്ഥശാലയുടെ പേര് | സ്ഥാപിത വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റ് പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | പീപ്പൾസ്ലൈബ്രറി മന്നൂർക്കോണം | 27-1-1952 | 1713 | 10,276 | A | 45 | നഴ്സറി സ്കൂൾ, ഗ്രാമീണ പുസ്തകവിതരണം, ഗ്രാമീണ വിജ്ഞാന വികസനകേന്ദ്രം, സാക്ഷരതാപ്രവർത്തനം,ന ഹിലാസ്മാജം |
| 2. | ഗ്രാമോദ്ധാരണി വായനശാല തേക്കുംമൂട് | - | 987 | 3412 | - | - | |
| 3. | ഗ്രാമപഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി നാല് റീഡിംഗ് റൂം ആനാട് | 31-10-1965 | 1161 | 2647 | E | 30 | ഇല്ല |
| 4. | ഉദയ ഗ്രന്ഥശാല ചുള്ളിമാന്നൂർ | 1964 | 1215 | 3600 | C | 25 | വോളിബാൾ ടൂർണമെന്റ് ആർട്ട്സ് & സ്പോർട്ട്സ് പ്രവർത്തനം |
| 5. | ബ്രൗൺസി ഓപ്പൺ ഗ്രന്ഥശാല ചെറുവേലി | 1-1-1996 | | 600 | | 25 | സ്ക്കൗട്ട്, ആർട്സ് & സ്പോർട്ട്സ് |
| 6. | നവഭാവന ലൈബ്രറി വേങ്കവിള | 1985 | 135 | 1456 | | - | ആർട്ട്സ് ക്ലബ് |
| 7. | പൗരസമിതി ഗ്രന്ഥശാല ഉണ്ടപ്പാറ | 1991 | 100ൽ താഴെ | | | | |
| 8. | അജന്ത ലൈബ്രറി &റീഡിംഗ് റൂം മൂഴി | 1-8-1971 | | 3500 | C | | ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് |
| 9. | A.K.G. സ്മാരക ഗ്രന്ഥശാല കൊല്ലംകാവ് | 29-1-1981 | | 1823 | | | ആർട്സ് ക്ലബ് |
| 10. | ദീപ്തി വായനശാല | | | | | | |

പ്രാദേശിക സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ.

| ക്രമ നമ്പർ | പ്രസിദ്ധീകരണത്തിന്റെ പേര് | പ്രസിദ്ധീകരിക്കുന്ന സ്ഥാപനം | അനുബന്ധ പ്രവർത്തനം |
|---|---|---|---|
| 1. | 'സംഗമം' കൈയെഴുത്തു മാസിക | പീപ്പിൾസ് ലൈബ്രറി മന്നൂർക്കോണം | 'സംഗമം' കൈയെഴുത്തു മാസികയുടെ ആഭിമുഖ്യത്തിൽ മമ്മൂർക്കോണം ഇടനില യു.പി.എസ്സിൽ നിന്ന് ഏഴാം സ്റ്റാൻഡേർഡിൽ നിന്ന് ഒരോ അദ്ധ്യായ വർഷവും ഉയർന്ന മാർക്കു വാങ്ങി വിജയിക്കുന്ന കുട്ടിക്ക് 'ക്യാഷ്' അവാർഡ് നൽകുന്നു. [സംഗമം ക്യാഷ് അവാർഡ്.] |

## കായിക കലാ സമിതികൾ.

| ക്രമ നമ്പർ | കലാസാംസ്കാരിക സ്ഥാപനത്തിന്റെ പേര് | സ്ഥാപിത വർഷം | രജിസ്റ്റർ നമ്പർ | മറ്റ് പ്രവർത്തനങ്ങൾ |
|---|---|---|---|---|
| 1. | സമത സാംസ്കാരികവേദി മന്നൂർക്കോണം | | | ചർച്ചാക്ലാസുകളും പഠന യാത്രകളും സംഘടിപ്പിക്കുന്നു |
| 2. | പാങ്കോട് ഇൻഫിനിറ്റീവ് ആർട്ട്സ്&സ്പോർട്ട്സ് ക്ലബ് | | | |
| 3. | യുവജന കലാസമിതി നാഗച്ചേരി | 1990 | 379/91 | |
| 4. | സമീരണി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് മന്നൂർക്കോണം | | | |
| 5. | ദേശാഭിമാനി ആർട്ട്സ് &സ്പോർട്ട്സ് ക്ലബ് പൂനവക്കുന്ന് | | | |
| 6. | യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് വേങ്കവിള | | | |
| 7. | ആവണി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് വേങ്കവിള | | | |
| 8. | കവിരാജ് മെമ്മോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് മുഴി (കവിരാജപുരം) | ആഗസ്റ്റ് 1 | 38431/71 | |
| 9. | സംഗമ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് മണ്ണയിൽ | | 706/88 | |
| 10. | സ്റ്റാർ കൾച്ചറൽ സെന്റർ വേട്ടംമ്പള്ളി | | | |
| 11. | ഭാവന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് വെള്ളരിക്കോണം | | | |
| 12. | അതുല്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് മരുതംകോണം | | | |
| 13. | പ്രിയദർശിനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ആനാട് | | | |
| 14. | A.K.G.ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് കൊല്ലംങ്കാവ് | | | |
| 15. | A.K.G. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് ആനാട് | 1987 | 1158/87 | |
| 16. | റെഡ്സ്റ്റാർ ആൾട് & സ്പോർട്ട്സ് ക്ലബ് ഇരൂനാട് | | | |
| 17. | V.R.V.M.S.H. Group | | | |
| 18. | അനശ്വര ആർട്ട്സ് ക്ലബ് വേട്ടംമ്പള്ളി | | | |
| 19. | S.K.പൊറ്റക്കാട് യൂത്ത് ക്ലബ് (ഇരിഞ്ചയം) 1982 | | | |
| 20. | നവോദയ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് (കൈതക്കാട്) | | | |
| 21. | ബ്രൗൺസി സ്കൗട്ട് ചെറുവേലി | | | |
| 22. | വയലാർ രാമവർമ്മ മെമ്മോറിയൽ യൂത്ത് ക്ലബ് ആനാട് | | | |

# വനിതാക്ഷേമം

കേരളവികസന പ്രക്രിയയിലെ പ്രധാന ദൗർബ്ബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നുവെന്നുള്ളതാണ്. 9-ാം പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ തിരുത്തുക എന്നതാണ്.

മുതലാളിത്വവും പുരുഷാധിപത്യവും അരക്കിട്ടുറപ്പിച്ച ഒരു സാമൂഹ്യ വ്യവസ്ഥിതി നിശ്ശബ്ദമാക്കപ്പെട്ട, ജനാധിപത്യ ഘടനയിൽ അംഗീകരിക്കപ്പെടേണ്ട വ്യക്തിസ്വാതന്ത്ര്യത്തിന്റെ ബഹുമാന്യത പോലും നിഷേധിക്കപ്പെട്ട, മാനവരാശിയുടെ അർദ്ധഭാഗമായ സ്ത്രീയുടെ പ്രതിഷേധത്തിന്റേയും പ്രതിബദ്ധതയുടേയും സാമൂഹ്യവബോധത്തിന്റെയും ധ്വനികൾ - അവ്യവസ്ഥിതമായിരുന്നെങ്കിലും ചർച്ചയിലൂടനീളം മുഴങ്ങി നിന്നു. രാഷ്ട്രപുനർനിർമ്മാണ പ്രക്യയയിൽ തങ്ങൾ പുരുഷന്മാരെക്കാൾ ഒട്ടും പുറകിലല്ലെന്നു വിളിച്ചോതുന്നതായിരുന്നു അവരുടെ നിർദ്ദേശങ്ങൾ. ഭൂരിപക്ഷം കുടുംബങ്ങളിലും, കുടുംബത്തിലെ ആഭ്യന്തരകാര്യങ്ങളുടെ പൂർണ്ണനിയന്ത്രണം സ്ത്രീകളിലാണ്. എന്നാൽ പുരുഷന്മാർ അതു അംഗീകരിക്കുമോ എന്നറിയില്ല.

മറ്റു പല പഞ്ചായത്തുകളേയും പോലെ നമ്മുടെ പഞ്ചായത്തിലും കനേഷുമാരി കണക്കനുസരിച്ച് പുരുഷന്മാരെക്കാൾ സ്ത്രീകളാണ് കൂടുതൽ. ചുവടെ ചേർക്കുന്ന കണക്കുകൾ പരിശോധിക്കുക

| വാർഡ് നമ്പർ | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| 1 | 1348 | 1292 | 2622 |
| 2 | 1022 | 918 | 1940 |
| 3 | 1125 | 1093 | 2218 |
| 4 | 968 | 883 | 1851 |
| 5 | 899 | 868 | 1767 |
| 6 | 1355 | 1247 | 2682 |
| 7 | 1089 | 1005 | 2094 |
| 8 | 1789 | 1668 | 3377 |
| 9 | 1219 | 1173 | 2392 |
| 10 | 1517 | 1528 | 3045 |
| 11 | 1768 | 1699 | 3459 |
| ആകെ | 14093 | 13364 | 27367 |

അവലംബം 1991-ലെ സെൻസസ്

പഞ്ചായത്തിൽ വിദ്യാഭ്യാസരംഗത്തു സ്ത്രീകളെക്കാൾ പുരുഷന്മാരാണു മുന്നിൽ. പിന്നോക്കവിഭാഗത്തിൽപെട്ടവരിലും ഈ അന്തരം കാണാവുന്നതാണ്. ഇതിനു കാരണം 70% ജനങ്ങളും ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണെന്നതാണ്. പ്രൈമറി ഹൈസ്കൂൾ നിലവാരത്തിലുള്ള കണക്കുകൾ പരിശോധിച്ചാൽ ഇതു ബോദ്ധ്യമാകുന്നതാണ്.

രോഗാതുരതയുടെ കാര്യത്തിലും നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ മോശമാണ്. P. H. C കൾ ഉണ്ടെങ്കിലും പ്രവർത്തനം വളരെ പരിമിതമാണ്.

. വിദ്യാഭ്യാസമുണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും വരുമാനമുണ്ടാകുന്ന പണികളിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. സെൻസസ് കണക്കിൽ നിന്നും സ്ത്രീകളുടേയും പുരുഷന്മാരുടേയും തൊഴിൽ പങ്കാളിത്ത നിരക്ക് താരതമ്യപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിലെ സ്ത്രീകളും പുരുഷന്മാരും പൊതുവെ കർഷകർ, കർഷകതൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഈറ്റതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, പാറതൊഴിലാളികൾ കശുവണ്ടിതൊഴിലാളികൾ, കുടിൽ വ്യവസായതൊഴിലാളികൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നുവെങ്കിലും തൊഴിലിന്റെ വിഭജനത്തിൽ സ്ത്രീ പുരുഷ അന്തരം കാണാവുന്നതാണ്.

എല്ലാപ്രധാനപ്പെട്ട തുറകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിവുള്ള അന്തരം വ്യത്യസ്ഥമാണ്. സ്ത്രീകൾ കുട്ടികളെ പരിചരിക്കുക എന്ന ജോലിയിൽ ഒതുങ്ങി നില്കാതെ വീടു പണിക്കിടയിൽ ആടുമാടുകളെ നോക്കുക, പുരയിടകൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക, ഭക്ഷണത്തിനു ആവശ്യമായ ഫലമൂലാദികൾ, വിറക് എന്നിവ ശേഖരിക്കുക തുടങ്ങി വീട്ടമ്മമാരായ സ്ത്രീകൾ ചെയ്യുന്ന നാനാവിധ കാണാപണികൾ ഉണ്ട്.

പഞ്ചായത്തിൽ വിധവപെൻഷൻ

| | |
|---|---|
| കൈപ്പറ്റുന്നവർ | 161 |
| അപേക്ഷ നൽകിയവർ | ലഭ്യമല്ല |
| കിട്ടാനുള്ളവർ | ലഭ്യമല്ല |

അംഗീകാരം കിട്ടിയിട്ടുള്ള അംഗൻവാടികൾ പഞ്ചായത്തിൽ നിലവിലില്ല.

| | |
|---|---|
| ബാലവാടി | 07 |
| മഹിളാസമാജം | 20 |
| നഴ്സറി | 11 |

സാമ്പത്തിക മേഖലയിൽ സ്ത്രീപദവിയെക്കുറിച്ചും സ്ത്രീകളുടെ സാമൂഹ്യ പദവികളെക്കുറിച്ചും പരിശോധിച്ചതിൽ ഗ്രാമസഭകളിലും പ്രത്യേകിച്ച് പഞ്ചായത്തു തലത്തിലും താഴെ പറയുന്ന പൊതു സ്ഥിതി പൊന്തി വന്നു.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തക്കുറവ്
2. വനിതകളുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്താനുള്ള സംവിധാനമില്ലായ്ക.
3. വനിതാ സമാജങ്ങളുടേയും അംഗൻവാടികളുടേയും ബാലവാടികളുടേയും അഭാവം.
4. സ്ത്രീകളുടെ ആരോഗ്യകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധയില്ലായ്മ.
5. 18 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ വിവാഹം കൂടിക്കൂടി വരുന്നു.
6. സമ്പൂർണ്ണ മദ്യനിരോധനമില്ലായ്മ.
7. വനിതാ സംരംഭകർ തുടങ്ങിയിട്ടുള്ള ചെറുകിട യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് കമ്പോളമില്ലായ്മ.
8. അനാചാരങ്ങളുടെ പ്രാമുഖ്യം
9. സ്ത്രീപീഢനവും, സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
10. പാചക വാതക ദൗർലഭ്യം
11. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ സ്ത്രീകളുടെ എല്ലാവിധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണം.
2. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ഓരോ വനിതാ സെൽ രൂപീകരിക്കുക.
3. സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തത്തക്ക വിധത്തിലുള്ള ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കുക.
4. ഉദ്യാനകൃഷി, അടുക്കളത്തോട്ടം ഇവ പദ്ധതികളാത്തി രൂപപെടുത്തി ഇവയുടെ ചുമതല വനിതാ കമ്മറ്റികളെ ഏൽപ്പിക്കുക.
5. കൈത്തറി നെയ്ത്തുശാലകൾ സ്ഥാപിക്കുക.
6. വ്യക്തികൾക്കോ സംഘങ്ങൾക്കായോ നടപ്പാക്കാവുന്ന ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ കണ്ടെത്തി അവയ്ക്കാവശ്യമായ സാങ്കേതിക പരിജ്ഞാനവും മൂലധനവും ഉറപ്പു വരുത്തുക.
7. പ്രാവർത്തികമാക്കുന്ന പദ്ധതികളെക്കുറിച്ചും ആരോഗ്യപരിപാലനത്തെക്കുറിച്ചും സ്ത്രീകൾക്കായി പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
8. നിലവിലുള്ള വനിതാ വ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അവ ഇല്ലാത്ത വാർഡുകളിൽ പുതിയത് രൂപീകരിക്കാനും ശ്രദ്ധിക്കണം.
9. വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ തലത്തിലുള്ള വിവിധ ഏജൻസികളെ ഏകോപിപ്പിക്കുക.
10. സ്കീമുകൾ ഏകോപിപ്പിച്ചു പഞ്ചായത്തു തലത്തിൽ കൊണ്ടു വരിക.
11. മഹിള സമാജങ്ങളില്ലാത്ത പ്രധാനപ്പെട്ട സ്ഥലങ്ങളിൽ മഹിളാ സമാജങ്ങൾ സ്ഥാപിക്കുക.
12. വനിതകളുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്താവുന്ന മേഖലകൾ കണ്ടെത്തുക.
13. പഞ്ചായത്തിന്റെ ചുരുക്കം ചില വാർഡുകളിൽ മാത്രം നിലവിലുള്ള ഫീഡിംഗ് സെന്ററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.
14. സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്താൽ ഫാമിലികൗൺസിലിംഗ് സെന്റർ പഞ്ചായത്തടിസ്ഥാനത്തിൽ തുടങ്ങുക.
15. സാമൂഹ്യക്ഷേമ ബോർഡിന്റെ സഹായത്താൽ വാർഡുതോറും ബോധവൽക്കരണ ക്യാമ്പു നടത്തുന്നതിന് പഞ്ചായത്തു മുൻകൈയെടുക്കണം.
16. വീട്ടുവളപ്പിലെ കോഴിവളർത്തൽ, പശു, ആട് വളർത്തൽ, പച്ചക്കറികൃഷി, കൂൺകൃഷി, കുറ്റിമുല്ല ഇവ സ്ത്രീകളുടെ സാമ്പത്തിക പുരോഗതിക്കായി പ്രയോജനപ്പെടുത്തണം.
17. സ്ത്രീകൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായും പഞ്ചായത്തു തലത്തിൽ വികേന്ദ്രീകരിച്ച് നടപ്പിലാക്കാൻ പഞ്ചായത്തുകൾക്ക് അധികാരം നൽകണം.
18. നിർദ്ധനരായ പെൺകുട്ടികൾക്കായി ഓരോ വർഷവും സമൂഹ വിവാഹ പരിപാടി സംഘടിപ്പിക്കാനും ഇതിനായി സന്നദ്ധസംഘടനകളിൽ നിന്നും ഉദാരമതികളായ ജനങ്ങളിൽ നിന്നും മറ്റും സാമ്പത്തിക സഹായം സ്വരൂപിക്കാവുന്നതാണ്.
19. വിവാഹങ്ങളിലെ ആർഭാടം ഒഴിവാക്കുന്നതിന്

വാർഡു തലത്തിൽ മഹിളാസമാജങ്ങൾ, നേഴ്സറിസ്കൂളുകൾ, ബാലവാടികൾ,അംഗനവാടികൾ സ്ഥാപിക്കേണ്ട പ്രധാനപ്പെട്ട സ്ഥലങ്ങൾ

പട്ടിക 2

വാർഡുനമ്പർ  മഹിളാസമാജം  നഴ്സറി  ബാലവാടി  അംഗൻവാടി

I  വേടരുകോണം, മീൻമൂട്,

പച്ചക്കാട്, കാവിൻപുറകിൽ

II  തിരിച്ചിറ്റൂർ

III  കാളികോണം,പ്ലാവറ

IV  തവലോട്ടുകോണം

V  വേട്ടമ്പള്ളി  ഊരാളികോണം

VI  കൊല്ലാ  മെത്തോട്  പഴയിടങ്ങ്  വടക്കേകോണം

VII  പണ്ടാരക്കോണം  ഏണിയോട്ടുകോണം  ചന്ദ്രമംഗലം  മെത്തോട്

VIII  നെട്ടറക്കോണം  കല്ലടക്കുന്ന്  മണിയംകോട്  ആലംകോട്

മഠത്തിൽചിറ  നെട്ടറക്കോണം

IX  മുണ്ടൂർക്കോണം  മണലിവിളാകം  പുനവക്കുന്ന്  ചെറുവേലി

X

XI  മരുതുംമൂട്, മന്നൂർക്കോണം18-ാംകല്ല്  നാലുസെന്റു  കോളനി  കീഴ്ക്കോട്ടുമൂഴി  മരുതുംമൂട്  18-ാംകല്ല്  വഞ്ചുവം

ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

20. സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ പ്രാവർത്തികമാക്കുക.
21. ഇൻഡ്യൻ കോഫിഹൗസ് മോഡലിൽ വനിതകൾക്കായി ഹോട്ടൽ വ്യവസായം ആരംഭിക്കാവുന്നതാണ്.
22. സോളാർവിളക്കുകർ, പാനലുകൾ, സൗരോർജ്ജ വിളക്കുകൾ, അടുപ്പുകൾ, ഗ്രെയിന്റർ, മിക്സി, അടുക്കളോപകരണങ്ങൾ, ചെറിയ പമ്പുസെറ്റുകൾ, ചോക്കുകൾ, ആന്റീന, ബൂസ്റ്റർ, സ്റ്റെബിലൈസർ, മറ്റ് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ തുടങ്ങിയവയുടെ റിപ്പയറിംഗിനും അസംബ്ലിക്കും പഞ്ചായത്തടിസ്ഥാനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുക.
23. സ്ത്രീധന സമ്പ്രദായവും സ്ത്രീ പീഡനവും അവസാനിപ്പിക്കുന്നതിനുവേണ്ടി കർശന നടപടി സ്വീകരിക്കുക.
24. വ്യാജമദ്യകച്ചവടം അവസാനിപ്പിക്കാൻ ആന്റീനർക്കോട്ടിക് കൗൺസിലിന്റെ സേവനം ലഭ്യമാക്കുകയും ചെയ്യുക.
25. ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അവ സംഭരിച്ച് ഒഷധി മാതൃകയിൽ ഒരു ആയുർവേദ ഔഷധ നിർമ്മാണശാല പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുകയും ചെയ്യുക.
26. മഹിളകൾക്കായി തുടങ്ങാവുന്ന ചെറുകിട യൂണിറ്റുകൾ, ബീഡി നിർമ്മാണം, എംബ്രോയിഡറി, കറിപൗഡർ, വാഴനാർ, കൈതനാര്, ഈറ, മുള, ചിരട്ട, ചകിരി തുടങ്ങിയവ കൊണ്ടുണ്ടാക്കാവുന്ന കരകൗശല വസ്തുക്കളെ പ്രോൽസാഹിപ്പിക്കുകയും റെഡിമെയ്ഡ്, ശീതളപാനീയം,വാഷിംഗ്പൗഡർ, സോപ്പ്, തീപ്പെട്ടി, ചന്ദനത്തിരി, മെഴുകുതിരി, പർപ്പിടകം, ചല്ലിയടി, പ്ലാസ്റ്റിക് നിർമ്മാണം, പായ്നെയ്ത്ത്, പാലുല്പന്ന യൂണിറ്റ്, അച്ചാർ നിർമ്മാണം, റബ്ബർ, നാളികേരം തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായം.
27. തൊഴിലെടുക്കുന്ന വനിതകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് വാർഡുതോറും കെയർസെന്ററുകൾ സ്ഥാപിക്കണം.

വാർഡുതലത്തിൽ മഹിളാ സമാജങ്ങൾ നെഴ്സറിസ്ക്കൂളുകൾ, ബാലവാടികൾ, അംഗൻവാടികൾ സ്ഥാപിക്കേണ്ട പ്രധാനപ്പെട്ട സ്ഥലങ്ങൾ. മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ നമ്മുടെ പഞ്ചായത്തിൽ വനിതകളുടെ സാമൂഹ്യസാമ്പത്തിക പദവികൾ മെച്ചപ്പെടുത്താനും അതിലൂടെ നിലവിലുള്ള സ്ഥിതിക്ക് മാറ്റം വരുത്താനും കഴിയുമെന്നുറപ്പാണ്.

# സഹകരണമേഖല

'9-ാംപദ്ധതി ജനകീയപദ്ധതി' - എന്ന സങ്കൽപ്പത്തോടുകൂടി ആസൂത്രണം ചെയ്തിരിക്കുന്ന ജനകീയ ആസൂത്രണ പദ്ധതിയിൽ സഹകരണ മേഖല വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

ഒരു മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ദൈനംദിന ജീവിതത്തിൽ സഹകരണ മേഖലയെ ബന്ധപ്പെടാതെ കടന്നു പോകാൻ കഴിയില്ല എന്നതാണ് സത്യം. ലോകത്തിന്റെ എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനത്തിന്റെ പ്രസക്തിയും ആവശ്യകതയും വർദ്ധിച്ചു വരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്.

സഹകരണ പ്രസ്ഥാനം നിരവധി മേഖലകളിലൂടെ കടന്നു പോകുമ്പോഴും ആ മേഖലകളിൽ വിജയത്തിലോടൊപ്പം തന്നെ പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾ നില നിൽക്കുകയും പുതിയ പല മേഖലകളും ഇനിയും കണ്ടെത്തുകയും വേണം.

ആനാട് പഞ്ചായത്തിലെ കർഷകരും, കർഷകതൊഴിലാളികളും, ഇടത്തരക്കാരും ഉൾക്കൊള്ളുന്ന ജനങ്ങൾക്ക് സഹകരണ പ്രസ്ഥാനം എല്ലാ മേഖലകളിലും വമ്പിച്ച സഹായം ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ ഫാർമ്മേഴ്സ് ബാങ്കുകളിൽ ഒന്നായ ആനാട് ഫാർമ്മേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്തിലെ അഭിമാനസ്തംഭമായി ഉയർന്നു നിൽക്കുന്നു. കൂടാതെ പാലോട് കാർഷിക വികസന ബാങ്കിന്റെയും, നെടുമങ്ങാട് അർബൻ കോ ഓപ്പറേറ്റീവ് ബാങ്കിന്റേയും നെടുമങ്ങാട് ഹൗസിംഗ് സഹകരണ സംഘത്തിന്റെയും പ്രവർത്തന പരിധിയിലാണ് ഈ പഞ്ചയത്ത്. പാലുൽപ്പാദകരുടെ സംരക്ഷണത്തിനായി മണ്ടൂകോണം, ആനാട്, വേങ്കവിള, മൂഴി, ഇരിഞ്ചയം എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ മൂഴിയിലും വേട്ടമ്പള്ളി ലക്ഷം വീട്ടിലും ആനാട്ടും വനിത സഹകരണ സംഘങ്ങളും ഉണ്ട്.

റബ്ബർ കൃഷി വ്യാപകമായ ഈ പഞ്ചായത്തിൽ റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളും പ്രവർദ്ധിക്കുന്നുണ്ട്.

ആനാട് ഫാർമ്മേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് 919

ഇന്നത്തെ ആനാട് പനവൂർ പഞ്ചായത്തുകൾ ഒന്നായിരുന്ന കാലത്ത് ആനാട് വില്ലേജിൽ കരിക്കുഴി എന്ന സ്ഥലത്ത് 1100 ാംമാണ്ടിൽ (9.8.1100 ME)

രജിസ്റ്റർ ചെയ്ത് 14 09 1100 me യിൽ പ്രവർത്തനം ആരംഭിച്ച സഹകരണ സ്ഥാപനമാണ് ഇന്നത്തെ ഫാർമ്മേഴ്സ് ബാങ്കായി ഉയർത്തപ്പെട്ടത്.

കർഷകർ പരസ്പര സഹായ സഹകരണ സംഘമായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം വർഷങ്ങൾക്കു ശേഷം പ്രവർത്തനം കൂടുതൽ ശക്തമാക്കുവാനും, കർഷകർക്കു കൂടുതൻ സഹായങ്ങൾ എത്തിക്കുവാനും കഴിയുന്ന രീതിയിൽ ബാങ്ക് ആനാട് 141-ാം മൈൽ കുറ്റിയിലേക്ക് കരിക്കുഴിയിൽ നിന്നും മാറ്റി സ്ഥാപിക്കുകയും ചെയ്തു. ഈ രണ്ടു പഞ്ചായത്തിലേയും സഹകാരികളുടെ കഠിനമായ പരിശ്രമം മൂലം ഈ സ്ഥാപനത്തെ ആനാട് സർവ്വീസ് സഹകരണ സംഘമായി ഉയർത്തപ്പെടുകയും ഇന്ന് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആനാട് കുമാര വിലാസത്തിൽ ബഹുമാന്യനായ എം. കുമാരപിള്ള സംഭാവനയായി വാങ്ങിക്കൊടുത്ത സ്ഥലത്ത് പ്രവർത്തനം തുടരുകയു ചെയ്തു. തുടർന്ന് 28 08 1978 ൽ ഇതിനെ ഫാർമ്മേഴ്സ് ബാങ്കായി ഉയർത്തപ്പെടുകയുണ്ടായി. ഈ സ്ഥാപനത്തിൽ ഇന്ന് 23227 അംഗങ്ങളും 1,71,00000 രൂപ അംഗീകൃത ഓഹരി മൂലധനവും ഉണ്ട്. ഈ സ്ഥാപനത്തിൽ നിന്നും വിവിധ കാലാവധിയിൽ കാർഷിക വായ്പകൾ, സാധാരണ വായ്പകൾ, സ്വർണ്ണ പണയ വായ്പകൾ, ഹൗസിംഗ് വായ്പകൾ, സ്വയം തൊഴിൽ, ഈസിഇൻസ്റ്റാൾമെന്റ് വായ്പകൾ, വ്യാവസായിക വായ്പകൾഎന്നിവയും ബാങ്ക് നേരിട്ടു നടത്തുന്ന ബാങ്കിംഗ് ബിസിനസ്സ്, ചിട്ടി, കൺസ്യൂമർസ്റ്റോർ, ക്ലോത്ത്, മാവേലിസ്റ്റോർ, വളംഡിപ്പോ, കീടനാശിനി, കാർഷിക ഉപകരണങ്ങൾ ഇവയുടെ വില്പന, റബ്ബർഡിപ്പോ. കൺസ്യൂമർ സഹകരണസംഘങ്ങളുടെ ലീഡ് സംഘം, നെഴ്സറി എന്നീ കാര്യങ്ങളിൽ ബാങ്കിന്റെ പ്രവർത്തനം വ്യാപിക്കപ്പെട്ടിരിക്കുന്നു. വേങ്കവിളയിൽ ഒരു ബ്രാഞ്ച് ആഫീസ് പ്രവർത്തിക്കുന്നുണ്ട്. 56 ജീവ

നക്കാർ പണിയെടുക്കുന്നു.

ക്ഷീരസഹകരണ സംഘങ്ങൾക്ക് പാലുല്പാദന രംഗത്ത് കർഷകരുടെ താല്പര്യങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കാൻ കഴിയുന്നില്ല എന്നുള്ള വ്യാപകമായ പരാതി നിലനിൽക്കുന്നു. ഇനം പശുക്കളെ വാങ്ങുന്നതിന് കർഷകർ വൻ തുകകൾ മുടക്കുകയും പിന്നീട് വമ്പിച്ച കടബാദ്ധ്യതക്കാരനായി മാറുകയും ചെയ്യുന്നത് ഗ്രാമപ്രദേശങ്ങളിൽ നിത്യസംഭവമായിരിക്കുന്നു. പാലുല്പാദകൻ മിൽക്ക് സൊസൈറ്റികൾക്ക് നൽകുന്ന പാലിന് ന്യായമായ വില കിട്ടുന്നില്ല എന്നുള്ള വ്യാപകമായ പരാതി നില നിൽക്കുന്നു. കർഷകന് പാലിന് ന്യായമായ വില ലഭിക്കാതിരിക്കുന്ന സന്ദർഭത്തിലും കാലിത്തീറ്റയും, വയ്ക്കോലും പച്ചപ്പുല്ലും വാങ്ങുന്നതിനുവേണ്ടി വൻവിലകൾ നൽകേണ്ടി വരുന്നു.

മിൽമ നേരിട്ടു നൽകുന്ന കാലിതീറ്റ ആവശ്യാനുസരണം പാലുല്പാദകർക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതിയും നിലനിൽക്കുന്നു. ഇതുകാരണം കൂടുതൽ വില നൽകി മറ്റു സ്ഥാപനങ്ങളിൽ നിന്നും കാലിതീറ്റ വാങ്ങേണ്ട അവസ്ഥയിലാണ് മാത്രവുമല്ല പാലിന്റെ കൊഴുപ്പ് (ഫാറ്റ്) അടിസ്ഥാനമാക്കി പാലുല്പാദകന് നൽകുന്ന വിലയെപ്പറ്റി പാലുല്പാദകരുടെ ഇടയിൽ സംശയം നിലനിൽക്കുന്നു. പശുക്കളിലുണ്ടാകുന്ന രോഗങ്ങളും മറ്റും ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ നിരാശരാക്കുന്നു.

### നിർദ്ദേശങ്ങൾ

1. പാലുല്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാലിന്റെ (കൊഴുപ്പ്) ഫാറ്റ് നിശ്ചയിക്കുന്നതിനും ഇന്നുള്ള സംശയം ദൂരീകരിക്കുന്നതിനും എല്ലാ ക്ഷീരോല്പാദകസഹകരണ സംഘങ്ങളിലും നിർബന്ധമായി ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വായ്പയായി സംഘങ്ങൾക്ക് നൽകുക. ഓരോ സംഘത്തിന്റേയും സാമ്പത്തിക ശേഷി അനുസരിച്ച് വായ്പ അടയ്ക്കാനുള്ള കാലാവധി നീട്ടിക്കൊടുക്കുക.
2. പാലുല്പാദകന് ക്ഷീരോല്പാദക സഹകരണ സംഘം വഴി ഒരു ലിറ്റർ പാലിന് ഇപ്പോഴത്തെ സ്ഥിതിയിൽ ഏറ്റവും കുറഞ്ഞത് 8 രൂപ 50 പൈസ മിനിമം നൽകണം.
3. പാലുല്പാദകന് ആവശ്യമായ കാലിതീറ്റ കുറഞ്ഞ വിലയിൽ സംഘങ്ങൾ വഴി വിതരണം ചെയ്യുക. മിൽമയുടെ നേരിട്ടുള്ള കീലിതീറ്റ ലഭിക്കുന്നതിന് ഇന്നുള്ള കാലതാമസം ഒഴിവാക്കി കൂടുതൽ ഉല്പാദനം നടത്തി, ഗുണമേന്മ വർദ്ധിപ്പിച്ച് സംഘങ്ങൾ വഴി വിതരണം ചെയ്യുക.
4. പച്ചപ്പുൽകൃഷി വ്യാപകമാക്കുവാനും കൃഷി ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്ന ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുക.
5. പാലുകൊണ്ടുള്ള ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുകയും അതിനാവശ്യമായ പ്രചരണം നൽകുകയും ഗ്രാമതലങ്ങളിൽ പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്യുക.

സഹകരണപ്രസ്ഥാനങ്ങൾ വഴി ജനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ

ജീവിതത്തിൽ പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെട്ട നിത്യോപയോഗ സാധനങ്ങൾ വാങ്ങുക എന്നുള്ളത് മനുഷ്യന് ഒഴിവാക്കാൻ കഴിയാത്ത കാര്യമാണ്. കൺസ്യൂമർ സമ്പ്രദായത്തിൽ കാതലായ മാറ്റം ഗവൺമെന്റ് തലത്തിൽതന്നെ ഉണ്ടാകേണ്ടതാണ്. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള മാവേലിസ്റ്റോറുകളും, കൺസ്യൂമർസ്റ്റോറുകളും വിലക്കയറ്റം പിടിച്ചു നിർത്താൻ പ്രധാന കവലകളിൽ പ്രവർത്തിക്കുമ്പോൾതന്നെ സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളുമായി പിടിച്ചു നിൽക്കാൻ കഴിയുന്നില്ല.

സഹകരണസ്ഥാനപങ്ങൾ നേരിട്ടു നടത്തുന്ന കൺസ്യൂമർ സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഈ രംഗത്ത് ശക്തമായ മത്സരത്തെ നേരിടുന്നു.

### നിർദ്ദേശങ്ങൾ

1. സഹകരണസ്ഥാപനങ്ങൾ വഴിഇന്നു നടത്തുന്ന കൺസ്യൂമർ സമ്പ്രദായത്തിൽ ഒരു ഏകീകൃതനയം ഗവൺമെന്റ് രൂപം നൽകുക.
2. സഹകരണകൺസ്യൂമർ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗസാധനങ്ങൾക്ക് വിറ്റുവരവ് നികുതി, വില്പനനികുതി എന്നിവ ഒഴിവാക്കുകയോ, അതിന് പരിധി നിശ്ചയിക്കുകയോ ചെയ്യുക.
3. കൺസ്യൂമർ സൊസൈറ്റികൾ വഴി നൽകുന്ന സാധനങ്ങൾ ഗുണമേന്മയുള്ളതും, ജനങ്ങളിൽ വിശ്വാസം അർപ്പിക്കാൻ കഴിയുന്നതും ഉള്ളതാക്കി മാറ്റുക.
4. എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും സഹകരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ കൺസ്യൂമർസ്റ്റോറുകളും ആവശ്യം വേണ്ട സ്ഥാപനങ്ങളും തുടങ്ങുക.

ഹൗസിംഗ് എസ്റ്റേറ്റ് പ്രോഗ്രാം

'സ്വന്തമായി ഒരു വീട്' എന്ന മനുഷ്യന്റെ അടങ്ങാത്ത ആഗ്രഹം പലരുടേയും സ്വപ്നമായി ഇന്നും നിലനിൽക്കുന്നു. വീടില്ലാത്ത നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഭവനനിർമ്മാണരംഗത്ത് ഹൗസിംഗ്ബോർഡ്, ഹൗസിംഗ്സഹകരണസംഘം, ഹൗസിംഗ്ഫെഡറേഷൻ, കാർഷികവികസനബാങ്ക്, സഹകരണസ്ഥാപനങ്ങൾ എന്നിവ നിരവധി പദ്ധതികൾ ആസൂത്രണം ചെ

യ്ക്ക് നടപ്പിലാക്കുന്നു. എങ്കിലും അതിന്റെ ഉദ്ദേശ്യ സ്ഥാനത്ത് ഇന്നും എത്തിച്ചേർന്നിട്ടില്ല എന്നുള്ളത് ഒരു സത്യമായി അവശേഷിക്കുന്നു. ലക്ഷകണക്കിനു രൂപ മുടക്കി വൻകിടകെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി മത്സരിക്കുന്ന സമ്പന്നൻമാരുടെ ഇടയിൽ ചെറിയ ഒരു വീടെന്ന ഇടത്തരക്കാരുടെ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാതെ നിൽക്കുന്ന സാധാരണ ജനങ്ങൾക്ക് സഹകരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഒരു 'ഹൗസിംഗ് എസ്റ്റേറ്റ് പ്രോഗ്രാമി' ന്രൂപം നൽകണം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെസഹകരണസംഘങ്ങൾ നേരിട്ട് സ്ഥലം വാങ്ങി ഒരു എസ്റ്റേറ്റിൽ 20 ഉം 25 ഉം ഇടത്തരം വീടുകൾ നിർമ്മിക്കുക. ഈ വീടുകൾ സംഘം തന്നെ നേരിട്ട് വിദഗ്ദ്ധരായ കെട്ടിടനിർമ്മാണ രംഗത്ത് പ്രാഗല്ഭ്യം തെളിയിച്ചവരുടെ മേൽനോട്ടത്തിൽ നിർമ്മിക്കുക.

2. വായ്പ അടിസ്ഥാനത്തിൽ കുറഞ്ഞത് 15 വർഷത്തെ കാലാവധി എങ്കിലും നൽകി ആവശ്യക്കാർക്ക് വീടുകൾ നൽകുക.

3. ആവശ്യക്കാരുടെ അപേക്ഷകൾ മുൻഗണന നൽകി വീട് അനുവദിക്കുക.

4. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന ആൾക്കാരിൽ നിന്നും അവർക്കു കഴിയുന്ന നിക്ഷേപം മുൻകൂർ ആയി സഹകരണസ്ഥാപനം സ്വീകരിക്കുകയും, വീട് അനുവദിക്കുന്ന തീയതിവരെ അവരുടെ നിക്ഷേപത്തിന് മിതമായ പലിശ നൽകുകയും ചെയ്യുക.

ഇങ്ങനെ വീടുകൾ നിർമ്മിക്കുന്നതിലൂടെ ഓരോ വീടു നിർമ്മിക്കുന്നതിനും 30% വരെ കൂലിച്ചിലവും മറ്റും ലാഭകരമായി മാറുന്നു. ഇത് ഭവനനിർമ്മാണത്തിന് ഇന്നുണ്ടായികൊണ്ടിരിക്കുന്ന അധികച്ചിലവ് കുറക്കുന്നതിനും 10 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനും കഴിയും.

ഈറ്റതൊഴിലാളി സഹകരണസംഘം

തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഈറ്റതൊഴിലാളികൾ തിങ്ങിപ്പാർക്കുകയും പണിയെടുക്കുകയും ചെയ്യുന്ന പഞ്ചായത്താണ് ആനാട്. ഈ പഞ്ചായത്തിലെ 8, 9, 10 വാർഡുകളിലെ 30% കുടുംബങ്ങളിൽ ഈറ്റതൊഴിൽ ഒരു കുടിൽ തൊഴിലായി നിലനിൽക്കുന്നു. ഈറ തൊഴിലാളികൾ ഇന്ന് നിരവധി പ്രതിസന്ധികൾ നേരിടുന്നു. ഈറ തൊഴിലാളികളെ സംരക്ഷിക്കേണ്ട ബാംബു കോർപ്പറേഷൻ ഈ തൊഴിലാളികളെ കാര്യമായി സഹായിക്കുന്നില്ല. ഈറ തൊഴിലാളികൾ നൽകുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില പലപ്പോഴും കോർപ്പറേഷൻ നൽകുന്നില്ല. ആവശ്യാനുസരണം ഈറ്റയും ഈ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. ഈറ കൊണ്ടുള്ള ഉല്പന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിനും വിവിധതരം ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈറ തൊഴിലാളികളുടെ ഒരു സഹകരണസംഘം ഈ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

## വനിതാസഹകരണസംഘം

ആനാട് പഞ്ചായത്തിലെ എല്ലാ ഗ്രാമസഭായോഗങ്ങളിലും പരക്കെ ചർച്ചചെയ്യപ്പെടുകയും, ഉയർന്നുവരുകയും ചെയ്ത പ്രധാനവിഷയമാണ് വനിതാസഹകരണസംഘം. സമൂഹത്തിൽ എല്ലാ നിലകളിലും വനിതകളുടെ സാന്നിദ്ധ്യവും, പങ്കാളിത്തവും കടന്നു വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ സാമാന്യം വിദ്യാഭ്യാസം നേടിയ വനിതകളുടെ എണ്ണം എല്ലാ കുടുംബങ്ങളിലും ഉണ്ടായിരിക്കുന്നു. വനിതകളെ സംഘടിപ്പിക്കുന്നതിനും, അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വനിതാ സഹകരണസംഘങ്ങൾക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. പഞ്ചായത്തിൽ ശക്തമായി പ്രവർത്തിക്കുന്ന ഒരു വനിതാസഹകരണസംഘം രൂപീകരിക്കുകയും ഓരോ വാർഡിലും ഈ സഹകരണസംഘത്തിന്റെ ഓരോ യൂണിറ്റ് രൂപീകരിച്ച് മെഴുകുതിരി, തീപ്പെട്ടികൾ, അച്ചാർ, പലഹാര സാധനങ്ങൾ, റെഡിമെയിഡ് വസ്ത്രയൂണിറ്റ് പർപ്പടക യൂണിറ്റ് തുടങ്ങി ഒട്ടനവധി യൂണിറ്റുകൾക്ക് രൂപം നൽകുവാനും അതിനാവശ്യമായ വിപണി കണ്ടെത്തുവാനും ശ്രമിച്ചാൽ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തുവാനും കഴിയും.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം

ആനാട് പഞ്ചായത്ത് മൊത്തം ജനസംഖ്യയുടെ 8 ശതമാനത്തോളം പട്ടികജാതി പട്ടകവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. സഹകരണ രംഗത്ത് മറ്റു പല മേഖലകളിലും മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് വേണ്ടി ഒരു സഹകരണസംഘം ഇല്ല. എല്ലാ ഗ്രാമസഭായോഗങ്ങളിലും പഞ്ചായത്ത് തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണമെന്ന് നിർദ്ദേശം ഉയർന്നുവന്നു. ഈ വിഭാഗങ്ങളിൽപെട്ട ജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാകാൻ പഞ്ചായത്ത് തലത്തിൽ സംഘം രൂപീകരിക്കേണ്ടതാകുന്നു.

## സഹകരണ ആശുപത്രി

ആരോഗ്യരംഗത്ത് ജനങ്ങളുടെ ആവശ്യങ്ങൾ പരിപൂർണ്ണമായി പരിഹരിക്കാൻ ഗവൺമെന്റ് ആശു

## അനുബന്ധം13
## സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| I 1) | സ്ഥാപനത്തിന്റെ പേര് | ആനാട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് LTDNo. 919 |
| 2) | പ്രവർത്തനപരിധി | ആനാട്, പനവൂർ പഞ്ചായത്തുകൾ |
| 3) | ക്രെഡിറ്റ്/നോൺക്രെഡിറ്റ് | ക്രെഡിറ്റ് |
| 4) | പ്രവർത്തനം ആരംഭിച്ച വർഷം | 14.9.1100M.E. |
| 5) | ആകെ അംഗങ്ങൾ | 23227 |
| 6) | ഒരു ഓഹരിയുടെ വില | 10/- |
| 7) | അംഗീകൃത ഓഹരി മൂലധനം | 1,71,00000/- |
| 8) | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 7537790/- |
| 9) | സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| 10) | ഉണ്ടെങ്കിൽ ലഭിച്ച തുക | 555000/- |
| 11) | പരമാവധി കടം എടുക്കാവുന്ന തുക | 16,59,88000/- |
| II | പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | |
| a) | സ്ഥിരം | 71505406.73 |
| b) | ഹ്രസ്വകാലം | 9048847.97 |
| II | നൽകിയിട്ടുള്ള വായ്പകൾ | |
| a) | കാർഷിക വായ്പകൾ | |
| 1. | ഇനം തുക | |
| 2. | ഹ്രസ്വകാല വായ്പ | 18051451 |
| 3. | മദ്ധ്യകാല വായ്പ | 1081847 |
| 4. | ദീർഘകാല വായ്പ | 1497533 |
| 5. | | |
| b. | മറ്റുവായ്പകൾ | |
| 1. | ഇനം തുക | |
| 2. | സാധാരണ വായ്പ | 32703005.85 |
| 3. | സ്വർണ്ണപണയം | 15650500.00 |
| 4 | മറ്റുവായ്പകൾ | 4923913.87 |
| 5. | | |
| c) | പ്രത്യേക വായ്പകൾ | |
| 1. | ഇനം തുക | |
| 2. | ഹൗസിംഗ് | 4272626 |
| 3. | സ്വയം തൊഴിൽ 774053 | |
| 4. | ഈസി ഇൻസ്റ്റാൾമെന്റ് | 1664414 |
| 5. | വ്യവസായ വായ്പ | 102036 |

## IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1. തിരു:ജില്ലാസഹ:ബാങ്ക് | കാർഷിക വായ്പ | 14466732 |
| 2. നെടുമങ്ങാട് | മദ്ധ്യകാല വായ്പ | 1051330 |
| 3. " | ദീർഘകാല വായ്പ | 1757574 |
| 4. " | മറ്റു വായ്പകൾ | 193018 |
| 5. ഗവൺമെന്റ് വായ്പ | ഗോഡൗൺ ലോൺ | 110490 |

## V നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| | വായ്പാ സ്വഭാവം | തുക |
|---|---|---|
| 1. | കാർഷിക വായ്പ | 3497715 |
| 2. | മറ്റുവായ്പകൾ | 4745746 |
| 3. | | |
| 4. | | |
| 5. | | |

## VI) സ്ഥാപനത്തിന്റെ ചെലവുകൾ

| | |
|---|---|
| 1.Establishments Charges | 2296044.00 |
| 2.Contingennies | 1612572.59 |

## VII) വായ്പാ സഹ:സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ബാങ്കിംഗ് ബിസിനസ്സ്
2. ചിട്ടി
3. കൺസ്യൂമർസ്റ്റോറുകൾ -8 ക്ലോത്ത് മാവേലി
4. വളം ഡിപ്പോ, കീടനാശിനി, കാർഷിക ഉപകരണ ഡിപ്പോ, റബ്ബർ ഡിപ്പോ 8
5. കൺസ്യൂമർ സഹകരണ സംഘങ്ങളുടെ ലീഡ് സംഘം
6. നഴ്സറി, റബ്ബർ സംഭരണം

പത്രികൾക്ക് കഴിയാത്ത സാഹചര്യത്തിൽ ജന ങ്ങളുടെ ചികിത്സാ സൗകര്യത്തിന് വേണ്ടി പല പ്പോഴും സ്വകാര്യ ആശുപത്രികളെ അഭയം പ്രാപി ക്കുകയാണ് ചെയ്യുന്നത്. സ്വകാര്യമേഖലയിൽ ചികിത്സക്ക് എത്തുന്ന രോഗികളിൽ നിന്നും വൻ തുകകൾ ഈടാക്കി സ്വകാര്യ ആശുപത്രി ഉടമ കൾ സമ്പന്നരാകുന്നു. ഈ ചൂഷണത്തിൽ നിന്നും ഗ്രാമീണ ജനങ്ങളെ മോചിതരാക്കുന്നതിന് പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി രൂപീ കരിക്കുന്നതിനും അതിന് ആവശ്യമായി സാമ്പ ത്തികം ജനങ്ങളിൽ നിന്നുള്ള നിക്ഷേപത്തിലൂ ടെയും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഷെയർ സ്വീകരിക്കുകയും ഗവൺമെന്റിന്റേ യും പഞ്ചായത്തുകളുടേയും സാമ്പത്തികമായ സഹായത്തോടുകൂടിയും നടപ്പാക്കണം ആരോഗ്യ രംഗത്തെ പ്രഗത്ഭരുടേയും സേവനം ഈ രംഗത്ത് ഉപയോഗപ്പെടുത്തണം.

പൊതുവായ നിർദ്ദേശങ്ങൾ

1. സഹകരണ മേഖലയിൽ ഒരു കേന്ദ്രീകൃത നിയമം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. പാർല മെന്റിൽ തന്നെ നിയമം പാസാക്കി ഇൻഡസ്ട്രിക്ക് ഒന്നായ ഒരു സഹകരണ നിയമം ഉണ്ടാകേണ്ടത് സഹകരണ മേഖലയുടെ വളർച്ചക്ക് ഉണർവ്വ് നൽകും.

2. തെരെഞ്ഞെടുപ്പ് സമ്പ്രദായം

ഇന്ന് സഹകരണസ്ഥാപനങ്ങളിൽ നിലവിലി രിക്കുന്ന തെരെഞ്ഞെടുപ്പ് സമ്പ്രദായം സഹകര ണമേഖലയ്ക്ക് വൻപിച്ച പ്രതിസന്ധി സൃഷ്ടിക്കു ന്നുണ്ട്. മാറിമാറി വരുന്ന ഗവൺമെന്റുകളുടെ യും പാർട്ടികളുടെയും ഹിതുകമായി സഹകരണ സ്ഥാപനങ്ങളെ മാറ്റുന്നതിന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവരവരുടെതായ പങ്ക് വഹിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. സഹകരണ രംഗത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരണം കൂടു തൽ കടത്തി വിടുന്നത് സഹകരണമേഖലയെകുറി ച്ചുള്ള സങ്കൽപ്പത്തിന് അപകടം വരുത്തുമെന്ന് കരുതുന്നു. ഇന്ന് സഹകരണസ്ഥാപനങ്ങളിൽ നിലവിലിരിക്കുന്ന തെരെഞ്ഞെടുപ്പ് സമ്പ്രദായം പല സഹകരണസ്ഥാപനങ്ങളിലും ഏകകക്ഷി ഭര ണത്തിന് കാരണം ആകുകയും അത് വഴി പല സഹകരണസ്ഥാപനങ്ങളിലും സ്വജനപക്ഷപാത വും ചുരുക്കം സഹകരണസ്ഥാപനങ്ങളിലെങ്കിലും അഴിമതിയും നടക്കുന്നതിന് കാരണമാകുന്നു. ആയതിനാൽ സഹകരണസ്ഥാപനങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നടക്കുന്നമാതിരി വാർഡടിസ്ഥാ നത്തിൽ തെരെഞ്ഞെടുപ്പ് നടത്താനും അതുവഴി എല്ലാ വിഭാഗം ജനങ്ങളുടേയും പ്രാതിനിധ്യം ഉറപ്പ് വരുത്തുവാനും കഴിയും. ഇത് സഹകരണമേഖ ലയുടെ ഉയർച്ചക്കും വളർച്ചക്കും നല്ലതാകുമെന്ന് കരുതുന്നു.

കാർഷികവായ്പക്ക് സ്വർണ്ണം സെക്യൂരിറ്റി ആയി സ്വീകരിച്ചുകൊണ്ട് കാർഷികവായ്പക്ക് ഈടാക്കുന്ന പലിശനിരക്കിൽ കർഷകർക്ക് വായ്പ നൽകുന്ന ഒരു പദ്ധതിക്ക് സഹകരണ മേഖല രൂപം നൽക ണം.

3. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

4. മുള്ളുവേങ്ങാമൂട് കേന്ദ്രമാക്കി ആനാട് ഫാർമേഴ്സ് ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കുക.

5. ആനാട് ഫാർമേഴ്സ് ബാങ്കിന്റെ ആഭിമുഖ്യ ത്തിൽ മോർണിംഗ് & ഈവനിംഗ് ശാഖ തുട ങ്ങുക.

6. കാർഷിക മേഖല ശക്തമായ വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ ഭക്ഷ്യഉല്പന്നങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നല്കുക.

# പട്ടികജാതി പട്ടികവർഗ്ഗം

ജനകീയാസൂത്രണം എന്ന ആശയം രൂപം കൊള്ളുന്നതുതന്നെ ഒരു താത്വിക അടിത്തറയിൽ നിന്നുമാണ്. നമ്മുടെ രാജ്യത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചിട്ട് അര നൂറ്റാണ്ടായിരിക്കുന്നു. എന്നാൽ പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക് ഈ സ്വാതന്ത്ര്യം ഭാഗികമായിട്ടെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നത് വലിയൊരു ചോദ്യചിഹ്നമായി നിലകൊള്ളുന്നു. ഈ വിഭാഗത്തിൽ പെട്ടവരുടെ ഉന്നമനത്തിനായി പല പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പൊതുവെ അത് ചൂഷണത്തിന്റെ വേദികളായി മാറി. അതുകൊണ്ട് പട്ടികജാതി/വർഗ്ഗത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന ജനാധിപത്യപരമായ പരിഷ്കാരങ്ങൾ ഇവിടെ നടപ്പിലാക്കേണ്ടിയിരിക്കുന്നു. ജനകീയാടിത്തറ വിജയിക്കണമെങ്കിൽ ജനങ്ങളെ അതിനു തയ്യാറാക്കുക എന്നതുകൂടി പ്രധാനമാണ്. അതിനായി ജനങ്ങൾക്കുവേണ്ട ബോധവൽക്കരണം നൽകുക. നമ്മുടെ പഞ്ചായത്തിൽ '2304' പട്ടികജാതിക്കാരും '25' ഓളം വരുന്നപട്ടികവർഗ്ഗക്കാരുമുണ്ട്. ഇതിൽ മുക്കാൽ ഭാഗം ആളുകൾക്കും സ്വന്തമായി വീടില്ലാത്തവരുമാണ്. സാമ്പത്തിക സാമൂഹ്യപരമായ കാര്യങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനസമൂഹമാണ്.

നമ്മുടെ പഞ്ചായത്തിൽ (ആനാട്) തന്നെ ഉൾപ്പെടുന്നതായ പട്ടികജാതിയിൽപ്പെടാവുന്ന 50% ൽ പരം ആളുകളും ദളിത് ക്രൈസ്തവരാണെന്ന കാര്യം ശ്രദ്ധേയമാണ്. മതേതരരാഷ്ട്രമായ ഇന്ത്യയിൽ മതത്തിന്റെ പേര് പറഞ്ഞ് ഈ വിഭാഗത്തിന്റെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനുതകുന്ന പാർപ്പിടം, പൊതുജനാരോഗ്യപദ്ധതികളും ഈ വിഭാഗത്തിനായുള്ള ക്ഷേമപ്രവർത്തനങ്ങളും ദളിത് ക്രൈസ്തവരെന്ന തടസ്സവാദം മാറ്റി നിർത്തി ചെയ്യെങ്കിൽ മാത്രമെ കാര്യമായ പുരോഗതി പ്രാപിക്കാനാവൂ. വർഷങ്ങളായി സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികജാതി/വർഗ്ഗം. സവർണ്ണവിഭാഗത്തിന്റെ പലരൂപത്തിലുള്ള പീഢനങ്ങൾ നൂറ്റാണ്ടുകളായി ഏറ്റുവാങ്ങേണ്ടി വന്നവരാണിവർ. എല്ലാ ജനവിഭാഗങ്ങളെയും തുല്യരായി കാണാൻ കഴിഞ്ഞാൽ മാത്രമേ ഏതൊരു സമൂഹത്തിനും പരിഷ്കൃത സമൂഹമെന്ന അഭിമാനിക്കാൻ കഴിയൂ.

വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗം ഏറ്റവും പിന്നോക്കമാണ്. വീടുകളിൽ പഠനത്തിന് സഹായകമായ അന്തരീക്ഷമില്ലാത്തത് ഒരു കാരണമാണ്. സർക്കാരിൽ നിന്ന് ലഭിക്കുന്ന ഉച്ചഭക്ഷണം ഈ വിഭാഗത്തെ സ്കൂളിലേക്ക് ആകർഷിക്കുന്നു. എന്നാൽ ഇന്ന് ലഭിക്കുന്ന ലംപ്സം ഗ്രാന്റ് തുക പാഠപുസ്തകങ്ങൾ വാങ്ങാൻ പോലും തികയുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ചെറുപ്രായത്തിൽ തന്നെ കൂലിവേല ചെയ്യുവാൻ നിർബന്ധിതരാകുന്നതിനാൽ ഈ വിഭാഗത്തിന്റെ പഠനത്തെ ബാധിക്കുകയും ഇതുമൂലം വിദ്യാഭ്യാസപരമായി ഉയരാനോ മറ്റു സാമൂഹിക വിഭാഗങ്ങൾക്കൊപ്പം എത്താനോ ഈ വിഭാഗക്കാർക്കു കഴിയുന്നില്ല.

1990-91ൽ നടന്ന സാക്ഷരത സ്കൂളുകളിലെ പഠിതാക്കളിൽ നല്ലൊരു ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരായിരുന്നു എന്നത് ഈ രംഗത്തെ അവരുടെ പിന്നോക്കാവസ്ഥ കൂടുതൽ വ്യക്തമാക്കുന്നു.

### പ്രശ്നങ്ങൾ

1. പട്ടികജാതിക്കാർക്ക് ലഭ്യമാകുന്നതായ പദ്ധതികളും ആനുകൂല്യങ്ങളും വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തി ജീവിതം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നില്ല.
2. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള ആനുകൂല്യങ്ങളേയോ പദ്ധതികളേയോ കുറിച്ച് വേണ്ട വിധം അറിവില്ല.
3. ഈ വിഭാഗത്തിൽപെട്ടവരുടെ വിദ്യാഭ്യാസ നിലവാരം വളരെയധികം ശോചനീയമാണ്. സാമ്പത്തിക ഭദ്രതയില്ലായ്മ, ഭൗതിക സാഹചര്യങ്ങളുടെ സമ്മർദ്ദം മുതലായവ ഇതിനു കാരണമാകുന്നു.
4. പ്രാഥമികാരോഗ്യത്തെ സംബന്ധിച്ചും പരിസര ശുചിത്വത്തെ കുറിച്ചും വേണ്ട അറിവില്ല.
5. ഈറ്റതൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ എന്നീ മേഖലകളിലായി കൂലിപ്പണി എടുത്തു ജീവിക്കുന്നവരുടെ സാമൂഹ്യ പദവിയിലും വേണ്ടത്ര ഉയർച്ച കൈവരിക്കപ്പെട്ടിട്ടില്ല. ഇതൊരു വലിയ പ്രശ്നമായി നിലനിൽക്കുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവർ യഥാസമയം ബന്ധപ്പെട്ട പഞ്ചായത്തുകളേയോ ഉത്തരവാദപ്പെ

ട്ടവരേയോ അറിയിക്കുന്നില്ല.

7. വൃത്തിഹീനമായ ചുറ്റുപാടിൽ കഴിയുന്നതു കൊണ്ട് പല രോഗങ്ങളും പിടിപെടുന്നു.

8. വിദ്യാഭ്യാസപരമായി വളരെ വളരെ താഴ്ന്നു നിൽക്കുന്നത് എല്ലാത്തരം വികസനത്തിനും പുരോഗതിക്കും തടസ്സമാകുന്നു.

9. ആനുകൂല്യങ്ങൾ യഥാർത്ഥ ഉപഭോക്താവിനു കിട്ടാതെ ഇടനിലക്കാർ കൈക്കലാക്കുന്നു.

## നിർദ്ദേശം

1. പട്ടികജാതി/വർഗ്ഗക്കാർക്ക് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കണം.

2. പട്ടികജാതി/വർഗ്ഗക്കാർക്ക് മാത്രമായി ഭൂരഹിത-ഭവനരഹിത പദ്ധതി നടപ്പിലാക്കണം.

3. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള സഹായവും അവസരവും ഉണ്ടാക്കണം. കൂടാതെ അതിനു വേണ്ട ബോധവൽക്കരണവും നൽകണം.

4. ആനുകൂല്യങ്ങൾ നൽകുമ്പോൾ ഇവരുടെ ജീവിത നിലവാരം മെച്ചമാക്കാൻ മതിയാകുന്നതാണോ എന്ന് പരിശോധിക്കണം.

5. ജീവിത നിലവാരം മെച്ചമാക്കാൻ തുടർ പ്രവർത്തനങ്ങളും സഹായങ്ങളും ചെയ്യണം.

6. കണ്ണംകോട്, മീൻമൂട് ഭാഗങ്ങളിലെ പട്ടികജാതിക്കാർക്കായി ഭവന കോംപ്ലക്സ് നിർമ്മിക്കണം.

7. പട്ടികജാതിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കൈമാറ്റം ചെയ്യുന്നത് തടയണം.

8. കാർഷിക മേഖലയുടെ പുരോഗതി ഉദ്ദേശിച്ച് ഈ മേഖലയിലെ ആൾക്കാർക്ക് ഉള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് ആവശ്യമായ വിത്തുംവളവും മറ്റ് കാർഷികോപകരണങ്ങളും സൗജന്യമായി ലഭിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്ത് മുഖേന ലഭ്യമാക്കണം.

9. 'നാലാം' വാർഡിലെ വെള്ളരിക്കോണം 'ആറാം' വാർഡിലെ വടക്കേക്കോണം കേന്ദ്രമാക്കി ഓരോ പട്ടികജാതി സഹകരണസംഘങ്ങൾ രൂപീകരിക്കണം.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി/വർഗ്ഗത്തിൽപെട്ടവർ ആൺമക്കൾ ഉണ്ടായിരുന്നാലും ഇവർക്ക് വാർദ്ധക്യകാല, കർഷകതൊഴിലാളി പെൻഷൻ നൽകുകയും ഇവർക്ക് പ്രായപരിധി നിലവിലുള്ള 65 വയസ്സിൽ നിന്നും 55 വയസ്സിലേക്ക് താഴ്ത്തുകയും വേണം.

11. ആനാട് പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗ കുടുംബങ്ങൾക്ക് ഒരു വീട്ടിൽ കുറഞ്ഞപക്ഷം ഒരാൾക്കെങ്കിലും സ്ഥിരം തൊഴിലും ഉപയോഗയോഗ്യമായ രീതിയിൽ ഭവനം, കക്കൂസ്, കിണർ, വൈദ്യുതി എന്നിവയും നടപ്പിലാക്കണം.

12. ആനാട് ഗ്രാമപഞ്ചായത്തിൽ ലക്ഷംവീടുകളുടെ നില വളരെ ശോചനീയാവസ്ഥയിലാണ്. പ്രാഥമിക സൗകര്യമില്ലാത്തവയും എല്ലാം ഏതു സമയത്തും നിലം പതിക്കാൻ തക്ക രീതിയിൽ പഴകി പൊളിഞ്ഞതുമാണ്. ഇതിലേക്കായി അധികാരികളുടെ ശ്രദ്ധ എത്രയും വേഗം ഉണ്ടാകേണ്ടതുണ്ട്.

13. കിണർ ലഭിക്കാനുള്ള സാമ്പത്തിക സഹായം ലഭിക്കാൻ മുപ്പത് സെന്റ് ഭൂമി വേണമെന്നാണ് കൃഷിഭവൻ നിർദ്ദേശിക്കുന്നത്. ഈ ഭൂപരിധി SCവിഭാഗക്കാർക്ക് പത്ത് സെന്റായി പരിമിതിപ്പെടുത്തണം.

14. പട്ടികജാതി/വർഗ്ഗത്തിൽപെട്ടവർ മിശ്രവിവാഹം നടത്തുമ്പോൾ പലവിധ പീഢനങ്ങൾ സഹിക്കേണ്ടി വരുന്നു. അത്തരക്കാർക്ക് വേണ്ട സഹായസഹകരണങ്ങൾ ഉണ്ടാക്കണം.

15. കോളനികളിൽ താമസിക്കുന്നതായ പട്ടികജാതി/വർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികജാതി/വർഗ്ഗക്കാർക്കും നൽകേണ്ടതാണ്.

16. കാളികോണം കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക.

17. മൈലമൂട്, താഴ്ന്നമല, നീറ്റാണി, വടക്കേക്കോണം എന്നിവ അംഗീകൃതകോളനിയായി മാറ്റുകയും നിലവിലുള്ള അംഗീകൃതകോളനികൾ IHDP കോളനികളാക്കി മാറ്റുകയും വേണം.

18. ആനാട് ഗ്രാമപഞ്ചായത്തിലെ എല്ലാ പട്ടികജാതി കോളനികളിലും പൈപ്പ് ലൈൻവഴി കുടിവെള്ളം എത്തിക്കണം.

19. പഞ്ചായത്തിലെ ഈറ്റത്തൊഴിലാളികൾക്ക് ക്ഷേമ നിധി ഏർപ്പെടുത്തണം.

20. പട്ടികജാതി കോളനികളിൽ ഓരോ മാസവും ആരോഗ്യക്ലാസ്സും ക്യാമ്പും സംഘടിപ്പിക്കണം.

# വിഭവസമാഹരണവും സാമ്പത്തികം

വളരെക്കാലമായി കാണുന്ന ഒരു സ്വപ്ന മാണ് ഉത്തരവാദിത്വ ബോധത്തോടെ ജനങ്ങൾ അധികാരം ഏറ്റെടുക്കുക എന്നുള്ളത്. ആ പ്രക്രിയ അക്ഷരാർത്ഥത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഭരണവകുപ്പുകൾ അവരിലർപ്പിതമായ ചുമതലകൾ കർത്തവ്യബോധത്തോടെ നടപ്പിലാക്കാൻ രംഗത്തെത്തിയിരിക്കുന്നത് സ്വാഗതാർഹമായ കാര്യമാണ്.

കാലാവസ്ഥ, സാമൂഹ്യാചാരങ്ങൾ, കാർഷിക വിഭവങ്ങൾ എന്നിവ എല്ലാ വാർഡുകളിലും ഏറെക്കുറെ ഒരു പോലെയാണ്. കാർഷികമേഖലയിൽ നിന്നു കിട്ടുന്ന പരിമിതമായ ഉൽപന്നങ്ങളുടെ തുച്ഛമായ വിലയാണ് ജനങ്ങളുടെ മുഖ്യവരുമാന സ്രോതസ്.

ധാരാളം മനുഷ്യസമ്പത്തിന്റെ സ്രോതസുള്ള ഒരു ഗ്രാമപഞ്ചായത്താണ് നമ്മുടേത്. ഈ സ്രോതസിനെ ഫലപ്രദമായി നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞാൽ വികസനം അസാദ്ധ്യമായ ഒരു പ്രക്രിയയല്ല. ഗൾഫ്മേഖലയിൽ ജോലിചെയ്യുന്നവർ ഇവിടെ അത്രകണ്ട് കുറവല്ല. ഈ മേഖലയിലുള്ളവരുടെ കൂട്ടായ്മ സ്വരൂപിക്കുന്നതിനോ നിക്ഷേപം സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ ജനോപകാരപ്രദമായ ഒരു പദ്ധതിക്ക് രൂപം നൽകുന്നതിനോ ആരും മുന്നോട്ട് വന്നിട്ടില്ല. ഒൻപതാം പദ്ധതികാലത്ത് ഇത്തരത്തിലുള്ള ഒരു പ്രോജക്റ്റിന് രൂപം കൊടുക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷ ഈ ഗ്രാമപഞ്ചായത്തിനുണ്ട്.

ആധുനിക ജീവിതരീതിയിലും സാമൂഹ്യാവശ്യങ്ങളിലും ഒരു പരിധി കല്പിക്കാൻ കഴിയാത്തതുകൊണ്ടുതന്നെ ജനതയുടെ സമസ്ത ആവശ്യങ്ങൾക്കും പരിഹാരം ഉണ്ടാക്കാവുന്ന ഒരു സമഗ്രവികസനം സാധിതമാകുമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ആസൂത്രണ വൈകല്യങ്ങൾ ഒഴിവാക്കിയും, ഉൽപാദന തൊഴിൽദായക മേഖലകൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതിക്ക് രൂപം നൽകിയാൽ ഈ പ്രശ്നങ്ങളെ ഏറെക്കുറെ പരിഹരിക്കാൻ കഴിയും. കാർഷിക, പ്രകൃതി വിഭവങ്ങൾ വിറ്റഴിക്കുന്ന അംഗീകൃതമാർക്കറ്റ് ഒരെണ്ണമാണ് ഈ പഞ്ചായത്തിലുള്ളത്. അതോടനുബന്ധിച്ചുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സും. മേൽപറഞ്ഞവയിൽ നിന്നുള്ള വരുമാനം, കെട്ടിട, തൊഴിൽ നികുതികൾ, ലൈസൻസ് ഫീസുകൾ, തുച്ഛമായ ഗവൺമെന്റ് സഹായം ഇവ ഈ പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ ഭദ്രമാക്കുന്നില്ല. തനതു വരുമാനം ആപേക്ഷികമായി കൂടുന്നുണ്ടെങ്കിലും ഭരണപരമായ ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ആവശ്യത്തിന് തികയുന്നില്ല. ജീവനക്കാരുടെ ശംബള വർദ്ധനവും ഭരണസമിതിഅംഗങ്ങൾക്ക് നൽകേണ്ടി വരുന്ന അലവൻസുകളിൽ വന്ന നിയമപരമായ വർദ്ധനവ് ഭരണ ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കിയ സാഹചര്യങ്ങളാണ്. കാലാകാലങ്ങളിൽ പല പദ്ധതികളിൽപെടുത്തി (JRYപോലുള്ളവ) പല നിർമ്മാണപ്രവർത്തനങ്ങളും പഞ്ചായത്തിൽ നടക്കാറുണ്ട്. പക്ഷേ ശരിക്ക് ഗുണഫലമനുഭവിക്കേണ്ട ഗ്രാമീണജനതക്ക് അത് പൂർണ്ണമായി അനുഭവപ്പെടുന്നില്ല. കാരണം ജനപങ്കാളിത്തത്തിന്റെ അഭാവവും, ഇടത്തട്ടുകാരുടെ അമിതമായ ലാഭംകൊയ്യാനുള്ള മാനസികാവസ്ഥയുമാണ്. ഇത് മാറണം.

ഏത് വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും അനുഭവപ്പെടുന്ന പ്രധാന പ്രതിബന്ധം സാമ്പത്തികം തന്നെയാണ്. നമ്മുടെ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

1. 3-ാം വാർഡിലെ ധനലക്ഷ്മി ബാങ്ക്
2. 9-ാം വാർഡിലെ ബാങ്ക് ഓഫ് ഇന്ത്യ
3. ആനാട് - പനവൂർ പഞ്ചായത്തുകളുടെ സാമ്പത്തിക രംഗത്തെ നിയന്ത്രിക്കുന്ന ആനാട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്.

ഇതിൽ തന്നെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് വലിയൊരളവുവരെ അത്താണിയാകുന്നത് നമ്മുടെ സഹകരണ ബാങ്ക് തന്നെയാണ്. ദേശസാൽകൃതബാങ്കുകൾ അവരുടെ കർത്തവ്യം നിറവേറ്റുന്നില്ല. തൻമൂലം അത്യാവശ്യക്കാരായ സാധാരണ ജനത. മൂന്നൂറ് ശതമാനത്തിന് മുകളിൽ പലിശ ഈടാക്കുന്ന ബ്ലെയിഡ്കാരെയും, മുപ്പത്തിയാറ് ശതമാനവും അതിന് മുകളിലും പലിശ ഈടാക്കുന്ന സ്വകാര്യ ചിട്ടിഫണ്ടുകളേയും, സ്വർണ്ണപണയത്തിൻമേൽ പണം നൽകുന്നവരേയും ആശ്രയിക്കേണ്ടി വരുന്നു.

14. ഗ്രാമപഞ്ചായത്ത് മുൻഗണനാനാടിസ്ഥാനത്തിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ, അർദ്ധസർക്കാർ, ധനകാര്യസ്ഥാപനങ്ങൾ, ധനമുള്ള വ്യക്തികൾ എന്നിവരിൽ നിന്നും വായ്പയായോ സംഭാവനയായോ ധനം കണ്ടെത്താനുള്ള ശ്രമം നടത്തണം.

15. പാരലൽ കോളേജുകൾക്കും, സ്വകാര്യാശുപത്രികൾക്കും ലൈസൻസ് ഏർപ്പെടുത്തി നികുതി വസൂലാക്കുക.

16. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ മേൽ പഞ്ചായത്ത് ഭരണസമിതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

17. അനധികൃതമായി നടക്കുന്ന മണലൂറ്റ് പോലുള്ള പ്രവർത്തനങ്ങൾക്ക് തടയിടണം.

18. റൂറൽ ഡവലപ്പ് ബോർഡ് മുഖേന വികസന പ്രവർത്തനങ്ങൾക്ക് നൽകുന്ന വായ്പാ പദ്ധതികളിലെ നടപടിക്രമങ്ങൾ ഉദാരമാക്കുക (കാലതാമസം ഒഴിവാക്കുക, പലിശ നിരക്ക് കുറയ്ക്കുക.)

19. ഗ്രാമപഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി പുറം ഏജൻസികളിൽ നിന്നും വായ്പ എടുക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കുക.(സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ)

20. 1000 ച..അടിയിൽ കവിഞ്ഞു വരുന്ന കെട്ടിടങ്ങൾക്ക് സ്പെഷ്യൽ ലെവി ചുമത്തുക.

### പ്രശ്നങ്ങൾ

1. കാർഷികമേഖലയിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് ഭൂരിപക്ഷം കർഷകർക്കും അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നില്ല.

2. ഗൾഫ് പണം ഈ ഗ്രാമപഞ്ചായത്തിനുള്ളിൽ എത്രത്തോളം എത്തിച്ചേരുന്നു എന്നുള്ളതിന്റെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. അത് ചെലവഴിക്കപ്പെടുന്ന രീതിയും വ്യക്തമല്ല.

3. സന്നദ്ധ സേവനം പല രംഗത്തും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വ്യക്തികൾ എടുക്കുന്ന വായ്പകൾ (വ്യവസായികം, കാർഷികം) യഥാർത്ഥ ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നില്ല.

5. നികുതി പിരിവിൽ ഗ്രാമപഞ്ചായത്ത് വരുത്തുന്ന ഉദാസീനത വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തുന്നു.

6. ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിലെ പുറംപോക്ക് ഭൂമികളിൽ ധാരാളം ഫലവൃക്ഷങ്ങൾ നിൽക്കുന്നു. ഇവയിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള അവകാശം യഥാസമയം ലേലം ചെയ്ത് മുതൽകൂട്ടാത്തതുകൊണ്ട് സാമ്പത്തിക ചോർച്ച അനുഭവപ്പെടുന്നു.

7. ഭരണചെലവുകളിൽ വരുന്ന വർദ്ധനവ്

8. കോൺട്രാക്ടർമാരുംമറ്റ് ഇടത്തട്ടുക്കാരും തട്ടിയെടുക്കുന്ന അമിത ലാഭം

9. ഭരണസമിതിയുടെ അംഗീകാരമില്ലാതെ നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ

### നിർദ്ദേശങ്ങൾ

1. കാർഷിക രംഗത്ത് ഓരോ സ്ഥലത്തിനും അനുയോജ്യമായ കൃഷി എന്തെന്ന് കണ്ടെത്തി അത് കൂട്ടുകൃഷി സമ്പ്രദായത്തിലൂടെ നടപ്പാക്കുകയും വിഭവങ്ങൾ സമാഹരിച്ചു വിപണനം ചെയ്യുന്നതിന് സഹകരണസംഘം പോലെ കർഷകരുടെ ഒരു കൂട്ടായ്മ സംഘടിപ്പിക്കണം.

2. ഗ്രാമപഞ്ചായത്തിനുള്ളിലുള്ള മുഴുവൻ ഗൾഫ് കാരുടേയും ഒരു പൊതു വേദി സംഘടിപ്പിക്കണം. പഞ്ചയത്ത് സമിതി നേരിട്ട് ഓരോരുത്തരുമായി ബന്ധപ്പെട്ട് അവരുടെ വരുമാനത്തിന്റെ ഒരംശം ഈ പഞ്ചായത്ത് ആവിഷ്കരിക്കുന്ന ഏതെങ്കിലും പദ്ധതിയിൽ നിക്ഷേപിച്ചാൽ ഉണ്ടാകുന്ന ഗുണത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും വേണം. അവർ മുടക്കുന്ന തുകയ്ക്ക് പഞ്ചായത്തുതന്നെ സുരക്ഷിതത്വം ഉറപ്പുവരുത്തിയാൽ അനുഗുണമായ പദ്ധതി ആവിഷ്കരിച്ചാൽ ഇതു വിജയിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല.

3. ഒരു വാർഡിൽ പ്രതിവർഷം 2000 മനുഷ്യാദ്ധ്വാനം സന്നദ്ധ സേവനം വഴി നടപ്പാക്കാൻ കഴിയുന്ന തരത്തിൽ ഇപ്പോൾ അഞ്ച് വർഷം കൊണ്ട് 1,11,000 മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താൻ കഴിയണം.. (2000x5x11) ഈ വഴി ഏതാണ്ട് ഒരു കോടി രൂപയുടെ മനുഷ്യാദ്ധ്വാനം സമാഹരിയ്ക്കാൻ കഴിയും.കൂടാതെ ഇന്നത്തെ തരത്തിലുള്ള പൊതു മരാമത്തു പോലുള്ള പണികളിൽ കോൺട്രാക്ടർ, നോമിനി സമ്പ്രദായം പൂർണ്ണമായി അവസാനിപ്പിച്ച് അക്ഷരാർത്ഥത്തിൽ തന്നെ ജനകീയ പങ്കാളിത്തത്തോടെ നടത്താൻ ഉത്തരവാദപ്പെട്ടവരും ജനങ്ങളും മുന്നോട്ടു വരണം.

4. കാർഷിക വ്യാവസായിക വായ്പകൾ യഥാർത്ഥ വ്യക്തികൾക്കാണ് നൽകുന്നതെന്നും, അത് ശരിയായ ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെന്നും യഥാസമയങ്ങളിൽ ബന്ധപ്പെട്ട വാർഡു സമിതി പരിശോധിച്ച് നിയന്ത്രിക്കണം. അതുപോലെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ വാർഡു സമിതികളുമായി ബന്ധപ്പെട്ടു മാത്രം ഇത്തരം വായ്പകൾ നൽകുകയും ചെയ്യണം.

5. നികുതി പിരിവിൽ ഗ്രാമപഞ്ചായത്തു ഉദ്യോഗസ്ഥൻമാർ ഉത്സാഹം കാണിക്കണം.

6. യഥാസമയം ലേലം നടത്തണം.

7. കാലാനുസൃതമായി പരിശോധിച്ചു വേണ്ട നടപടി സ്വീകരിക്കാൻ ഭരണസമിതി താല്പര്യമെടുക്കണം.

8. പൂർണ്ണമായ ജനശ്രദ്ധ ഇക്കാര്യത്തിലുണ്ടാകുകയും ഇത്തരം ചൂഷകരിൽ നിന്ന് രക്ഷ നേടാനാവശ്യമായ അവബോധം ഉണ്ടാകുകയും, ജനകീയ സഹകരണത്തോടെ ഇത്തരം പരിപാടികൾ ഏറ്റടുക്കുന്നതിനുള്ള സന്നദ്ധത ജനങ്ങൾ പ്രകടിപ്പിക്കുകയും വേണം.

9. എല്ലാ വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് (പെറുകച്ചവടം ഉൾപ്പെടെ) നിർബന്ധമാക്കുകയും ഫീസ് ഈടാക്കുകയും വേണം. ഇത് വാർഡ് സമിതികൾ യഥാസമയം പരിശോധിക്കുകയും വേണം.

10. പഞ്ചായത്തിലെ വിഭവങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യുക.

11. അഭ്യസ്ത വിദ്യരുടേയും വിദഗ്ദ്ധരുടേയും ബൗദ്ധിക സമ്പത്ത് ഉപയോഗിക്കത്തക്ക തരത്തിൽ അവരുടെ ഒരു സമിതി രൂപീകരിക്കുക

12. പഞ്ചായത്തിന്റെ പൊതുവായ വാർഷിക വരവു ചെലവു കണക്കുകളും പരിപാടികളും പൊതു ജന ശ്രദ്ധയിൽ കൊണ്ടു വരത്തക്ക വിധം യഥാസമയങ്ങളിൽ പ്രസിദ്ധീകരിക്കണം.

13. പരസ്യ വിനോദ നികുതി പിരിവുകളിൽ ഗ്രാമപഞ്ചായത്ത് ഊർജ്ജിതമാകണം.

## 1995-96 വരവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 272027.45 | 143070.00 | 128957.45 |
| ലൈബ്രറി സെസ്സ് | 9670.20 | 5815.00 | 3855.20 |
| തൊഴിൽ നികുതി | 92605.00 | 81360.00 | 11245.00 |
| ലേലങ്ങൾ | 12761.00 | 12761.00 | Nil |
| കുത്തകപാട്ടം | 3410.00 | 1580.00 | 1830.00 |
| 75% duty | 112498.00 | 112498.00 | Nil |
| 25% duty | 82747.00 | 82747.00 | Nil |
| VTC സർചാർജ്ജ് | 182792.00 | 182792.00 | Nil |
| ചന്തവരവ് | 11050.00 | 15000.00 | Nil |
| M.I grant | 6250.00 | 6250.00 | Nil |
| ലൈസൻസ് ഫീസ് | 4428.00 | 4428.00 | Nil |
| കെട്ടിട നികുതി ചാർജ്ജ് Basic Tax | 30553.00 | 30553.00 | Nil |
| വസ്തു കൈമാറ്റ നികുതി | 308690.00 | 308690.00 | Nil |
| വസ്തു കൈമാറ്റ നികുതി Establishment | 69559.00 | 69559.00 | Nil |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ VRM | 69689.00 | 69689.00 | Nil |
| ലേലം | 3950.00 | 3950.00 | Nil |
| ഡെപ്പോസിറ്റ് മറ്റുള്ളവ | 47065.55 | 47065.55 | Nil |
| ആകെ | 1304745.20 | 1158857.55 | 145887.65 |

## ആനാട് ഗ്രാമപഞ്ചായത്ത്

## ചെലവു സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 464084.00 |
| പൊതുമരാമത്ത് | 216854.00 |
| വിദ്യാഭ്യാസം | 49222.80 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | - |
| തെരുവുവിളക്കുകൾ കത്തിക്കുന്നത്. | 89469.00 |
| മറ്റുള്ളവ | 229114.50 |
| ആകെ | 1048744.30 |

# ഉപസംഹാരം

ഒൻപതാം പഞ്ചവത്സര പദ്ധതിയിലും തുടർന്നുള്ള പദ്ധതികളിലും ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളാണ്.ഈ റിപ്പോർട്ടിലൂടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്താതെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ചെയ്ത് തീർക്കാൻ കഴിയുന്ന പ്രവർക്കനങ്ങൾ ഗ്രാമസഭ നിർദ്ദേശങ്ങളെന്ന നിലയിൽ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമയ വിഭവ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് നിലവിലിരിക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ റിപ്പോർട്ട് അതിന്റെ മൂർത്ത രൂപത്തിൽ എത്തിക്കുന്നതിനും

ഫലപ്രദമായ പദ്ധതികളാക്കി പ്രായോഗിക തലത്തിൽ എത്തുന്നതിനും ഉതകുന്നു.കർമ്മ സമിതികൾ ഇവടെ രൂപം കൊള്ളുമെന്നും അവയുടെ ചൈതന്യ പൂർണ്ണമായ പ്രവർത്തനത്തിലൂടെ നമ്മുടെ ഗ്രാമത്തിന്റെ സമഗ്ര പുരോഗതി കൈവരിക്കാൻ ആവുമെന്നും പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഇവിടെ ഉപസംഹരിക്കട്ടെ.!!!

# ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ

1. പോസ്റ്റാഫീസുകൾ :ഇരിഞ്ചയം, ആനാട്, ചുള്ളിമാനൂർ.
2. ടെലഫോൺ എക്സേഞ്ച് ആഫീസ് പഴകുറ്റി
3. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് പഴകുറ്റി
4. ധനകാര്യസ്ഥാപനങ്ങൾ :ആനാട് ഫാർമേഴ്സ് ബാങ്ക്, ആനാട്, ബ്രാഞ്ച് വേങ്കവിള ധനലക്ഷ്മി ബാങ്ക് പഴകുറ്റി, ബാങ്ക് ഓഫ് ഇന്ത്യാ ചുള്ളിമാനൂർ
5. ആനാട് വില്ലേജ് ആഫീസ് പാങ്കോട്
6. ദേവസ്വം ബോർഡ് തിരിച്ചിറ്റൂർ സബ് ഗ്രൂപ്പ് ആഫീസ് പാങ്കോട്
7. പഞ്ചായത്ത് ആഫീസ് ആനാട്
8. കൃഷി ഭവൻ ആനാട്
9. ആശുപത്രികൾ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്,
   ആയൂർവേദ ആശുപത്രി, ആനാട് പ്രൈമറി ഹെൽത്ത് സെന്റർ, ഹോമിയോ ഡിസ്പെൻസറി
   ആനാട്
10. മൃഗാശുപത്രി ആനാട്
11. കെ.എസ്.ഇ.ബി ഓവർസിയർ ആഫീസ്. ആനാട്
12. ഫോറസ്റ്റ് ഇൻഫർമേഷൻ സെന്റർ ചുള്ളിമാനൂർ
13. മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റ് ചുള്ളിമാനൂർ
14. മാവേലിസ്റ്റോർ ചുള്ളിമാനൂർ
15. കാംപ്കോ പഴകുറ്റി

സ്കൂളുകൾ

1. എസ്.എൻ.വി.എച്ച്. എസ്സ്. ആനാട്
2. എസ്.എച്ച്.യു.പി.എസ്സ്. ചുള്ളിമാനൂർ
3. ഗവൺമെന്റ് യു.പി.എസ്സ്. രാമപുരം
4. കെ.കെ,വി.യു.പി.എസ്സ് വേട്ടമ്പള്ളി
5. ഗവൺമെന്റ് എൽ. പി.എസ്സ് കുഴിവിള
6. ഗവൺമെന്റ് എൽ.പി.എസ്സ്. കൊല്ലാ
7. ഗവൺമെന്റ് എൽ.പി.എസ്സ്.ആനാട്
8. എൽ.എം.എൽ.പി.എസ്സ്.ചുള്ളിമാനൂർ
9. ഗവൺമെന്റ് എൽ.പി.എസ്സ്. ചുള്ളിമാനൂർ

# ആനാട് ഗ്രാമപഞ്ചായത്ത്

## വികസന റിപ്പോർട്ട്

## അനുബന്ധം

## അനുബന്ധം
## ആനാട് ഗ്രാമപഞ്ചായത്ത് വികസന സെമിനാർ
### 1996 ഡിസംബർ 15

ആനാട് ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള വികസന സെമിനാർ 1996ഡിസംബർ 15ന് ഞായറാഴ്ച രാവിലെ 9 മണിമുതൽ ആനാട് ഗവൺമെന്റ് എൽ.പി.എസ്സിൽ വച്ച് നടന്നു. കാര്യപരിപാടികൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | ശ്രീമതി. എൻ. നളിനമ്മ (ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്) |
| 9 AM മുതൽ | : | രജിസ്ട്രേഷൻ |
| 9 .30AM-10. 30 AM | : | ഉദ്ഘാടന സമ്മേളനം |
| സ്വാഗതം | : | ശ്രീ പി.മണി (വൈസ്പ്രസിഡന്റ്) |
| അദ്ധ്യക്ഷപ്രസംഗം | : | ശ്രീമതി. എൻ. നളിനമ്മ (പ്രസിഡന്റ്) |
| ഉദ്ഘാടനം | : | ശ്രീ പാലോട് രവി എം.എൽ.എ. |

**ആശംസാപ്രസംഗങ്ങൾ**

| | | |
|---|---|---|
| ശ്രീ വി.കെ. മധു | : | (തിരു: ജില്ലാപഞ്ചായത്ത് മെമ്പർ) |
| ശ്രീ വി.ബി.ജയകുമാർ | : | (വൈസ്പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്) |
| ശ്രീ ആർ. സുന്ദരം | : | (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| ശ്രീമതി. ഉമാകുമാരി | : | (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| ശ്രീ. ആനാട് ജി. ചന്ദ്രൻ | : | (സെക്രട്ടറി സി.പി.ഐ.(എം) ആനാട് എൽ.സി.) |
| ശ്രീ. പി. എസ്. ഷൗക്കത്ത് | : | (സെക്രട്ടറി സി.പി.ഐ. ആനാട് എൽ.സി.) |
| ശ്രീ. കെ. ശ്രീനിവാസൻ | : | (പ്രസിഡന്റ്, INCI ആനാട് മണ്ഡലം) |
| ശ്രീ. എം.എൻ.വിജയൻ | : | (സെക്രട്ടറി BJP നെടുമങ്ങാട് മണ്ഡലം) |
| ശ്രീ. എൽ. വിജയനാഥ് | : | (മുൻപഞ്ചായത്ത് പ്രസിഡന്റ്) |
| ശ്രീ. ജി.തങ്കപ്പൻനായർ | : | (എം.ഡി. ആനാട് ബാങ്ക്) |
| കൃതജ്ഞത | : | ഐസാൻജോസ്(സെക്രട്ടറി, ആനാട് ഗ്രാമപഞ്ചായത്ത്) |
| 10.40 - 11.05AM | : | വിഷയാവതരണം ശ്രീ. കെ.ജി.മധുപാൽ (K.R.P.) |
| 11.05- 11.25AM | : | വികസന റിപ്പോർട്ട് അവതരണം ശ്രീ.കെ.കൃഷ്ണൻ നായർ (കൺവീനർ,DRP) |
| 11.30 AM മുതൽ 3.30 PMവരെ | | വിഷയഗ്രൂപ്പ് തിരിച്ച് ചർച്ച |
| 3.30PM-4.30 PM | | ഗ്രൂപ്പ് ചർച്ചകളുടെ ക്രോഡീകരണം |
| 4.30PM-6PM | | പൊതുസഭാ സമ്മേളനം, ഗ്രൂപ്പ് റിപ്പോർട്ടുകൾ അവതരണം, കർമ്മ സമിതികളുടെ രൂപീകരണം. |
| 6 PM | | സമാപനം |

വികസന സെമിനാറിൽ 12 വിഷയഗ്രൂപ്പുകൾ തിരിഞ്ഞ് നാലുമണിക്കൂർ സമയമെടുത്ത് വിശദമായ ചർച്ചകൾ നടത്തി. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂട്ടിച്ചേർക്കേണ്ട നിർദ്ദേശങ്ങളും പൊതുവിവരങ്ങളും തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു.

## ഭരണചരിത്രം

1. പഞ്ചായത്തിലെ ആദ്യത്തെ ജീവനക്കാരൻ ക്ലാർക്കായി നിയമിതനായ ശ്രീ. ജനാർദ്ദനൻ നായർ (കണ്ണൻ നായർ) ആയിരുന്നു.
2. നമ്മുടെ പഞ്ചായത്തിലെ താമസക്കാരനും ഇപ്പോൾ പെൻഷൻ പറ്റിപിരിഞ്ഞ ആളുമായ ശ്രീ. ബി.ജി.കെ. തമ്പി, കൃഷിഓഫീസർ ആയി സർവ്വീസിൽ ഇരിക്കവേ ഏറ്റവും നല്ല കൃഷി ഉദ്യോഗസ്ഥനുള്ള സംസ്ഥാനസർക്കാരിന്റെ "കർഷകമിത്ര" അവാർഡ് നേടുകയുണ്ടായി. ഈ അവാർഡ് ലഭിക്കുന്ന ആദ്യത്തെ കൃഷിഓഫീസറായിരുന്നു ശ്രീ. ബി.ജി.കെ. തമ്പി. ഒന്നാം വാർഡിൽ ഗ്രാമസഭായോഗത്തിൽ230സ്ത്രീകളും 252പുരുഷന്മാരും ഉൾപ്പെടെ ആകെ 482 പേർ പങ്കെടുത്തുവെന്ന് തിരുത്തി വായിക്കണം.

## ജലസേചനം

54. ചെറുവേലി ഏലായിൽ ഒരു തലക്കുളം നിർമ്മിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.
55. ഉൾപ്പെടുത്തേണ്ട തോടുകൾ
ഉണ്ടപ്പാറ -തീർത്ഥംകര തോട്
തൊഴുകുമ്മേൽതോട്
കൊല്ലംകാവ്- കോലിയക്കോട് തോട്
ഒരുപറക്കോണം തോട്
ഊന്നുപാലം -വട്ടറത്തല

## കൃഷി

നിർദ്ദേശങ്ങൾ തുടർച്ച

41. യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതലായി ആകർഷിക്കുന്നതിന് 20നും35നും ഇടയ്ക്ക് പ്രായമുള്ള യുവകർഷകരെ വർഷം തോറും വാർഡു തലത്തിൽ തിരഞ്ഞെടുത്ത് ആദരിക്കണം.
42. ചെറുകിട പരിമിത നാമമാത്ര കർഷകർക്ക് പഞ്ചായത്ത് തലത്തിൽ ഗ്രീൻ കാർഡ് നൽകണം. ആനുകൂല്യങ്ങൾ നൽകുമ്പോൾ മുൻഗണന നൽകേണ്ടതാണ്.
43. ആനാട് ഗ്രാമപഞ്ചായത്തിൽ അവശേഷിച്ചിട്ടുള്ള ഏതെങ്കിലും ഒരു പാടശേഖരം ദത്തെടുത്ത് സംരക്ഷിക്കുക.
44. എല്ലാ വീടുകളിലും ചുരുങ്ങിയത് ഒരു സെന്റ് സ്ഥലമെങ്കിലും അടുക്കളത്തോട്ട നിർമ്മാണത്തിനു വേണ്ടി മാറ്റി വയ്ക്കുന്നതിലേയ്ക്കായി വിത്തും വളവും സൗജന്യമായി വിതരണം ചെയ്യണം.
45. കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം.
46. ഗ്രാമപഞ്ചായത്ത് തലത്തിൽ കർഷകർക്ക് ആവശ്യമുള്ള മേൽത്തരം വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ ഭാഗങ്ങളിലായി മിക്സഡ് നഴ്സറികൾ ആരംഭിക്കണം. താത്പര്യമുള്ള യുവാക്കളെ തെരഞ്ഞെടുത്ത് ഹ്രസ്വകാല പരിശീലനം നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.
47. നശിച്ചു കൊണ്ടിരിക്കുന്ന നാടൻ മാവു വർഗ്ഗങ്ങളുടെ (കോട്ടുക്കോണം, നാട്ടുമാവ്, കിളിച്ചുണ്ടൻ, കർപ്പൂര വരിക്ക) ഒട്ട് തൈകൾ ഉണ്ടാക്കി കർഷക
രിൽ എത്തിച്ച് വംശ നാശം വരാതെ നട്ട് വളർത്താൻ പ്രോത്സാഹിപ്പിക്കണം.
48. തെങ്ങു കർഷകർക്ക് റബ്ബർ കർഷകർക്ക് നൽകുന്നതുപോലുള്ള ആനുകൂല്യങ്ങൾ നൽകുക.
49. കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മേൽത്തരം വളവും തൈകളും സൗജന്യമായി നൽകണം. കുരുമുളക് കർഷകരെ ശാസ്ത്രീയമായി ബോധവൽക്കരിക്കണം.
50. ഇടവിളയായി പഞ്ചായത്തിൽ പച്ചപുൽകൃഷി വ്യാപകമാക്കണം.
51. പൈനാപ്പിൾ കൃഷി വ്യാപകമാക്കണം. താത്പര്യമുള്ള കർഷകരെ കണ്ടെത്തി സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം.
52. കാർഷിക വികസന സമിതികളിൽ യഥാർത്ഥ കർഷകരേയും സാങ്കേതിക വിദഗ്ദ്ധൻമാരേയും ഉൾപ്പെടുത്തുക.
53. കൃഷി ഉദ്യോഗസ്ഥൻമാർ കർഷകരുടെ യഥാർത്ഥ ബന്ധുക്കളായി പ്രവർത്തിക്കണം. കൃഷിയിടങ്ങൾ നിരന്തരമായി സന്ദർശിച്ച് നിർദ്ദേശങ്ങളും സഹായങ്ങളും ഉറപ്പാക്കുക.

## 2. മൃഗപരിപാലനം

22. കാലിത്തീറ്റയുടെ പ്രശ്നപരിഹാരത്തിനായി ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഉല്പാദന ഫാക്ടറി തുടങ്ങുകയും ഓരോ പഞ്ചായത്തിലേയും ക്ഷീരസഹകരണ സംഘങ്ങൾ വഴി സബ്സിഡിയായി വിതരണം ചെയ്യുകയും ചെയ്യുക.
23. ഉണ്ടപ്പാറ, കുഴിവിള, തേക്കുംമൂട്, വെമ്പ്കുപ്പ് എന്നീ സ്ഥലങ്ങളിലും മറ്റ് പ്രദേശങ്ങളിലും ആവശ്യാനുസരണം ക്ഷീരസഹകരണ സംഘങ്ങളുടെ സബ്സെന്ററുകൾ തുടങ്ങുകയും, പാൽസംഭരണത്തിനും പാൽ വിതരണത്തിനും വേണ്ട സൗകര്യങ്ങൾ ചെയ്യുക.
24. കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ് ഒരു തീവ്രയജ്ഞ പരിപാടിയായി നടപ്പിലാക്കുക.
25. മൃഗസംരക്ഷണ വകുപ്പിലും ക്ഷീരവികസന വകുപ്പിലും ഉള്ള നിയമനങ്ങളിൽ കന്നുകാലി കർഷകരുടെ കുടുംബാംഗങ്ങൾക്ക് പ്രത്യേകം മുൻഗണന നൽകുക.
26. നല്ലയിനം എരുമകളുടേയും ആടുകളുടേയും വംശവർദ്ധനക്കായി ശാസ്ത്രീയമായ ജനുസുകൾ ഗവൺമെന്റ് ഏജൻസികൾ വഴി വിതരണം ചെയ്യുക.

## 3. വിദ്യാഭ്യാസം

28. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.
29. പഞ്ചായത്തുതല മോണിറ്ററിംഗ് സമ്പ്രദായം കർശനമായി നടപ്പിലാക്കുക.
30. കുട്ടികളുടെ മാനസികവളർച്ചയ്ക്ക് (അനുയോജ്യമായ രീതിയിൽ കാലോചിതമായി സിലബസ് പരിഷ്കരിക്കുക.
31. അദ്ധ്യാപക നിയമനവും സ്ഥലമാറ്റവും യഥാസമയം നടപ്പിലാക്കുക.
32. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂൾ സമ്പ്രദായം നടപ്പിലാക്കുകയും സൗജന്യമായി പഠനോപകരണങ്ങളും മറ്റ് സൗകര്യങ്ങളും ചെയ്യുക.
33. പഞ്ചായത്ത് തലത്തിൽ ഒരു സ്പോർട്സ് പരിശീലന കേന്ദ്രം ആരംഭിക്കുകയും പരിശീലകനെ നിയമിക്കുകയും ചെയ്യുക.
34. ചുള്ളിമാനൂർ എൽ.പി.എസ്സിൽ DPEP-യിൽ ഉൾപ്പെടുത്തി ശുദ്ധജല വിതരണം നടപ്പാക്കുക.

1964-65 വർഷത്തിൽ കീഴ്ക്കുന്നത്തു വീട്ടിൽ കണ്ണപ്പൻപിള്ള (മാധവൻപിള്ള) എന്ന വ്യക്തി വീട്ടുവരാന്തയിൽ ആരംഭിച്ചതാണ് ഇന്നത്തെ K.K.V.U.P.S. (വിദ്യാഭ്യാസത്തിന്റെ ആമുഖത്തിൽ രണ്ടാമത്തെ ഖണ്ഡിക അവസാനിക്കുന്നിടത്തായി കൂട്ടിചേർത്ത് വായിക്കുക.)

## ആരോഗ്യവും കുടിവെള്ളവും

26. ആനാട് ആയുർവ്വേദ ആശുപത്രിയിൽ മർമ്മ ചികിത്സ, കണ്ണ് ചികിത്സ ഇവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തണം. വിഷചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.
27. P.H.C. സബ്സെന്റർ ഇല്ലാത്ത വാർഡുകളിൽ സബ്സെന്റർ ആരംഭിക്കണം. സബ്സെന്ററിന്റെ പ്രവർത്തന സമയം നിർബന്ധമായും നിശ്ചയിക്കണം.
28. അനിവാര്യമായ വാർഡുകളിൽ മാതൃശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കണം.
29. ആനാംപള്ളി - പേഴുംമൂട് തേവൻപാറ പൈപ്പ് ലൈൻ വേണം.
30. വടക്കേക്കോണം, മെത്തോട് എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തണം.
31. കുപ്പ് ഭാഗത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജലസംഭരണി നിർമ്മിച്ച് ആനാം പള്ളിയിൽ നിന്നും വിതരണം ചെയ്യുക.
32. ഈ ഗ്രാമപഞ്ചായത്തിൽ സർവ്വേ പ്രകാരം ആവശ്യമായിട്ടുള്ള 2212 കക്കൂസുകൾ പ്രതിവർഷം 450 കക്കൂസുകൾ എന്ന ക്രമത്തിൽ അഞ്ചു വർഷം കൊണ്ട് സമയബന്ധിതമായി പൂർത്തീകരിക്കുക.
33. പാങ്കോട് വില്ലേജ് ആഫീസ് കോമ്പൗണ്ടിന് സമീപം വെറുതെ കിടക്കുന്ന പഞ്ചായത്തുവക സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് ഇപ്പോൾ ആനാട്ട് പഞ്ചായത്ത് കെട്ടിടത്തിൽ താൽകാലികമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന P.H.C. അവിടേക്ക് മാറ്റി സ്ഥാപിക്കണം.

### പൈപ്പ് ലൈൻ (ലിസ്റ്റ് തുടർച്ച)

വേട്ടമ്പള്ളി -പറയങ്കാവ്
കല്ലിയോട്- ഇടവട്ടം
പാങ്കോട്- മെത്തോട് - വട്ടറത്തല - കല്ലിയോട്
വെള്ളരിക്കോണം - പന്നിയോട്ടുകോണം
കല്ലടക്കുന്ന് - നാഗച്ചേരി
ആലംകോട് - പാണ്ഡവപുരം- ആനാട്

പാണയം - തേക്കുംമൂട് - കുന്നത്തുമല - വെള്ളക്കെട്ടുപാറ

വാഴവിള -കോമല്ലൂർ -അയണിയംകാവ്

ശക്തിപുരം -വട്ടറത്തല

താന്നിമൂട് -തകരക്കുഴി

ആനാട് -ചന്ദ്രമംഗലം -നാലുമുക്ക് -വട്ടറത്തല

വാട്ടർ അതോറിറ്റിയുടെ Investigation Wingൽ നിന്നും സർവ്വെ നടന്നുകൊണ്ടിരിക്കുന്ന ആനാട്, നന്ദിയോട് പഞ്ചായത്തുകളുടെ കൂട്ടായ ജലവിതരണ പദ്ധതിയിൽ ആനാട് പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളുടെ ഉയർന്ന ഭാഗമായ പറയങ്കാവ് ഭാഗത്ത് ഒരു O.H-ടാങ്കും പതിനൊന്നാം വാർഡിൽ ഉയർന്ന ഭാഗമായ കുന്നത്തുമലയിൽ രണ്ടു O.H ടാങ്കുകളും നിർമ്മിച്ച് പഞ്ചായത്തിന്റെ ഉയർന്ന ഭാഗങ്ങളിൽ വെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കുക.

## വ്യവസായം

1. ചുള്ളിമാനൂർ സുമയ്യാ ഇൻഡസ്ട്രീസിൽ പ്ലിൻസ് ആന്റ് വിനേഴ്സ് (തീപ്പെട്ടിക്കൊള്ളി നിർമ്മാണം) വ്യവസായം നടത്തുന്നു. 30തൊഴിലാളികൾ പണിയെടുക്കുന്നു.
2. ആനാട് ഗ്രാമപഞ്ചായത്തിൽൽ 7-8-വാർഡുകളിൽ നടത്തിവരുന്ന ബേക്കറി യൂണിറ്റുകളും, 7-ാംവാർഡിൽ നടത്തുന്ന സോഡാഫാക്ടറിയും, 8-ാംവാർഡിൽ പുല്ലേക്കോണത്ത് വനിതകൾ നടത്തുന്ന അച്ചാറുനിർമ്മാണവും ഈ രംഗത്ത് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു.

## ഗതാഗതവും ഊർജ്ജവും

### ഗതാഗതം

117. ആനാട് കുളക്കിക്കോണം റോഡ്
118. കല്ലിയോട് -വട്ടറത്തല -ശക്തിപുരം റോഡ്
119. പാണയം -പള്ളിനട -ചിലാന്തിമുക്ക് റോഡ്
120. തുണ്ടുവിള -കണ്ണങ്കോട് തടം, കുഴിവിള തൊഴുകുമ്മേൽ തടം
121. നാഗച്ചേരി- ഏണിയോട്ടുകോണം തടം
122. ഉണ്ടപ്പാറ,ശക്തിപുരം, മൊട്ടക്കാവ് ,ചേപ്പിലോട് റൂട്ടുകളിൽ ബസ്സ് സർവ്വീസുകളുടെ എണ്ണം കൂട്ടുക.
123. പുതുതായി ഗതാഗത യോഗ്യമാക്കി തീർക്കുന്ന എല്ലാ റോഡുകളിലൂടേയും സർക്കുലറായി ബസ്സ് സർവ്വീസ് ആരംഭിക്കുക.
124. പാലോട് ഡിപ്പോയിൽ നിന്നു് സർവ്വീസ് നടത്തുന്ന ബസ്സ് സർവ്വീസുകളിൽ ചിലത് പുനവക്കുന്ന്, പഞ്ചായത്ത് ആഫീസ് വഴി പുലിപ്പാറ വഴി സർവ്വീസ് നടത്തുന്നതിന് നടപടിയുണ്ടാവണം

### ഊർജ്ജം

7. ആനാട് പുല്ലേക്കോണം പുലിപ്പാറ ലൈൻ പൂർണ്ണമായി വൈദ്യുതീകരിക്കുക. നാഗച്ചേരി -ഏണിയോട്ടുകോണം ലൈൻ, നെട്ടറക്കോണം- മണിയങ്കോട് ലൈൻ, നാലുമുക്ക്- വട്ടറത്തല ലൈൻ, എന്നിവ വൈദ്യുതീകരിക്കണം.
8. നെട്ടറക്കോണത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കുക.
9. എള്ളുവിള- താളിക്കമുകൾ ലൈൻ, ശക്തിപുരം - വട്ടറത്തലലൈൻ, ഇരിഞ്ചയം -മീൻമൂട്- കൈതക്കാട് ലൈൻ, കല്ലിയോട് -മാവേലിക്കോണം ലൈൻ എന്നിവ പൂർണ്ണമായും വൈദ്യുതീകരിക്കുക. തത്തംകോട് ഹരിജൻ കോളനിയിൽ വൈദ്യുതി എത്തിക്കുക.
10. പണ്ടാരക്കോണത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കണം.
11. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ആവശ്യാനുസരണം ഗ്യാസ് കണക്ഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
12. ബഥേൽ ആശ്രമം മുതൽ തച്ചോണംവരെ വൈദ്യുതീകരിക്കുക. വേട്ടമ്പള്ളി -പറയങ്കാവ് ലൈൻ, സിൽക്ക്ഫാം - കൂവക്കാട് ലൈൻ വൈദ്യുതീകരിയ്ക്കുക.
13. വടക്കേകോണത്ത് ട്രാൻസ്ഫോമർ സ്ഥാപിക്കണം.
14. ഊരാളിക്കോണത്ത് ഒരു ട്രാൻസ്ഫോമർ സ്ഥാപിക്കുക.

## മാർക്കറ്റ്

b. ചുള്ളിമാന്നൂർ മാർക്കറ്റിനോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

### ടാർചെയ്യേണ്ട റോഡുകളിൽ ഉൾപ്പെടുത്തുക

16. നാഗച്ചേരി -കല്ലടക്കുന്ന് -പരുത്തംപാറ റോഡ്

### സ്ട്രീറ്റ്ലൈറ്റ് എത്താത്ത ഭാഗം കൂട്ടിച്ചേർക്കേണ്ടത്.

1. കുന്നത്തുമല പാണയം -വെള്ളക്കെട്ടുപാറ
2. മന്നൂർകോണം- കുന്നതുമല കുപ്പ്
3. വഞ്ചുവം - തൊളിക്കോട് ലെയിനിൽ- കുപ്പ് മുതൽ തേക്കുംമൂട്
4. വെമ്പ് വെള്ളൂർകോണം വഴി പാണയം
5. കിഴ്ക്കോട്ടുമുഴി വഴി (നടവരമ്പ്) വെമ്പ് പാണയം
6. പേഴുംമൂട് വഴി ആറാംപള്ളി
7. മാങ്കോട്ടുകോണം വഴി പാണയം.
8. നെട്ടറക്കോണം-കുളവിയോട്
9. ആലംകോട് കോളനി
10. ആനാട്-വാഴോട്ടുകോണം
11. 18-ാംകല്ല് പാറംകുഴി വഴി കുന്നത്തുമല
12. 18-ാംകല്ല് കൊടിപ്പാറ പാണയം

## വനിതാക്ഷേമം

28. വനിതകൾക്ക് മാത്രമായി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
29. സ്ക്രീൻ പ്രിന്റിംഗ്, ഇലക്ട്രോണിക്സ് വ്യവസായം എന്നിവയിൽ പഞ്ചായത്തു തല പരിശീലനം നൽകുകയും വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.
30. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ പേപ്പർ ബാഗ്, പ്ലയിൻ കവറുകൾ, ഫയൽ ബോഡ്, വാനിറ്റി ബാഗുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
31. സഞ്ചരിക്കുന്ന ആശുപത്രിക്ക് രൂപം കൊടുക്കുക.

## സംസ്കാരം

32. സാംസ്കാരിക മേഖലയെ കുറിച്ച് വിശദമായ പഠനം നടത്തുവാൻ പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ സാംസ്കാരിക സംഘടനകളുടേയും പ്രതിനിധികളെ വിളിച്ചു കൂട്ടി ചർച്ച ചെയ്യണം.
33. വാർഡു തലത്തിൽ സാംസ്കാരിക സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ഒരു പഞ്ചായത്ത് തല സാംസ്കാരിക സമിതി രൂപീകരിക്കുകയും വേണം.
34. നിലവിലുള്ള പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ, പഞ്ചായത്ത് ആഫീസ് പ്രവർത്തിക്കുന്നതിനാൽ, ഈ ഗ്രാമപഞ്ചായത്തിന്റെ തനതായ ഒരു സാംസ്കാരിക കേന്ദ്രം അടിയന്തരമായി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
35. സാംസ്കാരിക മേഖലയുടെ വളർച്ചക്ക് വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം തുക പഞ്ചായത്ത് മാറ്റിവയ്ക്കേണ്ടതാണ്.
36. പഞ്ചായത്ത് തലത്തിലും, ബ്ലോക്ക് തലത്തിലും, ജില്ലാ സംസ്ഥാന തലങ്ങളിലും നടന്നു കൊണ്ടിരിക്കുന്ന കേരളോത്സവങ്ങൾ ആസൂത്രിതമായി നടപ്പിലാക്കണം.
37. പ്രവർത്തനക്ഷമതയുള്ള കലാകായിക സമിതികൾക്ക് പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം നൽകുക.
38. കവിരാജ് മെമ്മോറിയൽ ആർട്ട്സ് &സ്പോർട്സ് ക്ലബ്, മൂഴി, രജി.നമ്പർ 3843/71,അജന്താ ലൈബ്രറിയുടെ അനുബന്ധ സ്ഥാപനമാണ്. അജന്താ ലൈബ്രറി, മൂഴി ഗ്രാമീണ പുസ്തകകോർണർ, കൃഷി പുസ്തക കോർണർ, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നുണ്ട്.
39. റിപ്പോർട്ടിൽ, പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ ഈ ഗ്രാമപഞ്ചായത്തിലെ എല്ലാ സാംസ്കാരിക കേന്ദ്രങ്ങളുടേയും വിശദാംശങ്ങൾ യഥാസമയം ലഭ്യമാകാത്തതു കൊണ്ട് പൂർണ്ണമായി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കർമ്മ സമിതി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.
40. പുത്തൻപാലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ടാഗോർ മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി(രജി:നമ്പർ724/88) ആരോഗ്യക്ഷേമ പ്രവർത്തനങ്ങളും, പരിസ്ഥിതി ബോധവൽക്കരണ പരിശീലന പരിപാടികളും മറ്റ് സേവന മേഖലകളിലും പ്രവർത്തിച്ചുവരുന്നു.

സംസ്കാരത്തിൽ ചേർത്തിട്ടുള്ള പട്ടിക B-യിൽക്രിസ്ത്യൻപള്ളികളുടെ ലിസ്റ്റിൽ ആലംകോട്RC ചർച്ചും, കല്ലടക്കുന്ന് R Cചർച്ചും ഉൾപ്പെടുത്തണം.

## പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

21. പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് നിർബന്ധിത വിദ്യാഭ്യാസമേർപ്പെടുത്തുക.
22. കോളനി പ്രദേശങ്ങളിൽ ടിവി, റേഡിയോ, വായന ശാല സ്ഥാപിക്കുക.
23. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദളിത് ക്രൈസ്തവർക്ക് പട്ടികജാതി പട്ടികവർഗ്ഗകാർക്ക് നൽകുന്നതു് പോലുള്ള ആനുകൂല്യങ്ങൾ നല്കുക.
24. പട്ടികജാതി -പട്ടികവർഗ്ഗ കോളനികളിൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
25. കോളനികളിൽ വൃദ്ധസദനം സ്ഥാപിക്കുക.
26. ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനു് നല്കണം.
27. ഈറ്റസംഭരണങ്ങൾക്കുള്ള നിയമതടസങ്ങൾ ഒഴിവാക്കുക.
28. അംഗൻവാടി, നേഴ്സറിസ്കൂൾ, ബാലവാടി എന്നിവിടങ്ങളിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിയമനത്തിൽ മുൻഗണന നൽകുക. (പഞ്ചായത്ത് നടത്തുന്ന സ്ഥാപനങ്ങളിൽ)
29. കൊല്ലംകാവ് ജംഗ്ഷനിൽ കിള്ളിയാറ്റിനു കുറുകെ പാലം നിർമ്മിച്ച് പന്നിയോട്ട്കോണം, വെള്ളരിക്കോണം, കാളികോണം എന്നീ പട്ടികജാതി കോളനികളെ ബന്ധിപ്പിക്കുന്ന റോഡ് ഗതാഗത യോഗ്യമാക്കി തീർക്കുക.
30. വെള്ളരിക്കോണത്തു ഒരു അംഗൻവാടി സ്ഥാപിക്കാനുള്ള നടപടി എടുക്കണം

## സഹകരണം

7. 30വർഷമായി ചുള്ളിമാന്നൂരിൽ പ്രവർത്തന രഹിതമായികിടക്കുന്ന ഈറ വ്യവസായ സഹകരണ സംഘം പുനർജ്ജീവിപ്പിക്കണം
8. സർക്കാരിൽ നിന്നും ധനസഹായം കൈപ്പറ്റി പ്രവർത്തന രഹിതമായി കിടക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനർജ്ജീവിക്കണം.
9. എൽ.ഐ.സി, ഹഡ്കോ, ഹൗസിംഗ്ബോർഡ് എന്നീ സ്ഥാപനങ്ങളെ ഹൗസിംഗ് എസ്റ്റേറ്റ് പ്രോഗ്രാമിന്റെ ധനസഹായത്തിനായി ബന്ധപ്പെടുത്തണം.

## വിഭവസമാഹരണം

21. വാർഡ് തലത്തിൽ വിഭവസമാഹരണത്തിന് സമിതികൾ രൂപീകരിക്കുക. ഈ സമിതികൾ പഞ്ചായത്ത് സമിതികൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതാണ്.
22. പാരലൽകോളേജുകൾക്കും, സ്വകാര്യാശുപത്രികൾ ക്കും നിർബന്ധമായി ലൈസൻസ് ഏർപ്പെടുത്തുക.
23. നികുതി അസസ്സ്മെന്റ് ശരിയായി നടത്തി അത് പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
24. വസ്തു കൈ മാറ്റ നികുതിയിൽ 75% എന്നുള്ളത് മാറ്റി 90% പഞ്ചായത്തിന് നൽകേണ്ടതാണ്.
25. കെട്ടിട നികുതി പിരിക്കുന്ന രീതി ശാസ്ത്രീയമായി പുനർ നിർണ്ണയം ചെയ്യണം.
26. പഞ്ചായത്ത് വക ടാക്സിസ്റ്റാന്റുകൾ നിർമ്മിച്ച് വാടക ഈടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.
27. പൊതുമാർക്കറ്റ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചാൽ അവയിൽനിന്നും വരുമാനം സമാഹരിക്കാൻ കഴിയും.

## കർമ്മസമിതികൾ

### കൃഷി, ജലസേചനം

1. കെ.കൃഷ്ണൻനായർ (മെമ്പർ) : ചെയർമാൻ
2. ബി.ജി.കെ.തമ്പി : വൈസ്. ചെയർമാൻ
3. സുശീലാപിതാംബരൻ : (കൃഷിആഫീസർ) കൺവീനർ
4. ജി. കേശവൻ : ജോ:കൺവീനർ
5. ജി. ശശിധരൻ നായർ
6. ജെ. മോഹനൻനായർ
7. എൻ. സുകുമാരൻ നായർ
8. ബി. അരവിന്ദാക്ഷൻ
9. പി.സോമൻ
10. എസ്സ്. ശശിധരൻ
11. ആർ. തുളസീധരൻ
12. വി. ഭാസ്കരപിള്ള
13. കെ. സുകുമാരൻ
14. ജെ. രവീന്ദ്രൻ
15. ഡി. മനോഹരൻനായർ

## മൃഗപരിപാലനം, മത്സ്യകൃഷി

| | | | |
|---|---|---|---|
| 1. | കെ. ശ്രീനിവാസൻ (മെമ്പർ) | : | ചെയർമാൻ |
| 2. | കെ. സോമശേഖരൻനായർ | : | വൈസ്ചെയർമാൻ |
| 3. | ഡോ.സുഗത(Vt.Doctor) | : | കൺവീനർ |
| 4. | പി.ബിനു.D.R.P | : | ജോ:കൺവീനർ |
| 5. | ബാബു | | |
| 6. | എസ്. ശശിധരൻ നായർ | | |
| 7. | സുമ | | |
| 8. | മുഹമ്മദ് ഷിബു | | |
| 9. | ശശികുമാർ | | |
| 10. | മാധവൻപിള്ള | | |
| 11. | എം. ഫൗസിയ | | |
| 12. | ആർ.വി.രാജീവ് | | |

## വിദ്യാഭ്യാസം

| | | | |
|---|---|---|---|
| 1. | പി.മണി (വൈസ് പ്രസിഡന്റ്) | : | ചെയർമാൻ. |
| 2. | റ്റി.എ. നഹാസ് | : | വൈസ് ചെയർമാൻ |
| 3. | അശോക്കുമാർ (Head Master) | : | കൺവീനർ |
| 4. | വി.ഷിനിലാൽDRP | | ജോ:കൺവീനർ |
| 5. | ജി. അനിൽകുമാർ | | |
| 6. | എസ്. ഷിനു | | |
| 7. | കെ. വേണു | | |
| 8. | കെ. സുകുമാരനാശാരി | | |
| 9. | സി. കൃഷ്ണൻകുട്ടി | | |
| 10. | സി. രാജേഷ് | | |
| 11. | ചന്ദ്രൻപിള്ള | | |
| 12. | ആനന്ദവല്ലി | | |
| 13. | റ്റി.സി.ബിനു | | |

## ആരോഗ്യം, കുടിവെള്ളം

| | | | |
|---|---|---|---|
| 1. | എൻ. നളിനമ്മ (പ്രസിഡന്റ്) | | ചെയർമാൻ |
| 2. | പി. സുരേഷ്കുമാർ | | വൈ: ചെയർമാൻ |
| 3. | ഡോ. ലൈസമ്മാൾ (മെഡിക്കൽഓഫീസർ) | : | കൺവീനർ |
| 4. | ബി.ബാബു | | ജോ:കൺവീനർ |
| 5. | അനിൽകുമാർ | | |
| 6. | കെ.കരുവാറ്റ തങ്കപ്പൻ | | |
| 7. | ബിജുകുമാർ | | |
| 8. | റ്റി. വിനയകുമാർ | | |
| 9. | എസ്സ്. വത്സലകുമാരി | | |
| 10. | കെ. പ്രേംകുമാർ | | |
| 11. | എസ്സ്. ബാലകൃഷ്ണൻ നായർ | | |
| 12. | ഡി. ജയരാജ് | | |
| 13. | സുധർമ്മിനി | | |

## വ്യവസായം

| | | | |
|---|---|---|---|
| 1. | കെ. രഘുനാഥൻനായർ (മെമ്പർ) | : | ചെയർമാൻ |
| 2. | കെ. മണിയൻ | : | വൈ. ചെയർമാൻ |
| 3. | സി. രവീന്ദ്രൻനായർ | : | കൺവീനർ |
| 4. | വി.ജെ. ഫിലിപ്പ് | : | ജോ:കൺവീനർ |
| 5. | പി.എസ്സ്. ഷൗക്കത്ത് | | |
| 6. | വി. മാധവൻ | | |
| 7. | എസ്സ്.എസ്സ്. സജിത്ത് | | |
| 8. | സുനിൽ | | |
| 9. | റ്റി. പത്മകുമാർ | | |
| 10. | ശ്രീകുമാർ | | |
| 11. | സുരേന്ദ്രൻ നായർ | | |
| 12. | സി. മോഹനചന്ദ്രൻ | | |
| 13. | പി.എസ്സ്. മനോജ് | | |

### ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

| | | |
|---|---|---|
| 1. | കെ.ശശിധരൻ (സ്റ്റാൻഡിംഗ്കമ്മിറ്റിചെയർമാൻ) | : ചെയർമാൻ |
| 2. | പാണയം താജുദ്ദീൻ | : വൈ. ചെയർമാൻ |
| 3. | കെ. ഭാസ്കരപിള്ള | : കൺവീനർ |
| 4. | സി.ശശിധരൻ | ജോ: കൺവീനർ |
| 5. | ആർ.ചന്ദ്രമോഹൻ | ജോ: കൺവീനർ |
| 6. | എസ്സ്. മധുസൂദനൻ | |
| 7. | എം. കാസിം | |
| 8. | എ. സദാനന്ദൻ | |
| 9. | എം. അശോക്കുമാർ | |
| 10. | ആർ. സുരേഷ്കുമാർ | |
| 11. | ആർ. ശിവശങ്കരൻനായർ | |
| 12. | കെ. ശ്രീധരൻനായർ | |

### പാർപ്പിടം

| | | |
|---|---|---|
| 1. | എസ്സ്. ലതാകുമാരി (മെമ്പർ) | : ചെയർമാൻ |
| 2. | എൻ. സുരേഷ്ബാബു | വൈ. ചെയർമാൻ |
| 3. | പി.കെ. നടേശനാശാരി (VEO) | : കൺവീനർ |
| 4. | വി. രാജേന്ദ്രൻ (DRP) | ജോ.കൺവീനർ |
| 5. | പി.എസ്സ്. ഷെരീഫ് | |
| 6. | എ.എസ്സ്. ഹരി | |
| 7. | കെ.ബി. ശ്രീലാഭായി | |
| 8. | എം. മോഹനൻ നായർ | |
| 9. | എസ്സ്. പ്രമീള | |
| 10. | എ.എ. റസാക്ക് | |
| 11. | എൻ. ശ്രീധരൻ | |
| 12. | മധു | |
| 13. | അനിൽകുമാർ | |
| 14. | കമാലുദ്ദീൻ | |

### സംസ്കാരം

| | | |
|---|---|---|
| 1. | എൻ. നളിനമ്മ (പ്രസിഡന്റ്) | ചെയർമാൻ |
| 2. | വേണു വേട്ടമ്പള്ളി | വൈ. ചെയർമാൻ |
| 3. | സി. സെൻജോർജ് | : കൺവീനർ |
| 4. | ബി. രാജശേഖരൻ നായർ | : ജോ.കൺവീനർ |
| 5. | എൻ. രാജശേഖരൻ നായർ | |
| 6. | കെ.വി. വിനയകുമാർ | |
| 7. | എസ്സ്. നാസറുദ്ദീൻ | |
| 8. | എസ്സ്. ജിനുമോൻ | |
| 9. | കെ. ശേഖരൻ | |
| 10. | എസ്സ്. അൻഷാദ് | |

### വനിതാക്ഷേമം

| | | |
|---|---|---|
| 1. | എസ്സ്. ഗീതാകുമാരി (മെമ്പർ) | : ചെയർമാൻ |
| 2. | സി. രാജമ്മ | വൈ. ചെയർമാൻ |
| 3. | രത്നമ്മ(LVEO) | കൺവീനർ |
| 4. | എൻ. ഗീതാകുമാരി | ജോ. കൺവീനർ |
| 5. | ശോഭന | |
| 6. | ഷാഹിദാബീബി | |
| 7. | ലതാമോഹനൻ | |
| 8. | ലളിത | |
| 9. | കെ. മുരളീധരൻ | |
| 10. | സരസമ്മ | |
| 11. | വത്സല | |
| 12. | ജമീല | |
| 13. | വിജയമ്മ | |

### *സഹകരണം*

| | | | |
|---|---|---|---|
| 1. | ആനാട് ജയൻ (മെമ്പർ) | | ചെയർമാൻ |
| 2. | വി. സദനരാജ് | : | വൈ. ചെയർമാൻ |
| 3. | ജി. തങ്കപ്പൻ നായർ (MD,AFSCB) | : | കൺവീനർ |
| 4. | എൻ.സി.മധുകുമാർ | | ജോ.കൺവീനർ |
| 5. | ശശിധരൻ നായർ | | |
| 6. | എസ്സ്. ചന്ദ്രൻ | | |
| 7. | എൽ. ബാബു | | |
| 8. | സി.ഗീത | | |
| 9. | ഡി.എ.രജിത്ലാൽ | | |
| 10. | എം.ഹരിഹരൻ | | |
| 11. | പി.എൽ. ശ്യാംകുമാർ | | |
| 12. | രവീന്ദ്രൻ നായർ | | |

### *പട്ടികജാതിക്ഷേമം*

| | | |
|---|---|---|
| 1. | ജി.ഗോവിന്ദൻ (മെമ്പർ) | ചെയർമാൻ |
| 2. | ബി. ഷീല | വൈ. ചെയർമാൻ |
| 3. | എ. മോഹനൻ | കൺവീനർ |
| 4. | എം. ജീജു | ജോ.കൺവീനർ |
| 5. | അനിൽകുമാർ | |
| 6. | ബേബി | |
| 7. | ശോഭന | |
| 8. | സി.ബാബു | |
| 9. | ജസ്റ്റസ് | |
| 10. | എസ്സ്. സുനിൽകുമാർ | |
| 11. | എം. ശ്രീകുമാർ | |
| 12. | ഡി.എ. രജിത്ലാൽ | |

### *വിഭവസമാഹരണം*

| | | | |
|---|---|---|---|
| 1. | ആർ.സീനത്ത് (മെമ്പർ) | | ചെയർമാൻ |
| 2. | എൽ.വിജയനാഥ് | : | വൈ.ചെയർമാൻ |
| 3. | ഐസ്സാൻ ജോസ് (പഞ്ചായത്ത് സെക്രട്ടറി) | : | കൺവീനർ |
| 4. | ജി. ജനാർദ്ദനൻപിള്ള | : | ജോ. കൺവീനർ |
| 5. | ശ്രീധരപണിക്കർ | | |
| 6. | ആനാട് ജി.ചന്ദ്രൻ | | |
| 7. | കെ. മോഹനൻ | | |
| 8. | ബി.സുനിൽരാജ് | | |
| 9. | എസ്സ്. തങ്കപ്പൻ നായർ | | |
| 10. | അനിൽകുമാർ | | |
| 11. | നന്ദകുമാർ | | |
| 12. | എം.ആർ.സജിമോൻ | | |
| 13. | ബി. മുരുകൻ | | |